

# കശ്തിയെനൂഹ്

## നൂഹിന്റെ പേടകം

മിർസാ ഗുലാം അഹ്മദ് (അ)

# കശ്തിയെനൂഹ്
# നൂഹിന്റെ പേടകം

സുൽത്വാനുൽഖലം
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്
വാഗ്ദത്ത മഹ്ദി മസീഹ് (അ)

വിവർത്തകൻ :
മുഹമ്മദ് ഉമർ എച്ച്.എ.

പ്രസാധകർ:
ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള
കണ്ണൂർ- 670 001.

**Kashthi-e-Nooh**
Hadhrat Mirza Gulam Ahmad[AS]

Malayalam Translation
Noohinte Pedakam

Translated by:
Moulvi Muhammad Umar H.A

Printed at:
Premeela Press, Calicut -1, Ph : 0495 - 2722889

Published by :
Islam International Publications, Kerala

Copies: 1000

I[st] Edition : 2010 March

Price: 40/-

IIPK/28

ISBN 9788179122532

# പ്രസാധകക്കുറിപ്പ്

അല്ലാഹുവിന്റെ നബി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പ്രവചിച്ച വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) കശ്തിയെനൂഹ് എന്ന ഗ്രന്ഥം രചിച്ചത് 1902 ഒക്ടോബർ 5-ാം തിയ്യതിയാണ്. ഈ ഗ്രന്ഥത്തിന് **ദഅ്‌വത്തുൽ ഈമാൻ, തഖ്‌വിയ്യത്തുൽ ഈമാൻ** എന്നും പേരുകളുണ്ട്. 1898 ഫിബ്രവരി 6-ാം തിയ്യതി മഹ്ദി മസീഹ്(അ) ഒരു സ്വപ്നം കണ്ടു: "അല്ലാഹുവിന്റെ മലക്കുകൾ പഞ്ചാബിന്റെ വിവിധ സ്ഥലങ്ങളിൽ ഇരുണ്ടനിറമുള്ള ചെടികൾ നട്ടുകൊണ്ടിരിക്കുന്നു. ഉയരം കുറഞ്ഞ ആ മരങ്ങൾ അങ്ങേയറ്റം വിരൂപവും ഇരുണ്ടതും ഭയാനകവുമായിരുന്നു. ആ മഹാത്മാവ് പറയുന്നു: "ആ ചെടികൾ നടുന്നവരോട്, "ഈ മരങ്ങൾ ഏതാണെന്ന് ചോദിച്ചപ്പോൾ, അടുത്തുതന്നെ രാജ്യത്ത് പടർന്നുപിടിക്കാൻ പോകുന്ന പ്ലേഗിന്റെ മരങ്ങളാണ്' എന്ന് അവർ മറുപടി പറഞ്ഞു." തുടർന്നു പറയുന്നു: 'എനിക്ക് ഇതിനു മുമ്പേയും പ്ലേഗ് പടർന്നുപിടിക്കുന്നതിനെ സംബന്ധിച്ച് വെളിപാടുണ്ടായിട്ടുണ്ട്. ***ഇന്നല്ലാഹ ലാ യുഗയ്യിറു മാ ബിഖൗമിൻ ഹത്താ യുഗയ്യിറൂ മാ ബി അൻഫുസിഹിം ഇന്നഹു ആവൽഖർയത്ത.*** (തദ്ക്കിറ, പേ-319).

ഈ പ്രവചനമനുസരിച്ച് പഞ്ചാബിൽ പ്ലേഗ് പടർന്നുപിടിച്ചു. 1902 ഒക്ടോബർ മാസത്തിൽ പ്ലേഗ് മൂർച്ഛിച്ചപ്പോൾ പഞ്ചാബ് സർക്കാർ പ്രതിരോധ കുത്തിവെപ്പിനുള്ള വിശാലമായ പദ്ധതിക്ക് തുടക്കം കുറിച്ചു. പ്രസംഗങ്ങളിലൂടെയും എഴുത്തുകളിലൂടെയും നിർബന്ധമായും ഓരോ വ്യക്തിയും കുത്തിവെപ്പ് എടുത്തിരിക്കണമെന്ന് പരസ്യം ചെയ്തു. എന്നാൽ, മഹ്ദി മസീഹ്(അ) പ്രതിരോധ കുത്തിവെപ്പെടുക്കാൻ സന്നദ്ധനാവാതെ ഒക്ടോബർ 5-ാം തിയ്യതി കശ്തിയെനൂഹ് എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും ചെയ്തു. അതേയവസരത്തിൽ, സർക്കാരിൽനിന്നുള്ള പ്രതിരോധകുത്തിവെപ്പിനെ അനുമോദിക്കുകയും ഇങ്ങനെ എഴുതുകയും ചെയ്തു: "വാസ്തവത്തിൽ ഈ സൽക്കർമ്മത്തെ നന്ദിപൂർവ്വം സ്വാഗതം ചെയ്യേണ്ടത് ബുദ്ധിജീവികളായ പൗരന്മാരുടെ കടമയാകുന്നു."


"എന്നെ സംബന്ധിച്ചിടത്തോളം ദിവ്യമായ ഒരു തടസ്സം ഇല്ലാ

യിരുന്നുവെങ്കിൽ പ്രജകളിൽ ആരേക്കാളും മുമ്പിൽ കുത്തിവെപ്പ് നടത്തുന്നത് ഞാനായിരുന്നേനെ! ആ ദിവ്യമായ തടസ്സം ഇതാകുന്നു: ഈ കാലത്ത് മനുഷ്യർക്കായ് സ്വർഗ്ഗീയമായ **ഒരനുഗ്രഹാടയാളം** വെളിപ്പെടുത്താൻ ദൈവം ഇച്ഛിച്ചിരിക്കുന്നു. ദൈവം എന്നെ സംബോധന ചെയ്തു കൊണ്ടിപ്രകാരം പറഞ്ഞു: "നീയും നിന്റെ ഭവനത്തിന്റെ നാലു കെട്ടിനുള്ളിലുള്ളവരും പൂർണ്ണമായ അനുസരണവും കീഴ്‌വണക്കവും കാണിക്കുന്നവരും സത്യഭക്തിയാൽ നിന്നിൽ ലീനരായിത്തീർന്നവരും പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കും.ഈ അന്ത്യനാളുകളിൽ സമുദായങ്ങളെ ഇപ്രകാരം വേർതിരിച്ചു കാണിക്കുകയെന്നതത്രെ ആ അത്ഭുതാടയാളം. എന്നാൽ, പൂർണ്ണമായും നിനക്ക് കീഴ്‌വണക്കം കാണിക്കാത്തവർ നിന്നിൽപ്പെട്ടവരല്ല. അവർക്കായി നീ വ്യാകുലപ്പെടരുത്. ഇത് **ദൈവകല്പനയത്രെ**. ഇക്കാരണത്താൽ എനിക്കും എന്റെ ഭവനത്തിന്റെ നാലുകെട്ടിന്നകത്തിരിക്കുന്നവർക്കും കുത്തിവെപ്പിന്റെ യാതൊരു ആവശ്യവുമില്ല."

"പ്ലേഗിന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടാനുള്ള ആ അധ്യാപനം എന്താണെന്ന് ചോദിക്കയാണെങ്കിൽ ഹ്രസ്വമായി ഞാൻ ചില വരികൾ എഴുതിത്തരാം." ഈ പരിശുദ്ധവും ഹൃദയസ്പൃക്കുമായ അധ്യാപനം നമ്മുടെ ജമാഅത്തംഗങ്ങൾ പൂർണ്ണമായും ജീവിതത്തിൽ പകർത്തുകയാണെങ്കിൽ ആ മാതൃക ലോകത്ത് ഒരു വമ്പിച്ച വിപ്ലവം സൃഷ്ടിക്കാൻ പോരുന്നതായിരിക്കും.

ഈ മഹത്തായ ഗ്രന്ഥം വിവർത്തനം ചെയ്ത് കൈരളിക്ക് സമർപ്പിക്കുന്നത് അഡീഷണൽ നാളിർ ഇസ്‌ലാഹോ ഇർശാദ് മൗലാനാ മുഹമ്മദ് ഉമർ എച്ച്.എ അവർകളാണ്. ഇത് പുനഃപരിശോധിച്ചതും അച്ചടി സംബന്ധമായ കാര്യങ്ങൾ നിർവഹിച്ചതും മൗലവി മുഹമ്മദ് ഇസ്മായിൽ എച്ച്.എ. ആണ്. ഇതിന്റെ സാമ്പത്തികച്ചെലവ് വഹിക്കുന്നത് ലജ്ന ഇമായില്ലാഹ് പഴയങ്ങാടിയും ലക്ഷദ്വീപ് ലജ്നാ ഇമായില്ലായുമാണ്. അല്ലാഹു ഇവർക്കെല്ലാം ഈ ലോകത്തും പരലോകത്തും അനുഗ്രഹം നല്കുമാറാകട്ടെ. ആമീൻ.

*പ്രൊഫ. മഹ്മൂദ് അഹ്മദ്, സ്വദ്ർ*
*ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്,*
*കേരള*



ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)
വാഗ്ദത്ത മഹ്ദി മസീഹ്

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# പ്ലേഗിനുള്ള കുത്തിവെപ്പ്

لَنْ يُّصِيْبَنَاۤ اِلَّا مَا كَتَبَ اللّٰهُ لَنَا ۚ هُوَ مَوْلٰىنَا ۚ
وَعَلَى اللّٰهِ فَلْيَتَوَكَّلِ الْمُؤْمِنُوْنَ۝

അല്ലാഹു നമുക്കായി എഴുതിയിട്ടുള്ള ആപത്തല്ലാതെ ഒന്നും നമ്മെ ബാധിക്കുകയില്ല. അവൻ തന്നെയാണ് നമ്മുടെ കാര്യങ്ങൾ നേരെ നടത്തുന്നവനും രക്ഷാധികാരിയും. വിശ്വാസികൾ അവനിൽത്തന്നെ എല്ലാ കാര്യങ്ങളും ഭരമേല്പ്പിച്ചുകൊള്ളട്ടെ[1] .

പ്രജകളിൽ കനിഞ്ഞ് പ്ലേഗിൽനിന്ന് രക്ഷപ്പെടാനുള്ള കുത്തിവെപ്പ് നടത്തുന്നതിന് ഇംഗ്ലീഷ് സർക്കാർ വീണ്ടും തീരുമാനിച്ചിരിക്കുന്നത് തികച്ചും അഭിനന്ദനീയംതന്നെയാണ്. ദൈവത്തിന്റെ ദാസന്മാരുടെ ക്ഷേമത്തെ ലാക്കാക്കി എത്രയോ ലക്ഷം രൂപയുടെ ഈ ചെലവ് വഹിക്കുവാൻ സർക്കാർ തീർച്ചയാക്കിയതിനെ അഭിനന്ദിക്കേണ്ടത് വിവരമുള്ളവരുടെ ധർമ്മമാണ്. കുത്തിവെപ്പിന്റെ കാര്യത്തിൽ അനിഷ്ടം കാണിക്കുന്നവർ അങ്ങേയറ്റം അവിവേകികളും ആത്മശത്രുക്കളുമത്രെ. കാരണം സൂക്ഷ്മതയുള്ള ഈ സർക്കാർ ഒരുപാട് നിരീക്ഷണങ്ങൾക്കു ശേഷം, യഥാർത്ഥത്തിൽ ഫലപ്രദമെന്ന് കണ്ടാലല്ലാതെ ഏതെങ്കിലും പരീക്ഷണാത്മകമായ ചികിത്സ നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്നില്ല എന്നത് പലപ്പോഴും അനുഭവത്തിൽ വന്നു

1. വിശുദ്ധഖുർആൻ, 9:51

കഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് സത്യാധിഷ്ഠിതമായ അഭ്യുദയകാംക്ഷയോടെ ലക്ഷക്കണക്കിന് രൂപ സർക്കാർ ചെലവഴിക്കുന്നതും ചെലവഴിച്ചു കഴിഞ്ഞതും അവരുടെ ഏതെങ്കിലും സ്വാർത്ഥപരമായ നേട്ടത്തിനാണെന്ന് കരുതുന്നത് മനുഷ്യത്വത്തിന് നിരക്കാത്തതാണ്. ഇങ്ങനെ തെറ്റുധാരണ വെച്ചുപുലർത്തുന്നവർ ഭാഗ്യദോഷികളാണ്. ഈ ലോകത്ത് ഇന്നുവരെ ഈ സർക്കാർ കൈവരിച്ചിട്ടുള്ള ഫലപ്രദമായ ചികിത്സകളിൽ ഏറ്റവും വലുതും ഉന്നതവുമായ ചികിത്സ പ്രതിരോധകുത്തിവെപ്പാണെന്ന കാര്യത്തിൽ സംശയമില്ല. ഈ ചികിത്സ ഫലപ്രദമായി കണ്ടുവെന്നത് ഒരുവിധേനയും നിഷേധിക്കാനും പറ്റുകയില്ല. ഇതിനെ പ്രാവർത്തികമാക്കുകയും ഈ ലൗകിക മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുകയും അങ്ങനെ ജനങ്ങളുടെ ജീവനെ സംബന്ധിച്ച് സർക്കാരിനുണ്ടായിട്ടുള്ള വിഷമം അകറ്റുകയും ചെയ്യേണ്ടത് എല്ലാ പൗരന്മാരുടേയും നിർബന്ധകടമയാകുന്നു. എന്നാൽ, അങ്ങേയറ്റം വിനയത്തോടുകൂടി ഞാൻ ഈ പ്രജാക്ഷേമതൽപരരായ സർക്കാർ സമക്ഷം ബോധിപ്പിച്ചുകൊള്ളട്ടെ: എന്നെ സംബന്ധിച്ചിടത്തോളം ദിവ്യമായ ഒരു തടസ്സം ഇല്ലായിരുന്നുവെങ്കിൽ പ്രജകളിൽ ആരേക്കാളും മുമ്പിൽ കുത്തിവെപ്പ് നടത്തുന്നത് ഞാനായിരുന്നേനെ! ആ ദിവ്യമായ തടസ്സം ഇതാകുന്നു: ഈ കാലത്ത് മനുഷ്യർക്കായ് സ്വർഗ്ഗീയമായ **ഒരനുഗ്രഹാടയാളം** വെളിപ്പെടുത്താൻ ദൈവം ഇച്ഛിച്ചിരിക്കുന്നു. ദൈവം എന്നെ സംബോധന ചെയ്തു കൊണ്ടിപ്രകാരം പറഞ്ഞു: "നീയും നിന്റെ ഭവനത്തിന്റെ നാലു കെട്ടിനുള്ളിലുള്ളവരും പൂർണ്ണമായ അനുസരണവും കീഴ്വ:ണക്കവും കാണിക്കുന്നവരും സത്യഭക്തിയാൽ നിന്നിൽ ലീനരായിത്തീർന്നവരും പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കും.ഈ അന്ത്യനാളുകളിൽ സമുദായങ്ങളെ ഇപ്രകാരം വേർതിരിച്ചു കാണിക്കുകയെന്നതത്രെ ആ അത്ഭുതാടയാളം. എന്നാൽ, പൂർണ്ണമായും നിനക്ക് കീഴ്വണക്കം കാണിക്കാത്തവർ നിന്നിൽപ്പെട്ടവരല്ല. അവർക്കായി നീ വ്യാകുലപ്പെടരുത്. ഇത് **ദൈവകല്പനയത്രെ.** ഇക്കാരണത്താൽ എനിക്കും എന്റെ ഭവനത്തിന്റെ നാലുകെട്ടിന്നകത്തിരിക്കുന്നവർക്കും കുത്തിവെപ്പിന്റെ ഒരാവശ്യവുമില്ല. കാ

രണം നാം ഇപ്പോൾ പ്രസ്താവിച്ചതുപോലെ ഏതൊരുവന്റെ അറിവിൽനിന്നും നിയന്ത്രണത്തിൽനിന്നും ഒരു വസ്തുവും അതീതമായിട്ടില്ലയോ, ആകാശത്തിന്റേയും ഭൂമിയുടേയും ആ ദൈവം താൻ ഈ ഭവനത്തിന്റെ നാലുകെട്ടിനുള്ളിലുള്ള ഓരോ വ്യക്തിയേയും പ്ലേഗ് മരണത്തിൽനിന്ന് രക്ഷിക്കുന്നതാണ്" എന്ന് കുറേകാലം മുമ്പേ ദിവ്യവെളിപാടുമൂലം എന്നെ അറിയിച്ചിരുന്നു. എന്നാൽ, അവർ തങ്ങളുടെ എല്ലാ എതിർപ്രവർത്തനങ്ങളിൽനിന്നും ദുരുദ്ദേശ്യങ്ങളിൽനിന്നും തികച്ചും വിട്ടുനിന്ന് തികഞ്ഞ ആത്മാർത്ഥതയോടും അനുസരണത്തോടും വിനയത്തോടും ഈ പ്രസ്ഥാനത്തിൽ **ബയ്അത്ത് ചെയ്ത് പ്രവേശിക്കുകയും** ദൈവത്തിന്റെ കല്പനകളുടേയും അവനാൽ നിയോഗിക്കപ്പെട്ട വ്യക്തിയുടേയും മുമ്പിൽ ഒരുവിധത്തിലുള്ള **അഹങ്കാരവും ധിക്കാരവും ഗർവ്വും അലംഭാവവും** കാണിക്കാതിരിക്കുകയും വിശുദ്ധഖുർആന്റെ അധ്യാപനങ്ങളനുസരിച്ച് ജീവിതം നയിക്കുകയും ചെയ്യുന്നവരായിരിക്കണം. അവൻ എന്നെ സംബോധന ചെയ്തുകൊണ്ട് ഇപ്രകാരവും പറഞ്ഞു: 'പൊതുവെ ശ്വാക്കളെപ്പോലെ ചത്തൊടുങ്ങുകയും വ്യസനാതിരേകത്താൽ ഭ്രാന്ത് പിടിപെട്ടവരെപ്പോലെ ആയിത്തീരുകയും ചെയ്യുന്ന വിനാശകരമായ പ്ലേഗ് ഖാദിയാനിൽ വരുന്നതല്ല.' ഈ ജമാഅത്തിലുള്ള സകലരും അവരെത്ര പേരായാലും ശത്രുക്കളെയപേക്ഷിച്ച് പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കും. എന്നാൽ, തങ്ങളുടെ അനുസരണപ്രതിജ്ഞയിൽ പൂർണ്ണമായും നിലകൊള്ളാത്തവരിലും അല്ലെങ്കിൽ അല്ലാഹുവിന് മാത്രമറിയുന്ന ഏതെങ്കിലും നിഗൂഢമായ കാരണത്തിന് പാത്രീഭൂതരായിട്ടുള്ളവരിലും പ്ലേഗ് രോഗം ഉണ്ടാകാവുന്നതാണ്. ഒടുവിൽ ലോകം സാശ്ചര്യം ഏറ്റുപറയുമാറാകും, ദൈവത്തിന്റെ സഹായം ഈ സമൂഹത്തോടൊപ്പം ഉണ്ടായിരിന്നുവെന്നും ദൈവം അതുല്യവും അത്ഭുതാവഹവുമായ തരത്തിൽ ഇക്കൂട്ടരെ തന്റെ കാരുണ്യ പ്രകർഷത്താൽ രക്ഷിക്കുകയുണ്ടായിയെന്നും! ഈ സംഗതികളെ ചൊല്ലി ചിലർ ഇളകിപ്പുറപ്പെടും. ചിലർ പരിഹസിച്ചു ചിരിക്കും. മറ്റുചിലർ എന്നെ ഭ്രാന്തനെന്നു വിളിക്കും. വേറെ ചിലർ അമ്പരപ്പെട്ടു ചോദിക്കും, എന്ത്? ഭൗതികമായ

ഉപാധികളൊന്നും കൂടാതെ ഇത്തരത്തിൽ കാരുണ്യവർഷം ചെയ്യുന്ന ഒരു ദൈവമുണ്ടോ? എന്ന്! ഇതിനുള്ള ഉത്തരമിതാണ്: അതെ! അങ്ങനെയുള്ള സർവ്വശക്തനായൊരു ദൈവമുണ്ട്! അവനങ്ങനെയല്ലായിരുന്നെങ്കിൽ, അവനുമായി ബന്ധം വയ്ക്കുന്നവർ ജീവനോടെതന്നെ മരിച്ചുപോകുമായിരുന്നു. അവൻ അത്ഭുതകരമായ സർവ്വശക്തനാണ്. അവന്റെ പരിശുദ്ധ ശക്തിപ്രഭാവങ്ങൾ വിസ്മയകരമാണ്. ഒരു ഭാഗത്ത് അജ്ഞരായ എതിരാളികളെ തന്റെ സുഹൃത്തുക്കളുടെമേൽ ശ്വാക്കൾക്കെന്നപോലെ അധികാരം നല്കി വാഴിക്കുകയും മറുഭാഗത്ത് ആ സുഹൃത്തുക്കളെ സേവിക്കാൻ മലക്കുകൾക്ക് കല്പന കൊടുക്കുകയും ചെയ്യുന്നു. അപ്രകാരംതന്നെ ലോകത്തിനുമേൽ അവന്റെ ക്രോധം അതിക്രമിക്കുകയും അവന്റെ കോപം അക്രമികളുടെമേൽ അലതല്ലുകയും ചെയ്യുമ്പോൾ അവന്റെ സ്നേഹദൃഷ്ടി തന്റെ പ്രിയപ്പെട്ട ആളുകളെ സംരക്ഷിക്കുന്നു. അങ്ങനെയല്ലായിരുന്നുവെങ്കിൽ സത്യവാന്മാരുടെ പ്രവർത്തനശാല താറുമാറായിപ്പോകുമായിരുന്നു. അവരെ ആരും തിരിച്ചറിയുകയുമില്ലായിരുന്നു. അവന്റെ ശക്തിവിലാസങ്ങൾ സീമാതീതമാണ്. എന്നാൽ, വിശ്വാസത്തിന്നനുസൃതമായി അത് ജനങ്ങളിൽ പ്രത്യക്ഷമാകുന്നു. ആർക്കാണോ ദൃഢവിശ്വാസവും സ്നേഹവും അവനിലേക്കുള്ള വിച്ഛേദനവും നല്കപ്പെട്ടിരിക്കുന്നത്, ആരാണോ ഇന്ദ്രിയാശകളുടെ ശീലങ്ങളിൽനിന്ന് വെളിയിലാക്കപ്പെട്ടിരിക്കുന്നത്, അവർക്കായിട്ടാണ് അത്ഭുതകരമായ പ്രതിഭാസങ്ങൾ വെളിപ്പെടുന്നത്. ദൈവം ഇച്ഛിക്കുന്നത് ചെയ്യുന്നു. എന്നാൽ, ദൈവത്തിനുവേണ്ടി സ്വന്തം സമ്പ്രദായങ്ങളെ കീറിമുറിച്ചിടുന്നവർക്ക് അമാനുഷികമായ ശക്തിപ്രഭാവം കാണിക്കാൻ അവനുദ്ദേശിക്കുന്നു. ഇക്കാലത്ത് അവനെ അറിയുന്നവരും അവന്റെ അത്ഭുതകരമായ ശക്തിപ്രഭാവങ്ങളിൽ വിശ്വസിക്കുന്നവരും നന്നേ കുറവാണ്. എന്നല്ല ആ സർവ്വശക്തനായ ദൈവത്തിലൊട്ടും വിശ്വസിക്കാത്തവർ ധാരാളമുണ്ടുതാനും; അവന്റെ ശബ്ദം ഓരോ വസ്തുവും കേൾക്കുന്നുണ്ട്. അവന്റെ മുന്നിൽ മറഞ്ഞതായിട്ടൊന്നുമില്ല. ഇവിടെ ഓർക്കുക, പ്ലേഗ് തുടങ്ങിയ രോഗങ്ങൾക്ക് ചികിത്സ നടത്തുകയെന്നത് പാപ

മല്ല. എന്നുമാത്രമല്ല, 'അല്ലാഹു മരുന്ന് സൃഷ്ടിച്ചിട്ടില്ലാത്തതായ ഒരു രോഗവും ഇല്ല' എന്ന് ഒരു ഹദീഥിൽ വന്നിരിക്കുന്നു. പക്ഷേ, ഏതൊരു ദൃഷ്ടാന്തം അവൻ നമുക്കായി ഭൂമിയിൽ സ്പഷ്ടമായ രീതിയിൽ പ്രകടമാക്കാൻ ആഗ്രഹിക്കുന്നുവോ ആ ദൃഷ്ടാന്തത്തെ കുത്തിവെപ്പിലൂടെ സംശയാസ്പദമാക്കുന്നത് ഞാൻ പാപമായി ഗണിക്കുന്നു. അവന്റെ സത്യമായ ദൃഷ്ടാന്തത്തേയും വാഗ്ദാനത്തേയും അപമാനിച്ചുകൊണ്ട് കുത്തിവെപ്പിലേക്ക് മടങ്ങുവാൻ ഞാനാഗ്രഹിക്കുന്നില്ല. ഞാൻ അങ്ങനെ ചെയ്യുകയാണെങ്കിൽ എന്നോട് അല്ലാഹു ചെയ്ത വാഗ്ദാനത്തെ അവിശ്വസിച്ചതുകൊണ്ട് അത് സമാധാനം ബോധിപ്പിക്കേണ്ട കുറ്റമായിരിക്കുന്നതാണ്. അപ്പോൾ കുത്തിവെപ്പിനുള്ള ഈ മരുന്ന് കണ്ടുപിടിച്ച ഭിഷഗ്വരനോടായിരിക്കും ഞാൻ നന്ദിയുള്ളവനായിരിക്കുക, 'ഈ ഭവനത്തിന്റെ നാലുകെട്ടിനുള്ളിലുള്ളവരെ താൻ രക്ഷിക്കും' എന്ന് എന്നോട് വാഗ്ദാനം ചെയ്ത ആ അല്ലാഹുവിനോടായിരിക്കുകയില്ല.

ആ സർവ്വശക്തനായ അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ സത്യമാണെന്ന് ആത്മീയദൃഷ്ടിയാൽ ഞാൻ പറയുന്നു. വരുവാനുള്ള ആ ദുരന്തദിനങ്ങൾ വന്നുകഴിഞ്ഞെന്നോണം ഞാൻ കാണുന്നു. ഏതെങ്കിലും പ്രകാരത്തിൽ പ്ലേഗിൽനിന്ന് ജനങ്ങൾ രക്ഷപ്പെടണമെന്നതാണ് നമ്മുടെ ഗവർമ്മെന്റിന്റെ യഥാർത്ഥ ഉദ്ദേശ്യമെന്നും എനിക്കറിയാം. ഭാവിയിൽ ഏതെങ്കിലും കാലത്ത് പ്ലേഗിൽനിന്ന് രക്ഷപ്പെടാൻ കുത്തിവെപ്പിനേക്കാൾ മികച്ചതായ എന്തെങ്കിലും ഉപായം സർക്കാരിന് കിട്ടിയാൽ അവർ അതിനെ സസന്തോഷം സ്വീകരിക്കുന്നതാണ്. ഈ രീതിയിൽ അല്ലാഹു എന്നെ നയിച്ചിട്ടുള്ള മാർഗ്ഗം ഈ സർക്കാരിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കെതിരല്ലെന്ന് വ്യക്തമാണ്. ഇന്നേക്ക് ഇരുപത് വർഷം മുമ്പേ, കൊടുംനാശകാരിയായ ഈ പ്ലേഗിനെക്കുറിച്ച് എന്റെ ഗ്രന്ഥമായ 'ബറാഹീനെ അഹ്മദിയ്യാ'യിൽ വാർത്തയുണ്ട്. ഈ പ്രസ്ഥാനത്തിന് പ്രത്യേകമായ അനുഗ്രഹങ്ങളുടെ വാഗ്ദാനവുമുണ്ട്. നോക്കുക, ബറാഹീനെ അഹ്മദിയ്യ, പേജ്-518, 519. ഇതിനുപുറമെ, അല്ലാഹുവിന്റേയും അവന്റെ ഭൃത്യന്റേയും മുമ്പിൽ

അഹങ്കരിക്കാത്ത, എന്റെ ഭവനത്തിന്റെ നാലുകെട്ടിനുള്ളിലെ, ആത്മാർത്ഥതയുള്ളവരേയും പ്ലേഗിന്റെ വിപത്തിൽനിന്ന് രക്ഷിക്കുമെന്നുള്ള വലിയ ശക്തമായ പ്രവചനവും അല്ലാഹുവിൽനിന്നുണ്ട്. ആപേക്ഷികമായും തുലനം ചെയ്യുമ്പോഴും ഈ ജമാഅത്തിനുമേൽ അവന്റെ പ്രത്യേകാനുഗ്രഹമുണ്ടാകും. ആരുടെയെങ്കിലും വിശ്വാസപരമായ ദൗർബല്യമോ കർമ്മനഷ്ടമോ ദൈവവിധിയോ അല്ലെങ്കിൽ അല്ലാഹുവിന്റെ അറിവിലുള്ള മറ്റെന്തെങ്കിലും കാരണത്താലോ ഈ ജമാഅത്തിലും ഒറ്റപ്പെട്ട കേസുണ്ടായാൽത്തന്നെ അതില്ലാത്തതിന് സമമായിരിക്കും. എപ്പോഴും പോരാട്ടസമയത്ത് ആധിക്യമാണ് നോക്കാറുള്ളത്. ഏതുപോലെയെന്നാൽ, പ്രതിരോധ കുത്തിവെപ്പ് എടുത്തിട്ടുള്ളവർ മറ്റുള്ളവരെ അപേക്ഷിച്ച് വളരെ കുറച്ചേ മരിക്കുന്നുള്ളുവെന്ന് സർക്കാർ സ്വന്തം പരീക്ഷണം നടത്തി മനസ്സിലാക്കിയിരിക്കുന്നു. അതിനാൽ ഒറ്റപ്പെട്ട മരണത്തിന് പ്രതിരോധ കുത്തിവെപ്പിന്റെ നിലവാരം കുറയ്ക്കാൻ പറ്റാത്തതുപോലെതന്നെ, തുലനം ചെയ്തു നോക്കുമ്പോൾ വളരെ കുറഞ്ഞ നിലയിൽ ഖാദിയാനിൽ പ്ലേഗിന്റെ അനിഷ്ട സംഭവങ്ങൾ ഉണ്ടാകുകയോ ഒറ്റപ്പെട്ടനിലയിൽ ഈ ജമാഅത്തിൽനിന്ന് ആരെങ്കിലും ഈ രോഗത്താൽ മരിക്കുകയോ ചെയ്താൽത്തന്നെ ഈ ദൃഷ്ടാന്തത്തിന്റെ നിലവാരം കുറയുകയില്ല. അല്ലാഹുവിന്റെ പരിശുദ്ധ വചനങ്ങളിൽനിന്ന് വെളിവാകുന്ന വാക്കുകളനുസരിച്ചാണ് ഈ പ്രവചനം എഴുതപ്പെട്ടിരിക്കുന്നത്. ആദ്യംതന്നെ ദൈവികകാര്യങ്ങളെ പരിഹസിക്കുകയെന്നത് ബുദ്ധിമാന്റെ പണിയല്ല. ഇത് അല്ലാഹുവിന്റെ വചനമാകുന്നു; ഏതെങ്കിലും ജ്യോത്സ്യന്റെ വാക്കുകളല്ല. ഇത് ജ്ഞാനപ്രകാശത്തിന്റെ അരുവിയിൽനിന്നുള്ളതാകുന്നു; അന്ധകാരത്തിന്റെ അനുമാനത്തിൽനിന്നുള്ളതല്ല. പ്ലേഗ് ഇറക്കിയവന്റെ വചനമാണിത്; അവനു മാത്രമേ അതകറ്റാനും കഴിയുകയുള്ളു. കുത്തിവെപ്പ് നടത്തിയവരെ അപേക്ഷിച്ച് ഇക്കൂട്ടർ, **രോഗ വിമുക്തരും അരോഗ്യവാന്മാരുമായിരിക്കുന്നു**വെന്ന് കാണുമ്പോൾ നമ്മുടെ ഗവർമ്മെന്റ് ഈ പ്രവചനത്തെ വിലമതിച്ചുകൊള്ളുമെന്നതിൽ എനിക്ക് ഒരു സംശയവുമില്ല. ഞാൻ സത്യമായും സത്യമായും പറയുന്നു: 20, 22 കൊല്ലക്കാല

മായി പ്രചരിച്ചുപോന്നിട്ടുള്ള ഈ പ്രവചനം പുലരാതിരുന്നാൽ ഞാൻ അല്ലാഹുവിൽനിന്നുള്ളവനല്ല. എന്റെ ഭവനത്തിന്റെ നാലുകെട്ടിനകത്തുള്ള ആത്മാർത്ഥരായിട്ടുള്ളവർ ഈ രോഗത്താലുള്ള മരണത്തിൽനിന്ന് സുരക്ഷിതരായിരിക്കുമെന്നും എന്റെ പ്രസ്ഥാനത്തിലുള്ളവർ താരതമ്യേന പ്ലേഗിന്റെ ആക്രമണത്തിൽനിന്ന് അതീതരായിരിക്കുമെന്നും അവരിൽ കാണപ്പെടാവുന്ന സുരക്ഷിതത്വം മറ്റൊരു വിഭാഗത്തിലും ദൃശ്യമാകാത്തവിധം നിസ്തുല്യമായിരിക്കുമെന്നും ഖാദിയാനിൽ പ്ലേഗിന്റെ നാശം വിതയ്ക്കുന്ന ഭയാനകമായ വിപത്ത് വരാതിരിക്കുമെന്നുമുള്ളത് - ഒന്നോ ഒറ്റയോ അല്ലാതെ- ഞാൻ അല്ലാഹുവിൽനിന്നുള്ളവനാണെന്നതിലേക്ക് ദിവ്യസാക്ഷ്യമായിരിക്കുന്നതാണ്. അഹോ കഷ്ടം! ഇക്കൂട്ടർ ഋജുമാനസരും ദൈവഭയമുള്ളവരുമായിരുന്നെങ്കിൽ പൂർണ്ണമായും രക്ഷിക്കപ്പെടുമായിരുന്നു. എന്തുകൊണ്ടെന്നാൽ മതങ്ങളുടെ അഭിപ്രായവ്യത്യാസങ്ങൾ കാരണത്താൽ ലോകത്ത് ആരുടെമേലും ശിക്ഷ ഇറങ്ങുകയില്ല. അത് ചോദിക്കപ്പെടുന്നത് പരലോകത്തായിരിക്കും. ലോകത്ത് ശിക്ഷ വരുന്നത് കേവലം ദുഷ്ടതകളും ധൂർത്തും പാപങ്ങളുടെ ആധിക്യവും കൊണ്ടാണ്. വിശുദ്ധഖുർആനിൽ എന്നല്ല തൗറാത്തിന്റെ ചില ഏടുകളിലും[2] വാഗ്ദത്തമസീഹിന്റെ കാലത്ത് പ്ലേഗുണ്ടാകുമെന്ന് പറഞ്ഞിട്ടുള്ളതും ഓർക്കുക. മാത്രമല്ല, നസ്റേത്തുകാരനായ മസീഹും (അ) ഇഞ്ചീലിൽ ഇത് പറഞ്ഞുതന്നിരിക്കുന്നു. പ്രവാചകന്മാരുടെ പ്രവചനങ്ങൾ പുലരാതിരിക്കുക സംഭാവ്യമല്ല. ഈ കാര്യംകൂടി ഓർത്തിരിക്കേണ്ടതാണ്. അതായത്, ദൈവികമായ വാഗ്ദാനത്തിന്നെതിര മാനുഷികമായ പ്രതിവിധികളെ നാം സ്വീകരിക്കാതിരിക്കുന്നത് ഈ ദിവ്യദൃഷ്ടാന്തം ഏതെങ്കിലും ശത്രു ദുർവ്യാഖ്യാനം ചെയ്യാതിരിക്കുവാൻ വേണ്ടിയാണ്. എന്നാൽ, അതോടൊപ്പം അല്ലാഹു തന്റെ ദിവ്യവചനം മുഖേന സ്വയം വല്ല പ്രതിവിധിയോ മരുന്നോ പറഞ്ഞുതരികയാണെങ്കിൽ അത്തരം പ്രതിവിധിയോ മരുന്നോ ഈ ദിവ്യദൃഷ്ടാന്തത്തിന്നെതിരാവുകയില്ല.

2. വാഗ്ദത്ത മസീഹിന്റെ കാലത്ത് പ്ലേഗ് ബാധയുണ്ടാകുമെന്ന് ബൈബിളിലും പറയുന്നുണ്ട്. നോക്കുക സെഖര്യാവ്, 14:12, മത്തായി, 24:7, വെളിപാട് 22:8

കാരണം ഈ ദൃഷ്ടാന്തം വെളിപ്പെടുന്നവനിൽനിന്നുതന്നെയാണ് ആ പ്രതിവിധിയും. നമ്മുടെ ജമാഅത്തിൽനിന്ന് പേരിനാരെങ്കിലും പ്ലേഗുമൂലം മരണപ്പെടുന്നെങ്കിൽത്തന്നെ പ്രസ്തുത ദൃഷ്ടാന്തത്തിന്റെ നിലയ്ക്കോ പദവിക്കോ ഒരു കോട്ടവും വരികയില്ല. കാരണം പൂർവ്വകാലങ്ങളിൽ ഹദ്റത്ത് മൂസായ്ക്കും, യൂശഅ്നും, അവസാനം നമ്മുടെ നബികരീം(സ)നും കല്പനയുണ്ടായത്, വാളെടുത്തു നൂറുക്കണക്കിന്നാളുകളെ വധിച്ചവരെ വാൾകൊണ്ടുതന്നെ വധിക്കുക എന്നായിരുന്നു. അത് നബിമാരുടെ ഭാഗത്തുനിന്നുള്ള ഒരു ദൃഷ്ടാന്തമായിട്ടായിരുന്നു. അതിനുശേഷമാണ് അവർക്ക് മഹത്തായ വിജയമുണ്ടായത്. വാസ്തവത്തിൽ, കുറ്റവാളികളുടെ വാൾകൊണ്ട് സത്യാത്മക്കളും വധിക്കപ്പെട്ടിരുന്നു; പക്ഷേ, വളരെ കുറവുമാത്രം. ഈ കുറഞ്ഞ നഷ്ടംകൊണ്ട് ദിവ്യദൃഷ്ടാന്തത്തിന് ഒരു കോട്ടവും വന്നിരുന്നില്ല. അതേപ്രകാരം ഒന്നോ ഒറ്റയോ എന്ന നിലയിൽ നമ്മുടെ ജമാഅത്തിൽനിന്ന് ആർക്കെങ്കിലും മേൽപ്രസ്താവിച്ച കാരണങ്ങളാൽ പ്ലേഗ് രോഗം ബാധിക്കുകയാണെങ്കിൽത്തന്നെ പ്രസ്തുത ദിവ്യദൃഷ്ടാന്തത്തിനെ അത് ബാധിക്കുകയില്ല. ഇതൊരു മഹത്തായ ദൃഷ്ടാന്തമല്ലേ? അതായത് ഓരോ സത്യാന്വേഷിക്കും ഒരു സംശയവും അവശേഷിക്കാത്തവിധത്തിൽ ഈ പ്രവചനത്തെ അല്ലാഹു വെളിപ്പെടുത്തുമെന്ന് ഞാൻ ആവർത്തിച്ചാവർത്തിച്ച് പറയുന്നു. ഒരു മുഅ്ജിസത്ത്- അത്ഭുതപ്രവർത്തി എന്ന നിലയിൽ അല്ലാഹു ഈ ജമാഅത്തിനോട് കാര്യങ്ങൾ ചെയ്തുവെന്ന് അവർക്ക് മനസ്സിലാകും. എന്നല്ല, ദൈവികദൃഷ്ടാന്തത്തിന്റെ ഫലമെന്നോണം പ്ലേഗ് മുഖേന ഈ ജമാഅത്ത് വളരെ വർദ്ധിക്കുകയും അസാധാരണമാംവിധം അഭിവൃദ്ധിപ്പെടുകയും ചെയ്യും. അവരുടെ ഈ അഭിവൃദ്ധി അത്ഭുതദൃഷ്ടിയോടെ നോക്കപ്പെടും. ഓരോ ഘട്ടത്തിലും പരാജയപ്പെട്ടുകൊണ്ടിരുന്ന എതിരാളികൾക്ക്- നുസൂലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ ഞാൻ എഴുതിയതുപോലെ, ഈ പ്രവചനമനുസരിച്ച് അല്ലാഹു ഈ ജമാഅത്തും മറ്റുള്ള ജമാഅത്തുകളും തമ്മിലുള്ള വ്യത്യാസം കാണിച്ചില്ലെങ്കിൽ എന്നെ നിഷേധിക്കാൻ അവകാശമുണ്ടായിരിക്കും. ഇന്നുവരെയുള്ള അവരുടെ നിഷേ

ധത്തിൽ ഒരു ശാപം മാത്രമേ അവർ വിലക്കു വാങ്ങിയിട്ടുള്ളൂ. ഉദാഹരണത്തിന് ആഥം പതിനഞ്ചു മാസത്തിനുള്ളിൽ മരിച്ചില്ലെന്ന് പറഞ്ഞ് ആവർത്തിച്ചാവർത്തിച്ച് ബഹളംകൂട്ടുന്നു. വാസ്തവത്തിൽ, അയാൾ **സത്യത്തിലേക്ക് മടങ്ങുകയാണെങ്കിൽ** പതിനഞ്ചു മാസത്തിനുള്ളിൽ മരിക്കുകയില്ലെന്ന പ്രവചനം വ്യക്തമായ വാക്കുകളിൽ പറഞ്ഞിരുന്നതാണ്. അയാൾ സംവാദാവസരത്തിൽത്തന്നെ എഴുപത് മാന്യന്മാരുടെ മുമ്പിൽവച്ച് നബി (സ)യെ '**ദജ്ജാൽ**' എന്നു പറഞ്ഞതിൽനിന്ന് പശ്ചാത്തപിച്ചുമടങ്ങി! ഇതുമാത്രമല്ല, അയാൾ പതിനഞ്ചുമാസംവരെ തന്റെ മൗനവും ഭയവും കൊണ്ട് തന്റെ പശ്ചാത്താപം സ്ഥിരീകരിച്ചുകാണിക്കുകയും ചെയ്തു. പ്രവചനത്തിന്റെ അടിസ്ഥാനം അയാൾ നബിതിരുമേനി(സ)യെ ദജ്ജാൽ എന്നു വിളിച്ചുവെന്നതായിരുന്നു. അതിനാൽ, അയാൾ പശ്ചാത്താപം പ്രയോജനപ്പെടുത്തിക്കൊണ്ട് പതിനഞ്ചുമാസത്തിനുശേഷമാണ് മരിച്ചത്. എന്തായാലും അങ്ങനെ മരിച്ചു. ഇതെന്തുകൊണ്ടുണ്ടായി എന്നുവെച്ചാൽ, ഇരുകക്ഷികളിൽ ആരാണോ തന്റെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വ്യാജൻ, അവനാദ്യം മരിക്കുമെന്ന് പ്രവചനത്തിൽ വിശദീകരിച്ചിരുന്നു. അങ്ങനെ അയാൾ എനിക്കു മുമ്പേ മരിച്ചു. ഇപ്രകാരംതന്നെ അല്ലാഹു എന്നോട് പറഞ്ഞ അദൃശ്യകാര്യങ്ങളും, പിന്നീട് അതിന്റേതായ സമയത്ത് പുലർന്നതും നോക്കുകയാണെങ്കിൽ അത് പതിനായിരത്തിൽ കുറയുകയില്ല. എന്നാൽ, അവയിൽനിന്ന് വെറും നൂറ്റമ്പതെണ്ണം തെളിവുകളോടും സാക്ഷികളോടുംകൂടി അച്ചടിച്ചുകൊണ്ടിരിക്കുന്ന നുസൂലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്റെ പ്രവചനങ്ങളൊന്നും പുലരാതിരുന്നതായിട്ടോ അതിന്റെ രണ്ടു ഭാഗങ്ങളിൽ ഒരുഭാഗം പുലർന്നുകഴിഞ്ഞിട്ടില്ലാത്തതായിട്ടോ ഇല്ല. ഒരാൾ തിരഞ്ഞുതിരഞ്ഞു മരിച്ചാലുംശരി, എന്റെ വായിൽനിന്ന് പുറപ്പെട്ടതായ ഏതെങ്കിലും പ്രവചനം പുലരാതെ പാഴായിപ്പോയെന്ന് അയാൾക്ക് പറയാൻ സാധിക്കുംവിധം ഒന്നും അയാൾക്ക് കിട്ടുകയില്ല. എന്നാൽ, നാണമില്ലാതേയും അറിവില്ലായ്മയാലും ഇഷ്ടമുള്ളത് പറഞ്ഞുകൊള്ളുവിൻ. ഞാൻ വാദത്തോടുകൂടി പറ

യുന്നു, അങ്ങേയറ്റം സ്പഷ്ടമായി പുലർന്ന എന്റെ ആയിരക്കണക്കിന് വ്യക്തമായ പ്രവചനങ്ങളുണ്ട്. ലക്ഷക്കണക്കിനാളുകൾ ഇതിന് സാക്ഷികളാണ്. അതിന്റെ ഉദാഹരണങ്ങൾ കഴിഞ്ഞുകടന്ന പ്രവാചകന്മാരിൽ തിരഞ്ഞാൽ, നബി തിരുമേനി (സ)യിലല്ലാതെ മറ്റൊരിടത്തും അതിനുദാഹരണം ലഭിക്കുകയില്ല. എന്റെ എതിരാളികൾ ഈ രീതിയിൽ തീരുമാനമെടുത്തിരുന്നുവെങ്കിൽ എപ്പോഴേ അവരുടെ കണ്ണുകൾ തുറന്നിട്ടുണ്ടാകും. ഈ പ്രവചനങ്ങൾക്ക് സമാനമായ ഉദാഹരണങ്ങൾ അവർ ലോകത്ത് സമർപ്പിച്ചിരുന്നുവെങ്കിൽ, അവർക്കൊരു വമ്പിച്ച സമ്മാനം നല്കാൻ ഞാൻ തയ്യാറായിരുന്നു. വെറും ദുഷ്ടതയോ ഭോഷത്തമോകൊണ്ട് ഇന്ന പ്രവചനം പുലർന്നില്ലായെന്നു പറയുന്നതിനെ നീചത്വവും ദുർഭാവനയുമെന്നല്ലാതെ നാം എന്തു പറയാനാണ്? ഏതെങ്കിലും സമ്മേളനത്തിൽ ഇത് സ്ഥാപിക്കാനായി ചർച്ച ചെയ്യുകയാണെങ്കിൽ അവർക്ക് അവരുടെ വാക്കുകളിൽനിന്ന് പിന്മാറേണ്ടിവരും. അല്ലെങ്കിൽ നാണംകെട്ടവരെന്നു പറയേണ്ടിവരും. ആയിരക്കണക്കിലുള്ള പ്രവചനങ്ങൾ അതേപടി പൂർത്തിയാവുകയും അവ പൂർത്തിയായി എന്നതിന് ആയിരക്കണക്കിന് സാക്ഷികളു ണ്ടാവുകയും ചെയ്യുക എന്നത് നിസ്സാര കാര്യമല്ല. നബി(സ) യുടെ കാലഘട്ടത്തിലൊഴികെ മറ്റേതെങ്കിലും കാലത്ത് ആയിരക്കണക്കിന് പ്രവചനങ്ങൾ വിവരിക്കപ്പെടുകയും അവയെല്ലാം പകൽ വെളിച്ചംപോലെ പുലരുകയും അത് പുലർന്നുവെന്നതിന് ആയിരക്കണക്കിനാളുകൾ സാക്ഷി പറയുകയും ചെയ്തത് ആരെങ്കിലും കണ്ടിട്ടുണ്ടോ? ഇക്കാലഘട്ടത്തിൽ ഏതുപോലെ അല്ലാഹു അടുത്തുവന്ന് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയും നൂറുക്കണക്കിന് അദൃശ്യകാര്യങ്ങൾ തന്റെ ദാസനുമേൽ തുറന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുവോ ഇതിനുള്ള ഉദാഹരണം വളരെ കുറച്ചുമാത്രമേ കഴിഞ്ഞകാലങ്ങളിൽ കിട്ടുകയുള്ളൂവെന്ന് എനിക്ക് നല്ലവണ്ണമറിയാം. അല്ലാഹു ആകാശത്തുനിന്നിറങ്ങി വന്നതുപോലെ ഇക്കാലത്ത് അവന്റെ തിരുമുഖം പ്രകടമാകുന്നത് ജനങ്ങൾ അടുത്തുതന്നെ കാണും. അവൻ വളരെക്കാലം വരെ സ്വയം തന്നെ മറച്ചുവെച്ചു. നിഷേധിക്കപ്പെടുകയും നിശ്ശബ്ദത പാലിക്കുകയും

ചെയ്തു. ഇനി തന്നെ അവൻ മറച്ചുവെക്കുകയില്ല. ലോകർ, അവരുടെ പിതാക്കന്മാരും പിതാമഹന്മാരും കണ്ടിട്ടില്ലാത്ത അവന്റെ ശക്തിപ്രഭാവത്തിന്റെ ദൃശ്യങ്ങൾ കാണുമാറാകും. ഇത് ഭൂമി മലീമസമാവുകയും ആകാശവും ഭൂമിയും സൃഷ്ടിച്ചവനെ ജനങ്ങൾ അവിശ്വസിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. ചുണ്ടുകളിൽ അവന്റെ സ്മരണയുണ്ട്. പക്ഷേ, മനസ്സ് അവനിൽനിന്ന് തെറ്റിപ്പോയിരിക്കുന്നു. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്, ഇനി ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുമെന്ന്. ഇതിന്റെ ഉദ്ദേശ്യം ഭൂമി മരിച്ചുവെന്നാണ്. അതായത്, ഭൂനിവാസികളുടെ ഹൃദയങ്ങൾ കഠിനതരമായിരിക്കുന്നു; മരിച്ചതുപോലെ. കാരണം അല്ലാഹുവിന്റെ തിരുമുഖം അവരിൽനിന്ന് മറഞ്ഞുപോയി. കഴിഞ്ഞകാലങ്ങളിലെ ദൈവികദൃഷ്ടാന്തങ്ങൾ കഥകളെന്ന നിലയിലായിപ്പോയി. അപ്പോൾ, പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിക്കാൻ അല്ലാഹു തീരുമാനിച്ചു. എന്താണ് പുതിയ ആകാശം? എന്താണ് പുതിയ ഭൂമി? അല്ലാഹു സ്വകരങ്ങളാൽ തയ്യാർ ചെയ്തുകൊണ്ടിരിക്കുന്ന പരിശുദ്ധഹൃദയങ്ങളാണ് പുതിയ ഭൂമി. അവർ അല്ലാഹുവിൽനിന്ന് വെളിപ്പെടുകയും അല്ലാഹു അവരിലൂടെ വെളിപ്പെടുകയും ചെയ്യും. അവന്റെ ദാസന്മാരുടെ കരങ്ങളാലും അവന്റെതന്നെ കല്പനയാലും വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ആ ദൃഷ്ടാന്തങ്ങളാണ് പുതിയ ആകാശം. പക്ഷേ, പരിതാപകരമെന്നു പറയട്ടെ, ലോകർ അല്ലാഹുവിന്റെ ഈ നവ ജ്യോതിസ്സിനെ എതിർത്തു. അവരുടെ കൈകളിൽ കെട്ടുകഥകളല്ലാതെ മറ്റൊന്നുമില്ല. അവരുടെ ദൈവം എന്നു പറയുന്നത് അവരുടെ സ്വന്തം സങ്കല്പങ്ങളാണ്. ഹൃദയം വക്രതയുള്ളതായിരിക്കുന്നു. മനഃശക്തി ക്ഷയിച്ചുപോയിരിക്കുന്നു. കണ്ണുകളിൽ മറ വീണിരിക്കുന്നു. ഇതരസമുദായങ്ങളാണെങ്കിൽ സാക്ഷാൽ ദൈവത്തെ ഉപേക്ഷിച്ചിരിക്കുന്നു. അവരെക്കുറിച്ച് എന്ത് പറയാനാണ്; മനുഷ്യപുത്രന്മാരെ അവർ ദൈവമാക്കി. മുസ്‌ലിംകളുടെ അവസ്ഥ നോക്കുക. അവർ എത്രമാത്രം അല്ലാഹുവിൽനിന്ന് അകന്നുപോയിരിക്കുന്നു. അവർ സത്യത്തിന്റെ കൊടുംശത്രുക്കളാണ്. നേരായ മാർഗ്ഗത്തെ ആത്മശത്രുവിനെപ്പോലെ എതിർക്കുന്നു.

ഉദാഹരണത്തിന്, ഇസ്ലാമിനു വേണ്ടി പ്രവർത്തിക്കുന്നുവെന്നു വാദിക്കുന്ന **നദ്വത്തുൽ ഉലമാ**യും ഇസ്ലാമിന്റെ പേരിൽ മുസ്ലിംകളിൽനിന്ന് പണം പിടുങ്ങുന്ന **ലാഹോർ അഞ്ചുമൻ ഹിമായത്തെ ഇസ്ലാമും** ഇസ്ലാമിന്റെ അഭ്യുദയ കാംക്ഷികളാണോ? ഇവർ 'നേരായ മാർഗ്ഗത്തെ' **അനുകൂലിക്കുന്ന**വരാണോ? ഇസ്ലാം ഏതേതെല്ലാം വിപത്തുകൾക്കടിയിൽ ചവിട്ടിമെതിക്കപ്പെട്ടുവെന്നും വീണ്ടും അതിന് **നവജീവൻ നല്കുന്നതിന്** അല്ലാഹുവിന്റെ സമ്പ്രദായമെന്താണെന്നും ഇവർക്കോർമ്മയുണ്ടോ? ഞാൻ സത്യമായും സത്യമായും പറയുന്നു: ഞാൻ വന്നില്ലായിരുന്നുവെങ്കിൽ ഇസ്ലാമിനെ സഹായിക്കുന്നുവെന്ന ഇവരുടെ വാദം അല്പമെങ്കിലും സ്വീകാര്യമായേനെ. എന്നാൽ, ഇപ്പോൾ ഇവർ ദൈവത്തിന്റെ കുറ്റാരോപണത്തിന് വിധേയരായിരിക്കുന്നു. അതായത് രക്ഷകരാണെന്ന വാദം ഉന്നയിക്കുന്ന ഇവർ ആകാശത്ത് നക്ഷത്രമുദിച്ചപ്പോൾ ഏറ്റവുമാദ്യം നിഷേധിക്കുന്നവരായി. ഇനി, തക്കസമയത്ത് എന്നെ അയച്ച ദൈവത്തിന് ഇവർ എന്തു മറുപടിയാണ് നല്കുക? എന്നാൽ, ഇക്കാര്യങ്ങളിൽ ഇവർക്കൊരാശങ്കയുമില്ല. **സൂര്യൻ** മദ്ധ്യാഹ്നത്തിനടുത്തെത്തിയിരിക്കുന്നു. എന്നാൽ, ഇവരുടെ പക്കൽ ഇപ്പോഴും **രാത്രി**യാണ്. **ദൈവത്തിന്റെ അരുവി പൊട്ടിപ്പുറപ്പെട്ടു**. എന്നാൽ, ഇപ്പോഴും ഇവർ മരുഭൂമിയിൽ നിലവിളിച്ചുകൊണ്ടിരിക്കുന്നു. അവന്റെ ദിവ്യജ്ഞാനങ്ങളുടെ നദി പ്രവഹിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ഇക്കൂട്ടർക്ക് ഒരു വിവരവുമില്ല. അവന്റെ ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു . പക്ഷേ, ഇക്കൂട്ടർ തികച്ചും അശ്രദ്ധരാണ്. അശ്രദ്ധരാണെന്നു മാത്രമല്ല, ദൈവികപ്രസ്ഥാനത്തോടു ശത്രുതവച്ചുപുലർത്തുകയും ചെയ്യുന്നു. ഇതാണ് ഇവരുടെ കരങ്ങളാൽ ചെയ്യപ്പെടുന്ന ഇസ്ലാമിനുവേണ്ടിയുള്ള സംരക്ഷണവും പ്രചാരണവും അധ്യാപനവും! എന്നാൽ, ഇവർക്ക് തങ്ങളുടെ അവഗണനകൊണ്ട് ലോകാരംഭം മുതൽ എല്ലാ പ്രവാചകന്മാരും സാക്ഷ്യം പറഞ്ഞുവന്ന അല്ലാഹുവിന്റെ യഥാർത്ഥ ഉദ്ദേശ്യത്തെ തടയാൻ കഴിയുമോ? ഇല്ല. പ്രത്യുത, അല്ലാഹുവിന്റെ ഈ പ്രവചനം **അടുത്തുതന്നെ** സത്യമായി പുലരാൻ പോകുകയാണ്.

അതായത്,

كَتَبَ اللّٰهُ لَاَغْلِبَنَّ اَنَا وَرُسُلِىْ[3]

**കതബല്ലാഹു ലഅഗ്‌ലിബന്ന അനാ വ റുസുലീ** അല്ലാഹു ഇന്നേക്ക് പത്തുവർഷംമുമ്പേ തന്റെ ദാസനെ സത്യപ്പെടുത്തുന്നതിന് ആകാശത്ത് റമദാനിൽ സൂര്യചന്ദ്രഗ്രഹണം കാണിച്ചു. പകൽ സൂര്യനേയും രാത്രി ചന്ദ്രനേയും എനിക്കു വേണ്ടി സാക്ഷിയാക്കി രണ്ടടയാളം വെളിപ്പെടുത്തി.

അപ്രകാരംതന്നെ അവൻ നബിമാരുടെ പ്രവചനങ്ങളനുസരിച്ച് ഭൂമിയിലും രണ്ടടയാളം വെളിപ്പെടുത്തി. ഒന്ന് നിങ്ങൾ വിശുദ്ധഖുർആനിൽ ഓതുന്ന അടയാളമാണ്:

وَاِذَا الْعِشَارُ عُطِّلَتْ

**വഇദൽ ഇശാറു ഉത്വിലത്ത്**[4] ഹദീഥിൽ വായിക്കുന്നു:

ولا يتركنّ القلاص فلا يسعى عليها

**വലാ യുത്റക്കന്നൽ ഖിലാസ്വു ഫലാ യുസ്ആ അലയ്ഹാ** (ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടും; അവയുടെമേൽ സവാരി ചെയ്യപ്പെടുകയില്ല.) ഇതിന്റെ പൂർത്തീകരണത്തിന് ഹിജാസിന്റെ മണ്ണിൽ അതായത് മദീനയുടേയും മക്കയുടേയുമിടയിൽ റെയിൽപാളവും തയ്യാറായിക്കൊണ്ടിരിക്കുന്നു. രണ്ടാമത്തെ ദൃഷ്ടാന്തം പ്ലേഗ് രോഗമാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

وَاِنْ مِّنْ قَرْيَةٍ اِلَّا نَحْنُ مُهْلِكُوْهَا قَبْلَ

يَوْمِ الْقِيٰمَةِ اَوْ مُعَذِّبُوْهَا

---

3. താനും തന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധി എഴുതിയിരിക്കുന്നു. (58:22)

4. ഒട്ടകങ്ങളുടെ സവാരി നിറുത്തൽ ചെയ്യപ്പെടും. (85:5)

**വഇൻമിൻ ഖർയതിൻ ഇല്ലാ നഹ്നു മുഹ്‌ലിക്കൂഹാ ഖബ്‌ല യൗമിൽഖിയാമത്തി ഔ മുഅദ്ദിബൂഹാ**[5] ഇപ്രകാരം അല്ലാഹു രാജ്യത്ത് റെയിൽ ഗതാഗതവും തുടങ്ങി. പ്ലേഗിനേയും അയച്ചു; ഭൂമിയും സാക്ഷിയായിരിക്കുന്നതിനുവേണ്ടി- ആകാശവും. അതിനാൽ ദൈവവുമായി പോരാടാതിരിക്കുക. ദൈവവുമായി പോരാടുക എന്നത് വിഡ്ഢിത്തമാണ്. ഇതിനു മുമ്പേ ദൈവം ആദമിനെ ഖലീഫയാക്കാൻ ഉദ്ദേശിച്ചപ്പോൾ മലക്കുകൾ തടഞ്ഞു. എന്നാൽ, അവർ പറഞ്ഞതുകൊണ്ട് അല്ലാഹു അത് ചെയ്യാതിരുന്നുവോ? അപ്പോൾ അല്ലാഹു രണ്ടാമത്തെ ആദമിനെ സൃഷ്ടിക്കുന്നനേരത്ത് പറഞ്ഞു:

اردت ان استخلف فخلقت آدم

**അറദ്ത്തു അൻ അസ്തഖലിഫ ഫ ഖലഖ്ത്തു ആദമ** അതായത്, ഖലീഫയെ സൃഷ്ടിക്കാൻ ഞാനുദ്ദേശിച്ചു. അങ്ങനെ ഞാൻ ഈ ആദമിനെ സൃഷ്ടിച്ചു. ഇനി പറയുക, നിങ്ങൾക്ക് അല്ലാഹുവിന്റെ തീരുമാനത്തെ തടയാൻ കഴിയുമോ? എന്തിനാണ് നിങ്ങൾ അനുമാനപരമായ കാര്യങ്ങളുടെ ചപ്പുചവറുകൾ സമർപ്പിക്കുകയും ദൃഢവിശ്വാസത്തിന്റെ വഴി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നത്. പരീക്ഷണങ്ങളിൽ അകപ്പെടാതിരിക്കുക. തീർച്ചയായും ഓർത്തുകൊള്ളുവിൻ, ദൈവതീരുമാനത്തെ തടുയുന്നവനാരുമില്ല. ഇത്തരം പോരാട്ടങ്ങൾ ദൈവഭക്തിയുടെ മാർഗ്ഗവുമല്ല. ഇനി സംശയമുണ്ടെങ്കിൽ ഇങ്ങനെയൊരു വഴിയാകാം: ഞാൻ പറയുന്നതനുസരിച്ച് നടക്കുന്ന ഒരു സംഘമാളുകളെ അല്ലാഹു പ്ലേഗിന്റെ ശിക്ഷയിൽനിന്ന് രക്ഷിക്കുമെന്ന് വെളിപാടുമുഖേന എന്നെ സുവിശേഷമറിയിക്കുകയും അത് ഞാൻ പ്രസിദ്ധീകരിക്കുകയും ചെയ്തതുപോലെ സ്വന്തം സമുദായത്തിന്റെ നന്മ നിങ്ങളുടെ മനസ്സിലുണ്ടെങ്കിൽ നിങ്ങളും നിങ്ങളുടെ മതാനുയായികൾക്കുവേണ്ടി, അവർ പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കുമെന്നുള്ള സുവാർത്ത അല്ലാഹു

5. പുനരുത്ഥാനനാളിനുമുമ്പേ നാം നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാത്ത ഒരു രാജ്യവും ഇല്ലതന്നെ (17:59).

വിൽനിന്ന് സമ്പാദിക്കുകയും അത് എന്നെപ്പോലെ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക; അല്ലാഹു നിങ്ങളോടൊപ്പ മാണെന്ന് ജനങ്ങൾ മനസ്സിലാക്കട്ടെ. ഈ അവസരം, ക്രിസ്ത്യാനികൾക്കു വളരെ ഗുണപ്രദമാണ്. അവരെപ്പോഴും പറയുന്നത് മോക്ഷം ക്രിസ്തുവിലാണെന്നാണ്. ഈ വിപ ത്തിന്റെ ദിനങ്ങളിൽ ക്രിസ്ത്യാനികളെ പ്ലേഗിൽനിന്ന് രക്ഷിക്കേണ്ടത് അവരുടേയും നിർബ്ബന്ധകടമയാണ്. ഈ **സകല കക്ഷികളി**ൽനിന്ന് ആരുടേതാണോ കൂടുതൽ കേൾക്കപ്പെട്ടത് അവരാണ് ദൈവസവിധത്തിൽ സ്വീകരിക്കപ്പെട്ടവർ. ഇപ്പോൾ അല്ലാഹു എല്ലാ കക്ഷികൾക്കും അവസരം കൊടുത്തിരിക്കു ന്നു. അനാവശ്യമായി ഭൂമിയിൽ വിവാദങ്ങൾ നടത്താതിരിക്കുക. പ്ലേഗിൽനിന്ന് രക്ഷപ്പെടുന്നതിനും അവരവരുടെ സത്യത തുറ ന്നനിലയിൽ പ്രത്യക്ഷമാകുന്നതിനും ദൈവസന്നിധിയിലുള്ള തങ്ങളുടെ മികച്ച സ്വീകാര്യത തെളിയിച്ചു കാണിക്കുക; **പ്രത്യേ കിച്ചും പാതിരിമാർ**. അവർ ഇഹലോകത്തും പരലോകത്തും രക്ഷകൻ മർയമിന്റെ പുത്രനാണെന്ന് നിശ്ചയിച്ചുറപ്പിച്ചു കഴി ഞ്ഞിട്ടുള്ളവരാണ്. അവർ മനസ്സുകൊണ്ട് മർയമിന്റെ പുത്രനെ ഇഹപരലോകങ്ങളുടെ അധികാരിയായി കരുതുന്നുവെങ്കിൽ അദ്ദേഹത്തിന്റെ പാപപരിഹാര സിദ്ധാന്തത്തിന്റെ തനതായ രൂപം കാണുകയെന്നത് ഇപ്പോൾ ക്രിസ്ത്യാനികളുടെ അവകാശമാ ണ്. ബ്രിട്ടീഷ് ഇന്ത്യയിലെ വിവിധ മതവിഭാഗങ്ങൾ സ്വസ്വമത ങ്ങളുടെ സത്യതയിൽ വിശ്വാസം കൊള്ളുന്നുവെന്നത് സർക്കാ രിനും സഹായകമാകാം. സ്വന്തം കക്ഷിയെ മോചിപ്പി ക്കുന്നതിനും പ്ലേഗിൽനിന്ന് രക്ഷിക്കുന്നന്നതിനും ഈ ഏർപ്പാട് ചെയ്യുക: തങ്ങൾ വിശ്വസിക്കുന്ന ദൈവത്തോട് അല്ലെങ്കിൽ അല്ലാഹുവിനു പകരം മനസ്സിലാക്കിയിട്ടുള്ള തങ്ങളുടെ മറ്റേ തെങ്കിലും ആരാധ്യനോട് ഈ വിപത്ത് ബാധിച്ചിട്ടുള്ളവർക്കു വേണ്ടി ശിപാർശ ചെയ്യുകയും അവരിൽനിന്ന് എന്തെങ്കിലും ദൃഢമായ വാഗ്ദാനം കരസ്ഥമാക്കി അത് വിജ്ഞാപനങ്ങൾ മുഖേന- ഈ വിജ്ഞാപനം നാം പ്രസിദ്ധീകരിച്ചതുപോലെ പ്രസിദ്ധീകരിക്കുകയും ചെയ്യട്ടെ. ഇതുമൂലം പൂർണ്ണമായും സൃഷ്ടികളുടെ നന്മയും, സ്വന്തം മതത്തിന്റെ സത്യതയും സ്ഥാപി

തമാകും; സർക്കാരിന് അത് സഹായകവുമായിരിക്കും. സർക്കാർ തങ്ങളുടെ പ്രജകൾ നാശത്തിൽനിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടണമെന്നല്ലാതെ മറ്റെന്താഗ്രഹിക്കാനാണ്? അവസാനമായി ഓർക്കുക. പഞ്ചാബിന്റേയും ഇന്ത്യയുടേയും വിവിധ ഭാഗങ്ങളിൽ വ്യാപിച്ചുകിടക്കുന്ന നമ്മുടെ ജമാഅത്തിലുള്ളവരെ കുത്തിവെപ്പെടുക്കുന്നതിൽനിന്ന് നാം ഈ വിജ്ഞാപനത്തിൽ തടഞ്ഞിട്ടില്ല. ആരോടാണോ സർക്കാർ ഖണ്ഡിതമായി കല്പിച്ചിട്ടുള്ളത് അവർ കുത്തിവെപ്പെടുക്കുകയും സർക്കാരിന്റെ കല്പന അനുസരിക്കുകയും വേണം. ആരേയാണോ സ്വന്തം ഇഷ്ടത്തിനു വിട്ടിട്ടുള്ളത് അവർക്ക് നല്കപ്പെട്ടിട്ടുള്ള അധ്യാപനങ്ങളിൽ പൂർണ്ണമായും നിലകൊള്ളുന്നില്ലെങ്കിൽ സ്വയം വഞ്ചിതരാകാതിരിക്കാനും തങ്ങളുടെ മോശമായ ജീവിതരീതി കാരണത്താൽ അല്ലാഹുവിന്റെ വാഗ്ദാനത്തെ സംബന്ധിച്ച് ജനങ്ങളെ വഞ്ചിക്കാതിരിക്കാനും അവരും കുത്തിവെപ്പെടുക്കുന്നത് ഉചിതമായിരിക്കും. പ്ലേഗിന്റെ ആക്രമണത്തിൽനിന്നു രക്ഷപ്രാപിക്കുന്നതിന് പൂർണ്ണമായും പാലിക്കേണ്ട ആ അധ്യാപനങ്ങൾ എന്താണെന്നാണ് ചോദ്യമെങ്കിൽ ഞാൻ ഹ്രസ്വമായി കുറച്ച് വരികൾ താഴെ എഴുതിത്തരാം.

## അധ്യാപനങ്ങൾ

മനോദാർഢ്യത്തോടെയുള്ള പക്വമായ കർമ്മങ്ങൾ ഇല്ലാതെ നാവുകൊണ്ടുമാത്രം ബയ്അത്ത്- അനുസരണപ്രതിജ്ഞ ഏറ്റു പറയുന്നതിൽ ഒരു കാര്യവുമില്ലെന്ന് മനസ്സിലാക്കിക്കൊള്ളുക. എന്റെ അദ്ധ്യാപനം പൂർണ്ണമായും പ്രാവർത്തികമാക്കുന്നവനാണ് അല്ലാഹുവിന്റെ വാഗ്ദാനപ്രകാരമുള്ള إِنِّي أُحَافِظُ كُلَّ مَنْ فِي الدَّارِ എന്ന എന്റെ ആ ഭവനത്തിൽ പ്രവേശിക്കുന്നത്. അതായത് (അല്ലാഹു പറഞ്ഞു): "നിന്റെ ഭവനത്തിന്റെ നാലുകെട്ടിനുള്ളിലുള്ളവരെ ഞാൻ രക്ഷിക്കുന്നതാണ്." ഇതിൽനിന്ന് കല്ലും മണ്ണുംകൊണ്ട് നിർമ്മിതമായ എന്റെ ഈ വീട്ടിൽ താമസിക്കുന്നവരാണ് അവരെന്ന് മനസ്സിലാക്കരുത്. എന്നെ പരിപൂർണ്ണമായി പിൻപറ്റുന്നവരും എന്റെ ഈ ആത്മീയഭവനത്തിൽ പ്രവേ

ശിച്ചിട്ടുള്ളവരുമാണവർ. തങ്ങൾക്ക് സർവ്വശക്തനും എല്ലാത്തിനേയും നിലനിറുത്തുന്നവനും അനശ്വരനും സർവ്വസ്രഷ്ടാവുമായ ഒരു ദൈവമുണ്ടെന്നും അവൻ തന്റെ സവിശേഷഗുണങ്ങളിൽ ആദ്യന്തരഹിതനും അചഞ്ചലനുമാണെന്നുമുള്ള കാര്യങ്ങൾ ദൃഢമായി വിശ്വസിക്കേണ്ടത് അനുധാവനം ചെയ്യുന്നതിന് നിർബന്ധമായ കാര്യമാകുന്നു. അവനാരുടേയും പുത്രനല്ല, അവനൊട്ട് പുത്രനുമില്ല. ദുഃഖം പേറുന്നതിൽനിന്നും ക്രൂശിക്കപ്പെടുന്നതിൽനിന്നും മരണം വരിക്കുന്നതിൽനിന്നും അവൻ പരിശുദ്ധനാണ്. അവൻ എപ്രകാരമാണെന്നുവച്ചാൽ ദൂരസ്ഥനായിരിക്കെ സമീപസ്ഥനാണ്. സമീപസ്ഥനായിരിക്കെ ദൂരസ്ഥനുമാണ്. ഏകനായിരിക്കെ അവന്റെ ജ്യോതിസ്സുകൾ വിഭിന്നങ്ങളാണ്. മനുഷ്യനിൽ പുതിയ രീതിയിലുള്ള പരിവർത്തനം പ്രകടമാകുമ്പോൾ അവനുവേണ്ടി അവനൊരു പുതിയ ദൈവമായിത്തീരുകയും ഒരു പുതിയ പ്രഭയോടുകൂടി അവനോടു പെരുമാറുകയും ചെയ്യുന്നു. മനുഷ്യൻ തന്നിൽ വരുത്തുന്ന പരിവർത്തനത്തിന്റെ അളവനുസരിച്ച് അവന് ദൈവത്തിലും പരിവർത്തനം ദൃശ്യമാകുന്നു. ഇതിന്നർത്ഥം ദൈവത്തിലെന്തെങ്കിലും മാറ്റം വരുന്നുവെന്നല്ല. അവനൊരിക്കലും പരിവർത്തനവിധേയമാകാത്തവനും തികവുറ്റവനുമാണ്. എന്നാൽ, മാനുഷികപരിവർത്തനങ്ങളുടെ നേരത്ത്, മനുഷ്യന്റെ മാറ്റം നന്മകളിലേക്കാകുമ്പോൾ ദൈവവും അവനിൽ പുതിയൊരു ജ്യോതിസ്സോടുകൂടി പ്രകടമാകുന്നു. മനുഷ്യനിൽനിന്ന് പ്രകടമാകുന്ന ഓരോ അഭിവൃദ്ധിഘട്ടത്തിലും ദൈവത്തിന്റെ സർവ്വശക്തമായ ദിവ്യജ്യോതിസ്സും ഒരു അഭിവൃദ്ധിയോടുകൂടി വെളിപ്പെടുന്നു. എവിടെയാണോ അനിതരസാധാരണമായ മാറ്റങ്ങൾ പ്രകടമാകുന്നത് അവിടെ അവൻ അനിതരസാധാരണമായ ശക്തിപ്രഭാവവും കാണിക്കുന്നു. അത്ഭുതസിദ്ധികളുടേയും ദിവ്യദൃഷ്ടാന്തങ്ങളുടേയും ആധാരം ഇതുതന്നെയാണ്. നമ്മുടെ ജമാഅത്തിന്റെ ലക്ഷ്യവും ഈ ദൈവമാകുന്നു. അവനിൽ വിശ്വസിക്കുക. നിങ്ങളുടെ ജീവനെക്കാളും നിങ്ങളുടെ സുഖാഡംബരങ്ങളെക്കാളും നിങ്ങളുടെ എല്ലാ ബന്ധങ്ങളെക്കാളും അവനെ മുന്തിക്കുക. കർമ്മപരമായ നിലയിൽ അവന്റെ വഴിയിൽ ധൈര്യസമേതം

സത്യസന്ധതയും വിശ്വസ്തതയും കാണിക്കുക. ജനങ്ങൾ തങ്ങളുടെ ഭൗതികസാമഗ്രികളുടേയും ബന്ധുക്കളുടേയുംമേൽ അവന് മുൻഗണനന നല്കുന്നില്ല. എന്നാൽ, ദൈവസന്നിധിയിൽ അവന്റെ ജമാഅത്തെന്ന് എഴുതപ്പെടാൻ നിങ്ങൾ അവനെ മുന്തിക്കുക.

കാരുണ്യത്തിന്റെ അടയാളങ്ങൾ കാണിക്കുകയെന്നത് ദൈവത്തിന്റെ സനാതനമായ ചര്യയാണ്. എന്നാൽ, നിങ്ങൾക്ക് ഈ ചര്യയിൽ പങ്കാളിയാകാൻ കഴിയുന്നത്, നിങ്ങളും അവനും തമ്മിൽ അകൽച്ച ഇല്ലാതിരിക്കുകയും നിങ്ങളുടെ ഇഷ്ടം അവന്റെ ഇഷ്ടവും നിങ്ങളുടെ ആഗ്രഹങ്ങൾ അവന്റെ ആഗ്രഹങ്ങളും ആയിത്തീരുകയും അവനിഷ്ടമുള്ളത് അവൻ ചെയ്യട്ടെ എന്ന ഉദ്ദേശ്യത്തോടെ ഫലസിദ്ധിയിലും പരാജയത്തിലും നിങ്ങളുടെ ശിരസ്സ് എപ്പോഴും എല്ലാ അവസ്ഥയിലും അവന്റെ സന്നിധിയിൽ വീണുകിടക്കുമ്പോഴും മാത്രമാണ്. അങ്ങനെ നിങ്ങൾ ചെയ്യുകയാണെങ്കിൽ ദീർഘകാലമായി തന്റെ മുഖം മറച്ചുവച്ചിരുന്ന ദൈവം നിങ്ങളിൽ വെളിപ്പെടുന്നതാണ്. ഇപ്രകാരം പ്രവർത്തിക്കുന്നവനും അവന്റെ തൃപ്തി തേടുന്നവനും അവന്റെ വിധിനിയമത്തെ പഴിക്കാത്തവനുമായി നിങ്ങളിലാരെങ്കിലുമുണ്ടോ? അതിനാൽ നിങ്ങൾ വിപത്തുകൾ കണ്ടുകൊണ്ട് പിന്നേയും ചുവട് മുന്നോട്ടുവയ്ക്കുക- ഇത് നിങ്ങളുടെ അഭിവൃദ്ധിയ്ക്കുള്ള മാർഗ്ഗമാണ്. അവന്റെ ഏകത്വം ഭൂമിയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി സകലശക്തിയോടുംകൂടി നിങ്ങൾ പരിശ്രമിക്കുക. അവന്റെ ദാസന്മാരുടെമേൽ കരുണ കാണിക്കുകയും അവരോട് നാവുകൊണ്ടോ കൈകൊണ്ടോ മറ്റേതെങ്കിലും വിധത്തിലോ അക്രമം ചെയ്യാതിരിക്കുകയും സൃഷ്ടികളുടെ ക്ഷേമത്തിന്നായി കഠിനാദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക. തങ്ങളുടെ കീഴിലുള്ള ആരോടും അഹങ്കാരം കാണിക്കാതിരിക്കുക. നിങ്ങളെ ചീത്തവിളിക്കുന്നവരായിരുന്നാലും നിങ്ങൾ ആരേയും ചീത്തവിളിക്കരുത്. ദൈവികസവിധത്തിൽ സ്വീകരിക്കപ്പെടുന്നതിന്, നിങ്ങൾ വിനയാന്വിതരും സൗമ്യരും സദുദ്ദേശ്യരും സൃഷ്ടികളോട് സഹതാപമുള്ളവരുമായിത്തീരുക.

സൗമ്യത പ്രകടിപ്പിക്കുന്ന ഒരുപാടാളുകളുണ്ട്. എന്നാൽ, അവർ ഉള്ളിൽ ചെന്നായ്ക്കളാണ്. പുറത്ത് ശുദ്ധരും അകത്ത് പാമ്പുകളുമായിട്ടുള്ള നിരവധിയാളുകളുണ്ട്. നിങ്ങളുടെ പുറവും അകവും ഒരുപോലെ ആകാത്തിടത്തോളം അവന്റെ സന്നിധിയിൽ നിങ്ങൾ സ്വീകരിക്കപ്പെടുകയില്ല. വലിയവരായിരിക്കെ ചെറിയവരോട് കരുണ കാണിക്കുക; അവരെ പുച്ഛിക്കരുത്. പണ്ഡിതനായിക്കൊണ്ട് അജ്ഞരെ ഉപദേശിക്കുക; അല്ലാതെ അഹംഭാവം കാണിച്ച് അവരെ അപമാനിക്കരുത്. ധനികരായിരിക്കെ ദരിദ്രരെ സേവിക്കുക; പൊങ്ങച്ചം കാണിച്ച് അവരുടെമേൽ അഹങ്കരിക്കരുത്. നാശത്തിന്റെ വഴികളെ ഭയപ്പെടുക. ദൈവത്തെ ഭയപ്പെട്ടുകൊണ്ടിരിക്കുകയും തഖ്‌വ- ഭക്തിമാർഗ്ഗം കൈക്കൊള്ളുകയും ചെയ്യുക. സൃഷ്ടികളെ ആരാധിക്കരുത്. നിങ്ങളുടെ യജമാനന്റെ പിന്നാലെ കൂടുന്നവരായിത്തീരുക. ഭൗതികതയിൽനിന്ന് വിരക്തരാവുകയും അവന്റേതു മാത്രമായിത്തീരുകയും അവനുവേണ്ടിമാത്രം ജീവിക്കുകയും അവനുവേണ്ടി എല്ലാവിധ മാലിന്യങ്ങളേയും പാപങ്ങളേയും വെറുക്കുകയും ചെയ്യുക. കാരണം അവൻ പരിശുദ്ധനാണ്. നിങ്ങൾ ഭയഭക്തിയോടുകൂടി രാത്രി കഴിച്ചുകൂട്ടിയെന്ന് ഓരോ പ്രഭാതവും നിങ്ങൾക്കായി സാക്ഷി പറയട്ടെ. നിങ്ങൾ ഭയന്ന് ഭയന്ന് പകൽ കഴിച്ചുകൂട്ടിയെന്ന് ഓരോ പ്രദോഷവും നിങ്ങൾക്കായി സാക്ഷി പറയട്ടെ.

നോക്കിക്കൊണ്ടിരിക്കെ അപ്രത്യക്ഷമാകുന്ന ധൂമപടലങ്ങളെപോലുള്ള ശാപവചനങ്ങളെ നിങ്ങൾ ഭയക്കരുത്. പകലിനെ രാത്രിയാക്കാൻ അതിന് സാധ്യമല്ല. ആകാശത്തിൽനിന്നിറങ്ങുന്ന ദൈവശാപത്തെ നിങ്ങൾ ഭയപ്പെടുക. ആരിലാണോ അത് പതിക്കുന്നത് ഇരുലോകത്തുനിന്നും അതവനെ ഉന്മൂലനം ചെയ്യും. കപടനാട്യം കൊണ്ട് നിങ്ങൾക്ക് നിങ്ങളെ രക്ഷിക്കാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ അന്തർഭാഗം (പാതാളം)വരെ നിങ്ങളുടെ ദൈവമായ ആ ദൈവത്തിന്റെ ദൃഷ്ടിയുണ്ട്. നിങ്ങൾക്കവനെ വഞ്ചിക്കാൻ സാധിക്കുമോ? അതിനാൽ, നിങ്ങൾ നേരെയാവുകയും പവിത്രരും പരിശുദ്ധരും നിഷ്ക്കളങ്കരുമായിത്തീരുകയും ചെയ്യുക. അണുമാത്ര അന്ധകാരം നിങ്ങ

ളിൽ അവശേഷിക്കുന്നെങ്കിൽ നിങ്ങളുടെ സകല വെളിച്ചവും അതകറ്റിക്കളയുന്നതാണ്. നിങ്ങളുടെ ഏതെങ്കിലും ഭാഗത്ത് അഹങ്കാരമോ നാട്യമോ പൊങ്ങച്ചമോ അലസതയോ ഉണ്ടെങ്കിൽ നിങ്ങൾ സ്വീകാരാർഹരാകുകയില്ല. അല്പം ചില കാര്യങ്ങൾ ചെയ്തുകൊണ്ട് ചെയ്യേണ്ടതെല്ലാം ചെയ്തിരിക്കുന്നുവെന്നു നിനച്ച് സ്വയം വഞ്ചിതരാകരുത്. കാരണം, നിങ്ങളുടെ അസ്തിത്വത്തിൽ സമ്പൂർണ്ണമായ പരിവർത്തനം ഉണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുകയും നിങ്ങളിൽനിന്ന് ഒരു മരണം ആവശ്യപ്പെടുകയും ചെയ്യുന്നു. അതിനുശേഷം അവൻ നിങ്ങളെ ജീവിപ്പിക്കുന്നതാണ്. അതിനാൽ നിങ്ങളെത്രയുംവേഗം പരസ്പരം ഐക്യപ്പെടുകയും നിങ്ങളുടെ സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ, തന്റെ സഹോദരനുമായി ഐക്യത്തിനിഷ്ടപ്പെടാത്ത മനുഷ്യൻ ദുഷ്ടനാണ്. അവൻ മുറിച്ചുനീക്കപ്പെടും. കാരണം അവൻ ഭിന്നിപ്പുണ്ടാക്കുന്നു. നിങ്ങൾ നിങ്ങളുടെ ഇന്ദ്രിയാശകളെ എല്ലാ വശത്തൂടെയും ഉപേക്ഷിക്കുകയും പരസ്പരമുള്ള വെറുപ്പ് കൈവെടിയുകയും ചെയ്യുക. നിങ്ങൾ പൊറുക്കപ്പെടുന്നവരാകാൻ സത്യവാനായിക്കൊണ്ട് വ്യാജനെപ്പോലെ വിനയം കൈക്കൊള്ളുക. ഏതൊരു വാതിലിലൂടെയാണോ നിങ്ങൾ വിളിക്കപ്പെടുന്നത് അതിലൂടെ കടക്കാൻ വണ്ണമുള്ള ഒരാൾക്ക് സാധ്യമല്ലാത്തതിനാൽ ശരീരേച്ഛകളുടെ വണ്ണം ഉപേക്ഷിക്കുക.

ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുകയും ഞാൻ വിവരിക്കുകയും ചെയ്ത ഇക്കാര്യങ്ങളെ അംഗീകരിക്കാത്ത മനുഷ്യൻ എത്രമാത്രം നിർഭാഗ്യനാണ്. ഉപരിലോകത്ത് അല്ലാഹു നിങ്ങളെ തൃപ്തിപ്പെടണമെന്നാഗ്രഹിക്കുന്നെങ്കിൽ ഒരമ്മപെറ്റ മക്കളെപ്പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവിൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ അധികമായി പൊറുത്തുകൊടുക്കുന്നവനാണ് നിങ്ങളിലേറ്റവും ആദരണീയൻ. കടുംപിടിത്തം പിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രെ. അതിനാൽ, അവനു ഞാനുമായി ഒരു ബന്ധവുമില്ല. ദൈവത്തിന്റെ ശാപത്തെതൊട്ടു

വളരെ ഭയമുള്ളവരായിരിക്കുവിൻ! അവൻ പരിശുദ്ധനും അഭിമാനിയുമത്രെ. ദുർവൃത്തൻ ദൈവസാമീപ്യം ആർജ്ജിക്കുകയില്ല. അഹങ്കാരി ദൈവത്തിന്റെ സായൂജ്യം നേടുകയില്ല. അക്രമി അവന്റെ സാമീപ്യം സമ്പാദിക്കുകയില്ല. വഞ്ചകൻ അവന്റെയടുക്കൽ സ്ഥാനം കരസ്ഥമാക്കുകയില്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവരാരുംതന്നെ അവന്റെ സാമീപ്യം കൈവരിക്കുകയില്ല. ഭൗതികാഢംബരങ്ങളിലാകർഷനായിക്കൊണ്ട് ഈ പ്രപഞ്ചാനുരാഗത്തിലേക്ക് ശ്വാക്കളേയും ഉറുമ്പുകളേയും കഴുകന്മാരേയും പോലെ വീഴുന്നവരും ദൈവസാമീപ്യം കരസ്ഥമാക്കുകയില്ല. അവിശുദ്ധമായ എല്ലാ കണ്ണുകളും അവനിൽനിന്ന് ദൂരത്താണ്. എല്ലാവിധ അവിശുദ്ധഹൃദയങ്ങളും അവനിൽനിന്ന് അജ്ഞാതമാകുന്നു. അവനുവേണ്ടി അഗ്നിയിൽ വീഴുന്നവൻ അഗ്നിയിൽനിന്ന് രക്ഷിക്കപ്പെടും. അവനുവേണ്ടി കരയുന്നവൻ ചിരിക്കും. അവനുവേണ്ടി ദുൻയാവിനോടുള്ള ബന്ധം വിടുന്നവനു അത് ലഭിക്കും. നിങ്ങൾ സത്യഹൃദയത്തോടും പൂർണ്ണമായ വിശ്വസ്തതയോടും തീവ്രയത്നത്തോടുംകൂടി ദൈവത്തിന്റെ സ്നേഹിതരായിത്തീരുക. എന്നാൽ, അവൻ നിങ്ങളുടെ ചങ്ങാതിയായി മാറും. നിങ്ങൾ നിങ്ങളുടെ ആശ്രിതരോടും നിങ്ങളുടെ ഭാര്യമാരോടും നിങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളോടും കാരുണ്യം കാട്ടുവിൻ! എന്നാൽ, ഉപരിലോകത്ത് നിങ്ങളോടും കരുണചെയ്യപ്പെടും. അവനും നിങ്ങളുടേതായിത്തീരുന്നതിനുവേണ്ടി നിങ്ങൾ തീർത്തും അവന്റേതായിത്തീരുവിൻ. ദുൻയാവ് ആയിരക്കണക്കിന് ആപത്തുകളുടെ സങ്കേതമാണ്. അതുകൊണ്ട് നിങ്ങൾ സത്യസന്ധതയോടെ അല്ലാഹുവിനോട് താണുകേണ് വിലപിക്കുക- അവൻ ഈ ആപത്തുകൾ നിങ്ങളിൽനിന്ന് അകറ്റിവയ്ക്കുന്നതിനുവേണ്ടി. ആകാശത്തുനിന്ന് കല്പന ഉണ്ടാകാത്തിടത്തോളം ഭൂമിയിൽ ഒരാപത്തും ഉണ്ടാകുകയില്ല. ആകാശത്തുനിന്ന് കാരുണ്യം ഇറങ്ങാത്തിടത്തോളം ഒരാപത്തും അകലുകയില്ല. അതിനാൽ ശാഖയെ പിടിക്കാതെ അടിവേരിനെ പിടിക്കുന്നതിലാണ് നിങ്ങളുടെ ബുദ്ധി. മരുന്നുകളേയും ഉപായങ്ങളേയും പ്രയോജനപ്പെടുത്തുന്നതിന് നിങ്ങൾക്ക് വിരോധമില്ല. എന്നാൽ, അവയിൽ സർവ്വവും ഭരമേ

ല്പിക്കുന്നതിലാണ് വിലക്കുള്ളത്. അവസാനം ദൈവം നിശ്ച യിച്ചതായിരിക്കും സംഭവിക്കുക. ആർക്കെങ്കിലും ശക്തിയുണ്ടെ ങ്കിൽ, അല്ലാഹുവിൽ സർവ്വതും ഭരമേല്പ്പിക്കുന്ന സ്ഥാനമാണ് എല്ലാ സ്ഥാനങ്ങളേക്കാളും ഉയർന്നുനില്ക്കുന്നത്.

നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശു ദ്ധഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. വിശുദ്ധഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീ ഥുകളേക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുല ത്തിന് ഭൂലോകത്ത് വിശുദ്ധഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവു മില്ല. ആദംസന്തതികൾക്ക് മുഹമ്മദുമുസ്തഫാ(സ) തിരുമേനി യല്ലാതെ ഒരു റസൂലോ ശിപാർശക്കാരനോ ഇല്ല. അതിനാൽ ഈ പ്രതാപശാലിയായ നബിയോട് നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. നബി(സ)തിരുമേ നിയേക്കാൾ ശ്രേഷ്ഠത്വം മറ്റൊരാളിലും കല്പിക്കരുത്- ഉപരി ലോകത്ത് നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്ന തിനുവേണ്ടി. മോക്ഷം എന്നത് മരിച്ചശേഷം മാത്രം വെളിവാ കുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച്, യഥാർത്ഥമായ മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദുനബി(സ) ആ ദൈവത്തി ന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശ ക്കാരനാണെന്നും ആകാശത്തിനുകീഴിൽ ആ പുണ്യാത്മാവി ന്റെ പദവിയിലുള്ള മറ്റൊരു നബിയും ഇല്ലെന്നും ഖുർആനു കിടനില്ക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരേയും ചിരഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി കാലാകാലത്തേക്കും ജീവിച്ചിരിക്കുന്നതിനുവേണ്ടി ആ മഹാത്മാവിന്റെ(സ) ശരീഅത്തോടുകൂടി ആത്മീയപിന്തുടർച്ച ഖിയാമത്തുനാൾവരെ നിലനില്ക്കുന്നതിനുള്ള അടിത്തറ അല്ലാഹു ഇട്ടിരിക്കുന്നുവെന്നും, ഒടുവിലായി ആ ദിവ്യാ

ത്മാവിന്റെ ആത്മീയ അനുഗ്രഹപ്രാപ്തി മുഖേന ഇസ്ലാമികസൗധത്തിന്റെ സമ്പൂർത്തീകരണത്തിനായി ഈ വാഗ്ദത്ത മസീഹിനെ ലോകത്തേക്ക് അയച്ചിരിക്കുന്നുവെന്നും ദൃഢമായി വിശ്വസിക്കുന്നവനത്രെ മോക്ഷം പ്രാപിച്ചവൻ. മൂസവി സമുദായത്തിന് നല്കപ്പെട്ടിരുന്നതുപോലെ മുഹമ്മദീ സമുദായത്തിനും ആത്മീയമായരീതിയിൽ ഒരു മസീഹ് നല്കപ്പെടുന്നതുവരെ ഈ ലോകം അവസാനിക്കാതിരിക്കേണ്ടത് നിർബന്ധമായിരുന്നു.അതിലേക്കാണ്

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ﴿۶﴾

صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ

എന്ന ഖുർആനിക വചനം സൂചന നല്കുന്നത്.[6]

പൂർവ്വികർ നഷ്ടപ്പെടുത്തിക്കളഞ്ഞ ആത്മീയഭൂസ്വത്ത് മൂസാ(അ)യ്ക്ക് ലഭിച്ചു. മൂസാ(അ)ന്റെ സമുദായം നഷ്ടപ്പെടുത്തിക്കളഞ്ഞ ആ സ്വത്ത് ഹദ്റത്ത് മുഹമ്മദ്(സ) പ്രാപിച്ചു. ഇപ്പോൾ മുഹമ്മദീസമുദായം മൂസവിസമുദായത്തിന്റെ പ്രതിനിധിയാണ്. എന്നാൽ, പ്രൗഢിയിൽ അത് ആയിരക്കണക്കിന് പടി മീതെയാണ്. മൂസായുടെ സദൃശൻ മൂസായെക്കാൾ ഉന്നതനും ഇബ്നുമർയമിന്റെ സദൃശൻ ഇബ്നുമർയമിനെക്കാൾ ഉന്നതനുമാണ്. മർയമിന്റെ മകൻ മസീഹ് മൂസായ്ക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ വെളിപ്പെട്ടതുപോലെയാണ് നബി(സ) തിരുമേനിയ്ക്കുശേഷം 14-ാം നൂറ്റാണ്ടിൽ ആ വാഗ്ദത്ത മസീഹും വെളിപ്പെട്ടത്.[7] ഈ കാലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, പ്രത്യുത, മർയമിന്റെ മകൻ മസീഹ് വെളിപ്പെട്ട നേരത്ത് യഹൂദികളുടെ അവസ്ഥ എത്തരത്തിലായിരുന്നുവോ അതുപോലെ മുസ്ലിംകളുടെ അവസ്ഥയായിത്തീർന്നപ്പോൾ ആ വാഗ്ദത്ത മസീഹ് വന്നു. അത് ഞാൻ തന്നെയാകുന്നു. അല്ലാഹു ഇച്ഛിക്കുന്നത് ചെയ്യുന്നു. അവനോട് പോരാടുന്നവൻ വിഡ്ഢിയാണ്. അവനെ എതിർത്തുകൊണ്ട് 'ഇങ്ങനെയല്ല അങ്ങനെയാണു

6. അൽഫാത്തിഹ, 6,7.

7. യഹൂദികൾ തങ്ങളുടെ ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ ഐകകണ്ഠ്യേന അംഗീകരിക്കുന്നത് മൂസായ്ക്കുശേഷം പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ഈസാ വെളിപ്പെട്ടുവെന്നാണ്. യഹൂദികളുടെ ചരിത്രം നോക്കുക.

വേണ്ടത്' എന്നാക്ഷേപിക്കുന്നവൻ അജ്ഞനാണ്. അവൻ എന്നെ പതിനായിരത്തിലധികം പ്രകാശിക്കുന്ന ദൃഷ്ടാന്തങ്ങളോടെ അയച്ചിരിക്കുന്നു. അവയിൽ ഒരടയാളം പ്ലേഗുമാണ്. അതുകൊണ്ട് എനിക്ക് സത്യസന്ധമായി ബയ്അത്ത് ചെയ്യുന്നവനും സത്യഹൃദയത്തോടെ എന്റെ ശിഷ്യനായിത്തീരുന്നവനും എന്റെ അനുസരണത്തിൽ ലയിച്ചുകൊണ്ട് തന്റേതായ എല്ലാ ആഗ്രഹങ്ങളും ഉപേക്ഷിക്കുന്നവനുംവേണ്ടി എന്റെ ആത്മാവ് ഈ വിപത്തുകളുടെ നാളുകളിൽ ശിപാർശ ചെയ്യുന്നതാണ്.

എന്റെ ജമാഅത്തിൽപെട്ടവരാണെന്ന് വിചാരിക്കുന്ന അല്ലയോ ജനങ്ങളേ! ഭയഭക്തിയുടെ വഴിയിൽ ചലിക്കുമ്പോൾ മാത്രമേ ഉപരിലോകത്ത് നിങ്ങൾ എന്റെ ജമാഅത്തിൽ പെട്ടവരായി ഗണിക്കപ്പെടുകയുള്ളൂ. അതുകൊണ്ട് നിങ്ങൾ അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിനെ കാണുന്നുണ്ടെന്നോണം ഭയഭക്തിയോടും മനഃസാന്നിധ്യത്തോടുംകൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പുകളെ അല്ലാഹുവിനുവേണ്ടി സത്യഹൃദയത്തോടെ പൂർത്തിയാക്കുവിൻ. സക്കാത്ത് കൊടുക്കാൻ അർഹരായവർ സക്കാത്ത് കൊടുക്കുവിൻ. ഹജ്ജ് നിർബന്ധമായിക്കഴിഞ്ഞിട്ടുള്ളവർ തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഹജ്ജ് ചെയ്യുവിൻ. നന്മകൾ, അതിനോട് ഇഷ്ടം തോന്നുമാറ് അനുവർത്തിക്കുകയും തിന്മകൾ, അതിനോടു വെറുപ്പു തോന്നും വിധം കൈവെടിയുകയും ചെയ്യുവിൻ. ഭക്തിശൂന്യമായ ഒരു കർമ്മവും ദൈവത്തോളമെത്തുകയില്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുവിൻ. എല്ലാ നന്മകളുടേയും വേര് ദൈവഭക്തിയാകുന്നു. ഈ വേര് നഷ്ടപ്പെടാത്ത കർമ്മം നശിച്ചുപോകുന്നതല്ല. പണ്ട് സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടതുപോലെ നിങ്ങളും പലവിധ കഷ്ടപ്പാടുകളാലും പ്രതികൂല സാഹചര്യങ്ങളാലും പരീക്ഷിക്കപ്പെടേണ്ടത് ആവശ്യമാകുന്നു. നിങ്ങൾ കാലിടറിപ്പോകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. ആകാശവുമായി നിങ്ങൾക്ക് അടുത്തബന്ധമുണ്ടെങ്കിൽ നിങ്ങൾക്കൊരു ദോഷവും വരുത്താൻ ഭൂമിക്കാവില്ല. നിങ്ങൾക്ക് വല്ല നഷ്ടവും ഏല്ക്കുന്നുവെങ്കിൽ അത് നിങ്ങളുടെതന്നെ കൈകൾ കൊണ്ടായിരിക്കും.

ശത്രുക്കളുടെ കൈകൾ കൊണ്ടായിരിക്കുകയില്ല. നിങ്ങളുടെ എല്ലാ അന്തസ്സുകളും നഷ്ടമായിക്കൊണ്ടിരുന്നാലും ശാശ്വതമായ കീർത്തി നിങ്ങൾക്ക് സ്വർഗ്ഗലോകത്ത് അല്ലാഹു നല്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ അവനെ ഉപേക്ഷിക്കരുത്. നിങ്ങൾക്ക് പലതരം വിഷമങ്ങൾ സഹിക്കേണ്ടിവരികയും നിങ്ങളുടെ ഒരുപാട് പ്രതീക്ഷകൾക്ക് ഭാഗ്യം കണ്ടെത്താൻ കഴിയാതെ വരികയും ചെയ്താലും നിങ്ങൾ ദുഃഖിക്കാതിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ദൈവം അവന്റെ മാർഗ്ഗത്തിൽ നിങ്ങൾ ഉറച്ചുനില്ക്കുന്നവരാണോ, എന്നു പരീക്ഷിക്കുകയാണ്. ഉപരിലോകത്ത് മലക്കുകളാൽ ബഹുമാനിക്കപ്പെടണമെന്ന് നിങ്ങളാഗ്രഹിക്കുന്നെങ്കിൽ നിങ്ങൾ മർദ്ദിക്കപ്പെടുമ്പോഴും ആഹ്ലാദം കൊള്ളുവിൻ. ശകാരവാക്കുകൾ കേൾക്കുമ്പോൾ നന്ദിയുള്ളവരായിരിക്കുവിൻ. പരാജയങ്ങൾ കാണുമ്പോൾ ബന്ധം വിച്ഛേദിക്കാതിരിക്കുവിൻ. നിങ്ങൾ അല്ലാഹുവിന്റെ അവസാനത്തെ ജമാഅത്താണ്. അതുകൊണ്ട് പരിപൂർണ്ണമായ പദവിയിലുള്ള സൽകർമ്മങ്ങൾ കാഴ്ചവെക്കുവിൻ. നിങ്ങളിൽ മടിയന്മാരാകുന്ന ഓരോരുത്തരും വൃത്തികെട്ട വസ്തുവിനെപ്പോലെ ജമാഅത്തിൽനിന്ന് പുറത്തെറിയപ്പെടുകയും നിരാശരായി മരിക്കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ദൈവത്തിന് ഒരു ചേതവും വരുത്തുകയില്ല. നോക്കൂ, നിങ്ങളുടെ ദൈവം യഥാർത്ഥത്തിൽ നിലവിലുണ്ടെന്ന് വളരെ സന്തോഷത്തോടെ ഞാനറിയിക്കുകയാണ്. സർവ്വതും അവന്റെ സൃഷ്ടികളാണെങ്കിലും അവനെ തിരഞ്ഞെടുക്കുന്നവരെ അവനും തിരഞ്ഞെടുക്കുന്നു. അവനെ സമീപിക്കുന്നവരെ അവനും സമീപിക്കുന്നു. അവന് ബഹുമാനം കൊടുക്കുന്നവന് അവനും ബഹുമാനം കൊടുക്കുന്നു. അവൻ നിങ്ങളെ സ്വീകരിക്കുന്നതിന് നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങൾ ഋജുവാക്കിയും നാവുകളും കണ്ണുകളും ചെവികളും പരിശുദ്ധമാക്കിയും അവനിലേക്ക് വരിക.

വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു നിങ്ങളിൽനിന്നാഗ്രഹിക്കുന്നത് ഇതാണ്: അതായത് അല്ലാഹു ഏകനാകുന്നു. മുഹമ്മദ്(സ) അവന്റെ നബിയും ***ഖാതമുൽ അമ്പിയാ***ഉം എല്ലാവരെക്കാളും ശ്രേഷ്ഠനുമാകുന്നു. പ്രതിച്ഛായയായ

രൂപത്തിൽ മുഹമ്മദിയ്യത്തിന്റെ പുതപ്പ് പുതപ്പിക്കപ്പെട്ട നബിയല്ലാതെ മറ്റൊരു നബിയും അദ്ദേഹത്തിനു ശേഷമില്ല. എന്തുകൊണ്ടെന്നാൽ ഭൃത്യൻ തന്റെ യജമാനനിൽനിന്ന് വേർപെട്ടവനല്ല. ശാഖ അതിന്റെ തായ്ത്തടിയിൽനിന്ന് വേർപ്പെട്ടതുമല്ല. അതുകൊണ്ട് തന്റെ യജമാനനിൽ പരിപൂർണ്ണമായി ലയിച്ചത് നിമിത്തം അല്ലാഹുവിൽനിന്ന് നബിയെന്ന പട്ടം ലഭിക്കുന്ന ഒരാൾ ***ഖതമുന്നുബുവ്വത്ത്*** എന്ന മഹത്തായ പദവിക്ക് ഒരു കോട്ടവും വരുത്തുന്നില്ല. നിങ്ങൾ കണ്ണാടിയിൽ നിങ്ങളുടെ പ്രതിരൂപം കാണുമ്പോൾ പ്രത്യക്ഷത്തിൽ രണ്ടായിക്കാണപ്പെടുന്നുണ്ടെങ്കിലും നിങ്ങൾ രണ്ടാകുന്നില്ല. ഒന്നുതന്നെയായിരിക്കും. മൂലവും (രൂപവും) പ്രതിരൂപവും തമ്മിലുള്ള വ്യത്യാസം മാത്രമേയുള്ളൂ. അതുപോലെതന്നെയാണ് അല്ലാഹു വാഗ്ദത്ത മസീഹിന്റെ കാര്യത്തിലും ഇച്ഛിക്കുന്നത്. വാഗ്ദത്ത മസീഹ് തന്റെ ഖബ്റിൽ മറയടക്കപ്പെടുമെന്ന് ഹദ്റത്ത് നബി(സ) തിരുമേനി അരുൾ ചെയ്തതിന്റെ രഹസ്യവും ഇതുതന്നെയാണ്. അത് ഞാൻ തന്നെയാകുന്നു. ഇതിൽ ദ്വിവിധത്വം വരുന്നില്ല. ഈസബ്നുമർയം മരിച്ചുപോയിരിക്കുന്നുവെന്ന് നിങ്ങൾ ദൃഢമായും വിശ്വസിക്കുക. കശ്മീരിൽ ശ്രീനഗറിലുള്ള ഖാൻയാർ തെരുവിൽ[8] അദ്ദേഹത്തിന്റെ ഖബ്റുണ്ട്. അല്ലാഹു തന്റെ പ്രിയപ്പെട്ട ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ മരണവാർത്ത നല്കിയിരിക്കുന്നു.

പ്രസ്തുത ആയത്തിന് മരണമെന്നല്ല, മറ്റേതെങ്കിലും അർത്ഥമാണുള്ളതെങ്കിൽ, ഈസാനബി മരിക്കുന്നതാണെന്നെവിടെയാണ് ഖുർആനിൽ പറയപ്പെട്ടിരിക്കുന്നത്? നമ്മുടെ എതിരാളികൾ കരുതുന്നതുപോലെ അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചുള്ള ആയത്തുകൾക്ക് മറ്റൊരർത്ഥമാണുള്ളതെങ്കിൽ അദ്ദേഹം എപ്പോഴെങ്കിലും മരണമടയുന്നതാണെന്ന് കാണിക്കുന്ന വല്ല വചനവും ഖുർആനിലുണ്ടോ? അല്ലാഹു നമ്മുടെ നബിയുടെ മരണത്തെക്കുറിച്ച് അറിയിച്ചുതന്നിരിക്കുന്നു. എന്നാൽ, ഈസാനബി മരിക്കുന്നതിനെക്കുറിച്ച് ഖുർആനിൽ എവിടേയും പ്രതി

8. ക്രിസ്തീയ ഗവേഷകന്മാർ ഇതേ അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നു. വിശദീകരണം ആഗ്രഹിക്കുന്നെങ്കിൽ നമ്മുടെ ഗ്രന്ഥമായ 'തുഹ്ഫാ ഗോൾഡവിയ', 139-ാം പേജ് നോക്കുക.

പാദിക്കുന്നില്ല. ഇതിലുള്ള രഹസ്യമെന്താണ്?

ഈസാനബിയുടെ മരണവാർത്ത

فَلَمَّا تَوَفَّيْتَنِي كُنتَ أَنتَ الرَّقِيبَ عَلَيْهِمْ

**ഫലമ്മാ തവഫ്ഫയ്ത്തനീ കുൻത അൻതർറഖീബ അലയ്ഹിം'** എന്ന ആയത്തിൽ പറഞ്ഞിരിക്കുന്നുവെന്നാണെങ്കിൽ ഈ തിരുവചനം വളരെ സ്പഷ്ടമായി തെളിയിക്കുന്നത് ക്രിസ്ത്യാനികൾ വഴിപിഴയ്ക്കുന്നതിനു മുമ്പേ അദ്ദേഹം മരണപ്പെട്ടിരിക്കുന്നുവെന്നാണ്.[10]

فَلَمَّا تَوَفَّيْتَنِي **ഫലമ്മാ തവഫ്ഫയ്ത്തനീ** എന്ന ആയത്തിന് ജീവനുള്ള ശരീരത്തോടുകൂടി ആകാശത്തിലേക്കുയർത്തി എന്നാണർത്ഥമെങ്കിൽ എന്തുകൊണ്ട് ഖുർആനിൽ

---

9. ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത് ഹദ്റത്ത് ഈസാനബി(അ) വീണ്ടും ഈ ലോകത്ത് വരുന്നതല്ലെന്നാണ്. കാരണം അദ്ദേഹം ഈ ലോകത്ത് വീണ്ടും വരുന്നതാണെങ്കിൽ, തനിക്ക് ക്രൈസ്തവർ വഴിപിഴച്ചുപോയതിനെപ്പറ്റി അറിയുകയില്ലെന്നു പറഞ്ഞത് കളവായിത്തീരും. കാരണം അദ്ദേഹം വീണ്ടും ദുൻയാവിൽ വരികയും നാല്പതുവർഷക്കാലം ഇവിടെ ജീവിക്കുകയും ചെയ്യുന്ന സ്ഥിതിക്ക് തന്റെ സമുദായമായ ക്രിസ്ത്യാനികൾ തന്നെ ദൈവമായി വിശ്വസിക്കുന്നത് കാണുകയും കുരിശുടയ്ക്കുകയും എല്ലാ ക്രിസ്ത്യാനികളേയും മുസൽമാന്മാരാക്കുകയും ചെയ്തതിനുശേഷം മരണാനന്തരം അല്ലാഹുവിനോടു 'ക്രിസ്ത്യാനികൾ വഴിപിഴച്ചതായ ഒരു വിവരവും തനിക്കില്ല' എന്ന് എങ്ങനെയാണ് അദ്ദേഹത്തിന് ഒഴികഴിവ് പറയുവാൻ സാധിക്കുക?

10. വിശുദ്ധഖുർആനിലെ ഒരു വചനത്തിൽ മസീഹും അദ്ദേഹത്തിന്റെ മാതാവും കുരിശുസംഭവത്തിനുശേഷം കശ്മീരിലേക്ക് പോയിരുന്നതായി വ്യക്തമായും സൂചിപ്പിച്ചിരിക്കുന്നു. അതായത് وَآوَيْنَاهُمَا إِلَىٰ رَبْوَةٍ ذَاتِ قَرَارٍ وَمَعِينٍ **വ ആവയ്നാഹുമാ ഇലാ റബ്വത്തിൻ ദാത്തി ഖരാറിൻവ്വ മയീൻ** ഈസാക്കും അദ്ദേഹത്തിന്റെ മാതാവിനും വാസയോഗ്യവും നീരുറവുള്ളതുമായ ഒരു കുന്നിൻ പ്രദേശത്ത് അഭയം നല്കി.(23:51) ഈ ആയത്തിൽ കശ്മീരിനെക്കുറിച്ചുള്ള ഒരു ചിത്രംതന്നെ കാണിച്ചുതന്നിരിക്കുന്നു. 'ആവാ' എന്ന് വാക്ക് ഏറ്റവും ആപല്ക്കരവും ദുരിതപൂർണ്ണവുമായ അവസ്ഥയിൽനിന്ന് അഭയം നല്കുന്നതിന്നായിട്ടാണ് പ്രയോഗിക്കപ്പെടുന്നത്. കുരിശുസംഭവത്തിനുമുമ്പേ ഹദ്റത്ത് ഈസാനബിക്കും അദ്ദേഹത്തിന്റെ മാതാവിനും അഭയം തേടത്തക്കവണ്ണം ആപല്ക്കരമായ ഒരവസ്ഥയും ഉണ്ടായിട്ടില്ല. അല്ലാഹുതആല ഈസാനബിയേയും അദ്ദേഹത്തിന്റെ മാതാവിനേയും കുരിശുസംഭവത്തിനുശേഷം പ്രസ്തുത കുന്നിൻപ്രദേശത്തെത്തിക്കുകയാണുണ്ടായത്.

അദ്ദേഹം മരിക്കുന്നതിനെക്കുറിച്ച് ഒന്നുംതന്നെ അല്ലാഹു സൂചിപ്പിക്കുന്നില്ല. അദ്ദേഹത്തിന്റെ ആകാശജീവിതമെന്ന മിഥ്യാവിശ്വാസം ലക്ഷക്കണക്കിനാളുകളെ നാശഗർത്തത്തിലാഴ്ത്തുകയുണ്ടായല്ലോ. അതായത് ദൈവം അദ്ദേഹത്തിന് സ്ഥായിയായ ജീവിതം നല്കിക്കൊണ്ട്, ജനങ്ങളെ ബഹുദൈവാരാധകരും നിർമ്മതവാദികളും ആക്കിത്തീർത്തുവെന്ന് പറയേണ്ടിവരും. ഇത് ജനങ്ങളുടെ തെറ്റല്ല. ജനങ്ങളെ വഴിപിഴപ്പിക്കാൻ ദൈവം തന്നെ ചെയ്തതാണെന്ന് പറയേണ്ടിവരും. മസീഹിന്റെ മരണംമൂലമല്ലാതെ, കുരിശുവിശ്വാസത്തിന് നാശം സംഭവിക്കുകയില്ലെന്ന കാര്യം നന്നായിട്ടോർക്കുക. വിശുദ്ധഖുർആന്റെ അധ്യാപനത്തിന്നെതിരെ അദ്ദേഹം ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന് കരുതുന്നതുകൊണ്ട് ആർക്കെന്ത് പ്രയോജനമാണുള്ളത്. ഇസ്ലാംമതം ജീവിക്കണമെങ്കിൽ അദ്ദേഹം മരിച്ചതായി തെളിയിക്കുക. അല്ലാഹു തന്റെ വചനംമൂലം മസീഹിന്റെ മരണം പ്രകടമാക്കിയിരിക്കുന്നു. നബി(സ)തിരുമേനി **മിഅ്റാജ് രാവിൽ** അദ്ദേഹത്തെ മരിച്ചവരോടൊപ്പം ദർശിക്കുകയും ചെയ്തു. എന്നിട്ടും നിങ്ങൾ അംഗീകരിക്കുവാൻ തയ്യാറില്ലെങ്കിൽ, അതെന്തൊരു ഈമാനാണ്? മനുഷ്യരുടെ നിവേദനങ്ങളെ ദൈവവചനങ്ങളേക്കാൾ മുന്തിക്കുന്നുവോ. എന്തൊരു മതമാണിത്.

താൻ, മരിച്ചവരായ മഹാത്മാക്കളുടെ ആത്മാക്കളിൽ ഈസാ നബിയുടെ ആത്മാവിനേയും കണ്ടുവെന്ന് നമ്മുടെ റസൂൽ തിരുമേനി(സ) സാക്ഷ്യം വഹിച്ചുവെന്നു മാത്രമല്ല സ്വയം മരണം വരിച്ചുകൊണ്ട് ഇതിനു മുമ്പേ സ്ഥായിയായി ആരുംജീവിച്ചിരിപ്പില്ലെന്ന് തെളിയിച്ചു കാണിക്കുകയും ചെയ്തു.

നമ്മുടെ എതിരാളികൾ വിശുദ്ധഖുർആനെ ഉപേക്ഷിക്കുന്നതുപോലെ റസൂൽതിരുമേനി(സ)യുടെ സുന്നത്തിനേയും ഉപേക്ഷിക്കുകയാണ്. കാരണം മരണം നമ്മുടെ നബിയുടെ സുന്നത്താണ്. ഈസാ(അ) ജീവിച്ചിരിപ്പുണ്ടെങ്കിൽ മരണത്തിൽ നമ്മുടെ നബി(സ)ക്ക് അപമാനമായിരുന്നേനെ. അതുകൊണ്ട് നിങ്ങൾ ഈസാനബിയുടെ മരണത്തിൽ വിശ്വസിക്കാത്തിട

ത്തോളം നിങ്ങൾ അഹ്‌ലു ഖുർആനുമല്ല അഹ്‌ലുസുന്നത്തുമല്ല. ഞാൻ ഹദ്റത്ത് ഈസാനബിയുടെ തേജോവിലാസത്തെ നിഷേധിക്കുന്നവനല്ല. എങ്കിലും മുഹമ്മദീ മസീഹ് മൂസവീ മസീഹിനേക്കാൾ ശ്രേഷ്ഠനാണെന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. എന്നിരുന്നാലും മസീഹുബ്നുമർയമിനെ ഞാൻ ഒരുപാട് ബഹുമാനിക്കുന്നു. എന്തുകൊണ്ടെന്നാൽ മസീഹുബ്നുമർയം യിസ്റായേലി സമുദായത്തിന് ഖാതമുൽഖുലഫാ (ഖലീഫമാരിൽ ശ്രേഷ്ഠൻ) ആയിരുന്നതുപോലെ ആത്മീയതയുടെ അടിസ്ഥാനത്തിൽ ഞാൻ ഇസ്‌ലാമിൽ ഖാതമുൽ ഖുലഫായാകുന്നു. മൂസാ(അ)യുടെ സമുദായത്തിൽ ഇബ്നുമർയം വാഗ്ദത്ത മസീഹായിരുന്നു. **മുഹമ്മദീ സമുദായത്തിൽ ഞാൻ വാഗ്ദത്ത മസീഹാണ്.** അതുകൊണ്ട് ഞാൻ അദ്ദേഹത്തെ ആദരിക്കുന്നു. അദ്ദേഹത്തിന്റെ സഹനാമിയാണു ഞാൻ. മസീഹുബ്നു മർയമിനെ ഞാൻ ആദരിക്കുന്നില്ലെന്നു പറയുന്നവൻ ഉപദ്രവകാരിയും കറ്റുകെട്ടുകാരനുമാണ്. മസീഹ് എന്തായാലും മസീഹ് തന്നെ! ഞാൻ അദ്ദേഹത്തിന്റെ നാലു സഹോദരന്മാരേയും ബഹുമാനിക്കുന്നു.[11] കാരണം അഞ്ചുപേരും ഒരേ മാതാവിന്റെ മക്കളാകുന്നു. എന്നുമാത്രമല്ല ഞാൻ ഹദ്റത്ത് മസീഹിന്റെ കൂടപ്പിറപ്പായ രണ്ട് സഹോദരിമാരേയും വിശുദ്ധരായി മനസ്സിലാക്കുന്നു.

ഇവരെല്ലാം മഹാത്മാവായ കന്യാമർയത്തിന്റെ ഉദരത്തിൽനിന്നുള്ളവരാണ്. മർയമിന്റെ തേജോവിലാസം എന്താണെന്നുവെച്ചാൽ അവർ വളരെക്കാലം വിവാഹം കഴിക്കാതെ സ്വയം തന്നെ തടഞ്ഞുനിറുത്തി. പിന്നീട് സമുദായത്തിലെ മഹനീയവ്യക്തികളുടെ നിർബന്ധംകൊണ്ട് ഗർഭം കാരണം

---

11. യേശുമസീഹിന് നാല് സഹോദരന്മാരും രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു. അവരൊക്കെ യൂസുഫിന്റേയും മർയമിന്റേയും സന്തതികളായിരുന്നു. നാല് സഹോദരന്മാരുടെ പേരുകൾ യഹോദാ, യഅ്ഖൂബ്, ശംഊൻ, യോസസ് എന്നും രണ്ട് സഹോദരിമാരുടെ പേരുകൾ ആസിയ, ലീദ്വിയാ എന്നുമായിരുന്നു. നോക്കുക അപ്പോസ്റ്റലിക് റിക്കാർഡ്സ്, ഗ്രന്ഥകർത്താവ്: പാതിരി ജോൺ ഈലൻ ഗായിൽസ്, പേജ്: 159-166. ലണ്ടൻ, 1886.

വിവാഹം കഴിച്ചു. തൗറാത്തിന്റെ അധ്യാപനത്തിന് വിരുദ്ധമായി ഗർഭിണിയായ അവസ്ഥയിൽ എന്തിന് വിവാഹം കഴിച്ചെന്നും കന്യകയായിരിക്കുമെന്നുള്ള പ്രതിജ്ഞ എന്തിന് ലംഘിച്ചെന്നും എന്തിന് ബഹുഭാര്യത്വത്തിന് അടിത്തറയിട്ടുവെന്നും പറഞ്ഞ് ആളുകൾ അവരെ ആക്ഷേപിക്കുന്നു. അതായത്, യൂസുഫിന് ആദ്യഭാര്യയുണ്ടായിരിക്കെ മർയം എന്തിനാണ് അദ്ദേഹവുമായി വിവാഹം ഇഷ്ടപ്പെട്ടത്? എന്നാൽ ഞാൻ പറയുന്നത് ഇതെല്ലാം നിർബന്ധസാഹചര്യം ഉണ്ടായതിനാലാണെന്നാണ്. ഈ പരിതസ്ഥിതികളിൽ അവരെല്ലാം സഹതാപാർഹരാകുന്നു; ആക്ഷേപാർഹരല്ല.

ഈ എല്ലാ കാര്യങ്ങളും പ്രസ്താവിച്ചതിനുശേഷം വീണ്ടും ഞാൻ പറയുന്നു: ബാഹ്യനിലയിലുള്ള ബയ്അത്ത് മതിയാകുമെന്നു ഒരിക്കലും വിചാരിച്ചുപോകരുത്. ബാഹ്യം ഒരു വസ്തുവുമല്ല. ദൈവം നിങ്ങളുടെ ഹൃദയങ്ങളെ യാണ് വീക്ഷിക്കുന്നത്. അതനുസരിച്ചുതന്നെയാണ് നിങ്ങളോട് പെരുമാറുന്നത്. നോക്കൂ, ഞാനിത് പറഞ്ഞുകൊണ്ട് എന്റെ പ്രബോധന കർത്തവ്യം നിർവ്വഹിച്ചുകൊള്ളുന്നു.

പാപം ഒരു വിഷമാകുന്നു. അത് തിന്നരുത്. ദൈവത്തോടുള്ള അനുസരണക്കേട് ഒരു ദുർമരണമാകുന്നു. അതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുവിൻ. നിങ്ങൾക്ക് ശക്തി ലഭിക്കുവാൻ പ്രാർത്ഥിക്കുക. പ്രാർത്ഥിക്കുമ്പോൾ അല്ലാഹു സർവ്വകാര്യങ്ങളിലും കഴിവുള്ളവനാണെന്ന് കരുതാത്തവൻ- ദൈവ വാഗ്ദാനമുള്ള കാര്യങ്ങളൊഴിച്ച്- എന്റെ ജമാഅത്തിൽ പെട്ടവനല്ല. അസത്യത്തേയും വഞ്ചനയേയും കൈവെടിയാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. ഐഹികത്തിന്റെ അത്യാർത്തിയിൽ കുടുങ്ങിക്കിടക്കുന്നവനും പരലോകത്തിന്റെ ഭാഗത്തേക്ക് കണ്ണുയർത്തി നോക്കുകപോലും ചെയ്യാത്തവനും എന്റെ ജമാഅത്തിൽപെട്ടവനല്ല. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കാത്തവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. എല്ലാ ഓരോ തിന്മയിൽനിന്നും എല്ലാ ഓരോ ദുഷ്ക്കർമ്മത്തിൽനിന്നും അതായത് മദ്യപാനം, ചൂതുകളി, ദുർന്നോട്ടം, ചതി, കൈക്കൂലി എന്നിവ

യിൽനിന്നും മറ്റെല്ലാ അവിഹിതങ്ങളായ നടപടികളിൽനിന്നും പശ്ചാത്തപിച്ചു പിൻമടങ്ങാത്തവൻ എന്റെ ജമാഅത്തിൽപെട്ട വനല്ല. അഞ്ചുനേരത്തെ നമസ്കാരം നിർബന്ധ ബുദ്ധിയോടെ നിർവഹിക്കാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല- പ്രാർത്ഥ നകൾ ചെയ്തുകൊണ്ടിരിക്കാത്തവനും വിനയത്തോടെ അല്ലാ ഹുവിനെ സ്മരിച്ചുകൊണ്ടിരിക്കാത്തവനും എന്റെ ജമാഅ ത്തിൽപെട്ടവനല്ല. തന്നിൽ ചീത്തസ്വാധീനം ചെലുത്തുന്ന ദുർവൃത്തരെ ഉപേക്ഷിക്കാത്തവൻ എന്റെ ജമാഅത്തിൽപെട്ടവ നല്ല. മാതാപിതാക്കളെ ബഹുമാനിക്കാത്തവനും ഖുർആനെ തിരല്ലാത്ത നന്മകളുടെ കാര്യത്തിൽ അവരുടെ വാക്കുകൾ സ്വീക രിക്കാത്തവനും അവർക്ക് സേവനം ചെയ്യുന്നതിൽ വിമുഖനാ യിരിക്കുന്നവനും എന്റെ ജമാഅത്തിൽ പെട്ടവനല്ല. തന്റെ ഭാര്യ യോടും അവരുടെ ബന്ധുക്കളോടും സൗമ്യമായും ഉപകാരമ നോഭാവത്തോടെയും വർത്തിക്കാത്തവൻ എന്റെ ജമാഅ ത്തിൽപെട്ടവനല്ല. തന്റെ അയൽവാസിയെ ഏറ്റവും നിസ്സാരമായ വസ്തുക്കളിൽനിന്നുപോലും അകറ്റിനിറുത്തുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. തന്നോടു തെറ്റ് ചെയ്തവരുടെ കുറ്റ ങ്ങൾ പൊറുത്തുകൊടുക്കാതെ പകവെച്ചു പുലർത്തുന്നവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. ഭാര്യയോട് വഞ്ചന പ്രവർത്തി ക്കുന്ന ഭർത്താവും ഭർത്താവിനോട് വഞ്ചന പ്രവർത്തിക്കുന്ന ഭാര്യയും എന്റെ ജമാഅത്തിൽപെട്ടവരല്ല. ബയ്അത്ത് ചെയ്യു മ്പോൾ ചെയ്തിട്ടുള്ള കരാറിനെ ഏതെങ്കിലും വശത്തൂടെ ലംഘി ക്കുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. എന്നെ സത്യഹൃദ യത്തോടെ വാഗ്ദത്ത മസീഹും വാഗ്ദത്ത മഹ്ദിയുമെന്ന് വിശ്വ സിക്കാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. നന്മയായിട്ടുള്ള കല്പനകളിൽ എന്നെ അനുസരിക്കുവാൻ തയ്യാറല്ലാത്തവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ശത്രുക്കളുടെ സംഘങ്ങളിൽ ചെന്നിരിക്കുകയും അവർക്കൊപ്പിച്ചു കൈത്താളം മുട്ടുകയും ചെയ്യുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. വ്യഭിചാരി, ധിക്കാ രി, മദ്യപാനി, കൊലയാളി, കള്ളൻ, ചൂതുകളിക്കാരൻ, ദ്രോഹി, വ്യാജം പറയുന്നവൻ, വ്യാജരേഖയുണ്ടാക്കുന്നവനും അവന്റെ കൂട്ടുകാരനും തന്റെ സഹോദരന്മാരേയും സഹോദരിമാരേയും

പറ്റി പഴിപറയുന്നവനും ദുർവൃത്തികളിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങാത്തവനും ദുഷ്ടമായ കൂട്ടുകെട്ടുകൾ ഉപേക്ഷിക്കാത്തവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ഇതെല്ലാം വിഷമാകുന്നു. ഈ വിഷം തിന്നിട്ട് നിങ്ങൾക്ക് ഒരുവിധത്തിലും രക്ഷപ്പെടാനാകില്ല. ഇരുട്ടും വെളിച്ചവും ഒരിടത്ത് ഒരുമിച്ചു ചേരുകയില്ല. ഋജുമാനസർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ, ഹൃദയത്തിൽ വക്രതയുള്ളവനും അല്ലാഹുവിനോട് സത്യസന്ധത പുലർത്താത്തവനും ഒരിക്കലും ലഭിക്കുകയില്ല. ഹൃദയങ്ങളെ ശുദ്ധമാക്കുന്നവരും അവയിൽനിന്ന് എല്ലാ മാലിന്യങ്ങളും തുടച്ചുനീക്കുന്നവരും ദൈവത്തോട് കൂറ് പുലർത്തുമെന്ന് പ്രതിജ്ഞ ചെയ്യുന്നവരും എത്രമാത്രം സൗഭാഗ്യവാന്മാരാണ്. അവർ നഷ്ടത്തിലാകുകയില്ല. അല്ലാഹു അവരെ അവഹേളിതരാക്കുകയില്ല. എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തിന്റേതും ദൈവം അവരുടേതുമാണ്. ആപത്തുകളിൽനിന്നെല്ലാം അവർ രക്ഷപ്പെടും. അവർക്കെതിരെ ഗൂഢാലോചന നടത്തുന്ന ശത്രുക്കൾ വിഡ്ഢികളാകുന്നു. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ മടിത്തട്ടിലാണുള്ളത്; ദൈവം അവരെ സഹായിക്കുന്നതിലും. ആരാണ് ദൈവത്തിൽ വിശ്വാസമർപ്പിച്ചിട്ടുള്ളത്? ഇപ്പറഞ്ഞവരെപ്പോലെയുള്ളവർ മാത്രം. അപ്രകാരംതന്നെ, ദൈവഭയമില്ലാത്തവനും പാപിയും ദുർവാശിക്കാരനും ഉപദ്രവമുണ്ടാക്കുക എന്ന ചിന്തയിൽ കഴിയുന്നവനും വിഡ്ഢിയാണ്. കാരണം അവൻ സ്വയം നശിക്കുന്നതാണ്. അല്ലാഹു ആകാശവും ഭൂമിയും സൃഷ്ടിച്ചതുമുതൽ നല്ലവരെ നശിപ്പിച്ചു നാമാവശേഷമാക്കിയ സന്ദർഭം ഒരിക്കലുമുണ്ടായിട്ടില്ല. പ്രത്യുത അവർക്കുവേണ്ടി അവൻ വലിയ വലിയ പ്രവർത്തികൾ കാണിച്ചുകൊണ്ടിരുന്നു. ഇപ്പോഴും കാണിക്കുന്നതാണ്.

നമ്മുടെ ദൈവം അങ്ങേയറ്റം വിശ്വസ്തനായ ദൈവമാകുന്നു. വിശ്വസ്തരായവർക്കുവേണ്ടി അവന്റെ അത്ഭുതകരമായ പ്രവർത്തി പ്രത്യക്ഷപ്പെടുന്നു. അവരെ വിഴുങ്ങിക്കളയണമെന്ന് ലോകം ആഗ്രഹിക്കുന്നു. ഓരോ ശത്രുവും അവർക്കെതിരിൽ പല്ലു ഞെരിക്കുന്നു. എന്നാൽ, അവരുടെ മിത്രമായ ദൈവം നാശ

ത്തിന്റെ ഓരോ സ്ഥലത്തുനിന്നും അവരെ സംരക്ഷിക്കുന്നു. എല്ലാ രംഗങ്ങളിലും അവർക്ക് വിജയം നല്കുന്നു. ആ ദൈവത്തിന്റെ കോന്തല വിടാത്തവൻ എത്രമാത്രം ഭാഗ്യവാനാണ്. നാം അവനിൽ വിശ്വസിച്ചിരിക്കുന്നു. നാം അവനെ തിരിച്ചറിഞ്ഞിരിക്കുന്നു. എന്നിൽ വെളിപാടിറക്കിയവനാണ് സർവ്വലോകത്തിന്റേയും ദൈവം. അവനാണ് എനിക്കുവേണ്ടി ശക്തിമത്തായ അടയാളം കാണിച്ചിട്ടുള്ളത്. അവൻ എന്നെ ഇക്കാലത്ത് വാഗ്ദത്ത മസീഹായി അയച്ചു. അവനല്ലാതെ ഒരു ദൈവവുമില്ല. ആകാശത്തിലുമില്ല, ഭൂമിയിലുമില്ല. അവനിൽ വിശ്വസിക്കാത്തവൻ ഭാഗ്യഹീനനും നിസ്സഹായതയിൽ കുടുങ്ങിയവനുമാണ്. നമ്മുടെ ദൈവത്തിന്റെ, സൂര്യപ്രകാശംപോലെ വെളിമയാർന്ന വെളിപാട് നാം പ്രാപിച്ചു. നാം അവനെ കണ്ടു. ലോകത്തിന്റെ ദൈവം അവൻ മാത്രമാണ്. അവനല്ലാതെ മറ്റൊരു ദൈവവുമില്ല. നാം കണ്ട ആ ദൈവം എത്രമാത്രം സർവ്വശക്തനും എല്ലാറ്റിനേയും നിലനിറുത്തുന്നവനുമാണ്. നാം കണ്ടത് എത്രമാത്രം ശക്തിപ്രഭാവങ്ങളുടെ ഉടമസ്ഥനെയാണ്. സത്യമെന്താണെന്നുവെച്ചാൽ അവന്റെ മുമ്പിൽ അസംഭാവ്യമായിട്ടൊന്നും തന്നെയില്ല. എന്നിരുന്നാലും അവൻ തന്റെ ഗ്രന്ഥത്തിനോ വാഗ്ദാനത്തിനോ എതിരായി ഒന്നുംതന്നെ ചെയ്യുന്നില്ല.

അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അജ്ഞരായ പ്രകൃതിവാദികളെപ്പോലെ ആയിത്തീരരുത്. അവർ അവരുടെ സ്വന്തം ചിന്തയാൽ ഒരു നിയതി നിയമം ഉണ്ടാക്കിയിരിക്കുകയാണ്. അതിൽ ദൈവഗ്രന്ഥത്തിന്റെ മുദ്രയില്ല. അവർ ബഹിഷ്കൃതരാണ്. അവരുടെ പ്രാർത്ഥനകൾ ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവർ അന്ധരാണ്. കാഴ്ചയുള്ളവരല്ല. അവർ മരിച്ചവരാണ്. ജീവനുള്ളവരല്ല. അവർ അവരുടെ സ്വയംകൃത നിയമം ദൈവത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നു. അവന്റെ സീമാതീതമായ കഴിവുകൾക്ക് അതിർവരമ്പിടുന്നു. അവനെ ബലഹീനനായി മനസ്സിലാക്കുന്നു. അവരുടെ അവസ്ഥ പോലെ അവൻ അവരോടു പെരുമാറുന്നതായിരിക്കും. എന്നാൽ, നീ പ്രാർത്ഥനക്കായി എഴുന്നേറ്റ് നില്ക്കുമ്പോൾ നിന്റെ ദൈവം

എല്ലാ ഓരോ വസ്തുക്കളുടേയും മേൽ സർവ്വശക്തനാണെന്ന ദൃഢവിശ്വാസം വെച്ചുപുലർത്തേണ്ടത് നിനക്ക് അനുപേക്ഷണീയമാണ്. അപ്പോൾ നിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെടും. അങ്ങനെ ഞാൻ കണ്ടതുപോലുള്ള ദൈവികശക്തിയുടെ അത്ഭുതപ്രതിഭാസങ്ങൾ നീ കാണുന്നതാണ്. നമ്മുടെ സാക്ഷ്യം ദർശനത്തിലൂടെ ഉള്ളതാണ്. കഥ എന്ന നിലയിലുള്ളതല്ല. ദൈവം എല്ലാ ഓരോ വസ്തുവിന്റേയുംമേൽ സർവ്വശക്തനാണെന്നു മനസ്സിലാക്കാത്തവന്റെ പ്രാർത്ഥന എങ്ങനെ സ്വീകരിക്കപ്പെടാനാണ്? അവന്റെ നോട്ടത്തിൽ അവനുണ്ടാകുന്ന ബുദ്ധിമുട്ടുകളെല്ലാം പ്രകൃതിനിയമത്തിന് വിരുദ്ധമാണെന്ന് വരുമ്പോൾ അവനു പ്രാർത്ഥിക്കാനുള്ള പ്രേരണ ഉണ്ടാകുന്നതെങ്ങനെ?

എന്നാൽ, ഏയ് ഭാഗ്യശാലിയായ മനുഷ്യാ! നീ അങ്ങനെ ചെയ്യരുത്. തൂണൊന്നും കൂടാതെ അസംഖ്യം നക്ഷത്രങ്ങളെ തൂക്കിയിട്ടവനാണ് നിന്റെ ദൈവം. അവൻ ഭൂമിയേയും ആകാശത്തേയും ഒന്നുമില്ലാത്ത അവസ്ഥയിൽനിന്ന് സൃഷ്ടിച്ചവനാണ്. നിന്റെ ആവശ്യം പൂർത്തിയാക്കിത്തരാൻ കെല്പില്ലാത്തവനാണവനെന്ന് നീ തെറ്റുധരിക്കുകയാണോ?[12] നിന്റെ ഈ തെറ്റായധാരണ നിന്നെ ഭാഗ്യംകെട്ടവനാക്കിത്തീർക്കും. നമ്മുടെ ദൈവത്തിൽ അസംഖ്യം അത്ഭുതങ്ങളുണ്ട്. സത്യസന്ധതയോടും വിശ്വസ്തതയോടുംകൂടി അവന്റേതായിത്തീർന്നവൻ

12 ദൈവം ഒരു പ്രവർത്തിയിലും കെല്പില്ലാത്തവനായി വരുന്നില്ല. എന്നാൽ, അല്ലാഹുവിന്റെ ഗ്രന്ഥം പ്രാർത്ഥനയെക്കുറിച്ചുള്ള നിയമത്തിൽ അവൻ വളരെയധികം കാരുണ്യത്തോടെ നല്ല മനുഷ്യരുമായി സുഹൃത്തുക്കളെപ്പോലെ പെരുമാറുന്നതാണെന്ന് പറയുന്നു. അതായത് ചിലപ്പോൾ അവൻ തന്റെ ഇഷ്ടം ഉപേക്ഷിച്ചുകൊണ്ട് അവന്റെ പ്രാർത്ഥന സ്വീകരിക്കുന്നു. ഇതുസംബന്ധിച്ച് അവൻ സ്വയം പറയുന്നു. اُدْعُوْنِيْٓ أَسْتَجِبْ لَكُمْ നിങ്ങൾ എന്നെ വിളിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നല്കുന്നതാണ്. ചിലപ്പോൾ തന്റെ ഇഷ്ടം നടപ്പാക്കുന്നു. അതായത് وَلَنَبْلُوَنَّكُمْ بِشَيْءٍ مِّنَ الْخَوْفِ وَالْجُوْعِ (2:156). അവൻ ഇപ്രകാരം ചെയ്യുന്നത് ചിലപ്പോൾ മനുഷ്യന്റെ പ്രാർത്ഥനയ്ക്കനുസരിച്ച് അവനോട് പെരുമാറി ദൃഢവിശ്വാസത്തിലും ദൈവികജ്ഞാനത്തിലും പുരോഗതി പ്രാപിക്കുവാനും ചിലപ്പോൾ തന്റെ ഇഷ്ടം നടപ്പാക്കി അവന് തന്റെ ഇഷ്ടത്തിന്റെ പരിവേഷം അണിയിക്കുവാനും അവന്റെ പദവി ഉയർത്തി അവനെ സ്നേഹിച്ച് നേർമാർഗ്ഗത്തിൽ നടത്തുവാനും ആകുന്നു..

മാത്രമാണ് അത് കാണുന്നത്. അവന്റെ ശക്തിപ്രഭാവങ്ങളിൽ വിശ്വസിക്കാത്തവരുടേയും അവനോട് സത്യസന്ധതയും വിശ്വസ്തതയും കാണിക്കാത്തവരുടെയുംമേൽ അവൻ അത്ഭുതങ്ങൾ വെളിപ്പെടുത്തുകയില്ല.

സർവ്വശക്തനായൊരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം ഭാഗ്യദോഷിയാണ്. നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവത്തിങ്കലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സമ്പത്താണവൻ. ജീവനും സർവ്വസ്വവും നഷ്ടപ്പെട്ടാലേ ലഭ്യമാകൂ എന്നു വന്നാലും വിലകൊടുത്തു വാങ്ങേണ്ട രത്നമാകുന്നു അവൻ. അല്ലയോ ഹതഭാഗ്യരേ! ഇതാ ഈ നിർഝരിയിലേക്ക് ഓടിയടുക്കുവിൻ. അത് നിങ്ങളെ സംതൃപ്തിയുള്ളതാക്കിത്തീർക്കും. നിങ്ങളെ രക്ഷിക്കുന്ന ജീവിതസ്രോതസ്സാണത്. ഞാൻ എന്തു ചെയ്യുവാനാണ്. ഈ സന്തോഷവാർത്ത ഹൃദയങ്ങളിൽ കുടിയിരുത്താൻ ഞാനെന്താണ് ചെയ്യേണ്ടത്. ഇതാ! നിങ്ങളുടെ ദൈവം എന്ന് ഏത് ചെണ്ട കൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്? ലോകർ കേൾക്കുമാറാകാൻ. ലോകരുടെ കാത് തുറപ്പിക്കുവാൻ ഏത് ഔഷധം കൊണ്ടാണ് ഞാൻ ചികിത്സിക്കേണ്ടത്?

നിങ്ങൾ ദൈവത്തിന്റേതായിത്തീരുമെങ്കിൽ ദൈവം നിങ്ങളുടേതായിത്തീരുന്നതാണ്. നിങ്ങൾ ഉറങ്ങുമ്പോൾ അവൻ നിങ്ങൾക്കുവേണ്ടി ഉണർന്നിരിക്കുമെന്നു തീർച്ചയായും മനസ്സിലാക്കുക. നിങ്ങൾ ശത്രുവിനെക്കുറിച്ച് അശ്രദ്ധരായിരിക്കുമ്പോൾ അവൻ ശത്രുവിനെ നോക്കിപ്പാർക്കും. നിങ്ങളുടെ ശത്രുവിന്റെ ആസൂത്രണങ്ങളെ അവൻ തകർത്തുകൊള്ളും. നിങ്ങളുടെ ദൈവത്തിൽ എന്തെല്ലാം അത്ഭുതങ്ങളാണുള്ളതെന്ന് നിങ്ങൾ അറിയുന്നില്ല. അറിഞ്ഞിരുന്നുവെങ്കിൽ ഈ ദുൻയാവിനെച്ചൊല്ലി ദുഃഖിച്ചുകൊണ്ടിരിക്കുന്ന ദിനങ്ങൾ നിങ്ങൾക്കുണ്ടാവില്ല. തന്റെ പക്കൽ ഒരു വൻനിധി ഉണ്ടായിരിക്കെ ചില്ലിക്കാശ് നഷ്ടപ്പെട്ടതി

നെച്ചൊല്ലി ആരെങ്കിലും കരയുകയും അലമുറകൂട്ടുകയും നശിക്കാനൊരുങ്ങുകയും ചെയ്യുമോ? നിങ്ങൾക്ക് ഈ നിധിയെക്കുറിച്ചറിയാമെങ്കിൽ, നിങ്ങളുടെ ഓരോ ആവശ്യത്തിന്റേയും അവസരത്തിൽ സഹായത്തിനായി ദൈവം ഉണ്ടെന്നറിഞ്ഞെങ്കിൽ, നിങ്ങൾ ദുൻയാവിനുവേണ്ടി അവനെ മറക്കുന്നതെങ്ങനെ? അല്ലാഹു ഏറ്റവും പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാല്വയ്പിലും അവൻ നിങ്ങളുടെ സഹായകനാകുന്നു. അവനെക്കൂടാതെ നിങ്ങളൊന്നുമല്ല. നിങ്ങളുടെ ഉപകരണങ്ങളും ഉപായങ്ങളും ഒരു വസ്തുവുമല്ല. നിങ്ങൾ അന്യസമുദായങ്ങളെ അനുകരിക്കരുത്. അവർ പരിപൂർണ്ണമായും ഭൗതികവഴികളാൽ വീഴപ്പെട്ടവരാകുന്നു. പാമ്പ് മണ്ണ് തിന്നുന്നത് പോലെ അവർ നിസ്സാരമായ ഭൗതികവഴിയിലെ മണ്ണ് തിന്നിരിക്കുകയാണ്. കഴുകനും പട്ടിയും ശവം തിന്നുന്നതുപോലെ അവർ ശവത്തിനുമേൽ കടിച്ചുപിടിച്ചിരിക്കുകയാണ്. അവർ ദൈവത്തിൽനിന്ന് വളരെ അകന്നുപോയിരിക്കുന്നു. ആൾദൈവങ്ങളെ ആരാധിക്കുകയും പന്നിമാംസം തിന്നുകയും മദ്യം വെള്ളം പോലെ കുടിക്കുകയും ചെയ്യുന്നു. അതിരുകടന്ന് ഭൗതികവഴികളിൽ വീണതുകൊണ്ടും ദൈവത്തിൽനിന്ന് ശക്തി തേടാത്തതുകൊണ്ടും അവർ മരിച്ചിരിക്കുകയാണ്. കൂട്ടിൽനിന്ന് പ്രാവ് പറന്നുപോകുന്നതുപോലെ അവരിൽനിന്ന് ദൈവികമായ ആത്മാവ് പുറത്തുപോയിരിക്കുന്നു. അവരുടെയുള്ളിൽ ഭൗതികതയുടെ കുഷ്ഠരോഗമാണുള്ളത്. അത് അവരുടെ ആന്തരികാവയവങ്ങളെല്ലാം മുറിച്ചുകളഞ്ഞിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ആ രോഗത്തെ ഭയപ്പെടുക. ഞാൻ നിങ്ങളെ മദ്ധ്യമനിലയുടെ പരിധിവരെ ഭൗതിക മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനെ വിലക്കുന്നില്ല. നിങ്ങൾ ഇതര സമുദായങ്ങളെപ്പോലെ വെറും ഭൗതികമായ മാർഗ്ഗങ്ങളുടെ അടിമകളാകുന്നതിനേയും ഭൗതികവഴികൾ നിങ്ങൾക്കൊരുക്കിത്തന്ന ദൈവത്തെ വിസ്മരിക്കുന്നതിനേയുമാണ് ഞാൻ വിലക്കുന്നത്. ദൈവം മാത്രമെ ദൈവമായിട്ടുള്ളൂവെന്നും മറ്റുള്ളതെല്ലാം നിസ്സാരമാണെന്നും നിങ്ങൾക്ക് കണ്ണുണ്ടെങ്കിൽ കാണ്മാൻ കഴിയണം. അവന്റെ കല്പനയില്ലാതെ നിങ്ങൾക്ക് കൈവനിവർത്തുവാനോ മടക്കുവാനോ

സാധിക്കുകയില്ല. ഇത് പറയുമ്പോൾ ഒരു മൃതതുല്യനായവൻ ചിരിക്കും. എന്നാൽ അഹോ കഷ്ടം! അവൻ മരിച്ചുപോയിരുന്നുവെങ്കിൽ ആ പരിഹസിക്കുന്നതിനേക്കാൾ നല്ലതായിരുന്നു.

ശ്രദ്ധിച്ചുകേൾക്കുക. നിങ്ങൾ അന്യസമുദായങ്ങളെക്കണ്ട് അവർ ഭൗതികമായ പദ്ധതികളിൽ അഭിവൃദ്ധിപ്പെട്ടിരിക്കുന്നുവെന്നും, അതുകൊണ്ട് വരിക! നമുക്കും അവരുടെ ചവിട്ടടികളിലൂടെ നടക്കാമെന്നും ആശിച്ചുപോകരുത്. കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുവിൻ. നിങ്ങളെ തന്നിലേക്കു വിളിക്കുന്ന ദൈവത്തിൽനിന്ന് അവർ അങ്ങേയറ്റം അപരിചിതരും അശ്രദ്ധരുമാണ്. അവരുടെ ദൈവം എന്തു വസ്തുവാണ്? കേവലം ദുർബലനായ ഒരു മനുഷ്യൻ! ഇതുകൊണ്ട് അവർ അശ്രദ്ധയിൽ തള്ളപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങളെ ദുൻയാവിലെ സമ്പാദ്യത്തിൽനിന്നും തൊഴിലെടുക്കുന്നതിൽനിന്നും തടയുന്നില്ല. എന്നാൽ, നിങ്ങൾ സകലതും ദുൻയാവുതന്നെ എന്നു കരുതുന്നവരുടെ അനുയായികളായിത്തീരരുത്. നിങ്ങൾ എല്ലാ ഓരോ പ്രവർത്തിയിലും അത് ഭൗതികമോ മതപരമോ ആവട്ടെ അല്ലാഹുവിനോട് കരുത്തും കഴിവും തേടിക്കൊണ്ടേയിരിക്കേണ്ടതാണ്. എന്നാൽ, വെറും വരണ്ടുണങ്ങിയ ചുണ്ടുകളാലല്ല, മറിച്ച് എല്ലാ ഓരോ അനുഗ്രഹവും ഉപരിലോകത്ത് നിന്നുമാത്രമാണിറങ്ങുന്നതെന്ന യഥാർത്ഥമായ വിശ്വാസം നിങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്. ഓരോ പ്രവർത്തനവേളയിലും ഓരോ വിഷമസന്ധിയിലും നിങ്ങൾ എന്തെങ്കിലും പ്രയത്നിക്കുന്നതിനു മുമ്പേ നിങ്ങൾ വാതിൽ അടക്കുകയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീഴുകയും 'ഞങ്ങൾക്കീ പ്രയാസം നേരിട്ടിരിക്കുന്നു, നിന്റെ അനുഗ്രഹംകൊണ്ട് അത് അകറ്റിത്തരേണമേ' എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നവരെപ്പോലെ ആകുമ്പോൾ മാത്രമേ നിങ്ങൾ സത്യവാന്മാരാകുകയുള്ളൂ. അപ്പോൾ പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കുകയും അദൃശ്യത്തിൽനിന്ന് എന്തെങ്കിലും വഴി നിങ്ങൾക്ക് തുറക്കുകയും ചെയ്യുന്നതായിരിക്കും. നിങ്ങളുടെ ജീവനോടു കരുണ കാണിക്കുക. അല്ലാഹുവുമായിട്ടുള്ള ബന്ധം തികച്ചും വിച്ഛേദിക്കുകയും പൂർണ്ണമായും

ഭൗതികമായ വഴിയിൽ വീഴുകയും ശക്തി ചോദിച്ചുവാങ്ങുന്നതിനായി വായകൊണ്ട് ഇൻശാഅല്ലാഹ് എന്നുപോലും പറയാതിരിക്കുകയും ചെയ്യുന്നവരുടെ അനുയായികൾ ആകാതിരിക്കുക. നിങ്ങളുടെ ദൈവം എല്ലാ പ്രയത്നങ്ങളുടേയും മോന്തായമാണെന്നു കണ്ടറിയാൻ ദൈവം നിങ്ങളുടെ കണ്ണുകൾ തുറക്കുമാറാകട്ടെ. മോന്തായം വീണാൽ കഴുക്കോലുകൾ അതിന്റെ സ്ഥാനത്ത് നില്ക്കുമോ? ഇല്ല. അതു ക്ഷണത്തിൽ നിലംപൊത്തും. പലരും മരിക്കാനും ഇടയുണ്ട്. ഇപ്രകാരം നിങ്ങളുടെ പ്രയത്നം ദൈവസഹായം കൂടാതെ നിലനില്ക്കുന്നതല്ല. നിങ്ങൾ അവനോട് സഹായം ചോദിക്കാതിരിക്കുകയും പ്രവർത്തിക്കാനുള്ള ശക്തി അവനോട് ചോദിക്കുന്നത് ഒരു ശീലമാക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾക്കൊരു വിജയവും ലഭിക്കുകയില്ല. അവസാനം വലിയ നിരാശയോടെ മരിക്കുകയും ചെയ്യും.

ഇതരസമുദായങ്ങൾ പിന്നെങ്ങനെ വിജയിച്ചുകൊണ്ടിരിക്കുന്നുവെന്നും തികവുറ്റവനും സർവ്വശക്തനുമായ ദൈവത്തെ അവരാണെങ്കിൽ അറിയുകപോലുമില്ലല്ലോ എന്നും മറ്റും നിങ്ങൾ ചിന്തിക്കരുത്. അവർ ദൈവത്തെ കൈവിട്ടുകളഞ്ഞ കാരണത്താൽ ലൗകികമായ പരീക്ഷണത്തിൽ വീഴ്ത്തപ്പെട്ടിരിക്കുന്നുവെന്നതാണ് അതിനുള്ള മറുപടി. ദൈവത്തിന്റെ പരീക്ഷണം ചിലപ്പോൾ ഈ രീതിയിലും ഉണ്ടാകാറുണ്ട്. അതായത് ആ വ്യക്തി അവനെ വിട്ടുകളയുകയും ഐഹികമായ ഉന്മാദങ്ങളേയും ആനന്ദാനുഭൂതികളേയും സ്നേഹിക്കുകയും ഭൗതികമായ സ്വത്തുക്കൾ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ ഭൗതികമായ കവാടങ്ങൾ അവനായി തുറക്കപ്പെടുകയും എന്നാൽ, മതത്തിന്റെ വീക്ഷണത്തിൽ അവൻ പരമദരിദ്രനും നഗ്നനുമായിത്തീരുകയും അവസാനം ലൗകികമായ ചിന്തകളിൽത്തന്നെ മരിച്ചൊടുങ്ങുകയും ദീർഘകാലം നരകത്തിൽ ഇടപ്പെടുകയും ചെയ്യുന്നു. ചിലപ്പോൾ ലൗകിക കാര്യങ്ങളിൽ പരാജിതരാക്കിക്കൊണ്ടും പരീക്ഷണം ഉണ്ടാകാറുണ്ട്. എന്നാൽ, അവസാനം പറഞ്ഞ പരീക്ഷണം ആദ്യം പറഞ്ഞത്ര ഭയാനകമല്ല. എന്തു

കൊണ്ടെന്നാൽ ആദ്യം പറഞ്ഞ പരീക്ഷണത്തിനു വിധേയനാകുന്നവൻ കൂടുതൽ അഹങ്കാരിയായിത്തീരുന്നു. എന്തായാലും ഈ രണ്ട് കക്ഷികളും مَغۡضُوۡبِ عَلَيۡهِمۡ **മഗ്ളൂബി അലയ്ഹിം-** കോപത്തിന് പാത്രമായവരാണ്. സത്യമായ സന്തോഷത്തിന്റെ ഉത്ഭവസ്ഥാനം ദൈവമാകുന്നു. അതുകൊണ്ട് ആ എന്നെന്നും ജീവിച്ചിരിക്കുന്നവനും സർവ്വതിനേയും നിലനിറുത്തുന്നവനുമായ ദൈവത്തെക്കുറിച്ച് ഇവർ അജ്ഞരാകുമ്പോൾ എന്നല്ല അശ്രദ്ധരാവുകയും അവനിൽനിന്ന് മുഖം തിരിക്കുകയും ചെയ്യുമ്പോൾ സത്യമായ സന്തോഷം അവർക്കെവിടുന്ന് ലഭിക്കുവാനാണ്. ഈ രഹസ്യം മനസ്സിലാക്കുന്ന മനുഷ്യൻ ഭാഗ്യവാനത്രെ. ഈ രഹസ്യം മനസ്സിലാക്കാത്തവൻ നാശമടഞ്ഞിരിക്കുന്നു.

ഇപ്രകാരംതന്നെ ഭൗതിക തത്ത്വചിന്തകന്മാരെ നിങ്ങൾ അനുസരിക്കുകയോ അവരെ ആരാധ്യദൃഷ്ടിയോടെ വീക്ഷിക്കുകയോ ചെയ്യരുത്. ഇതെല്ലാം അറിവില്ലായ്മകളാണ്. അല്ലാഹു നിങ്ങളെ തന്റെ ഗ്രന്ഥത്തിൽ പഠിപ്പിച്ചിട്ടുള്ളതാണ് യഥാർത്ഥ തത്ത്വശാസ്ത്രം. ഭൗതിക തത്ത്വശാസ്ത്രത്തിന്റെ പ്രേമികളായിട്ടുള്ളവർ നാശമടഞ്ഞിരിക്കുന്നു. യഥാർത്ഥജ്ഞാനവും തത്ത്വശാസ്ത്രവും അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ അന്വേഷിച്ചവർ വിജയം വരിച്ചിരിക്കുന്നു. അറിവില്ലായ്മയുടെ വഴികൾ നിങ്ങളെന്തിനാണ് സ്വായത്തമാക്കുന്നത്? അല്ലാഹുവിന് അറിവില്ലാത്ത കാര്യങ്ങൾ നിങ്ങൾ അവനെ പഠിപ്പിക്കുവാൻ നടക്കുകയാണോ?

നിങ്ങളെ വഴി കാണിക്കുമെന്നു കരുതി നിങ്ങൾ അന്ധന്മാരുടെ പിന്നാലെ ഓടുകയാണോ? അല്ലയോ അജ്ഞരേ! സ്വയം അന്ധനായവൻ നിങ്ങളെ എന്ത് വഴി കാണിക്കുവാനാണ്? എന്നല്ല നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള യഥാർത്ഥ തത്ത്വശാസ്ത്രം പരിശുദ്ധാത്മാവിൽനിന്നാണ് ലഭിക്കുന്നത്. അന്യർക്ക് എത്തിച്ചേരുവാൻ സാധിക്കാത്ത അറിവുകൾവരെ നിങ്ങൾ പരിശുദ്ധാത്മാവ് വഴി എത്തിക്കപ്പെടുന്നതാണ്. സത്യസന്ധതയോടെ ചോദിച്ചാൽ അവസാനം നിങ്ങൾക്കത് കിട്ടും. അപ്പോൾ

നിങ്ങൾക്ക് മനസ്സിലാകും ഹൃദയത്തിന് നവോന്മേഷവും ജീവിതവും പ്രദാനം ചെയ്യുന്നതും ദൃഢവിശ്വാസത്തിന്റെ മിനാരം വരെ എത്തിക്കുന്നതുമായ അറിവ് ഇതുതന്നെയാണെന്ന്. സ്വയം ശവംതിന്നുന്നവർ നിങ്ങൾക്ക് പരിശുദ്ധമായ ഭക്ഷണം എവിടുന്നു കൊണ്ടുവരാനാണ്. അവർ സ്വയം അന്ധരാണ്. അവരെങ്ങനെ നിങ്ങളെ വഴി കാണിക്കും? എല്ലാ ഓരോ പവിത്രമായ യുക്തിജ്ഞാനവും ആകാശത്ത് നിന്നാണ് വരുന്നത്. അംഗവൈകല്യമുള്ളവരിൽ നിങ്ങൾ എന്താണന്വേഷിക്കുന്നത്. ആരുടെ ആത്മാക്കളാണോ ആകാശത്തേക്ക് പോകുന്നത് അവർതന്നെയാണ് യുക്തിജ്ഞാനത്തിന്റെ അനന്തരാവകാശികൾ. സ്വയം സമാധാനത്തിലല്ലാത്തവർ നിങ്ങളെ എങ്ങനെയാണ് സമാധാനപ്പെടുത്തുക? ആദ്യം വേണ്ടത് മനഃപരിശുദ്ധിയാണ്. സത്യസന്ധതയും ആത്മാർത്ഥതയും ആവശ്യമുണ്ട്. അതിനുശേഷം ഇതെല്ലാം നിങ്ങൾക്ക് ലഭിക്കും.

അല്ലാഹുവിന്റെ വഹ്യ്- ദൈവികഭാഷണം മുന്നോട്ടില്ലെന്നും ഇപ്പോൾ അത് നിലച്ചുപോയെന്നും പരിശുദ്ധാത്മാവിന് ഇറങ്ങുവാൻ സാധ്യമല്ലെന്നും മുൻകാലങ്ങളിൽത്തന്നെ ഇറങ്ങിക്കഴിഞ്ഞുപോയെന്നും നിങ്ങളൊരിക്കലും കരുതരുത്.[13] എല്ലാ വാതിലുകളും അടഞ്ഞുപോകുമെന്നും എന്നാൽ, റൂഹുൽ ഖുദ്സ്- പരിശുദ്ധാത്മാവ്- ഇറങ്ങുന്ന വാതിൽ ഒരിക്കലും അടഞ്ഞുപോകുന്നതല്ലെന്നും ഞാൻ സത്യമായും സത്യമായും പറയുന്നു. പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവേശിക്കാൻ നിങ്ങൾ നിങ്ങളുടെ ഹൃദയകവാടങ്ങളെ തുറന്നിടുവിൻ. ഈ കിരണങ്ങൾ കടക്കാനുള്ള ജാലകം നിങ്ങൾ അടക്കുമ്പോൾ നിങ്ങളെ സ്വയം ഈ സൂര്യനിൽനിന്ന് ദൂരത്തിടുകയാണ് ചെയ്യുന്നത്.

ആത്മീയകാര്യങ്ങളെപ്പറ്റി അറിവില്ലാത്ത മനുഷ്യാ! ഉണരുകയും ഈ ജാലകം തുറന്നിടുകയും ചെയ്യുക. അപ്പോൾ സൂര്യൻ തന്നത്താൻ നിന്റെയുള്ളിൽ പ്രവേശിക്കുന്നതാണ്. അല്ലാഹു

13. വിശുദ്ധഖുർആനോടുകൂടി ശരീഅത്ത് അവസാനിച്ചിരിക്കുന്നു. പക്ഷേ, ദൈവികഭാഷണം അവസാനിച്ചിട്ടില്ല. കാരണം അത് യഥാർത്ഥ മതത്തിന്റെ ജീവാത്മാവാണ്. ഏതൊരു മതത്തിൽ ദൈവികഭാഷണമുണ്ടാകുന്നില്ലയോ അത് മൃതമായ മതമാണ്. ദൈവം അതിനോടൊപ്പമില്ല.

ഇക്കാലത്ത് ഭൗതികസമൃദ്ധികളുടെ വഴികൾ അടച്ചിടാതെ വർദ്ധിപ്പിച്ചുവെന്നു വരുമ്പോൾ നിങ്ങൾക്കേറ്റവും ആവശ്യമായിട്ടുള്ള ആത്മീയമായ സമൃദ്ധികളുടെ വഴികൾ അടച്ചുകളഞ്ഞുവെന്ന് നിങ്ങൾ ധരിക്കുന്നുവോ? അങ്ങനെ ഒരിക്കലുമില്ല. പ്രത്യുത കൂടുതൽ തെളിമയാർന്ന നിലയിൽ ആ വാതിൽ തുറക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോൾ അല്ലാഹു 'ഫാത്തിഹ' എന്ന അധ്യായത്തിൽ പഠിപ്പിച്ച അധ്യാപനപ്രകാരം കഴിഞ്ഞകാലത്തെ എല്ലാ ആത്മീയാനുഗ്രഹങ്ങളുടേയും വാതിൽ നിങ്ങൾക്കായി തുറന്നു തന്നിരിക്കുന്നു. അതു വാങ്ങുന്നതിനെ നിങ്ങൾ നിഷേധിക്കുന്നതെന്തിനാണ്? നിങ്ങൾ ഈ നീരുറവിനുവേണ്ടി ദാഹിക്കുന്നവരായിത്തീരുക; എന്നാൽ, ദാഹജലം തന്നത്താൻ വന്നുചേരുന്നതായിരിക്കും. ആ പാലിന്നായി നിങ്ങൾ കുഞ്ഞുങ്ങളെപ്പോലെ വിലപിക്കുക; പാൽ സ്തനത്തിൽനിന്ന് താനെ ഇറങ്ങിവരുന്നതാണ്. കാരുണ്യത്തിന്നർഹരായിത്തീരുക; നിങ്ങളിൽ കരുണ ചെയ്യപ്പെടാൻ. അസ്വസ്ഥത കാണിക്കുക; സ്വസ്ഥത പ്രാപിക്കാൻ. ആവർത്തിച്ചാവർത്തിച്ചു നിലവിളിക്കുക; ഒരു കൈ നിങ്ങളെ എത്തിപ്പിടിക്കാൻ. ദൈവപ്രാപ്തിക്കുള്ള മാർഗ്ഗം എന്തുമാത്രം ദുഷ്ക്കരമാണ്. എന്നാൽ, മരിക്കാനുദ്ദേശിച്ചുകൊണ്ട് അഗാധഗർത്തത്തിൽ വീഴുന്നവർക്ക് ഈ മാർഗ്ഗം വളരെ എളുപ്പമാക്കപ്പെടുന്നു. തീയിലെരിയാൻ സമ്മതമാണെന്ന് അവർ മനസ്സിൽ തീരുമാനമെടുക്കുന്നു: പ്രേമഭാജനത്തിനുവേണ്ടി ഞങ്ങൾ അതിൽ എരിഞ്ഞടങ്ങും! പിന്നീടവർ സ്വയം തങ്ങളെ അതിലിടുന്നു. അപ്പോൾ അതിനെ സ്വർഗ്ഗമായി കാണുന്നു. ഇതുതന്നെയാണ് അല്ലാഹു പറഞ്ഞത്:

وَاِنۡ مِّنۡكُمۡ اِلَّا وَارِدُهَا‌ ۚ كَانَ عَلٰى رَبِّكَ حَتۡمًا مَّقۡضِيًّا

**വ ഇൻ മിൻകും ഇല്ലാ വാരിദുഹാ കാന അലാ റബ്ബിക്ക ഹത്മൻമ്മഖ്ളിയ്യാ**. അതായത്, അല്ലയോ ദുഷ്കർമ്മികളേ, അല്ലയോ സത്കർമ്മികളേ! നരകത്തിന്റെ അഗ്നിയിലൂടെ കടക്കാത്തവരായി നിങ്ങളിലാരുംതന്നെയില്ല. എന്നാൽ, അല്ലാഹുവിനുവേണ്ടി ആ അഗ്നിയിൽ വീഴുന്നവർക്ക് മോക്ഷം നല്ക

പ്പെടും. പക്ഷേ, തങ്ങളുടെ ദോഷപ്രവണമായ അഗ്നിയിലൂടെ നടക്കുന്നവരെ അത് തിന്നൊടുക്കുന്നതാണ്. അല്ലാഹുവിനു വേണ്ടി തന്റെ ഇന്ദ്രിയാശകളോട് പടവെട്ടുന്നവൻ ഭാഗ്യവാൻ. സ്വന്തം ഇന്ദ്രിയാശകൾക്കുവേണ്ടി ദൈവത്തോട് മല്ലടിക്കുന്നവരും അവനോട് ചേരാത്തവരും ഭാഗ്യംകെട്ടവരാണ്. തന്റെ ഇച്ഛയ്ക്കായി ദൈവകല്പനകളെ നിരസിക്കുന്നവൻ ഒരിക്കലും ഉപരിലോകത്ത് പ്രവേശിക്കുകയില്ല. അതുകൊണ്ട് വിശുദ്ധഖുർആന്റെ ഒരു വള്ളിയോ പുള്ളിയോ നിങ്ങൾക്കെതിരിൽ സാക്ഷി പറയാതിരിക്കുവാനും അതുമുഖേന നിങ്ങൾ പിടിക്കപ്പെടാതിരിക്കുവാനും പരിശ്രമിക്കുക. കാരണം ഒരു കടുകളവ് തിന്മ ചെയ്താലും ശിക്ഷക്കർഹരായിത്തീരും. സമയം വളരെ കുറച്ചേയുള്ളൂ. ചെയ്തുതീർക്കേണ്ട കടമകൾ അസംഖ്യമാണ്. ധിറുതിയിൽ നടക്കുക. ആ സായാഹ്നം അടുത്തെത്തിയിരിക്കുന്നു. ദൈവസന്നിധിയിൽ സമർപ്പിക്കേണ്ടതെല്ലാം അടിക്കടി നോക്കിക്കൊണ്ടിരിക്കുക. എന്തെങ്കിലും വിട്ടുപോകാനും അത് നഷ്ടത്തിനു കാരണമാകാനും ഇടയാകരുത്. അല്ലെങ്കിൽ ദൈവത്തിന്റെ തിരുസന്നിധിയിൽ സമർപ്പണാർഹമല്ലാത്ത മലീമസവും ആർക്കും വേണ്ടാത്തതുമായ സാധനങ്ങൾ കൊണ്ടുപോകരുത്. നിങ്ങളിൽ ചിലർ ഹദീഥുകളെ തീരെ വിശ്വസിക്കുന്നില്ലെന്ന് ഞാൻ കേട്ടിരിക്കുന്നു. അവർ അങ്ങനെ ചെയ്യുന്നെങ്കിൽ കഠിനതരമായ തെറ്റാണ് ചെയ്യുന്നത്. അങ്ങനെ ചെയ്യുവാൻ ഞാൻ ഉപദേശിച്ചിരുന്നില്ല. നിങ്ങളുടെ രക്ഷാമാർഗ്ഗത്തിന്നായി അല്ലാഹു നിങ്ങൾക്ക് മൂന്ന് കാര്യങ്ങൾ നല്കിയിരിക്കുന്നു എന്നാണെന്റെ മതം. അവയിൽ പ്രഥമസ്ഥാനം ഖുർആനാണ്. ഇതിൽ അല്ലാഹുവിന്റെ ഏകത്വത്തേയും പ്രതാപത്തേയും മഹത്ത്വത്തേയും കുറിച്ച് പറഞ്ഞിരിക്കുന്നു. യഹൂദികളിലും ക്രിസ്ത്യാനികളിലും ഉണ്ടായിരുന്ന അഭിപ്രായഭിന്നതകൾക്കുള്ള തീരുമാനം ചെയ്യപ്പെട്ടിരിക്കുന്നു. ഇപ്രകാരംതന്നെ മനുഷ്യരേയോ മൃഗങ്ങളേയോ സൂര്യനേയോ ചന്ദ്രനേയോ മറ്റേതെങ്കിലും നക്ഷത്രത്തേയോ കാര്യകാരണ ബന്ധങ്ങളേയോ സ്വന്തം ഇന്ദ്രിയാശകളേയോ ദൈവത്തെ കൂടാതെ ആരാധിക്കുന്നതും വിശുദ്ധ ഖുർആനിൽ വിലക്കപ്പെട്ട കാര്യമാണ്. അതുകൊണ്ട് നിങ്ങൾ

കരുതിയിരിക്കുക. അല്ലാഹുവിന്റെ ഉപദേശത്തിനും വിശുദ്ധഖുർആന്റെ നിർദ്ദേശത്തിന്നുമെതിരെ ഒരു ചുവടുപോലും എടുത്തുവയ്ക്കരുത്. ഞാൻ നിങ്ങളോട് സത്യമാണ് പറയുന്നത്. വിശുദ്ധഖുർആനിലെ 700 കല്പനകളിൽനിന്ന് ഒരു ചെറിയ കല്പനയെപ്പോലും നിരസിക്കുന്നവൻ തനിക്കായി മോക്ഷത്തിന്റെ വാതിൽ സ്വകരംകൊണ്ടു അടക്കുകയാണ് ചെയ്യുന്നത്. പരമാർത്ഥപരവും പരിപൂർണ്ണവുമായ മോക്ഷത്തിന്റെ വാതിൽ വിശുദ്ധഖുർആൻ തുറന്നുതന്നിരിക്കുന്നു. മറ്റുള്ളതെല്ലാം അതിന്റെ ഛായയയാണ്. അതുകൊണ്ട് നിങ്ങൾ വിശുദ്ധഖുർആൻ ഗ്രഹിച്ച് പാരായണം ചെയ്യുക. മറ്റൊന്നിനോടും പുലർത്തിയിട്ടില്ലാത്തവിധം നിങ്ങൾ അതിനെ വളരെയധികം സ്നേഹിക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു എന്നെ സംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു

اَلْخَيْرُ كُلُّهٗ فِي الْقُرْآنِ

**അൽഖയ്റു കുല്ലുഹു ഫിൽഖുർആനി** എല്ലാവിധത്തിലുള്ള നന്മകളും വിശുദ്ധഖുർആനിലുണ്ട്. സത്യവും ഇതുതന്നെയാണ്. അതിനുമേൽ മറ്റു വസ്തുക്കളെ മുന്തിക്കുന്നവർക്ക് അഹോ കഷ്ടം! നിങ്ങളുടെ സകല വിജയങ്ങളുടേയും മോക്ഷത്തിന്റേയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധഖുർആനിൽ കാണാത്തതായില്ല. പുനരുത്ഥാനനാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് ഖുർആനാകുന്നു. നിങ്ങൾക്ക് നേരിട്ട് സന്മാർഗ്ഗം നല്കാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻ കീഴിൽ ഖുർആനല്ലാതെ മറ്റൊന്നില്ല. വിശുദ്ധഖുർആൻ പോലുള്ള ഗ്രന്ഥം നിങ്ങൾക്ക് ദാനം ചെയ്ത അല്ലാഹു നിങ്ങളോട് ഒരുപാട് ഔദാര്യം ചെയ്തിരിക്കുകയാണ്. നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട ആ ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് അവതരിച്ചിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ലെന്നും നിങ്ങൾക്ക് നല്കപ്പെട്ട ഈ അനുഗ്രഹവും സന്മാർഗ്ഗവും തൗറാത്തിനു പകരം യഹൂദികൾക്ക് നല്കിയിരുന്നെങ്കിൽ അവരിൽ ചില കക്ഷികൾ പരലോക നിഷേധികളാകുമായിരുന്നില്ലെന്നും ഞാൻ സത്യ

മായും നിങ്ങളോടു പറയുന്നു. അതുകൊണ്ട് നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് വലിയ സമ്പത്താണ്. ഖുർആൻ വന്നില്ലായിരുന്നെങ്കിൽ മുഴുലോകവും അഴുകിയ മാംസപിണ്ഡം പോലെയാകുമായിരുന്നു. അതാണ് ഖുർആൻ! ഇതിന്നെതിരിലുള്ള എല്ലാ രക്ഷാമാർഗ്ഗങ്ങളും നിഷ്ഫലമാണ്.

മനുഷ്യൻ ബാഹ്യവും ആന്തരികവുമായ അന്തസ്സ് ആഗ്രഹിക്കാതിരുന്നാൽ ഒരാഴ്ചകൊണ്ട് അവനെ പരിശുദ്ധമാക്കാൻ ഖുർആന് സാധിക്കും. ഖുർആനിൽനിന്ന് സ്വയം ഓടിയകലാതിരുന്നാൽ നിങ്ങളെ നബിമാരെപ്പോലെ ആക്കിത്തീർക്കുവാൻ ഖുർആന് കഴിയും. ഖുർആനല്ലാതെ മറ്റേത് ഗ്രന്ഥമാണ് തുടക്കത്തിൽത്തന്നെ അതിന്റെ അനുവാചകരെ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ

**ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീമ സ്വിറാത്വല്ലദീന അൻഅംത അലയ്ഹിം** എന്ന പ്രാർത്ഥന പഠിപ്പിക്കുകയും അവർക്ക് പ്രതീക്ഷ നല്കുകയും ചെയ്തിട്ടുള്ളത്. അതായത് നബിയും റസൂലും സിദ്ദീഖും ശഹീദും സ്വാലിഹും ആയിട്ടുള്ള ഞങ്ങളുടെ മുൻകഴിഞ്ഞുപോയവർക്ക് കാണിക്കപ്പെട്ട അനുഗ്രഹങ്ങളുടെ വഴി ഞങ്ങൾക്കും കാണിച്ചുതന്നാലും. അതുകൊണ്ട് സ്വന്തം നിശ്ചയദാർഢ്യങ്ങളെ മികച്ചതാക്കിത്തീർക്കുക. വിശുദ്ധഖുർആന്റെ ക്ഷണം നിരസിക്കാതിരിക്കുക. നിങ്ങളുടെ പൂർവ്വികർക്ക് നല്കിയതുപോലുള്ള അനുഗ്രഹം അവൻ നിങ്ങൾക്കും നല്കുവാൻ ആഗ്രഹിക്കുന്നു. അവൻ നിങ്ങൾക്ക് യിസ്റായേൽ സന്തതികളുടെ നാടും ബയ്ത്തുൽ മുഖദ്ദസും തന്നില്ലേ. ഇന്നുവരെ അത് നിങ്ങളുടെ കൈവശം തന്നെയാണല്ലോ ഉള്ളത്. അല്ലയോ ദുർബലവിശ്വാസക്കാരേ, ധൈര്യമാനസരല്ലാത്തവരേ, ലൗകിക നിലയിൽ യിസ്റായേൽ സന്തതികളുടെ ഭരണകൂടത്തിന്റെ പ്രാതിനിധ്യം നിങ്ങൾക്കു നല്കിയ അല്ലാഹു ആത്മീയനിലയിൽ നിങ്ങൾക്ക് പ്രാതിനിധ്യം തരുകയില്ലെന്നാണോ നിങ്ങൾ കരുതുന്നത്. എന്നാൽ, നിങ്ങളെ അവരേക്കാളധികം

അനുഗൃഹീതരാക്കുവാൻ അവനുദ്ദേശിക്കുന്നു. അവർക്ക് ലഭ്യ മായിരുന്ന ഭൗതികവും ആത്മീയവുമായ സമ്പത്തുകൾക്ക് അവൻ നിങ്ങളെ അവകാശികളാക്കിയിരിക്കുകയാണ്. എന്നാൽ, നിങ്ങൾക്ക് അവകാശികളായിട്ട് അന്ത്യനാൾവരെ അന്യരിൽ ആരുംതന്നെ ഉണ്ടാകുന്നതല്ല. അല്ലാഹു നിങ്ങളെ തന്റെ വഹ്‌യ്, ഇൽഹാം- ദൈവികഭാഷണം എന്നീ അനുഗ്രഹങ്ങളിൽനിന്ന് ഒരിക്കലും മാറ്റിവെക്കുന്നതല്ല. മറിച്ച്, നിങ്ങളുടെ പൂർവ്വിക ന്മാർക്ക് ലഭിച്ചതുപോലുള്ള എല്ലാ അനുഗ്രഹങ്ങളും നിങ്ങളിലും പൂർത്തിയാക്കിത്തരുന്നതാണ്. എന്നാൽ, ആരാണോ അഹങ്കാ രത്തിന്റെ വഴിയിലൂടെ അല്ലാഹുവിന്റെമേൽ കളവ് കെട്ടിയുണ്ടാ ക്കുകയും വെളിപാട് ഉണ്ടാകാതിരിക്കെ തനിക്കുണ്ടായി എന്നു പറയുകയും ചെയ്യുന്നത്, അല്ലെങ്കിൽ ദൈവികഭാഷണം തനിക്ക് സിദ്ധിക്കാതിരിക്കെ സിദ്ധിച്ചുവെന്നു പറയുന്നത് അവൻ നശി പ്പിക്കപ്പെടുന്നതാണെന്നു ഞാൻ അല്ലാഹുവിനേയും അവന്റെ മലക്കുകളേയും സാക്ഷിനിറുത്തിപ്പറയുന്നു. എന്തുകൊണ്ടെ ന്നാൽ അവൻ തന്റെ സ്രഷ്ടാവിന്റെമേൽ കളവ് കെട്ടുകയും വഞ്ചന കാണിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഈ നിലപാടിനെ ഭയപ്പെടുക. വ്യാജസ്വപ്നങ്ങൾ ഉണ്ടാ ക്കുകയും തനിക്ക് ദൈവഭാഷണം ഉണ്ടാകുന്നെന്ന് വ്യാജവാദം പുറപ്പെടുവിക്കുകയും ചെയ്യുന്നവന്റെമേൽ ദൈവശാപം ഉണ്ടാ കട്ടെ. ദൈവം എന്നൊന്നില്ല എന്ന് മനസ്സിൽ കരുതുന്നവരാണ വർ. എന്നാൽ, ദൈവശിക്ഷ കഠിനമായനിലയിൽ തീർച്ചയായും അവരെ പിടികൂടുന്നതാണ്. അവരിൽനിന്ന് ആ ശിക്ഷയുടെ നാൾ നീങ്ങിപ്പോകുന്നതല്ല. അതുകൊണ്ട് നിങ്ങൾ സത്യസന്ധ തയിലും ദൈവഭക്തിയിലും ദൈവസ്നേഹത്തിലും പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുക. ജീവിതകാലം മുഴുവനും നിങ്ങളുടെ ഉത്തരവാദിത്വം ഇതൊന്നു മാത്രമാണെന്ന് കരുതുക. അതിനു ശേഷം നിങ്ങളിൽനിന്ന് അല്ലാഹു ഇച്ഛിക്കുന്നവരെ തന്റെ ദിവ്യ ഭാഷണം മുഖേന അനുഗ്രഹിക്കുന്നതാണ്. സാത്താനിക പ്രചോ ദനം ഉണ്ടാകാതിരിക്കാൻ നിങ്ങൾക്ക് അത്തരം ആഗ്രഹവും ഉണ്ടാകാൻ പാടില്ല. ഇതുമുഖേന വളരെപ്പേർ നശിച്ചവരായി പ്പോകുന്നു. അതുകൊണ്ട് നിങ്ങൾ സേവനത്തിലും ആരാധ

നയിലും മുഴുകുക. നിങ്ങളുടെ എല്ലാ പ്രയത്നങ്ങളും ദൈവിക കല്പനകൾ അനുസരിക്കുന്നതിലും വിശ്വാസദാർഢ്യതയിൽ മുന്നേറുന്നതിലും വിനിയോഗിക്കപ്പെടേണ്ടതാണ്. ഈ പ്രയത്നം ദൈവികവെളിപാടുകൾ പ്രത്യക്ഷപ്പെടുന്നതിനായിട്ടല്ല, മോക്ഷ പ്രാപ്തിക്കായിട്ടാണ്. വിശുദ്ധഖുർആനിൽ നിങ്ങൾക്ക് ധാരാളം പരിശുദ്ധമായ കല്പനകൾ എഴുതിയിരിക്കുന്നു. അവയിലൊന്ന് ശിർക്കിൽനിന്ന് പരിപൂർണ്ണമായും മുക്തമായിരിക്കുക എന്നതാണ്. കാരണം ബഹുദൈവാരാധകർ മോക്ഷത്തിന്റെ നീരുറവിൽനിന്ന് നിർഭാഗ്യരാണ്. നിങ്ങൾ നുണ പറയരുത്. കാരണം നുണയും ബഹുദൈവാരാധനയുടെ ഒരു ഭാഗമാകുന്നു.

ഇഞ്ചീലിനെപ്പോലെ നിങ്ങൾ ദുർന്നോട്ടത്തോടും കാമവികാരത്തോടും കൂടി അന്യസ്ത്രീകളെ നോക്കരുതെന്നും ആവീക്ഷണത്തോടെയല്ലാതെ നോക്കുന്നത് അനുവദനീയമാണെന്നുമല്ല വിശുദ്ധഖുർആൻ പറയുന്നത്. നിങ്ങൾ നല്ല ഉദ്ദേശ്യത്തോടെയോ അല്ലാതെയോ അന്യസ്ത്രീകളെ നോക്കാനേ പാടില്ല എന്നാണത് പറയുന്നത്. ഇതെല്ലാം വഴി തെറ്റുന്നതിനുള്ള സന്ദർഭങ്ങളാണ്. അന്യസ്ത്രീകളെ അഭിമുഖീകരിക്കുന്ന നേരത്ത് നിന്റെ കണ്ണുകൾ സുപ്തമായിരിക്കേണ്ടതാണ്. ഒരു മങ്ങിയ ദൃഷ്ടികൊണ്ട് കടുംജലദോഷത്തിന്റെ തുടക്കത്തിൽ മനുഷ്യൻ നോക്കുന്നത്രയല്ലാതെ നിനക്ക് അവളുടെ രൂപത്തിന്റെ ഒരറിവും ഉണ്ടാകരുത്. ഇഞ്ചീൽ പ്രബോധിക്കുന്നതുപോലെ സുബോധം നശിക്കുമാറ് മദ്യപാനം അരുതെന്നല്ല വിശുദ്ധഖുർആൻ പറയുന്നത്. മറിച്ച് മദ്യപാനം തീരെ പാടില്ലെന്നാണ്. അല്ലാത്തപക്ഷം നിങ്ങൾക്ക് ദൈവപാത സ്വായത്തമാക്കുവാനോ ദൈവികഭാഷണം ലഭിക്കുവാനോ തീയ്യകാര്യങ്ങളിൽനിന്ന് പരിശുദ്ധിയാർജ്ജിക്കുവാനോ സാധിക്കുന്നതല്ല. മദ്യപാനം സാത്താന്റെ കണ്ടുപിടിത്തമാണെന്ന് അവൻ പറയുന്നു. അതുകൊണ്ട് നിങ്ങൾ അതിൽനിന്ന് രക്ഷപ്രാപിക്കുക.

ഇഞ്ചീലിനെപ്പോലെ നിങ്ങൾ അകാരണമായി നിങ്ങളുടെ സഹോദരന്റെമേൽ കോപിക്കരുതെന്നല്ല വിശുദ്ധഖുർആൻ പറ

യുന്നത്. മറിച്ച് നിങ്ങൾ കോപത്തെ സ്വയം നിയന്ത്രിക്കുക. എന്ന ല്ല **തവാസ്വൗ ബിൽമർഹമ**[14] അനുസരിച്ച് പ്രവർത്തിക്കുകയും അങ്ങനെ ചെയ്യാൻ മറ്റുള്ളവരോട് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുക എന്നാണത് പറയുന്നത്. സ്വയം കരുണ കാണിച്ചാൽ മാത്രംപോരാ കരുണ ചെയ്യാൻ തന്റെ എല്ലാ സഹോദരന്മാരോടും വസിയ്യത്തും ചെയ്യുക.

ഇഞ്ചീലിനെപ്പോലെ വ്യഭിചാരമല്ലാത്ത തന്റെ ഭാര്യയുടെ എല്ലാ അവിശുദ്ധ പ്രവർത്തികളും സഹിക്കാനും വിവാഹമോ ചനം നല്കാതിരിക്കാനും വിശുദ്ധഖുർആൻ കല്പിക്കുന്നില്ല. മറിച്ച് അത് പറയുന്നത് اَلطَّيِّبٰتُ لِلطَّيِّبِيْنَ **അത്വയ്യിബാത്തു ലിത്വയ്യിബീന**[15] എന്നാണ്. അശുദ്ധരായവർക്ക് പരിശുദ്ധരോ ടൊപ്പം താമസിക്കുവാൻ പറ്റുകയില്ല. അതുകൊണ്ട് നിന്റെ ഭാര്യ വ്യഭിചരിക്കുന്നില്ലെങ്കിലും കാമദൃഷ്ടിയോടെ അന്യരെ നോക്കു കയും അവരെ കെട്ടിപ്പിടിക്കുകയും വ്യഭിചരിച്ചില്ലെങ്കിലും അതിന്റെ മുന്നൊരുക്കം അവളിൽ നിന്നുണ്ടാവുകയും അന്യർക്ക് തന്റെ നഗ്നത പ്രദർശിപ്പിക്കുകയും ബഹുദൈവാരാധന നടത്തു കയും കുഴപ്പങ്ങളുണ്ടാക്കുകയും ചെയ്യുന്നവളും ഏതൊരു പരി ശുദ്ധ ദൈവത്തിൽ നീ വിശ്വസിക്കുന്നവോ ആ ദൈവ ത്തിൽനിന്ന് അവൾ വിദൂരസ്ഥയും ഇത്തരം ദുഷ്പ്രവണതക ളിൽനിന്ന് വിരമിക്കാത്തവളുമാണെങ്കിൽ നിനക്ക് അവളെ വിവാ ഹമോചനം ചെയ്യാവുന്നതാണ്. കാരണം അവൾ തന്റെ അനാ ശാസ്യപ്രവർത്തികളാൽ നിന്നിൽനിന്ന് വേർപ്പെട്ടവളാണ്. ഇപ്പോൾ നിന്റെ ശരീരത്തിന്റെ ഭാഗമല്ല. അതുകൊണ്ട് ലജ്ജയി ല്ലാതെ അവളോടൊപ്പം വസിക്കുന്നതിന് നിനക്കനുവാദമില്ല. എന്തുകൊണ്ടെന്നാൽ, ഇപ്പോൾ അവൾ നിന്റെ ശരീരത്തിന്റെ ഭാഗമല്ല; നാറിയതും അഴുകിയതുമായ ഒരവയവമാണ്. അത് മുറിച്ചുമാറ്റത്തക്കതാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ അത് നിന്റെ ശരീരത്തിന്റെ ഇതരഭാഗങ്ങളേയും കേടുവരുത്തുകയും നീ മരിക്കുകയും ചെയ്യും.

14. കരുണ കാണിക്കാൻ ഉപദേശിക്കുക (90:18).
15. നല്ല കാര്യങ്ങൾ നല്ല ആളുകൾക്കുള്ളതാണ് (24:27).

ഇഞ്ചീലിനെപ്പോലെ, നീ ഒരിക്കലും ആണയിടരുതെന്ന് നിങ്ങളോടു ഖുർആൻ പറയുന്നില്ല. മറിച്ച്, വ്യർത്ഥമായ ആണയിടലിനെയാണ് ഖുർആൻ വിരോധിക്കുന്നത്. കാരണം ചില രീതികളിൽ ആണയിടുക എന്നത് തീരുമാനമെടുക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ്. അല്ലാഹു ഒരുപ്രകാരവും തെളിവിനെ പാഴാക്കാൻ ആഗ്രഹിക്കുന്നില്ല. കാരണം അതുമുഖേന അവന്റെ യുക്തിക്ക് ഭംഗമുണ്ടാകുന്നു. ഒരാൾ ഏതെങ്കിലും ഒരു തർക്കവിഷയത്തെക്കുറിച്ച് സാക്ഷി പറയുന്നില്ലെങ്കിൽ തീരുമാനത്തിന് ദൈവസാക്ഷ്യത്തിന്റെ ആവശ്യം വരിക എന്നത് സ്വാഭാവികമാണ്. സത്യം ചെയ്യൽ ദൈവത്തെ സാക്ഷിയാക്കി നിറുത്തലാണ്.

ഇഞ്ചീലിനെപ്പോലെ അക്രമിയെ ഒരിടത്തും എതിർക്കാൻ പാടില്ലെന്ന് ഖുർആൻ പറയുന്നില്ല. മറിച്ച് ഖുർആന്റെ അധ്യാപനം ഇതാണ്

جَزٰٓؤُا سَيِّئَةٍ سَيِّئَةٌ مِّثْلُهَا ۚ فَمَنْ عَفَا
وَاَصْلَحَ فَاَجْرُهٗ عَلَى اللّٰهِ

**ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻ മിഥ്ലുഹാ ഫമൻ അഫാ വ അസ്‌ലഹ ഫ അജ്റുഹൂ അലല്ലാഹ്**[16] തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പ് ചെയ്യുകയും പാപം പൊറുക്കുകയും മാപ്പ് കൊടുക്കുന്നതു കൊണ്ട് സൽമാറ്റമുണ്ടാകുകയും ഏതെങ്കിലും ദോഷം ഉണ്ടാകാതിരിക്കുകയുമാണെങ്കിൽ അല്ലാഹു അതിനെ ഇഷ്ടപ്പെടുന്നു. അവന് അതിന്റെ പ്രതിഫലം നല്കും.

വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് എല്ലാ സ്ഥലങ്ങളിലും പ്രതികാരം ഉചിതമല്ല. അതേപ്രകാരം എല്ലാ സന്ദർഭങ്ങളിലും പൊറുത്തുകൊടുക്കലും അഭിലഷണീയമല്ല. മറിച്ച് സന്ദർഭവും സാഹചര്യവുമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. പ്രതികാരമോ പൊറുത്തുകൊടുക്കലോ പ്രതിയോഗിയുടെ സംസ്കരണത്തിനും പരിവർത്തനത്തിനും സഹായകമായിരി

16. വിശുദ്ധഖുർആൻ, 42:41.

ക്കേണ്ടതാണ്. വിശുദ്ധഖുർആന്റെ ഉദ്ദേശ്യം ഇതുതന്നെയാണ്.

ശത്രുക്കളോട് എപ്പോഴും സ്നേഹം കാണിക്കണമെന്ന് ഇഞ്ചീലിനെപ്പോലെ ഖുർആൻ പറയുന്നില്ല. മറിച്ച് നിനക്ക് വ്യക്തിപരമായി ഒരു ശത്രുവും ഉണ്ടായിരിക്കരുതെന്നും നീ സർവ്വരോടും അനുകമ്പയും ആർദ്രതയും കാണിക്കണമെന്നും വിശുദ്ധഖുർആൻ നിർദ്ദേശിക്കുന്നു. എന്നാൽ, നീ വിശ്വസിക്കുന്ന ദൈവത്തോടും ദൂതനോടും വേദഗ്രന്ഥത്തോടും ശത്രുത വെച്ചുപുലർത്തുന്നവൻ നിന്റെ ശത്രുവാണ്. അങ്ങനെയുള്ളവർക്ക് വേണ്ടിയും നീ പ്രാർത്ഥിക്കേണ്ടതാണ്. അവരുടെ കർമ്മങ്ങളോടായിരിക്കണം ശത്രുത പുലർത്തേണ്ടത്. വ്യക്തിത്വത്തോടല്ല. അവർ നന്നായിത്തീരുവാൻ നീ പരിശ്രമിക്കുക. ഇത് സംബന്ധിച്ച് അല്ലാഹു പറയുന്നു.

إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَائِ
ذِي الْقُرْبَىٰ

**ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽ ഇഹ്സാനി വ ഈതാഇദിൽ ഖുർബാ**[17] അതായത് അല്ലാഹു നിങ്ങളിൽനിന്ന് എന്താണ് ഇച്ഛിക്കുന്നത്? നിങ്ങൾ എല്ലാ മനുഷ്യരോടും നീതിയും ന്യായവും വെച്ചുപുലർത്തുക. അതിലുപരി നിങ്ങളോട് നന്മ കാണിക്കാത്തവരോടും നിങ്ങൾ നന്മയും ഔദാര്യവും കാണിക്കുക. അതിലുമുപരി നിങ്ങൾ അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും സ്വന്തം ബന്ധുക്കളോടെന്നപോലെ, മാതാക്കൾ മക്കളോടു കാണിക്കുന്ന രീതിയിൽ ഔദാര്യം കാണിക്കുക. കാരണം ചിലപ്പോൾ ഔദാര്യം കാണിക്കുന്നതുകൊണ്ട് ഒരുവിധത്തിലുള്ള അഹങ്കാരം ഗുപ്തമായ നിലയിൽ ഉണ്ടാകാനിടയുണ്ട്. എന്നാൽ, ഒരു മാതാവിനെപ്പോലെ സ്വാഭാവിക വികാരഭാവത്തോടെ നന്മ ചെയ്യുന്നയാൾ ഒരിക്കലും അഹങ്കാരം കാണിക്കുന്നില്ല. നന്മ ചെയ്യുന്നതിനുള്ള അവസാനത്തെ ശ്രേണി ഒരു മാതാവിന് തന്റെ മക്കളോട് പ്രകൃത്യായുള്ള വികാരഭാവ

17. വിശുദ്ധഖുർആൻ, 16:91.

മാകുന്നു.

ഈ വചനം സൃഷ്ടികളുമായി മാത്രം ബന്ധപ്പെട്ടതല്ല. സ്രഷ്ടാവായ അല്ലാഹുവുമായും ബന്ധപ്പെട്ടതാണ്. അല്ലാഹുവിനോട് നീതി എന്നു പറയുന്നത്, അവന്റെ അനുഗ്രഹങ്ങളെ സ്മരിച്ചുകൊണ്ട് അവനെ അനുസരിക്കുകയാണ്. അല്ലാഹുവിനോടുള്ള ഔദാര്യം എന്നുപറയുന്നത് അവനെ കാണുന്നുവെന്ന നിലയിൽ അവനിൽ ദൃഢമായും വിശ്വസിക്കുക എന്നാണ്. അല്ലാഹുവിനോട് ബന്ധുസ്നേഹപരമായ ഉപകാരം എന്നത് അവനെ ആരാധിക്കുന്നത് സ്വർഗ്ഗം ലഭിക്കണമെന്ന അഭിവാഞ്ഛ കൊണ്ടോ നരകത്തെക്കുറിച്ചുള്ള ഭയംകൊണ്ടോ അല്ലാതെ സ്വർഗ്ഗമോ നരകമോ ഇല്ലെന്ന് സങ്കല്പിക്കപ്പെട്ടാലും ദൈവസ്നേഹത്തിനും അനുസരണത്തിനും ഒരു കോട്ടവും ഉണ്ടാകാൻ പാടില്ല എന്നതാകുന്നു.

നിങ്ങളുടെമേൽ ശാപം ചൊരിയുന്നവർക്കായി ദൈവാനുഗ്രഹം തേടണമെന്ന് ഇഞ്ചീൽ പറയുന്നു. എന്നാൽ, നിങ്ങൾ സ്വയമായി ഒന്നും ചെയ്യരുതെന്നും മറിച്ച് ദൈവപ്രഭാവത്തിന്റെ ആസ്ഥാനമായ ഹൃദയത്തോടു, എങ്ങനെ അത്തരക്കാരോട് പെരുമാറണമെന്ന് ഫത്വ ചോദിക്കുക എന്നും വിശുദ്ധഖുർആൻ അരുൾചെയ്യുന്നു. നിങ്ങളെ ശപിക്കുന്നയാൾ അനുകമ്പാർഹനാണെന്നും ഉപരിലോകത്തുനിന്ന് അയാളുടെ മേൽ ശാപം ഇടപ്പെടുന്നില്ലെന്നും നിന്റെ ഹൃദയത്തിൽ തോന്നിപ്പിച്ചാൽ ദൈവഹിതത്തിന്നെതിരാകാതിരിക്കാൻ നീയും ശാപം ചൊരിയരുത്. എന്നാൽ, നിന്റെ മനഃസാക്ഷി അയാൾക്ക് മാപ്പു കൊടുക്കുന്നില്ലെങ്കിലും ഉപരിലോകത്ത് അയാളുടെമേൽ ശാപമിടുന്നുവെന്ന് നിന്റെ ഹൃദയത്തിൽ തോന്നിപ്പിക്കുന്നുവെങ്കിൽ നീ അവനായി അനുഗ്രഹം കാംക്ഷിക്കരുത്. സാത്താനുവേണ്ടി ഒരു പ്രവാചകനും അനുഗ്രഹം കാംക്ഷിക്കുകയോ അവനെ ശാപമുക്തനാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, ആരേയും ശപിക്കുന്നതിൽ തിടുക്കം കാണിക്കരുത്. ദുർധാരണകളിൽ അധികവും അസത്യമാണ്. പല ശാപങ്ങളും ശപിക്കുന്നയാളിൽ തന്നെ പതിക്കുന്നു. വളരെ സൂക്ഷിച്ചു പദമൂന്നുക. ഏതെങ്കിലും

പ്രവർത്തി ചെയ്യുന്നതിനുമുമ്പേ പുനർചിന്തനം ചെയ്യുക. എപ്പോഴും അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടിരിക്കുക. കാരണം നിങ്ങൾ അന്ധരാണ്. ഒരു നീതിമാനെ അന്യായം ചെയ്യുന്നവനായോ, സാത്ത്വികനെ വ്യാജനായോ നിങ്ങൾ കരുതുന്നവരാകരുത്. അങ്ങനെയാണെങ്കിൽ നിങ്ങൾ ദൈവത്തിന്റെ അപ്രീതിക്ക് പാത്രമായിത്തീരുകയും തദ്വാരാ നിങ്ങളുടെ എല്ലാ സൽകർമ്മങ്ങളും വ്യർത്ഥമായിത്തീരുകയും ചെയ്യുന്നതാണ്.

അപ്രകാരം നിങ്ങൾ നിങ്ങളുടെ സൽകർമ്മങ്ങളൊന്നും ജനങ്ങളുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതിനായി ചെയ്യരുതെന്ന് ഇഞ്ചീൽ പറയുന്നു. എന്നാൽ, നിങ്ങൾ നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും ജനങ്ങളിൽനിന്ന് മറച്ചുവയ്ക്കരുതെന്ന് ഖുർആൻ പറയുന്നു. പ്രത്യുത, നന്മ കരുതി ചില സൽകർമ്മങ്ങൾ രഹസ്യമായി ചെയ്യുന്നതാണ് നിങ്ങൾക്കുത്തമമെന്ന് കണ്ടാൽ അങ്ങനെ ചെയ്യുക. പരസ്യമായി ചെയ്യുന്നതിലാണ് സാധാരണക്കാർക്ക് ഗുണമെന്ന് കണ്ടാൽ, രണ്ട് പ്രതിഫലം ലഭിക്കുന്നതിനായി ചില കർമ്മങ്ങൾ പരസ്യമായും ചെയ്യുക. സൽകർമ്മം ചെയ്യാൻ ധൈര്യമില്ലാത്ത ദുർബല മനസ്കരും നിങ്ങളെ പിന്തുടർന്ന് ആ സൽകർമ്മം ചെയ്യട്ടെ. അല്ലാഹു തന്റെ ഗ്രന്ഥത്തിൽ **സിർറൻവ്വഅലാനിയത്തൻ** അതായത്, രഹസ്യമായും ദാനധർമ്മം ചെയ്യുക, മറ്റുള്ളവരെ കാണിച്ചും ചെയ്യുക എന്ന് പറഞ്ഞിരിക്കുന്നു. ഈ കല്പനയുടെ യുക്തി അവൻ സ്വയം പറഞ്ഞുതന്നിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം നിങ്ങൾ വെറും വാക്കുകൾ മുഖേന മനസ്സിലാക്കി കൊടുക്കാതെ പ്രവർത്തികൊണ്ടും ആഹ്വാനം ചെയ്യുക എന്നതാണ്.

അതേപ്രകാരം നീ പ്രാർത്ഥിക്കുമ്പോൾ സ്വന്തം അറയിൽ പോകാൻ ഇഞ്ചീൽ പറയുന്നു. എന്നാൽ, നിങ്ങളുടെ പ്രാർത്ഥനയെ എല്ലാ അവസരത്തിലും എപ്പോഴും പരോക്ഷമാക്കരുതെന്ന് ഖുർആൻ പഠിപ്പിക്കുന്നു. പ്രത്യുത നിങ്ങൾ ജനങ്ങളുടെ മുമ്പിലും നിങ്ങളുടെ സഹോദരന്മാരോടൊപ്പവും തുറന്നനിലയിൽ പ്രാർത്ഥിക്കുക; ആ അവസരത്തിൽ ചെയ്യപ്പെടുന്ന ഏതെങ്കിലും പ്രാർത്ഥന സ്വീകരിക്കപ്പെടുകയാണെങ്കിൽ

അവിടെ കൂടിയ ആളുകളുടെ വിശ്വാസവർദ്ധനവിന് കാരണമാകുന്നതിനും അതോടൊപ്പം മറ്റുള്ളവരും പ്രാർത്ഥനയിൽ പ്രതിപത്തിയുള്ളവരായിത്തീരുന്നതിനും വേണ്ടി.

അതേപ്രകാരം ഇഞ്ചീൽ ഇപ്രകാരം പ്രാർത്ഥിക്കുവാൻ കല്പിക്കുന്നു. "ആകാശത്തുള്ള ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമായിരിക്കട്ടെ. നിന്റെ രാജ്യവാഴ്ച ഇവിടേയും വരുമാറാകട്ടെ. നിന്റെ ഇച്ഛ ആകാശത്തുള്ളതുപോലെ ഭൂമിയിലും വരുമാറാകട്ടെ. ദിനേനയുള്ള ഞങ്ങളുടെ അപ്പം ഇന്ന് നീ ഞങ്ങൾക്ക് നല്കേണമേ. ഞങ്ങൾ ഋണബാധ്യതയുള്ളവർക്ക് പൊറുത്തുകൊടുക്കുന്നതുപോലെ ഞങ്ങളുടെ കടബാധ്യതകളെ നീ പൊറുത്തുതരേണമേ. ഞങ്ങളെ പരീക്ഷണത്തിലിടരുതേ, എന്നല്ല എല്ലാ തീയ്യകാര്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷപ്പെടുത്തേണമേ. കാരണം രാജ്യവാഴ്ചയും ശക്തിപ്രഭാവവും പ്രതാപവും എപ്പോഴും നിനക്ക് മാത്രമുള്ളതാകുന്നു."

എന്നാൽ, വിശുദ്ധഖുർആൻ പറയുന്നത് ഭൂമി ദൈവത്തിന്റെ പരിശുദ്ധിയിൽനിന്ന് ശൂന്യമല്ല. മറിച്ച് ആകാശത്തേതുപോലെ ഭൂമിയിലും അവന്റെ പരിശുദ്ധിയുണ്ടായിക്കൊണ്ടിരിക്കുന്നുവെന്നാണ്. അവൻ പറയുന്നു

وَاِنْ مِّنْ شَیْءٍ اِلَّا یُسَبِّحُ بِحَمْدِهٖ یُسَبِّحُ لِلّٰهِ مَا فِی السَّمٰوٰتِ وَمَا فِی الْاَرْضِ

**വഇൻമ്മിൻ ശയ്ഇൻ ഇല്ലാ യുസബ്ബിഹു ബിഹംദിഹീ[18] യുസബ്ബിഹു ലില്ലാഹി മാഫിസ്സമാവാത്തി വമാഫിൽ അർളി[19]** അതായത്, ഭൂമിയിലേയും ആകാശത്തിലേയും ഓരോ തരിയും അല്ലാഹുവിനെ സ്തുതിച്ചും പ്രകീർത്തിച്ചും കൊണ്ടിരിക്കുന്നു. അവയിലുള്ളതൊക്കെയും സ്തുതിക്കുന്നതിലും പ്രകീർത്തിക്കുന്നതിലും മുഴുകിയിരിക്കുകയാണ്. പർവ്വതങ്ങളും നദികളും വൃക്ഷലതാദികളും അവന്റെ സ്തുതിപാടുന്നതിൽ വ്യാപൃതമാണ്. അനേകം സാത്വികരായ ആളുകളും അവന്റെ സ്മരണയിൽ മുഴുകിയിരിക്കുന്നു. ഹൃദയവും നാവുംകൊണ്ട്

18. വിശുദ്ധഖുർആൻ, 17:45. 19. വിശുദ്ധഖുർആൻ, 62:2

അവന്റെ സ്മരണയിൽ വ്യാപൃതനാവാത്തവനേയും അവന്റെ മുമ്പിൽ വിനയാന്വിതനാകാത്തവനേയും പലവിധ സമ്മർദ്ദങ്ങളും ശിക്ഷകളുംകൊണ്ട് നിയതി നിയമം വിനയാന്വിതനാക്കുന്നു.

മലക്കുകൾ പരിപൂർണ്ണ അനുസരണത്തിന്റെ പ്രതീകങ്ങളാണെന്ന് വിശുദ്ധഖുർആനിൽ എഴുതിയിരിക്കുന്നു. അതേപ്രകാരം ഭൂമിയിലെ ഓരോ ഇലയേയും ഓരോ മൺതരിയേയും സംബന്ധിച്ച് വിശുദ്ധഖുർആനിലുണ്ട്. അതായത് ഓരോ വസ്തുവും അവനെ അനുസരിച്ചുകൊണ്ടിരിക്കുന്നു. അവന്റെ കല്പനയില്ലാതെ ഒരിലപോലും കൊഴിയുന്നില്ല. അവന്റെ കല്പനയില്ലാതെ ഒരു മരുന്നും രോഗശാന്തി നല്കുകയോ ഒരാഹാരവും പ്രയോജനപ്പെടുകയോ ചെയ്യുന്നില്ല. ഓരോ വസ്തുവും അങ്ങേയറ്റത്തെ കീഴ്വണക്കത്തിലും ദാസത്വത്തിലും അവന്റെ തിരുസന്നിധിയിൽ വീണുകിടക്കുകയും അവന്റെ അനുസരണത്തിൽ മുഴുകിയിരിക്കുകയുമാണ്. പർവ്വതങ്ങളുടേയും ഭൂമിയുടേയും ഓരോ തരിയും സമുദ്രങ്ങളുടേയും നദികളുടേയും ഓരോ തുള്ളിയും സസ്യലതാദികളുടെ ഓരോ ഇലയും അവയുടെ ഓരോ അംശവും മനുഷ്യരുടേയും മൃഗങ്ങളുടേയും മുഴുവൻ അണുക്കളും അല്ലാഹുവിനെ തിരിച്ചറിയുകയും അവനെ അനുസരിക്കുകയും അവനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നതിൽ വ്യാപൃതരാണ്. അതുകൊണ്ട് അല്ലാഹു പറഞ്ഞു يُسَبِّحُ لِلّٰهِ مَا فِي السَّمٰوٰتِ وَمَا فِي الْأَرْضِ **യുസബ്ബിഹു ലില്ലാഹി മാഫിസ്സമാവാത്തി വമാഫിൽ അർള്**[20] അതായത് ആകാശത്തുള്ള ഓരോ വസ്തുവും അല്ലാഹുവിന് സ്തോത്രം ചെയ്യുകയും പ്രകീർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുപോലെ ഭൂമിയിലുള്ള ഓരോ വസ്തുവും അവന് സ്തോത്രം ചെയ്യുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു. എന്ത്? ഭൂമിയിൽ ദൈവത്തിന്റെ സ്തുതിയും കീർത്തനവും നടക്കുന്നില്ലെന്നാണോ? ഇത്തരത്തിലുള്ള വചനം ഒരു തികവുറ്റ ദൈവജ്ഞാനിയുടെ വായിൽനിന്ന് പുറപ്പെടുന്നതല്ല. എന്നല്ല, ഭൂമിയിലുള്ള

---

20. വിശുദ്ധഖുർആൻ, 62:2.

വസ്തുക്കളിൽ ചിലത് ശരീഅത്തിന്റെ കല്പനകൾ അനുസരിക്കുന്നു. ചിലത് നിയതിനിയമത്തിന്റെ കല്പനകൾക്ക് വിധേയമാണ്. ചിലത് രണ്ടിന്റേയും അനുസരണത്തിൽ പ്രവർത്തനബദ്ധമാണ്. മേഘം, വായു, അഗ്നി, ഭൂമി എല്ലാംതന്നെ അല്ലാഹുവിനോടുള്ള അനുസരണത്തിലും സ്തോത്രത്തിലും ലയിച്ചിരിക്കുന്നു. ആരെങ്കിലും ശരീഅത്ത് കല്പനകളുടെ ധിക്കാരിയാണെങ്കിൽ അവൻ നിയതിനിയമത്തിന്റെ കല്പനകൾക്ക് വിധേയനാണ്. ഈ രണ്ട് ഭരണാധിപത്യങ്ങൾക്കും വെളിയിൽ ആരുമില്ല. ആകാശീയ ഭരണത്തിന്റെ ഏതെങ്കിലും നുകം ഓരോരുത്തരുടേയും പിരടിയിലുണ്ട്. എന്നാൽ, മനുഷ്യഹൃദയങ്ങളുടെ നന്മകളും തിന്മകളും അനുസരിച്ച് അശ്രദ്ധയും ദൈവസ്മരണയും ഘട്ടം ഘട്ടമായി ഭൂമിയിൽ അതിന്റെ വിജയം വരിക്കുന്നു. പക്ഷേ, ദൈവികമായ യുക്തിയും ഔചിത്യവും ഇല്ലാതെ ഈ ഏറ്റിറക്കം സ്വയം സംഭാവ്യമല്ല. ഭൂമിയിൽ അങ്ങനെയുണ്ടാകണമെന്ന് അല്ലാഹു ഇച്ഛിച്ചാൽ അതങ്ങനെതന്നെ ഉണ്ടാകും. നേർമാർഗ്ഗത്തിന്റേയും വഴികേടിന്റേയും കാലവും ദിനരാത്രങ്ങളുടെ കാലംപോലെ ദൈവത്തിന്റെ നിയമവും നിർദ്ദേശവും അനുസരിച്ചാണ് നടന്നുവരുന്നത്; സ്വയമല്ല. ഓരോ വസ്തുവും അവന്റെ ശബ്ദം ശ്രവിച്ചുകൊണ്ടിരുന്നിട്ടും അവന്റെ പരിശുദ്ധി വാഴ്ത്തിക്കൊണ്ടിരുന്നിട്ടും ഭൂമി ദൈവത്തിന്റെ പ്രകീർത്തനത്തിൽനിന്ന് ശൂന്യമാണെന്നാണോ ബൈബിൾ പറയുന്നത്? ഇഞ്ചീലിലുള്ള പ്രസ്തുത പ്രാർത്ഥനയുടെ അടുത്തവചനത്തിൽ അതിനുള്ള കാരണം ഒരു സൂചനയെന്നോണം വിവരിക്കപ്പെട്ടിരിക്കുന്നു. അതായത് ദൈവത്തിന്റെ രാജ്യവാഴ്ച ഇപ്പോൾ ഭൂമിയിൽ വന്നിട്ടില്ല. അവന് ഭൂമിയിൽ രാജ്യവാഴ്ച ഇല്ലാത്തതുകൊണ്ട് അവന്റെ ഇഷ്ടം ആകാശത്ത് നടപ്പിലുള്ളതുപോലെ ഭൂമിയിൽ നടപ്പിലില്ല എന്ന് ഇഞ്ചീൽ പറയുന്നു. എന്നാൽ, വിശുദ്ധഖുർആന്റെ അധ്യാപനം തികച്ചും ഇതിന്നെതിരാണ്. വിശുദ്ധഖുർആൻ വളരെ സ്പഷ്ടമായിപ്പറയുന്നത്, ഒരു മോഷ്ടാവിനും കൊലയാളിക്കും വ്യഭിചാരിക്കും അവിശ്വാസിക്കും ദുർമാർഗ്ഗിക്കും ധിക്കാരിക്കും ഉപരിലോകത്തുനിന്ന് ഇച്ഛാശക്തി ലഭിക്കാത്തിടത്തോളം അവന് ഭൂമിയിൽ ഒരു

പാപവും ചെയ്യുവാൻ സാധിക്കുന്നതല്ലെന്നാണ്. അതുകൊണ്ട് ദൈവികമായ രാജ്യവാഴ്ച ഭൂമിയിലില്ല എന്ന് എങ്ങനെ പറയുവാൻ സാധിക്കും. ഭൂമിയിൽ ദൈവനിയമം നടപ്പിൽ വരുന്നത് തടസ്സപ്പെടുത്താൻ ആർക്കാണ് സാധിക്കുക. അല്ലാഹു പരിശുദ്ധനാകുന്നു. ഒരിക്കലും അത് സംഭാവ്യമല്ല. ദൈവം ഉപരിലോകത്ത് മലക്കുകൾക്ക് പ്രത്യേകമായ ഒരു നിയമവും ഭൂമിയിൽ മനുഷ്യർക്ക് അതിൽനിന്ന് വ്യത്യസ്തമായ മറ്റൊരു നിയമവുമാണ് ഉണ്ടാക്കിയിരിക്കുന്നത്. അല്ലാഹു തന്റെ ഉപരിലോകവാഴ്ചയിൽ മലക്കുകൾക്ക് ഒരധികാരവും നല്കിയിട്ടില്ല. എന്നല്ല അവരുടെ പ്രകൃതത്തിൽത്തന്നെ അനുസരണത്തിന്റെ സ്വഭാവമാണ് നിക്ഷേപിച്ചിട്ടുള്ളത്. അവർക്ക് എതിർക്കുവാനേ കഴിയില്ല. അശ്രദ്ധയോ മറവിയോ അവരിൽ ഉണ്ടാവുകയില്ല. എന്നാൽ, മനുഷ്യപ്രകൃതിക്ക് കൊള്ളാനും തള്ളാനും അധികാരം നല്കപ്പെട്ടിരിക്കുന്നു. ഈ അധികാരം ഉപരിലോകത്തുനിന്ന് നല്കപ്പെട്ടതു കാരണം ദുർമാർഗ്ഗിയായ മനുഷ്യനെക്കൊണ്ട് ദൈവത്തിന്റെ രാജ്യവാഴ്ച ഭൂമിയിൽനിന്ന് പൊയ്പോയി എന്നുപറയാൻ പറ്റില്ല. പ്രത്യുത എല്ലാവിധത്തിലും ദൈവത്തിന്റെതന്നെ രാജ്യത്വമാണുള്ളത്. ആ നിയമം രണ്ടുതരത്തിലാണുള്ളത്. ഒന്ന് മലക്കുകൾക്കുവേണ്ടിയുള്ള ദൈവവിധിയുടെ നിയമമാണ്. അവർക്ക് തിന്മ ചെയ്യാനേ സാധ്യമല്ല. മറ്റൊന്ന് ഭൂമിയിൽ മനുഷ്യർക്കായുള്ള ദൈവത്തിന്റെ വിധിയെ സംബന്ധിച്ചിട്ടുള്ളതാണ്. അതെന്താണെന്നുവെച്ചാൽ, ഉപരിലോകത്തുനിന്ന് തിന്മ ചെയ്യുന്നതിനുള്ള അധികാരം അവർക്ക് നല്കപ്പെട്ടിരിക്കുന്നു. എന്നാൽ, ദൈവത്തിൽനിന്ന് ശക്തി തേടുമ്പോൾ അതായത് ഇസ്തിഗ്ഫാർ (പാപപ്പൊറുതി) ചെയ്യുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായം കൊണ്ട് അവരുടെ ദൗർബല്യങ്ങൾ അകലാവുന്നതാണ്. അവർക്ക് പാപം ചെയ്യുന്നതിൽനിന്ന് അല്ലാഹുവിന്റെ പ്രവാചകന്മാരും ദൂതന്മാരും രക്ഷപ്പെടുന്നതുപോലെ രക്ഷപ്പെടാൻ സാധിക്കുന്നതാണ്. അതേപ്രകാരം പാപം ചെയ്തതിനുശേഷം സത്യഹൃദയത്തോടുകൂടി പൊറുക്കലിനെത്തേടുകയാണെങ്കിൽ പാപങ്ങളുടെ തിക്തഫലങ്ങളിൽനിന്ന് അതായത് ശിക്ഷയിൽനിന്ന് അവർ രക്ഷിക്കപ്പെടുന്നതാണ്. കാരണം

പ്രകാശം വരുന്നിടത്ത് അന്ധകാരം അവശേഷിക്കുകയില്ല. എന്നാൽ, അല്ലാഹുവിനോട് പൊറുക്കലിനെത്തേടാത്ത കുറ്റവാളികൾ അതായത്, അല്ലാഹുവിൽനിന്ന് ശക്തിതേടാത്തവർ തങ്ങളുടെ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കും. നോക്കുക, ഈ കാലത്ത് പ്ലേഗും ഒരു ദൈവശിക്ഷയെന്നോണം ഭൂമിയിൽ ഇറങ്ങിയിരിക്കുകയാണ്. അല്ലാഹുവിനോട് ധിക്കാരം കാണിക്കുന്നവർ ഈ രോഗത്താൽ നാശമടഞ്ഞുകൊണ്ടിരിക്കുന്നു. പിന്നെങ്ങനെയാണ് ഭൂമിയിൽ ദൈവത്തിന്റെ രാജ്യവാഴ്ച ഇല്ലെന്ന് പറയാൻ കഴിയുക? ഭൂമിയിൽ ദൈവത്തിന്റെ രാജ്യവാഴ്ചയുണ്ടെങ്കിൽ പിന്നെന്തുകൊണ്ട് ജനങ്ങളിൽനിന്ന് പാപകർമ്മങ്ങൾ വെളിപ്പെടുന്നുവെന്ന് നിങ്ങൾ ചിന്തിക്കരുത്. കാരണം കുറ്റകൃത്യങ്ങളും ദൈവത്തിന്റെ വിധിനിയമങ്ങൾക്കധീനമാണ്. അവർ ശരീഅത്തിന്റെ നിയമങ്ങളിൽനിന്ന് പുറത്തുപോകുന്നവരാണെങ്കിലും ദൈവത്തിന്റെ പ്രകൃതിനിയമങ്ങളിൽനിന്ന് പുറത്തുപോകാൻ അവർക്ക് സാധ്യമല്ല. അതുകൊണ്ട് കുറ്റവാളികൾ ദൈവരാജ്യത്തിന്റെ നുകം തങ്ങളുടെ പിരടിയിൽ വെക്കുന്നില്ലെന്ന് എങ്ങനെ പറയുവാൻ കഴിയും?

നോക്കുക, ഈ ബ്രിട്ടീഷിന്ത്യാരാജ്യത്ത് കളവുകളും നടക്കുന്നു. കൊലപാതകങ്ങളും ഉണ്ടാകുന്നു. വ്യഭിചാരം, വിശ്വാസവഞ്ചന, കൈക്കൂലി തുടങ്ങി എല്ലാത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവരേയും കാണാം. എന്നാൽ, ഈ രാജ്യത്ത് ബ്രിട്ടീഷ് സർക്കാരിന്റെ ഭരണമില്ലെന്നു പറയുവാൻ സാധ്യമല്ല. കാരണം ഭരണമുണ്ട്. പക്ഷേ ഗവർമ്മെന്റ് മനഃപൂർവ്വം ജനജീവിതം പ്രയാസകരമാക്കത്തക്കരീതിയിൽ കഠിനമായ നിയമങ്ങൾ നടപ്പിൽ വരുത്തുന്നത് ഉചിതമാണെന്നു കരുതുന്നില്ല. എന്നാൽ, ഗവർമ്മെന്റ് എല്ലാ കുറ്റവാളികളേയും കഠിനമായ തടവറയിൽ അടച്ചുകൊണ്ട് അവരെ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിൽനിന്ന് തടുത്തു നിറുത്തുകയാണെങ്കിൽ അവർക്ക് എളുപ്പത്തിൽ അതിൽനിന്നു വിരമിക്കുവാൻ സാധിക്കുമായിരുന്നു. അല്ലെങ്കിൽ നിയമാവലിയിൽ കഠിനമായ ശിക്ഷകൾ നിർദ്ദേശിച്ചിരുന്നുവെങ്കിൽ ഇത്തരം കുറ്റകൃത്യങ്ങൾ തടുത്തുനിറുത്തുവാൻ സാധി

ക്കുമായിരുന്നു. ഈ രാജ്യത്ത് നടക്കുന്ന മദ്യപാനവും അഭിസാരികകളുടെ ആധിക്യവും കളവ്, കൊള്ള, കൊലപാതകം എന്നിവയും ഇവിടെ ഇംഗ്ലീഷുകാരുടെ ഭരണകൂടമില്ലാത്തതു കൊണ്ടല്ല നടക്കുന്നതെന്ന കാര്യം നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. എന്നാൽ, ഗവർമ്മെന്റിന്റെ നിയമത്തിൽ കാണപ്പെടുന്ന മൃദുലനയമാണ് കുറ്റകൃത്യങ്ങളിൽ വർദ്ധനവുണ്ടാക്കുന്നത്. എന്നല്ലാതെ ഇവിടെനിന്ന് ആംഗ്ലേയ ഭരണം തിരോധാനം ചെയ്യപ്പെട്ടു എന്നല്ല ഇതിന്നർത്ഥം. എന്നാൽ, നിയമം കഠിനതരമാക്കി കർശനമായ ശിക്ഷകൾ കൊടുത്തുകൊണ്ട് കുറ്റകൃത്യങ്ങളെ തടയാൻ സർക്കാരിന് അധികാരമുണ്ടുതാനും.

ദൈവിക ഭരണത്തിന്നെതിരിൽ തീരെ അപ്രസക്തമായ, മനുഷ്യനിർമ്മിതമായ ഒരു ഭരണത്തിന്റെ സ്ഥിതി ഇതാണെങ്കിൽ ദൈവികമായ ഭരണത്തിന് ശക്തിയും അധികാരവും എത്രകണ്ടധികമാണെന്നൂഹിച്ചു നോക്കുക. ഓരോ വ്യഭിചാരിയുടേയും മേൽ ഇടിത്തീ വീഴുകയും ഓരോ മോഷ്ടാവിന്റേയും കൈ ചീഞ്ഞളിഞ്ഞറ്റുപോകുന്ന രോഗം വരികയും ദൈവനിഷേധിയും ധിക്കാരിയും ദൈവമതത്തെ നിരാകരിക്കുന്നവനും പ്ലേഗ് ബാധിച്ച് മരണപ്പെടുകയും ചെയ്യത്തക്കവണ്ണം ദൈവികനിയമം കാഠിന്യമേറിയതാവുകയാണെങ്കിൽ ഒരാഴ്ചക്കകം സാത്വികരും സദ്വൃത്തരുമായ ജനങ്ങളെക്കൊണ്ട് ലോകം മുഴുവനും നിറയുമായിരുന്നു. അതിനാൽ ഭൂമിയിൽ ദൈവരാജ്യമുണ്ട്. എന്നാൽ, ദൈവിക നിയമങ്ങൾ അവർക്ക് സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. എത്രത്തോളമെന്നാൽ, കുറ്റവാളികൾ പെട്ടെന്ന് പിടിക്കപെടുന്നില്ല. എന്നാൽ, അവർക്ക് ശിക്ഷകൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ഭൂകമ്പങ്ങൾ വരുന്നു. ഇടിമിന്നലുകൾ വീഴുന്നു. അഗ്നിപർവ്വതങ്ങൾ പൊട്ടിത്തെറിച്ച് ആയിരക്കണക്കിനാളുകൾ നാശമടയുന്നു. കപ്പലുകൾ മുങ്ങിപ്പോകുന്നു. തീവണ്ടിയപകടങ്ങളിൽ നൂറുക്കണക്കിനാളുകൾ മരണപ്പെടുന്നു. കൊടുങ്കാറ്റുണ്ടായി ധാരാളം വീടുകൾ മറിഞ്ഞുവീഴുന്നു. പാമ്പുകൾ കൊത്തുന്നു. കാട്ടുമൃഗങ്ങൾ കടിച്ചുകീറുന്നു. പകർച്ചവ്യാധികൾ പടരുന്നു. അങ്ങനെ കുറ്റവാളികളായ ജനങ്ങളുടെ നാശത്തിനായി ഒന്നല്ല ആയിരക്കണ

ക്കിന് കവാടങ്ങൾ ദൈവത്തിന്റെ പ്രകൃതിനിയമം നിർണ്ണയിച്ചിട്ടുണ്ട്. അപ്പോൾ ഭൂമിയിൽ ദൈവരാജ്യമില്ല എന്നെങ്ങനെ പറയുവാൻ സാധിക്കും? ദൈവരാജ്യമുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. ഓരോ കുറ്റവാളിയുടേയും കൈകളിൽ കയ്യാമം വീണുകിടക്കുന്നു. അവരുടെ കാലുകളിൽ ചങ്ങലകളുമുണ്ട്. എന്നാൽ, ദൈവികതത്ത്വമനുസരിച്ച് നിയമം എത്ര മാത്രം ഇളവ് ചെയ്യപ്പെട്ടിരിക്കുന്നുവെന്നാൽ ആ കയ്യാമങ്ങളും ചങ്ങലകളും പെട്ടെന്ന് അവയുടെ പ്രഭാവങ്ങൾ പ്രകടിപ്പിക്കുന്നില്ല. മനുഷ്യൻ വിരമിക്കുന്നില്ലെങ്കിൽ അവ സ്ഥായിയായ നരകത്തിൽ അവസാനം അവനെ കൊണ്ടുചെന്നെത്തിക്കുന്നു. ഒരു കുറ്റവാളി അവൻ ജീവിക്കുകയോ മരിക്കുകയോ ചെയ്യാത്ത അവസ്ഥയിൽ ദൈവശിക്ഷയിൽ ആപതിക്കുന്നു.

രണ്ടുതരം നിയമമാണുള്ളത്. ഒന്ന് മലക്കുകളെ സംബന്ധിച്ച്: അവർ അനുസരണത്തിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടവരാണ്. അവരുടെ അനുസരണം കേവലം പ്രകൃതിവെളിച്ചത്തിന്റെ ഒരു ഭാഗമാകുന്നു. അവർക്കൊരിക്കലും പാപം ചെയ്യുവാൻ സാധിക്കുന്നതല്ല; നന്മകളിൽ പുരോഗതി പ്രാപിക്കുവാനും സാധ്യമല്ല.

രണ്ടാമത്തെ നിയമം മനുഷ്യരെ സംബന്ധിക്കുന്നതാണ്: മനുഷ്യന്റെ പ്രകൃതിയിൽ പാപം ചെയ്യുവാനോ അതേപ്രകാരം നന്മകളിൽ പുരോഗതി പ്രാപിക്കുവാനോ ഉള്ള കഴിവ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ഈ രണ്ട് പ്രകൃതിനിയമങ്ങളും പരിവർത്തന വിധേയമല്ല. ഒരു മലക്കിനും മനുഷ്യനാകാൻ സാധിക്കാത്തതുപോലെ ഒരു മനുഷ്യനും മലക്കാകുവാനും സാധിക്കുന്നതല്ല. ഈരണ്ട് നിയമവും മാറ്റപ്പെടുകയില്ല; ശാശ്വതവും സുസ്ഥിരവുമാണ്. അതുകൊണ്ട് ഉപരിലോകത്തെ നിയമത്തിന് ഭൂമിയിൽ വരാൻ സാധിക്കുകയില്ല. അതേപ്രകാരം ഭൂമിയിലെ നിയമം മലക്കുകളെ സംബന്ധിച്ചും നടക്കുകയില്ല. മനുഷ്യന്റെ തെറ്റുകൾ പശ്ചാത്താപത്തോടുകൂടി അവസാനിക്കുകയാണെങ്കിൽ അത് മനുഷ്യനെ മലക്കിനേക്കാൾ ശ്രേഷ്ഠനാക്കിത്തീർക്കുന്നു. കാരണം മലക്കുകളിൽ അഭിവൃദ്ധി പ്രാപിക്കുവാനുള്ള കഴി

വില്ലതന്നെ. മനുഷ്യന്റെ പാപങ്ങൾ പശ്ചാത്താപംമൂലം പൊറുക്കപ്പെടുന്നു. ദൈവികയുക്തി അനുസൃതമായി ചിലർ കുറ്റകൃത്യങ്ങൾ ചെയ്യുകയും പിന്നീട് അവർ തങ്ങളുടെ ദൗർബല്യങ്ങൾ മനസ്സിലാക്കി പശ്ചാത്തപിക്കുകയും അങ്ങനെ അവർക്ക് പൊറുത്തുകൊടുക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യനുവേണ്ടി നിശ്ചയിക്കപ്പെട്ട നിയതിയാണിത്. മനുഷ്യരുടെ പ്രകൃതി ആഗ്രഹിക്കുന്നതും ഇതുതന്നെയാണ്. മറവിയും ഓർമ്മക്കുറവും മനുഷ്യപ്രകൃതിയുടെ ഭാഗമാണ്; മലക്കിന്റേതല്ല. ആ സ്ഥിതിയിൽ മലക്കുകൾക്ക് മാത്രമായുള്ള നിയമം മനുഷ്യരിൽ എങ്ങനെയാണ് നടപ്പിൽ വരുത്തുവാൻ സാധിക്കുക? ദൈവത്തെ ദൗർബല്യവുമായി ബന്ധപ്പെടുത്തുന്നത് തെറ്റായ കാര്യമാണ്. നിയമത്തിന്റെ ഫലങ്ങളാണ് ഭൂമിയിൽ നടപ്പിൽ വന്നു കൊണ്ടിരിക്കുന്നത്. ദൈവികഭരണവും അവന്റെ ശക്തിയും പ്രതാപവും ആകാശത്ത് മാത്രം പരിമിതമാകത്തക്കവണ്ണം നഊദുബില്ലാഹ് ദൈവം ബലഹീനനാണോ? അല്ലെങ്കിൽ ഭൂമിയിൽ മറ്റൊരു ദൈവമുണ്ടെന്നാണോ? ആകാശത്ത് മാത്രമാണ് ദൈവരാജ്യം ഉള്ളതെന്നും ഇപ്പോൾ ഭൂമിയിലില്ലെന്നും ക്രിസ്ത്യാനികൾ ശാഠ്യം പിടിക്കുന്നത് നല്ലതല്ല. മാത്രമല്ല, ആകാശം ഒരു വസ്തുവുമല്ല എന്നാണല്ലോ അവരുടെ വാദം. ഒന്നുമില്ലാത്ത ആകാശത്താണെങ്കിൽ ദൈവഭരണം ഇപ്പോഴുണ്ടുതാനും!! ഭൂമിയിലാണെങ്കിൽ അവന്റെ ഭരണം വന്നിട്ടുമില്ല. ഇതിന്റെ അർത്ഥം ദൈവഭരണം ആകാശത്തിലും ഭൂമിയിലുമില്ല എന്നാണ്. എന്നാൽ, ദൈവത്തിന്റെ ഭരണം ഭൂമിയിൽ ഉള്ളതായി നമുക്ക് സ്വന്തം കണ്ണുകൾകൊണ്ട് കാണുവാൻ സാധിക്കുന്നു. അവന്റെ നിയമമനുസരിച്ച് നമ്മുടെ ജീവിതം അവസാനിക്കുന്നു. നമ്മുടെ സ്ഥിതിവിശേഷങ്ങൾ പരിവർത്തന വിധേയമായിക്കൊണ്ടിരിക്കുന്നു. നൂറുക്കണക്കിന് സുഖദുഃഖങ്ങൾ നാം കാണുന്നു. ദൈവകല്പനയനുസരിച്ച് ആയിരക്കണക്കിനാളുകൾ മരണപ്പെടുകയും ആയിരക്കണക്കിനാളുകൾ ജനിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നു. ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുന്നു. ദൈവകല്പനയ്ക്കനുസൃതമായി ഭൂമി ആയിരക്കണക്കിന് വിവിധ സസ്യലതാദികളും പുഷ്പങ്ങളും പഴങ്ങളും ഉൽപാദി

പ്പിക്കുന്നു. ഇവയൊക്കെ ഭൂമിയിൽ ദൈവരാജ്യമില്ലാതെയാണോ സംജാതമാകുന്നത്. വാനത്തുള്ള ഗ്രഹങ്ങൾ ഒരേ രൂപത്തിലും അച്ചുതണ്ടിലും ചലിച്ചുകൊണ്ടിരിക്കുകയാണ്. അവയിൽ ഒരു മാറ്റവും പരിവർത്തനവുമില്ലതന്നെ. എന്നാൽ, ഭൂമി ആയിരക്കണക്കിന് പരിവർത്തനങ്ങളുടേയും വിപ്ലവങ്ങളുടേയും മാറ്റങ്ങളുടേയും വിളനിലമാണ്. ഓരോ ദിവസവും കോടിക്കണക്കിന് ജനങ്ങൾ ഇഹവാസം വെടിയുകയും കോടിക്കണക്കിൽ ഭൂജാതരാവുകയും ചെയ്യുന്നു. ഇതിൽനിന്നെല്ലാം ഒരു സർവ്വശക്തനായ സൃഷ്ടികർത്താവിന്റെ നിയന്ത്രണം ഇതിന്റെയൊക്കെ പിന്നിലുണ്ടെന്നത് ഗ്രാഹ്യമാണ്. എന്നിട്ടും ഇതുവരെ ദൈവരാജ്യം ഭൂമിയിൽ വന്നിട്ടില്ലെന്നതിന് ഒരു തെളിവും ഇഞ്ചീലിന് ബോധിപ്പിക്കുവാൻ സാധിച്ചിട്ടില്ല. യേശുക്രിസ്തു മരണത്തിൽനിന്ന് തന്നെ രക്ഷപ്പെടുത്തുവാൻ തോട്ടത്തിൽവച്ച് കണ്ണീരോടുകൂടി രാത്രി മുഴുവൻ ദൈവത്തോടു പ്രാർത്ഥിക്കുകയും ആ പ്രാർത്ഥന സ്വീകരിക്കപ്പെടുകയും ചെയ്തിട്ടും (എബ്രായർ 5:7) ദൈവത്തിന് അദ്ദേഹത്തെ കുരിശിൽ കയറ്റപ്പെടുന്നതിൽനിന്ന് രക്ഷപ്പെടുത്താനാകാത്തത് ഒരുപക്ഷേ ആ കാലത്ത് ദൈവരാജ്യം ഭൂമിയിൽ ഇല്ലെന്നതിന് ക്രിസ്ത്യാനികൾക്ക് ഒരു തെളിവായിരിക്കാം. എന്നാൽ, ഇതിനേക്കാൾ വലിയ വലിയ പരീക്ഷണങ്ങൾ നാം കാണുകയും അവയിൽനിന്നൊക്കെ മോക്ഷം നേടുകയും ചെയ്തിരിക്കുന്ന സ്ഥിതിയിൽ നമുക്കെങ്ങനെ ദൈവരാജ്യത്തെ നിഷേധിക്കുവാൻ സാധിക്കും?

എന്നെ തൂക്കുമരത്തിലേറ്റി വധിക്കുവാൻ എനിക്കെതിരെ മാർട്ടിൻ ക്ലാർക്ക്, കൊലക്കുറ്റം ചുമത്തിക്കൊണ്ടു ക്യാപ്റ്റൻ ഡഗ്ലസ്സിന്റെ കോടതിയിൽ കൊടുത്ത കേസ്സ് മേൽപറഞ്ഞ കേസ്സിനേക്കാൾ ചെറുതാണോ? യേശുവിന്നെതിരെ യഹൂദികളുടെ ഭാഗത്തുനിന്ന് പിലാത്തോസിന്റെ കോടതിയിൽ കൊടുക്കപ്പെട്ട കേസ്സ് മതപരമായ ഭിന്നിപ്പിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു. കൊലക്കുറ്റം ചുമത്തപ്പെട്ടിട്ടുള്ളതായിരുന്നില്ല. എന്നാൽ, ദൈവരാജ്യം ഉപരിലോകത്തുള്ളതുപോലെ ഇഹലോ

കത്തും ഉള്ളതുകൊണ്ട് പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ടു ഒരു വലിയ പരീക്ഷണത്തെ എനിക്കഭിമുഖീകരിക്കേണ്ടി വരുമെന്നും അതിൽനിന്ന് ഞാൻ മാന്യമായ നിലയിൽ മോചിപ്പിക്കപ്പെടുമെന്നും മുൻകൂട്ടിത്തന്നെ എന്നെ അല്ലാഹു അറിയിച്ചിരുന്നു. അപ്പോൾതന്നെ ഞാനിക്കാര്യം നൂറുക്കണക്കിന്നാളുകളെ കേൾപ്പിച്ചിരുന്നു. അവസാനം ഞാൻ മോചിപ്പിക്കപ്പെട്ടു.

മുസ്ലിംകളും ഹിന്ദുക്കളും ക്രിസ്ത്യാനികളും ചേർന്ന് എനിക്കെതിരെ കൊടുത്ത കേസ്സിൽ എന്നെ രക്ഷപ്പെടുത്തിയത് ദൈവരാജ്യം ഈ ഭൂമിയിലുണ്ടെന്നതിന് തെളിവാണ്.

ഇതേപ്രകാരം ഒരു ഘട്ടത്തിലല്ല പല ഘട്ടങ്ങളിൽ ദൈവരാജ്യം ഭൂമിയിൽ ഉള്ളതായിട്ട് എനിക്ക് കാണുവാനും അനുഭവിച്ചറിയുവാനും അങ്ങനെ لَهُ مُلْكُ السَّمٰوٰتِ وَالْأَرْضِ **ലഹൂ മുൽക്കുസ്സമാവാത്തി വൽ അർള്** അവന്റെ രാജ്യം ആകാശങ്ങളിലുമുണ്ട് ഭൂമിയിലുമുണ്ട്[21] എന്ന തിരുവചനത്തിൽ എന്റെ വിശ്വാസം സുദൃഢമാകുവാനും സാധിച്ചു. അതേപ്രകാരം إِنَّمَا أَمْرُهُ إِذَا أَرَادَ شَيْئًا أَنْ يَقُولَ لَهُ كُنْ فَيَكُونُ **ഇന്നമാ അംറുഹൂ ഇദാ അറാദ ശയ്അൻ അൻയ്യഖൂല ലഹൂ കുൻ ഫയക്കൂൻ** എല്ലാ ഭൂമിയും ആകാശവും അവനെ അനുസരിച്ചുകൊണ്ടിരിക്കുന്നു. ഏതെങ്കിലും ഒരു കാര്യം ആകണമെന്ന് അവൻ ഇച്ഛിക്കുകയാണെങ്കിൽ 'ആകുക' എന്നു പറഞ്ഞാൽ അത് ഉടനെ ആയിത്തീരുന്നു[22] എന്ന ആയത്തിലും എനിക്ക് വിശ്വസിക്കേണ്ടിവന്നു. വീണ്ടും പറയുന്നു.

وَاللّٰهُ غَالِبٌ عَلٰٓى اَمْرِهٖ وَلٰكِنَّ اَكْثَرَ النَّاسِ لَا يَعْلَمُوْنَ ۝

**വല്ലാഹു ഗാലിബുൻ അലാ അംരിഹീ വലാക്കിന്ന അക്ഥറന്നാസി ലാ യഅ്ലമൂൻ** അല്ലാഹു തന്റെ തീരുമാനത്തിൽ വിജയിയാകുന്നു. എന്നാൽ, അധികമാളുകളും അല്ലാഹുവിന്റെ

---

21. വി.ഖുർആൻ, 57:3. 22. വി.ഖുർആൻ, 36:83

അടിച്ചമർത്തലിനേയും പ്രതാപത്തേയും കുറിച്ച് അജ്ഞരാണ്.[23]

ദൈവത്തിന്റെ ഭരണം ഭൂമിയിൽ വരാത്തിടത്തോളം, മനുഷ്യരെ ദൈവത്തിന്റെ കാരുണ്യത്തെ സംബന്ധിച്ച് നിരാശരാക്കുകയും അവന്റെ രക്ഷാകർത്തൃത്വം, സംരക്ഷണം എന്നിവയിൽനിന്ന് ക്രിസ്ത്യാനികളെ നിർഭയരാക്കുകയും ഭൂമിയിൽ സഹായിക്കാൻ അവനെ കഴിവില്ലാത്തവനാക്കുകയും ചെയ്യുന്നതാണ് ഇഞ്ചീലിലുള്ള ഈ പ്രാർത്ഥന. എന്നാൽ, ഇതിന്നെതിരിൽ അല്ലാഹു മുസ്‌ലിംകൾക്ക് വിശുദ്ധഖുർആനിൽ പഠിപ്പിച്ച പ്രാർത്ഥന, ഭൂമിയിൽ ദൈവം, ഭരണം നഷ്ടപ്പെട്ട ആളുകളെപ്പോലെ തൊഴിലില്ലാത്തവനല്ലെന്ന കാര്യം സമർപ്പിക്കുന്നു. അവന്റെ പരിപാലനത്വത്തിന്റേയും, പരമകാരുണികതയുടേയും, ദയാവായ്പിന്റേയും, ശിക്ഷയുടേയും പരമ്പര ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്നു. അവൻ, തന്നെ ആരാധിക്കുന്നവരെ സഹായിക്കാൻ ശക്തിയുള്ളവനും കുറ്റവാളികളെ തന്റെ ക്രോധംകൊണ്ട് നശിപ്പിക്കുന്നവനുമാകുന്നു. ആ പ്രാർത്ഥന ഇതാണ്.

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝٢ الرَّحْمٰنِ الرَّحِيْمِ ۝٣
مٰلِكِ يَوْمِ الدِّيْنِ ۝٤ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۝٥
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝٦
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝٧

സകല സ്തുതികൾക്കും അർഹൻ അല്ലാഹു മാത്രമാകുന്നു. അതായത് അവന്റെ രാജ്യഭരണത്തിൽ ഒരു ന്യൂനതയും ഇല്ല. അവന്റെ നന്മകൾക്കുവേണ്ടി, അത് ഇന്നല്ല നാളെ ലഭിക്കുന്നതാണെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഒരവസ്ഥയും ഇല്ലതന്നെ. അവന്റെ ഭരണകർത്തവ്യങ്ങളിൽ വ്യർത്ഥമായതായിട്ടൊന്നും

23. വി.ഖുർആൻ, 12:22

തന്നെയില്ല. എല്ലാ പ്രപഞ്ചങ്ങളേയും അവൻ പരിപാലിക്കുന്നു. കർമ്മഫലമായിട്ടല്ലാതെ അവൻ കരുണ കാണിക്കുന്നു. അതേ പ്രകാരം കർമ്മഫലമായിട്ടും കരുണ കാണിക്കുന്നു. നിശ്ചിത സമയത്ത് രക്ഷാശിക്ഷകൾ നല്കുന്നു. ഞങ്ങൾ അവനെ മാത്രം ആരാധിക്കുകയും അവനോട് മാത്രം സഹായമർത്ഥിക്കുകയും ചെയ്യുന്നു. എന്നിട്ടിപ്രകാരം പ്രാർത്ഥിക്കുന്നു, ഞങ്ങൾക്ക് എല്ലാ അനുഗ്രഹങ്ങളുടേയും വഴികൾ കാണിച്ചുതരേണമേ. ക്രോധത്തിന്റെ വഴികളിൽനിന്നും വഴികേടിന്റെ പാതകങ്ങളിൽനിന്നും ഞങ്ങളെ ദൂരവെക്കേണമേ.[24]

ഫാത്തിഹ അധ്യായത്തിലുള്ള ഈ പ്രാർത്ഥന ഇഞ്ചീലിലെ പ്രാർത്ഥനക്ക് തികച്ചും വിപരീതമാണ്. കാരണം, ഇഞ്ചീലിൽ ദൈവരാജ്യം ഭൂമിയിൽ ഇപ്പോഴുണ്ടെന്നുള്ളത് നിഷേധിക്കപ്പെട്ടിരിക്കുന്നു.

ഇഞ്ചീലിന്റെ അധ്യാപനമനുസരിച്ച് ഭൂമിയിൽ അല്ലാഹുവിന്റെ പരിപാലനത്വമോ, പരമകാരുണികത്വമോ, കരുണാമയത്വമോ രക്ഷാശിക്ഷയുടെ അധികാരത്വമോ ഒന്നും പ്രവർത്തിക്കുന്നില്ല. കാരണം ഇപ്പോൾ ഭൂമിയിൽ ദൈവരാജ്യം വന്നിട്ടില്ല. എന്നാൽ, ഫാത്തിഹാ അധ്യായം മനസ്സിലാക്കിത്തരുന്നത് ഭൂമിയിൽ ദൈവരാജ്യം ഉണ്ടെന്നാണ്. ദൈവരാജ്യത്തിനുണ്ടായിരിക്കേണ്ട എല്ലാ ഗുണങ്ങളും ഫാത്തിഹ അധ്യായത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഒരു ഭരണാധികാരിക്ക് തന്റെ പ്രജകളെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ട ശക്തിയുണ്ടായിരിക്കണം. ഫാത്തിഹ അധ്യായത്തിലുള്ള **റബ്ബുൽ ആലമീൻ** എന്ന വാക്കിൽ ഈ വിശേഷഗുണം സ്ഥാപിതമാണ്. ഒരു രാജാവിനുണ്ടായിരിക്കേണ്ട രണ്ടാമത്തെ ഗുണം പ്രജകളുടെ ജീവസന്ധാരണത്തിന്നാവശ്യമായ എല്ലാ ഏർപ്പാടുകളും പ്രതിഫലേച്ഛ കൂടാതെ സജ്ജീകരിച്ചുകൊടുക്കുകയാണ്. **അർറഹ്മാൻ** എന്ന ദൈവിക വിശേഷഗുണത്തിൽ ഈ കാര്യം അടങ്ങിയിരിക്കുന്നു. പ്രജകൾക്ക് തങ്ങളുടെ പരിശ്രമം കൊണ്ട് പൂർത്തീകരിക്കാൻ പറ്റാത്ത കാര്യങ്ങൾ പൂർത്തീകരിക്കുന്നതിന് അനു

24. ഫാത്തിഹ അധ്യായം, 2–7.

യോജ്യമായ നിലയിൽ സഹായിക്കുകയെന്നതാണ് ഭരണാധികാരിയുടെ മൂന്നാമത്തെ സവിശേഷത. **അർറഹീം** എന്ന പദം കൊണ്ട് ഈ വിശേഷഗുണം സ്ഥാപിച്ചിരിക്കുന്നു. ഒരു ഭരണാധികാരിക്കുണ്ടായിരിക്കേണ്ടുന്ന നാലാമത്തെ സവിശേഷത രാഷ്ട്രീയമായ ഉത്തരവാദിത്വത്തിനുപോൽബലകമായ രക്ഷാശിക്ഷാ നടപടികളെടുക്കുന്നതിനുള്ള ശക്തിയുണ്ടായിരിക്കുക എന്നതാണ്. **മാലിക്കിയൗമിദ്ദീൻ** എന്ന പദംകൊണ്ട് ഈ സവിശേഷത പ്രകടിപ്പിച്ചിരിക്കുന്നു.

പറഞ്ഞുവന്നതിന്റെ ചുരുക്കം, വിശുദ്ധഖുർആനിലെ ഫാത്തിഹ അധ്യായത്തിൽ ഒരു ഭരണകർത്താവിനുണ്ടായിരിക്കേണ്ടുന്ന എല്ലാ ഗുണങ്ങളും പ്രതിപാദിച്ചുകൊണ്ട് ഭൂമിയിൽ ദൈവരാജ്യവും രാജകീയമായ എല്ലാ നിയന്ത്രണങ്ങളും ഉള്ളതായി സ്ഥാപിച്ചിരിക്കുന്നു. ഭൂമിയിൽ അല്ലാഹുവിന്റെ പരിപാലനത്വം, പരമകാരുണികത്വം, ദയാർദ്രത്വം, അധികാരത്വം എന്നീ വിശേഷതകൾ സ്ഥാപിതമാണ്. ഇവിടെ അവന്റെ സഹായ സംവിധാനവും ശിക്ഷാവ്യവസ്ഥിതിയുമുണ്ട്. അല്ലാഹുവിന്റേതായ എല്ലാംതന്നെ ഭൂമിയിലു ണ്ട്. അവന്റെ കല്പനയിൽനിന്ന് ഒരണുകൂടി പുറത്തല്ല. ഓരോന്നിന്റേയും പുണ്യപ്രതിഫലവും അവന്റെ കൈയിലാണുള്ളത്. ഓരോ കാരുണ്യവും അവന്റെ കൈയിലാണുള്ളത്. എന്നാൽ, ഇഞ്ചീൽ പഠിപ്പിക്കുന്നത് ഇപ്പോൾ ദൈവരാജ്യം നിങ്ങളിൽ വന്നിട്ടില്ല. അത് വരുവാനായി ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കുക എന്നാണ്. അതായത്, ഇന്നുവരെ അവരുടെ ദൈവം ഭൂമിയുടെ ഉടമസ്ഥനോ, രാജാവോ അല്ല. അതുകൊണ്ട് അത്തരം ദൈവത്തിൽനിന്ന് എന്ത് പ്രതീക്ഷിക്കുവാനാണ്?

ശ്രവിക്കുകയും മനസ്സിലാക്കുകയും ചെയ്യുക. ആകാശത്തിന്റെ ഓരോ അണുവും ദൈവത്തിന്റെ ഭരണത്തിൻകീഴിലുള്ളതുപോലെ ഭൂമിയിലെ ഓരോ അണുവും ദൈവത്തിന്റെ നിയന്ത്രണകരങ്ങളിലാണുള്ളത്. ഇതുതന്നെയാണ് വലിയ തിരിച്ചറിവ്. ആകാശത്ത് അതിമഹത്തായ ദിവ്യജ്യോതിസ്സുള്ളതുപോലെ ഭൂമിയിലും ഒരു മഹത്തായ ദിവ്യജ്യോതിസ്സുണ്ട്. ആകാശ

ത്തിലെ ദിവ്യജ്യോതിസ്സ് വിശ്വാസപരമായ കാര്യമാണ്. സാധാരണക്കാരൻ ആകാശത്ത് പോയിട്ടില്ല. അത് കണ്ടിട്ടുമില്ല. എന്നാൽ, ഭൂമിയിലുള്ള ദൈവഭരണത്തിന്റെ ദിവ്യജ്യോതിസ്സ് സ്പഷ്ടമായി ഓരോ വ്യക്തിക്കും കാണാൻ സാധിക്കുന്നു[25].

ഓരോ മനുഷ്യനും അവൻ എത്രതന്നെ സമ്പന്നനാണെങ്കിലും ഒട്ടും ഇഷ്ടപ്പെടാതെ മരണത്തിന്റെ പാനപാത്രം കുടിക്കുന്നു. ആ യഥാർത്ഥ രാജാവിന്റെ കല്പന ഭൂമിയിൽ എപ്രകാരമാണ് പ്രഭാവിതമായിരിക്കുന്നതെന്ന് നോക്കുക. കല്പന വരുമ്പോൾ ആർക്കും മരണത്തെ ഒരു നിമിഷനേരത്തേക്കെങ്കിലും തടുത്തുനിറുത്തുവാൻ സാധ്യമല്ല. വളരെ ജുഗുപ്സാവഹവും ചികിത്സായോഗ്യമല്ലാത്തതുമായ രോഗം വന്നാൽ ഒരു ഭിഷഗ്വരനും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുകയില്ല. അതിനാൽ ദൈവഭരണത്തിന്റെ എങ്ങനെയുള്ള മഹിമാവിലാസമാണ് ഭൂമിയിൽ ഉള്ളതെന്ന് ചിന്തിക്കുക. അവന്റെ കല്പനയൊന്നും റദ്ദാക്കപ്പെടുകയില്ല. അപ്പോൾ ഭൂമിയിൽ അവന്റെ രാജ്യം വന്നിട്ടില്ല ഇനി എപ്പോഴെങ്കിലും വരാനിരിക്കുന്നേയുള്ളു എന്നെങ്ങനെ പറയാനാവും? നോക്കുക, ഇക്കാലത്തു ദൈവകല്പന പ്ലേഗിന്റെ രൂപത്തിൽ വന്നു, ഭൂമിയെ ഇളക്കിമറിച്ചു; തന്റെ വാഗ്ദത്ത മസീഹിന് ഒരു ദൃഷ്ടാന്തമാകാൻ. അവനിച്ഛിക്കാതെ ആർക്കാണീ രോഗം അകറ്റുവാൻ സാധിക്കുക? അപ്പോൾ ഈ ഭൂമിയിൽ ദൈവരാജ്യമില്ല എന്നാർക്കാണ് പറയുവാൻ സാധിക്കുക. അതെ, ഒരു ദുർവൃത്തൻ തടവുപുള്ളികളെപ്പോലെ അവന്റെ ഭൂമിയിൽ ജീവിക്കുകയും ഒരിക്കലും മരിക്കരുതെന്നാഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ, ദൈവത്തിന്റെ ശരിയായ ഭരണം അവനെ നശിപ്പിക്കുന്നു. അവസാനം അവൻ മരണ

---

25. ദൈവത്തിന്റെ യഥാർത്ഥ അനുസാരി മനുഷ്യൻ തന്നെയാണെന്ന് وَحَمَلَهَا الْإِنْسَانُ വഹമലഹൽ ഇൻസാനു എന്ന വചനം സ്പഷ്ടമാക്കിത്തരുന്നു. അവൻ തന്റെ അനുസരണത്തെ അനുരക്തിവരെ എത്തിക്കുന്നു. ദൈവത്തിന്റെ രാജ്യം ഈ ഭൂമിയിലുണ്ടെന്ന് ആയിരക്കണക്കിലുള്ള ആപത്തുകൾ തലയിൽ വീഴ്ത്തിക്കൊണ്ട് അവൻ സ്ഥാപിച്ചുകാണിക്കുന്നു. ചുരുക്കത്തിൽ ഹൃദയവേദനയോടെയുള്ള ഈ ആത്മാർത്ഥമായ അനുസരണഭാവം മലക്കുകൾക്കെങ്ങനെ പ്രാവർത്തികമാക്കാൻ സാധിക്കും?

ത്തിന്റെ കൈയിൽ ഒതുക്കപ്പെടുന്നു. അപ്പോൾ പിന്നെങ്ങനെയാണ് ഇതുവരെ ഭൂമിയിൽ ദൈവരാജ്യം വന്നിട്ടില്ലെന്ന് പറയുവാൻ സാധിക്കുക? നോക്കുക, ഭൂമിയിൽ ദൈവകല്പന പ്രകാരം നിത്യവും ഒരു നിമിഷത്തിൽ കോടിക്കണക്കിനാളുകൾ മരണപ്പെടുകയും ജനിക്കുകയും ചെയ്യുന്നു. അവന്റെ ഇച്ഛാനുസരണം കോടിക്കണക്കിന് സമ്പന്നർ ദരിദ്രരും, ദരിദ്രർ സമ്പന്നരുമായിത്തീരുന്നു. അപ്പോൾ ഭൂമിയിൽ ദൈവരാജ്യം വന്നിട്ടില്ലെന്നു എങ്ങനെ പറയുവാൻ സാധിക്കും. ആകാശങ്ങളിൽ മലക്കുകൾ മാത്രമാണ് വസിക്കുന്നത്. എന്നാൽ, ഭൂമിയിൽ മനുഷ്യരുമുണ്ട്, മലക്കുകളുമുണ്ട്. അവർ ദൈവത്തിന്റെ ജോലിക്കാരും അവന്റെ ഭരണത്തിന്റെ സേവകരുമാണ്. അവരെ മനുഷ്യരുടെ വിവിധ ജോലികളുടെ സൂക്ഷിപ്പുകാരായിട്ട് വിട്ടിരിക്കുന്നു. ആ മലക്കുകൾ എപ്പോഴും ദൈവത്തെ അനുസരിക്കുകയും തങ്ങളുടെ റിപ്പോർട്ടുകൾ കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. അപ്പോൾ ദൈവരാജ്യം ഭൂമിയിൽ വന്നിട്ടില്ല എന്നെങ്ങനെ പറയുവാൻ സാധിക്കും?

വാസ്തവത്തിൽ ദൈവം തന്റെ ഭൗമിക രാജത്വം മൂലമാണ് അധികമായി തിരിച്ചറിയപ്പെട്ടിരിക്കുന്നത്. കാരണം ആകാശത്തിന്റെ രഹസ്യം മറഞ്ഞതും കാണാൻ പറ്റാത്തതുമാണെന്ന് ഓരോ വ്യക്തിയും ധരിക്കുന്നു. വർത്തമാനകാലത്ത് എല്ലാ ക്രിസ്ത്യാനികളും അവരുടെ തത്ത്വചിന്തകന്മാരും ഇഞ്ചീലിന്റെ അധ്യാപനമനുസരിച്ച് ദൈവരാജ്യത്തിന്റെ ആശ്രയവും അവലംബവുമായ ആകാശങ്ങളുടെ അസ്തിത്വത്തെത്തന്നെ നിഷേധിച്ചിരിക്കുകയാണ്. എന്നാൽ, ഭൂമി നമ്മുടെ കാലടിക്കീഴിലുള്ള ഒരു ഗോളമാണ്. ആയിരക്കണക്കിന് ദൈവവിധികളുടെ കാര്യങ്ങൾ അതിൽ പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇതൊക്കെ മനസ്സിലാക്കിത്തരുന്നത് ഭൂമിയിൽ കാണപ്പെടുന്ന എല്ലാവിധ പരിവർത്തനങ്ങളും മാറ്റങ്ങളും ഉൽപാദനവും വിനാശവും ഒരു ശക്തനായ യജമാനന്റെ കല്പനക്ക് വിധേയമാണെന്നാണ്. അപ്പോൾ ഭൂമിയിൽ ദൈവരാജ്യം ഇപ്പോഴില്ല എന്ന് എങ്ങനെ പറയുവാൻ സാധിക്കും? ഈ രീതിയിലുള്ള അധ്യാ

പനം, ക്രിസ്ത്യാനികൾ ഉപരിലോകത്തെപ്പറ്റി വളരെ ശക്തിമത്തായ നിലയിൽ നിഷേധിക്കുന്ന ഈ കാലഘട്ടത്തിൽ അങ്ങേയറ്റം അനുചിതമായതാണ്. കാരണം ഭൂമിയിൽ ഇപ്പോൾ ദൈവരാജ്യം ഇല്ലെന്ന് പ്രസ്തുത പ്രാർത്ഥനയിൽ അംഗീകരിക്കപ്പെടുകയും മറുഭാഗത്ത് ഉപരിലോകത്തിന് ഒരു പ്രസക്തിയുമില്ലെന്ന് ക്രിസ്തീയ ഗവേഷകർ സത്യഹൃദയത്തോടെ വിശ്വസിക്കുകയും തങ്ങളുടെ നവംനവങ്ങളായ ഗവേഷണങ്ങളാൽ തീരുമാനിച്ചിരിക്കുകയും ചെയ്തിരിക്കെ അവർ ദൈവരാജ്യം ഭൂമിയിലുമില്ല, ആകാശത്തുമില്ല എന്ന നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുകയാണ് ചെയ്തിരിക്കുന്നത്. അതായത് ഉപരിലോകങ്ങളെ ക്രിസ്ത്യാനികൾ നിഷേധിക്കുന്നു. ഭൂമിയിൽ ദൈവരാജ്യം സ്ഥാപിതമായിട്ടില്ലെന്ന് ഇഞ്ചീൽ വ്യക്തമാക്കുന്നു. അപ്പോൾ അവരുടെ വിശ്വാസപ്രമാണമനുസരിച്ച് അവരുടെ ദൈവത്തിന്റെ പക്കൽ ഭൂമിയിലെ രാജ്യത്വവുമില്ല, ആകാശത്തിലേതുമില്ല. എന്നാൽ, നമ്മുടെ പ്രതാപവാനായ അല്ലാഹു ഫാത്തിഹ അധ്യായത്തിൽ ആകാശത്തിന്റേയോ ഭൂമിയുടേയോ പേരെടുക്കാതെ അവൻ സകല പ്രപഞ്ചങ്ങളുടേയും കർത്താവാണെന്ന യാഥാർത്ഥ്യം നമുക്ക് നല്കുന്നു. അതായത് എവിടെയൊക്കെ ജനവാസമുണ്ടോ എവിടെയൊക്കെ ഏതെങ്കിലും വിധത്തിലുള്ള സൃഷ്ടികളുണ്ടോ, ശരീരങ്ങളാകട്ടെ, ആത്മാക്കളാകട്ടെ അവയൊക്കെ സൃഷ്ടിക്കുന്നവനും പരിപാലിക്കുന്നവനും അല്ലാഹു ആകുന്നു.[26] അവൻ സദാസമയവും അവരെ പരിരക്ഷിക്കുകയും അവരുടെ സ്ഥിതികൾക്കനുയോജ്യമായ നിലയിൽ അവർക്ക് ഈ സംവിധാനങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. എല്ലാ പ്രപഞ്ചങ്ങളിലും സദാസമയവും, ഓരോ നിമിഷവും അവന്റെ പരിപാലനത്വവും പരമാകരുണികത്വവും ദയാർദ്രത്വവും രക്ഷാശിക്ഷാ നല്കാനുള്ള അധികാരത്വവും നടന്നുവരുന്നു. ഫാത്തിഹ അധ്യായത്തിലുള്ള **മാലിക്കിയൗമിദ്ദീൻ** എന്നതുകൊണ്ട്

---

26. നോക്കുക, ***റബ്ബുൽ ആലമീൻ*** (സകല പ്രപഞ്ചങ്ങളുടെയും നിയന്താവ്) എന്ന വാക്ക് എത്രമാത്രം സമ്പൂർണ്ണമാണ്. ഇതര ഗ്രഹങ്ങളിൽ ജനവാസമുണ്ടെന്നു സ്ഥാപിതമാവുകയാണെങ്കിൽ അവയൊക്കെ ഈ വാക്കിന് വിധേയമായി വരുന്നതാണ്.

പുനരുത്ഥാനനാളിൽമാത്രം രക്ഷാശിക്ഷാ നടക്കുമെന്നല്ല. പ്രത്യുത, വിശുദ്ധഖുർആനിൽ വളരെ വ്യക്തമായും ആവർത്തിച്ചാവർത്തിച്ചും പ്രസ്താവിച്ചിരിക്കുന്നത് പുനരുത്ഥാന നാൾ (ഖിയാമത്ത്) വലിയ വലിയ രക്ഷാശിക്ഷയുടെ നേരമായിരിക്കുമെന്നാണ്. എന്നാൽ, ഒരുവിധത്തിലുള്ള ശിക്ഷ ഇതേ ലോകത്ത് ആരംഭിക്കുന്നുണ്ട്. ഇതിലേക്ക് യജ്അല്ലക്കും ഫുർഖാനാ (അവൻ നിങ്ങൾക്ക് ഒരു വിവേചക വൈശിഷ്ട്യം നല്കി- 8:30) എന്ന ഖുർആനികവചനം വിരൽചൂണ്ടുന്നു.

ഇവിടെ ഒരുകാര്യംകൂടി കേൾക്കുക. ഇഞ്ചീലിലെ പ്രാർത്ഥനയിൽ ദൈനംദിനമുള്ള ആഹാരമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതുപറയുന്നു: "ഞങ്ങളുടെ ദൈനംദിനമുള്ള ആഹാരം ഇന്ന് ഞങ്ങൾക്ക് തരേണമേ". എന്നാൽ, അത്ഭുതമെന്നു പറയട്ടെ, ഇതുവരെ ഭൂമിയിൽ ദൈവരാജ്യം ലഭിച്ചിട്ടില്ലാത്തവൻ എങ്ങനെയാണ് ആഹാരം നല്കുക? ഇന്നേവരെ എല്ലാ കൃഷികളും എല്ലാ കായ്കനികളും അവന്റെ കല്പന പ്രകാരമല്ല സ്വയംഭൂ ആണല്ലോ? മഴ സ്വയം വർഷിക്കുന്നു. അപ്പോൾ ആർക്കെങ്കിലും ആഹാരം നല്കുവാൻ അവനെന്തധികാരമാണുള്ളത്? ദൈവരാജ്യം ഭൂമിയിൽ വരുമ്പോൾ അവനോട് ആഹാരം ചോദിക്കേണ്ടതാണ്. ഇപ്പോഴാണെങ്കിൽ അവന് ഒരു ഭൗതിക കാര്യത്തിലും പങ്കില്ല. ഈ സ്വത്തിൽ പൂർണ്ണമായ അധികാരം കൈവന്നാൽ മാത്രമല്ലേ അവന് ആർക്കെങ്കിലും ആഹാരം നല്കുവാൻ സാധിക്കുകയുള്ളൂ. ഈ സമയത്ത് അവനോട് ആവശ്യപ്പെടുന്നതുതന്നെ അഭംഗിയും അനുചിതവുമാണ്.

ഇതിനുശേഷം ആവശ്യപ്പെടുന്നത് 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ' എന്നാണ്. ഈ പരിതസ്ഥിതിയിൽ ഇതും ശരിയല്ല. കാരണം ഭൂമിയുടെ ഭരണം ഇപ്പോൾ അവന് ലഭിച്ചിട്ടില്ല. ഇപ്പോൾ ക്രിസ്ത്യാനികൾ അവന്റെ കൈയിൽ നിന്ന് ഒന്നും വാങ്ങി ഭക്ഷിക്കാത്തതുകൊണ്ട് പിന്നെ ഏത് കടമാണുണ്ടായിട്ടുള്ളത്? അങ്ങനെ കൈയിലൊന്നുമില്ലാത്ത ദൈവത്തെക്കൊണ്ട് കടം മാപ്പാക്കിക്കേണ്ട ഒരാവ

ശ്യവുമില്ല. അവനെ ഭയപ്പെടേണ്ടുന്ന ആവശ്യവും വരുന്നില്ല. കാരണം ഭൂമിയിൽ അവന്റെ രാജ്യം ഇപ്പോൾ വന്നിട്ടില്ല. അവന്റെ ഭരണകൂടത്തിന്റെ ചമ്മട്ടികൊണ്ടുള്ള ശിക്ഷ ഒരു ഭയവുമുണ്ടാക്കുകയില്ല. ഏതെങ്കിലും കുറ്റവാളിയെ ശിക്ഷിക്കുവാൻ അവനെന്ത് കാര്യമാണുള്ളത്? അല്ലെങ്കിൽ മൂസാനബിയുടെ കാലത്തെ അനുസരണമില്ലാത്ത ധിക്കാരികളായ ജനങ്ങളെപ്പോലെ പ്ലേഗയച്ചു നശിപ്പിക്കുവാനോ ലൂത്തിന്റെ സമുദായത്തെപ്പോലെ അവരുടെമേൽ കൽമഴ പെയ്യിക്കുവാനോ അല്ലെങ്കിൽ ഭൂകമ്പമോ ഇടിമിന്നലോ അല്ലെങ്കിൽ അതുപോലുള്ള ഏതെങ്കിലും ശിക്ഷയോ ഇറക്കി അനുസരണമില്ലാത്ത ജനങ്ങളെ നശിപ്പിക്കുവാനോ അവനെന്ത് ശക്തിയാണുള്ളത്? കാരണം ഇപ്പോൾ ദൈവത്തിന്റെ ഭരണം ഭൂമിയിൽ ഇല്ലല്ലോ.

ക്രിസ്ത്യാനികളുടെ ദൈവപുത്രൻ ദുർബ്ബലനായതുപോലെ പിതാവായ ദൈവവും ദുർബ്ബലനാണ്. അവന്റെ പുത്രന് പങ്കൊന്നുമില്ലാതിരുന്നതുപോലെ അവനും പങ്കൊന്നുമില്ല. ആ സ്ഥിതിയിൽ അവനോട് 'ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ' എന്ന് പ്രാർത്ഥിക്കുന്നത് നിരർത്ഥകമാണ്. ക്ഷമിക്കാൻ അവനെപ്പോഴാണ് കടം തന്നിട്ടുള്ളത്? കാരണം ഭൂമിയിൽ ദൈവരാജ്യം ഇതുവരെ വന്നിട്ടില്ലാത്ത സ്ഥിതിയിൽ ഭൂമിയിലുള്ള ഉൽപാദനം അവന്റെ കല്പനയനുസരിച്ചാകുന്നില്ല. ഭൗമിക വസ്തുക്കൾ അവന്റേതല്ല; സ്വയംഭൂവാണ്. കാരണം ഭൂമിയിൽ അവന്റെ കല്പന നടപ്പിലില്ല. ഭൂമിയിൽ അവന് ഭരണമോ രാജ്യത്വമോ ഇല്ലാതിരിക്കെ, ഒരു ഭൗതികസുഖവും അവന്റെ രാജകീയ കല്പനയ്ക്കനുസൃതമല്ലാതിരിക്കെ അവനു ശിക്ഷിക്കുവാനുള്ള അവകാശമോ അധികാരമോ ഇല്ല. അതുകൊണ്ട് അത്തരം ശക്തിയറ്റവനെ തങ്ങളുടെ ദൈവമാക്കുകയും ഭൂമിയിലുള്ള ഏതെങ്കിലും കാര്യത്തിനായി അവനോട് പ്രതീക്ഷ വെക്കുകയും ചെയ്യുന്നത് വിഡ്ഢിത്തമാകുന്നു. കാരണം ഭൂമിയിൽ ഇപ്പോൾ അവന്റെ രാജ്യത്വമില്ലല്ലോ.

എന്നാൽ, ഫാത്തിഹ അധ്യായത്തിലെ പ്രാർത്ഥന നമുക്ക് പഠിപ്പിക്കുന്നത് ദൈവത്തിന് ഇതര പ്രപഞ്ചങ്ങളുടെ മേലുള്ളത്

പോലെ ഭൂമിയിലും സദാസമയവും അധീശാധികാരമുണ്ടെന്നാണ്. ഫാത്തിഹ അധ്യായത്തിന്റെ ആരംഭത്തിൽത്തന്നെ, ലോകത്ത് മറ്റൊരു ഗ്രന്ഥത്തിലും വ്യക്തമായി പറഞ്ഞിട്ടില്ലാത്ത ദൈവത്തിന്റെ തികവുറ്റതും സുശക്തവുമായ വിശേഷഗുണങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. എപ്രകാരമെന്നാൽ അല്ലാഹു താൻ പരമകാരുണികനാണെന്നും കരുണാമയനാണെന്നും രക്ഷാശിക്ഷയുടെ നാളിന്റെ ഉടമസ്ഥനാണെന്നും പറയുന്നു. എന്നിട്ട് അവനോടു പ്രാർത്ഥിക്കുവാനുള്ള പാഠം നല്കുന്നു. ആ പ്രാർത്ഥന യേശുമസീഹ് പഠിപ്പിച്ച പ്രാർത്ഥനപോലെ ഓരോ ദിവസത്തേയും ആഹാരത്തിനുവേണ്ടിയുള്ള അപേക്ഷയല്ല. മറിച്ച്, അനാദികാലം തൊട്ട് മനുഷ്യന് നല്കപ്പെട്ട പ്രകൃതിക്കനുസൃതമായ നിലയിൽ അവന്റെ ദാഹശമനത്തിനുള്ള പ്രാർത്ഥനയാണ്. അതിതാണ്.

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۙ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۬

***ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം.***

അതായത് അല്ലയോ പരിപൂർണ്ണ വിശേഷഗുണങ്ങളുടെ ഉടമസ്ഥനായുള്ളോനേ! ഓരോ അണുവും നിന്റെ ഔദാര്യങ്ങളിൽ നിന്നാണ് പരിപാലിക്കപ്പെടുന്നത്. നിന്റെ പരമകാരുണികതയിൽ നിന്നും ദയാർദ്രതയിൽനിന്നും രക്ഷാശിക്ഷാ നടപടികളുടെ അധികാരത്വത്തിൽനിന്നും ഫലമനുഭവിക്കുന്നു. നീ ഞങ്ങളെ പൂർവ്വകാല സാത്ത്വികരുടെ പിന്തുടർച്ചാവകാശികളാക്കിത്തീർക്കേണമേ. നീ അവർക്ക് നല്കിയിരുന്ന ഓരോ അനുഗ്രഹവും ഞങ്ങൾക്കും നല്കേണമേ. ഞങ്ങൾ അനുസരണമില്ലാത്തവരാകുന്നതിൽനിന്നും നിന്റെ ക്രോധത്തിനു പാത്രീഭൂതരാകുന്നതിൽനിന്നും നീ ഞങ്ങളെ രക്ഷപ്പെടുത്തേണമേ. നിന്റെ സഹായമില്ലാതെ ഭാഗ്യംകെട്ടവരായി വഴികേടിലാകുന്നതിൽനിന്ന് നീ ഞങ്ങളെ കാത്തുരക്ഷിക്കേണമേ. ആമീൻ.

ഈ അന്വേഷണങ്ങളിൽനിന്നെല്ലാം ഇഞ്ചീലിന്റേയും ഖുർആന്റേയും പ്രാർത്ഥനകൾക്കിടയിലുള്ള അന്തരം വ്യക്തമാണ്.

അതായത്, ഇഞ്ചീൽ ദൈവരാജ്യം വരുന്നതിനെക്കുറിച്ച് വാഗ്ദാനം ചെയ്യുമ്പോൾ ഖുർആൻ വ്യക്തമാക്കുന്നത് ദൈവ രാജ്യം നിങ്ങളിലുണ്ടെന്നാണ്. ഉണ്ടെന്നു മാത്രമല്ല, പ്രാവർത്തി കമായ നിലയിൽ അവന്റെ അനുഗ്രഹ ഔദാര്യങ്ങൾ നിങ്ങളിൽ നിലനിന്നു വരുന്നുവെന്നാണ്.

ഇഞ്ചീലിൽ വെറും ഒരു വാഗ്ദാനം മാത്രമാണുള്ളത്. എന്നാൽ, ഖുർആൻ വെറും വാഗ്ദാനം മാത്രമല്ല, സ്ഥാപിത മായ ദൈവരാജ്യത്തേയും അതിന്റെ ഔദാര്യങ്ങളേയും കാണി ച്ചുതരുന്നു. ഈ ലോകജീവിതത്തിൽ സത്യവാന്മാരുടെ രക്ഷ കനും സൗഖ്യം നല്കുന്നവനുമായ ദൈവത്തെ സമർപ്പിക്കു ന്നുവെന്നതാണ് വിശുദ്ധഖുർആന്റെ മഹത്ത്വം. അവന്റെ ഔദാര്യം ലഭിക്കാത്ത ആരും തന്നെയില്ല. ഓരോ ആത്മാവി ന്മേലും അതിന്റെ കഴിവിന്നനുസരിച്ച നിലയിൽ അവന്റെ പരി പാലനത്വത്തിന്റേയും പരമകാരുണികത്വത്തിന്റേയും ദയാർദ്രത്വ ത്തിന്റേയും ഔദാര്യം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

എന്നാൽ, ഇഞ്ചീൽ സമർപ്പിക്കുന്ന ദൈവത്തിന്റെ രാജ്യം ഇപ്പോൾ ലോകത്ത് വന്നിട്ടില്ല. വരുമെന്നുള്ള വെറും വാഗ്ദാനമേ യുള്ളൂ. ബുദ്ധി ഏതൊന്നിനെയാണ് അനുസരണയോഗ്യമായി കരുതുന്നതെന്ന് ചിന്തിച്ചുനോക്കുക.

***ഹാഫിസ് ശീറാസി*** സത്യമാണ് പറഞ്ഞിട്ടുള്ളത്:

അല്ലയോ ശയ്ഖേ,
എന്റെ ഗുരുനാഥന്റെ (ഹദ്റത്ത് മുഹമ്മദ് നബിയുടെ)
ശിഷ്യനാണ് ഞാൻ.
അങ്ങ് എന്നോട് ദ്വേഷപ്പെടേണ്ട.
കാരണം വാഗ്ദാനം മാത്രമേ അങ്ങ് ചെയ്തിരുന്നുള്ളൂ.
അത് പൂർത്തിയാക്കിയത് അദ്ദേഹമാണ്.

സുവിശേഷങ്ങളിൽ ശാന്തരേയും സാധുക്കളേയും ദരിദ്ര രേയും മിസ്ക്കീന്മാരേയും സ്തുതിച്ചു പറഞ്ഞിട്ടുണ്ട്. പക്ഷേ, പീഡിതരുടെ സ്തുതി മാത്രമേയുള്ളൂ. അവർക്കുവേണ്ടി പ്രതി

കരിക്കുന്നില്ല. എന്നാൽ, എപ്പോഴും നിങ്ങൾ മിസ്ക്കീന്മാരായിത്തന്നെ നിലകൊള്ളണമെന്നും തിന്മയെ എതിർക്കരുതെന്നും വിശുദ്ധഖുർആൻ പറയുന്നില്ല. അത് പറയുന്നത് സൗമ്യതയും നിസ്സഹായതയും ദരിദ്രഭാവവും പ്രതികരിക്കാതിരിക്കലും നല്ലതാണെങ്കിലും അസ്ഥാനത്ത് ഉപയോഗിക്കുകയാണെങ്കിൽ മോശമാണെന്നാണ്. അതുകൊണ്ട് നിങ്ങൾ സ്ഥലവും സന്ദർഭവും നോക്കി ഓരോ നന്മയും ചെയ്യുക. കാരണം സ്ഥലത്തിനും സന്ദർത്തിനും ചേർന്നതല്ലാത്ത നന്മ, തിന്മയാകുന്നു. ഉദാഹരണത്തിന് മഴ എത്രമാത്രം നല്ലതും അത്യാവശ്യവുമായ സംഗതിയാണ്. എന്നാൽ, അത് അനവസരത്തിലാണെങ്കിൽ, നാശത്തിന് കാരണമായിത്തീരുന്നു. തണുത്ത ആഹാരം അല്ലെങ്കിൽ ചൂട് ആഹാരം തുടർച്ചയായി കഴിക്കുന്നത് കൊണ്ട് നിങ്ങളുടെ ആരോഗ്യം നിലനില്ക്കുകയില്ലെന്ന് നിങ്ങൾ കാണുന്നു. സന്ദർഭത്തിനും സ്ഥലത്തിനുമനുസരിച്ച് ആഹാരപാനീയ വസ്തുക്കളിൽ മാറ്റമുണ്ടായിക്കൊണ്ടിരുന്നെങ്കിലേ നിങ്ങളുടെ ആരോഗ്യം നിലനില്ക്കുകയുള്ളൂ. അതിനാൽ കഠിനതയിലും അനുകമ്പയിലും പകരം വീട്ടലിലും മാപ്പ് ചെയ്യലിലും പ്രാർത്ഥനയിലും ശാപപ്രാർത്ഥനയിലും മറ്റ് സ്വഭാവഗുണങ്ങളിലും സന്ദർഭാനുസരണമുള്ള മാറ്റം അതാഗ്രഹിക്കുന്നു. ഉന്നതനിലയിലുള്ള സഹനശീലനും സ്നേഹ സ്വഭാവമുള്ളവനുമായിത്തീരുക; അസ്ഥാനത്തും അനവസരത്തിലുമല്ല. ഇതോടൊപ്പം ഒരു കാര്യംകൂടി ഓർത്തുകൊള്ളുക, സ്വാർത്ഥതാപരമായ ഉദ്ദേശ്യങ്ങളുടെ വിഷം കലരാത്ത യഥാർത്ഥമായ ഉൽക്കൃഷ്ട സ്വഭാവഗുണം ഉപരിലോകത്തുനിന്ന് പരിശുദ്ധാത്മാവു മുഖേനയാണ് വരുന്നത്. അതുകൊണ്ട് ഏതുവരെ നിങ്ങൾക്ക് ഉപരിലോകത്തുനിന്ന് ആ വിശിഷ്ട ധാർമ്മികഗുണങ്ങൾ ലഭിക്കുന്നില്ലയോ അതുവരെ ആ സവിശേഷഗുണങ്ങളെ സ്വന്തം പരിശ്രമങ്ങൾ കൊണ്ടുമാത്രം കരഗതമാക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ, ആകാശീയമായ അനുഗ്രഹങ്ങളിൽനിന്ന് പരിശുദ്ധാത്മാവു മുഖേന ഉൽക്കൃഷ്ടസ്വഭാവത്തിന്റെ ഓഹരി ലഭിക്കാത്തവർ ആ വാദത്തിൽ വ്യാജരായിരിക്കും. അവരുടെ ജലത്തിന്നടിയിൽ ധാരാളം അഴുക്കുകളും മാലിന്യങ്ങളുമുണ്ട്. അത് വികാര

ത്തള്ളിച്ചയുടെ നേരത്ത് വെളിപ്പെടുന്നു. അതുകൊണ്ട് ഈ ചെളിയിൽനിന്നും മാലിന്യങ്ങളിൽനിന്നും നിങ്ങൾ രക്ഷ പ്രാപിക്കുന്നതിനും പരിശുദ്ധാത്മാവ് നിങ്ങളിൽ യഥാർത്ഥ പരിശുദ്ധിയും സൂക്ഷ്മതയും ഉണ്ടാക്കുന്നതിനും അല്ലാഹുവിനോട് എപ്പോഴും ശക്തി തേടുക.

ഓർത്തുകൊള്ളുക, സത്യസന്ധവും പരിശുദ്ധവുമായ ധാർമ്മികഗുണങ്ങൾ സാത്ത്വികരായ ജനങ്ങളുടെ അമാനുഷിക ദൃഷ്ടാന്തമാകുന്നു. ആ ഗുണങ്ങളിൽ മറ്റാർക്കുംതന്നെ ഒരു പങ്കുമില്ല. കാരണം അല്ലാഹുവിൽ ലയിക്കാത്തവർ മുകളിൽനിന്ന് ശക്തിയാർജ്ജിക്കുന്നില്ല. അതിനാൽ പരിശുദ്ധമായ ധാർമ്മിക ഗുണങ്ങൾ സ്വായത്തമാക്കുവാൻ അവർക്ക് സാധിക്കുന്നതല്ല. നിങ്ങൾ നിങ്ങളുടെ അല്ലാഹുവിനോട് പരിശുദ്ധമായ ബന്ധം പുലർത്തുക. പരിഹാസം, അവഹേളനം, പക, അസഭ്യം, അത്യാർത്തി, നുണ, വ്യഭിചാരം, ദുർന്നോട്ടം, ദുശ്ചിന്ത, ഭൗതികാസക്തി, അഹങ്കാരം, അഹംഭാവം, ആത്മപ്രശംസ, ദുഷ്ടത, കുതർക്കം എന്നിവയെല്ലാം ഉപേക്ഷിക്കുക. അതിനുശേഷം നിങ്ങൾക്ക് ഇതെല്ലാം ഉപരിലോകത്തുനിന്ന് ലഭിക്കുന്നതാണ്. നിങ്ങളെ ഉയരത്തിലേക്ക് വലിച്ചുകൊണ്ടുപോകേണ്ട ആ അജ്ഞ്യശക്തി നിങ്ങളോടൊപ്പം ഉണ്ടാകാത്തിടത്തോളം, ജീവിതം പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവേശിക്കാത്തിടത്തോളം നിങ്ങൾ അങ്ങേയറ്റം ദുർബ്ബലരും അന്ധകാരത്തിൽ അകപെട്ട് കിടക്കുന്നവരുമായിരിക്കും. എന്നല്ല, നിങ്ങൾ നിർജ്ജീവരായിരിക്കും. ഈ അവസ്ഥയിൽ ഏതെങ്കിലും ആപത്തിനെ നേരിടാനോ ഐശ്വര്യത്തിന്റേയും സമ്പത്തിന്റേയും പരിതസ്ഥിതിയിൽ അഹങ്കാരത്തിൽനിന്നും പൊങ്ങച്ചത്തിൽനിന്നും രക്ഷപ്പെടാനോ സാധിക്കുകയില്ല. നാലുവശത്തൂടേയും നിങ്ങൾ സാത്താന്റേയും ഇന്ദ്രിയേച്ഛയുടേയും അധീനത്തിലായിരിക്കുന്നതാണ്. അതുകൊണ്ട് നിങ്ങൾക്കുള്ള പ്രതിവിധി ദൈവഹസ്തങ്ങളിൽനിന്നിറങ്ങുന്ന പരിശുദ്ധാത്മാവ് നിങ്ങളുടെ മുഖം നന്മയിലേക്കും സത്യസന്ധതയിലേക്കും തിരിക്കുക എന്നതാണ്. ശയ്ത്താൻ കടന്നുപോകുന്ന വഴിക

ളിൽനിന്ന് സുരക്ഷിതരായിരിക്കാൻ നിങ്ങൾ ആകാശത്തിന്റെ മക്കളാകുക; ഭൂമിയുടെ മക്കളല്ല. വെളിച്ചത്തിന്റെ അനന്തരാവകാശികളാകുക; ഇരുട്ടിനെ പ്രേമിക്കുന്നവരല്ല. കാരണം സാത്താന്റെ ബന്ധം എപ്പോഴും രാത്രിയുമായിട്ടാണ്, പകൽ വെളിച്ചവുമായിട്ട് അവനൊരു ബന്ധവും ഇല്ലതന്നെ. കാരണം അവൻ അന്ധകാരത്തിൽ പദമൂന്നുന്ന പഴയ മോഷ്ടാവാണ്.

വിശുദ്ധഖുർആനിലെ ഫാത്തിഹ അധ്യായം വെറുമൊരു അധ്യാപനം മാത്രമല്ല. അതിൽ മഹത്തായ പ്രവചനവും അടങ്ങിയിട്ടുണ്ട്. അതിതാണ്: "അല്ലാഹു തന്റെ നാല് വിശിഷ്ടഗുണങ്ങളായ പരിപാലനത്വം, പരമകാരുണികത്വം, ദയാർദ്രത്വം, രക്ഷാശിക്ഷയുടെ നാളിന്റെ അധികാരത്വം എന്നിവയെക്കുറിച്ച് അനുസ്മരിക്കുകയും പൊതുവിലുള്ള തന്റെ ദിവ്യശക്തി പ്രകടിപ്പിക്കുകയും ചെയ്തതിനു ശേഷം തുടർന്നുള്ള വചനങ്ങളിൽ ഈ പ്രാർത്ഥന പഠിപ്പിച്ചുതന്നിരിക്കുന്നു. അതായത്, അല്ലാഹുവേ, ഞങ്ങളെ പൂർവ്വകാല സത്യാത്മാക്കളുടേയും പ്രവാചകന്മാരുടേയും റസൂൽമാരുടേയും അവകാശികളാക്കിത്തീർക്കേണമേ. അവരുടെ പാത ഞങ്ങൾക്കു വ്യക്തമാക്കിത്തന്ന് അവർക്ക് ലഭിച്ച അനുഗ്രഹങ്ങൾ ഞങ്ങൾക്കും പ്രദാനം ചെയ്യേണമേ. അല്ലാഹുവേ, ഈ ലോകത്തുതന്നെ നിന്റെ ശിക്ഷ ഇറങ്ങിയിരുന്ന സമുദായത്തിൽപെട്ട് പോകുന്നതിൽനിന്ന് നീ ഞങ്ങളെ സംരക്ഷിക്കേണമേ. അതായത് മസീഹിന്റെ കാലത്തുള്ള യഹൂദികൾ പ്ലേഗുമൂലം നാശമടഞ്ഞിരുന്നു. നീ ഞങ്ങളെ അവരിൽ പെടുത്താതിരിക്കേണമേ. അല്ലാഹുവേ, നിന്റെ മാർഗ്ഗദർശനം ലഭിക്കാത്തതിന്റെ ഫലമായി മാർഗ്ഗഭ്രംശം വന്ന ജനങ്ങളിൽ അതായത് നസാറാക്കളിൽ നീ ഞങ്ങളെ പെടുത്താതിരിക്കേണമേ." ഈ പ്രാർത്ഥനയിൽ ഒരു പ്രവചനം മറഞ്ഞിരിപ്പുണ്ട്. അതായത് മുസ്ലിംകളിൽ ചിലർ തങ്ങളുടെ സത്യസന്ധതയും പരിശുദ്ധിയും കാരണം നബിമാരുടെ പിന്തുടർച്ചാവകാശികളായിത്തീരുകയും നുബുവ്വത്തിന്റേയും രിസാലത്തിന്റേയും അനുഗ്രഹങ്ങൾ ലഭിച്ചവരായിമാറുകയും ചെയ്യുന്നതാണ്. ചിലർ യഹൂദി സ്വഭാവക്കാരായിത്തീരും. അവരിൽ ഈ ലോകത്തു

തന്നെ ശിക്ഷ ഇറങ്ങുന്നതായിരിക്കും. ചിലർ ക്രിസ്തുമതത്തിന്റെ വസ്ത്രം ധരിച്ചവരായിരിക്കും. കാരണം ദൈവഗ്രന്ഥത്തിൽ നിർണ്ണയിക്കപ്പെട്ട നടപടിക്രമമാണിത് : ഏതെങ്കിലും ഒരു ജനതയെ ഒരു കാര്യത്തിൽനിന്ന്തടയുമ്പോൾ അവരിൽ ചിലർ തീർച്ചയായും പ്രസ്തുത നിഷിദ്ധകാര്യം ചെയ്യുന്നതാണെന്ന് അല്ലാഹുവിന്നറിയാം. ചിലർ നന്മയിലും സൗഭാഗ്യത്തിലും ഭാഗഭാക്കാകുന്നവരുമുണ്ടാകും. ലോകാരംഭം തൊട്ട് അവസാനംവരെ ദൈവനിയുക്തമായ എല്ലാ ഗ്രന്ഥങ്ങളിലും അല്ലാഹുവിന്റെ ഈ സനാതന നിയമം ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. അതായത് അവൻ ഒരു ജനതയെ ഒരു കാര്യത്തിൽനിന്ന് തടയുകയോ ഒരു കാര്യത്തോട് താൽപര്യമുണ്ടാക്കുകയോ ചെയ്താൽ ചിലർ ആ കാര്യം ചെയ്യുകയും ചിലർ ചെയ്യാതിരിക്കുകയും ചെയ്യുന്നതാണെന്ന കാര്യം അവന്റെ അറിവിൽ നിശ്ചയിക്കപ്പെട്ടിട്ടുണ്ടാകും. ഈ ഉമ്മത്തിൽനിന്ന് ഏതെങ്കിലും വ്യക്തി പരിപൂർണ്ണമായനിലയിൽ നബിമാരുടെ വർണ്ണത്തിൽ പ്രത്യക്ഷനാകുന്നതാണെന്ന് ഫാത്തിഹ അധ്യായം പ്രവചിച്ചുകൊണ്ടിരിക്കുന്നു. ആ പ്രവചനം ***സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം*** എന്ന വചനത്തിൽനിന്ന് പ്രകടമാണ്. അത് പരിപൂർണ്ണവും തികവുറ്റതുമായ നിലയിൽ പൂർത്തിയാകേണ്ടതുണ്ട്. അവരിൽനിന്ന് ഒരു കൂട്ടർ ഹദ്റത്ത് ഈസാനബിയുടെ ശാപത്തിന് പാത്രീഭവിക്കുകയും ദൈവശിക്ഷക്ക് ഇരയാവുകയും ചെയ്ത യഹൂദികളുടെ വർണ്ണത്തിൽ പ്രത്യക്ഷപ്പെടുന്നതും ***ഗയ്രിൽ മഗ്ളൂബി അലയ്ഹിം*** എന്ന വചനത്തിൽ പ്രവചിക്കപ്പെട്ട കാര്യം പൂർത്തിയാകുന്നതുമാണ്. അവരിൽനിന്ന് ഒരുകൂട്ടർ ക്രിസ്ത്യാനികളുടെ വർണ്ണം ഉൾക്കൊണ്ടവരായി പ്രത്യക്ഷപ്പെടുന്നതായിരിക്കും. അവർ തങ്ങളുടെ മദ്യപാനം, ദുഷ്കർമ്മം, കുറ്റകൃത്യങ്ങൾ എന്നിവ കാരണം ദൈവത്തിൽനിന്നുള്ള രക്ഷാമാർഗ്ഗം നഷ്ടപ്പെട്ടവരായിത്തീരുകയും അങ്ങനെ ***വലള്ളാലീൻ*** എന്ന പ്രവചനം പ്രകടമാക്കുകയും ചെയ്യുന്നതാണ്. അവസാനകാലത്ത് ആയിരക്കണക്കിലുള്ള മുസ്ലിംകൾ യഹൂദിസ്വഭാവക്കാരായി തീരുമെന്നുള്ളത് മുസ്ലിംകളുടെ വിശ്വാസത്തിൽപെട്ട കാര്യമാണ്. വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലും ഈ പ്രവ

ചനമുണ്ടുതാനും. നൂറുക്കണക്കിന് മുസ്‌ലിംകൾ ക്രിസ്തീയരായിത്തീരുകയും അല്ലെങ്കിൽ ക്രിസ്ത്യാനികളെപ്പോലെ ഒരു നിയന്ത്രണവുമില്ലാത്ത സ്വതന്ത്രജീവിതം നയിക്കുകയും ചെയ്യുന്നത് കണ്ടുവരുന്നു. എന്നുമാത്രമല്ല മുസ്‌ലിംകളെന്നു പറയപ്പെടുന്ന ധാരാളമാളുകൾ ക്രിസ്ത്യാനികളുടെ സാമൂഹികജീവിതം ഇഷ്ടപ്പെടുന്നവരാണ്. മുസ്‌ലിംകളാണെന്ന് പറഞ്ഞുകൊണ്ടുതന്നെ നമസ്കാരം, നോമ്പ് മറ്റു വിധിവിലക്കുകൾ എന്നിവയെ വലിയ വെറുപ്പോടെ നോക്കുന്നവരുമുണ്ട്. ഈ രണ്ട് കക്ഷികളും- യഹൂദി സ്വഭാവക്കാരും ക്രിസ്ത്യൻ സ്വഭാവക്കാരും ഈ രാജ്യത്ത് വ്യാപിച്ചിരിക്കുന്നത് കാണുന്നു. ഫാത്തിഹ അധ്യായത്തിലുള്ള ഈ രണ്ട് പ്രവചനങ്ങളും പൂർത്തിയായത് നിങ്ങൾ കണ്ടുകഴിഞ്ഞിരിക്കുന്നു. എത്രകണ്ട് മുസ്‌ലിംകൾ യഹൂദസ്വഭാവക്കാരാണെന്നും എത്രകണ്ട് മുസ്‌ലിംകൾ ക്രിസ്ത്യാനികളുടെ വസ്ത്രത്തിലുള്ളവരാണെന്നും നിങ്ങൾ സ്വന്തം കണ്ണുകൊണ്ട് ദർശിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഇപ്പോൾ മൂന്നാമത്തെ പ്രവചനവും വിശ്വസിക്കുവാൻ പോരുന്നതാണ്; മുസ്‌ലിംകൾ യഹൂദി നസാറാക്കളായി അവരുടെ തിന്മകളിൽ ഭാഗഭാക്കായിരിക്കുന്നതുപോലെ യിസ്റായേൽ സന്തതികളിൽ കഴിഞ്ഞുകടന്ന പരിശുദ്ധന്മാരുടെ സ്ഥാനത്തുനിന്നും പദവിയിൽനിന്നും പങ്ക് ലഭിക്കുന്ന ചിലരും ഉണ്ടായിരിക്കേണ്ടതാവശ്യമാകുന്നു.

മുസ്‌ലിംകൾ, യഹൂദി നസാറാക്കളുടെ തിന്മകളിൽ ഭാഗഭാക്കാണെന്നു അല്ലാഹു പറയുകയും എത്രത്തോളമെന്നാൽ, അവരുടെ പേരുതന്നെ യഹൂദി എന്ന് വെക്കുകയും ചെയ്തിട്ട് അവരുടെ ദൈവദൂതന്മാരുടേയും നബിമാരുടേയും ആത്മീയ നിലകളിൽനിന്ന് ഈ ഉമ്മത്തിന് ഒന്നും നല്കിയില്ലാ എന്നു പറയുന്നത് അവന്റെമേലുള്ള ദുർഭാവനയായിരിക്കും. അപ്പോൾ ഈ സമുദായം എങ്ങനെയാണ് സമുദായങ്ങളിൽ ശ്രേഷ്ഠമാകുന്നത്? എന്നല്ല, അവർ സമുദായങ്ങളിൽ ഏറ്റവും മോശപ്പെട്ടവരായിരിക്കും. ഓരോ തിന്മയുടേയും മാതൃക അവർക്ക് കിട്ടി. പക്ഷേ, നന്മയുടെ ഒരു മാതൃകയും അവർക്ക് കിട്ടിയില്ലത്രെ!

ബനൂയിസ്റായേലിൽ വന്നിരുന്ന പ്രവാചകന്മാരുടെ അവ

കാശിയും അവരുടെ പ്രതിച്ഛായയുമായി ഈ സമുദായത്തിലും പ്രവാചകന്മാരും ദൂതന്മാരും വരേണ്ടുന്ന ആവശ്യമില്ലേ? കാരണം അല്ലാഹു ഈ സമുദായത്തിൽ യഹൂദി സ്വഭാവക്കാരായ ആയിരക്കണക്കിനാളുകളെ സൃഷ്ടിക്കുകയും ആയിരക്കണക്കിനാളുകളെ ക്രിസ്തുമതത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തുവെങ്കിലും പൂർവ്വികന്മാരായ പ്രവാചകന്മാരുടെ അവകാശിയും അനുഗ്രഹം ലഭിച്ചവരുമായിട്ട് ഒരാളെക്കൂടി നിയമിക്കാതിരിക്കുക എന്നത് അല്ലാഹുവിന്റെ കാരുണ്യത്തിന് നിരക്കാത്ത കാര്യമാണ്.

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ﴿۶﴾ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ

***ഇഹ്ദിന സ്സിറാത്തൽ മുസ്തഖീമ സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം*** എന്ന വചനത്തിലുള്ള പ്രവചനവും മുസ്ലിംകൾ യഹൂദി നസാറാക്കളായി തീരുമെന്ന പ്രവചനം പൂർത്തിയായതുപോലെ പൂർത്തിയാകേണ്ടതാണ്. എപ്രകാരം ഈ സമുദായത്തിൽ ആയിരക്കണക്കിനാളുകൾ യഹൂദി നസാറാക്കളായി തീരുന്നതാണെന്ന് വിശുദ്ധഖുർആനിൽനിന്നും ഹദീഥുഗ്രന്ഥങ്ങളിൽനിന്നും പ്രവചനങ്ങൾ സ്ഥാപിതമാകുന്നുണ്ടോ അതേപ്രകാരം അല്ലാഹുവിന്റെ അനുഗ്രഹം ആവശ്യപ്പെടുന്നത് നന്മകളുടെ അവകാശികളും ഈ സമുദായത്തിലുണ്ടാകണമെന്നാണ്. യഹൂദി നസാറാക്കളുടെ തിന്മകൾ സ്വായത്തമാക്കിയവർ ഉണ്ടായിട്ടുള്ളതുപോലെ അവരുടെ നന്മകൾ സ്വായത്തമാക്കിയവരും ഉണ്ടായിരിക്കേണ്ടതാണ്. അതുകൊണ്ടാണ് അല്ലാഹു ഫാത്തിഹ അധ്യായത്തിൽ ***ഇഹ്ദിന സ്സിറാത്തൽ മുസ്തഖീം*** എന്ന വചനത്തിൽ ഈ സമുദായത്തിലെ ചില വ്യക്തികൾ പൂർവ്വകാല പ്രവാചകന്മാരുടെ അനുഗ്രഹം ലഭിച്ചവരായിട്ടുണ്ടാകുമെന്ന സുവിശേഷം നല്കിയിരിക്കുന്നത്. അവർ യഹൂദി നസാറാക്കളായിക്കൊണ്ട് അവരുടെ തിന്മകൾക്കു മാത്രം അവകാശികളാവാതെ, അവരിലെ നന്മകളും സ്വായത്തമാക്കുന്നവർ ഉണ്ടായിരിക്കുന്നതാണ്. ഇതിലേക്ക് തഹ്രീം എന്ന അധ്യായത്തിലും സൂചന നല്കപ്പെട്ടിരിക്കുന്നു. അതായത്, ഈ സമുദായത്തിലുള്ള ചില വ്യക്തികളെക്കുറിച്ച് അവർ ചാരിത്ര്യ

വതിയായ ഹദ്റത്ത് മർയം സിദ്ദീഖയോട് താദാത്മ്യം പ്രാപിച്ച വരായിട്ടുണ്ടാകും. അപ്പോൾ അവരുടെ ഗർഭപാത്രത്തിൽ ഈസാ യുടെ ആത്മാവ് ഊതപ്പെടും. അതിൽനിന്ന് ഈസാ ജന്മമെടു ക്കും. അതായത് ഈ ഉമ്മത്തിൽപെട്ടയാൾക്ക് ആദ്യമായി മർയ മിന്റെ സ്ഥാനം നല്കുന്നതാണെന്നും അതിനുശേഷം അദ്ദേഹ ത്തിൽ ഈസായുടെ ആത്മാവ് (റൂഹ്) ഊതപ്പെടുന്നതാണെന്നും പിന്നീട് മർയമിൽനിന്ന് ഈസാ ജന്മമെടുക്കുന്നതാണെന്നും പ്രസ്തുത വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. ആ ആൾ മർയമിന്റെ സവിശേഷഗുണങ്ങളിൽനിന്ന് ഈസായുടെ സവി ശേഷഗുണങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നതാണ്. മർയ മാകുന്ന സവിശേഷഗുണം ഈസാ എന്ന ശിശുവിനെ പ്രസവിക്കും. ഈ രീതിയിൽ ആ ആൾ ഇബ്നു മർയം എന്ന് പറയപ്പെടും. എപ്രകാരമെന്നാൽ, ബറാഹീനെ അഹ്മദിയ്യായിൽ ആദ്യം എന്റെ നാമം മർയം എന്നു വെക്കപ്പെട്ടു. ബറാഹീനെ അഹ്മദിയ്യാ 241-ാം ഭാഗത്ത് أَنّٰى لَكِ هٰذَا ***അന്നാലക്ക ഹാദാ*** എന്ന ഇൽഹാം ഇതിലേക്ക് വെളിച്ചം വീശുന്നു. അതായത് ഓ, മർയമേ, നീ ഈ അനുഗ്രഹം എവിടെനിന്നാണ് കരസ്ഥമാക്കി യത്? അതേപ്രകാരം 226-ാം ഭാഗത്തുള്ള هُزِّىْ إِلَيْكِ بِجِذْعِ النَّخْلَةِ ***ഹുസ്സി ഇലയ്ക്ക ബി ജദഇന്നഖ്ലത്തി*** മർയമേ, 'ഈത്തപ്പഴമ രത്തിന്റെ തടി നീ കുലുക്കുക' എന്ന ഇൽഹാമും ഇതിലേക്ക് സൂചന നല്കുന്നു. അതിനുശേഷം ബറാഹീനെ അഹ്മദിയ്യാ 496-ാം പേജിലുള്ള يَا مَرْيَمُ اسْكُنْ أَنْتَ وَزَوْجُكَ الْجَنَّةَ نَفَخْتُ فِيْكَ مِنْ لَّدُنِّىْ رُوْحَ الصِّدْقِ ***യാ മർയമുസ്കുൻ അൻത വ സൗ ജുക്കൽജന്നത്ത നഫ്ഖത്തു ഫീക്ക മിൻല്ലദുന്നീ റൂഹുസ്സി ദഖി*** എന്ന ഇൽഹാമും ഇതിലേക്ക് സൂചന നല്കുന്നു. മർയമേ, നീ നിന്റെ സുഹൃത്തുക്കളോടൊപ്പം സ്വർഗ്ഗത്തിൽ പ്രവേശിക്കു ക. ഞാൻ നിന്നിൽ എന്റെ അടുക്കെനിന്ന് സത്യത്തിന്റെ ആത്മാ വിനെ ഊതിയിരിക്കുന്നു. അല്ലാഹു ഇവിടെ ഈ വചനത്തിൽ എന്റെ നാമം റൂഹുസ്സിദ്ഖ് എന്നു വെച്ചു. ഇത് ***നഫഖ്നാ ഫീഹി മിൻറൂഹിനാ*** എന്ന വചനത്തിന് പകരമായിട്ടുള്ളതാണ്. ഇവിടെ

**ആലങ്കാരികരീതിയിൽ മർയമിന്റെ ഉദരത്തിൽ 'റൂഹുസ്സ്വിദ്ഖ്** എന്ന പേരുള്ള ഈസായുടെ ആത്മാവ് ചെന്നുവീണു. പിന്നീട് അവസാനമായി ബറാഹീനെ അഹ്മദിയ്യാ 556-ാം പേജിൽ മർയമിന്റെ ഉദരത്തിലുള്ള ഈസായുടെ ജനനത്തെക്കുറിച്ച് ഇപ്രകാരം ദിവ്യവെളിപാടുണ്ടായി.

يَا عِيسَىٰ إِنِّي مُتَوَفِّيكَ وَرَافِعُكَ إِلَيَّ وَجَاعِلُ الَّذِينَ اتَّبَعُوكَ فَوْقَ الَّذِينَ كَفَرُوا إِلَىٰ يَوْمِ الْقِيَامَةِ

***യാ ഈസാ ഇന്നീ മുത്തവഫ്ഫീക്ക വ റാഫിഉക്ക ഇലയ്യ വ മുത്തഹ്ഹിറുക്ക മിനല്ലദീന കഫ്റു ഇലായൗമിൽ ഖിയാമത്തി.*** ഇവിടെ എന്റെ നാമം ഈസാ എന്ന് വെക്കപ്പെട്ടു. ഈ ഇൽഹാം 496-ാം പേജിൽ ആത്മാവ് ഊതപ്പെട്ടുവെന്ന് പറയപ്പെട്ട ആ ഈസാ ജനിച്ചിരിക്കുന്നുവെന്ന് വെളിവാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഈസബ്നു മർയം എന്ന് പറയപ്പെട്ടു. കാരണം ഈസായുടെ എന്റെ പദവി മർയമിന്റെ പദവിയാൽ ദൈവത്തിന്റെ നിശ്വാസത്തിൽനിന്ന് ജന്മം കൊണ്ടു. ഇതേ സംഭവം അത്തഹ്രീം എന്ന അധ്യായത്തിൽ ഒരു പ്രവചനമെന്നോണം തികച്ചും വ്യക്തമായി വിവരിച്ചിരിക്കുന്നു. അതായത് ഈസബ്നു മർയം ഈ ഉമ്മത്തിൽ ഇപ്രകാരം ജന്മമെടുക്കുന്നതാണ്: ആദ്യമായി ഈ ഉമ്മത്തിലെ ഒരു വ്യക്തി മർയം ആക്കപ്പെടും. അതിനുശേഷം ആ മർയമിൽ ഈസായുടെ ആത്മാവ് ഊതപ്പെടും. അങ്ങനെ ആ വ്യക്തി മർയമിയത്താകുന്ന ഗർഭപാത്രത്തിൽ ഒരുകാലംവരെ വളർച്ച പ്രാപിച്ച് ഈസായുടെ ആധ്യാത്മികതയിൽ ജന്മമെടുക്കുന്നതാണ്.[27] ഇപ്രകാരം അദ്ദേഹം ഈസബ്നു മർയം എന്ന് വിളിക്കപ്പെടുന്നു. മുഹമ്മ

27. വിശുദ്ധഖുർആന്റെ അർത്ഥഗർഭമായ ഈ ആലങ്കാരിക പ്രയോഗത്തേയും, മഹ്ദി മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) അതിനു നല്കിയ സാരസമ്പൂർണ്ണമായ വ്യാഖ്യാനത്തേയും ചില അല്പജ്ഞാനികൾ ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യാറുണ്ട്. ഈ ആലങ്കാരിക പ്രയോഗം അറബിയിലും ഉർദുവിലും മാത്രമല്ല മലയാളഭാഷയിലുമുണ്ട്. ഉദാ: കോഴിക്കോട് മുതലക്കുളത്ത് ഒരു മുസല്യാർക്ക് നല്കിയ സ്വീകരണയോഗത്തെ സംബന്ധിച്ച് ഒരു മുസ്ലിം പത്രത്തിൽവന്ന റിപ്പോർട്ടിലെ ഒരു ഭാഗം ശ്രദ്ധിക്കുക. "എന്നാൽ കോഴിക്കോട് മുതലക്കുളം മൈതാനിയിൽ മുസ്ല്യാർക്ക് നല്കപ്പെട്ട സ്വീകരണയോഗത്തിൽ സ്വാഗതപ്രസംഗകൻ പറഞ്ഞത്, ശൈഖുനാ 10 ദിവസം ഗർഭം ധരിച്ചുവെന്നും 11-ാം ദിവസം അഹ്ലുസുന്നത്തെന്ന പൊന്നോമനകുഞ്ഞിനെ പ്രസവിച്ചുവെന്നുമാണ്." (ശബാബ് 1992 ഫെബ്രുവരി 14 വെള്ളിയാഴ്ച, പേജ് 9). പ്രസാ:

ദീ ഇബ്നുമർയമിനെക്കുറിച്ചുള്ള ഈ വാർത്ത വിശുദ്ധഖുർ ആനിൽ അത്തഹ്രീം എന്ന അധ്യായത്തിൽ 13 നൂറ്റാണ്ട് മുമ്പേ തന്നെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. പിന്നീട് ബറാഹീനെ അഹ്മ ദിയ്യായിൽ അത്തഹ്രീം എന്ന അധ്യായത്തിലെ പ്രസ്തുത ആയ ത്തുകൾക്ക് അല്ലാഹു താൻതന്നെ വ്യാഖ്യാനം നല്കിയിരിക്കു ന്നു. വിശുദ്ധഖുർആൻ നിലവിലുണ്ട്. ഒരു ഭാഗത്ത് വിശുദ്ധ ഖുർആൻ വെക്കുക. മറുഭാഗത്ത് ബറാഹീനെ അഹ്മദിയ്യായും വെക്കുക. എന്നിട്ട് നീതിന്യായത്തോടും ബുദ്ധിയും തഖ്വയും ഉപയോഗിച്ചും അത്തഹ്രീം എന്ന അധ്യായത്തിലുള്ള പ്രസ്തുത വചനം അതായത് ഈ സമുദായത്തിലും ഒരു വ്യക്തി മർയം എന്ന് പറയപ്പെടുമെന്നും പിന്നീട് മർയമിൽനിന്ന് ഈസയായി രൂപാന്തരപ്പെടുന്നതാണെന്നുമുള്ള ദിവ്യവെളിപാടുകൾ എപ്ര കാരമാണ് പൂർത്തിയായതെന്നും നോക്കുക.

എന്ത്? ഇത് മനുഷ്യന്റെ കഴിവാണോ? ഇത് എന്റെ അധി കാരത്തിൽപെട്ടതായിരുന്നുവോ? എന്നെ ഇബ്നുമർയം ആക്കു വാനായി ഏതെങ്കിലും ആയത്ത് ഇറക്കിത്തരണമെന്നും 'താങ്കൾ ഇബ്നുമർയം എന്ന് എന്തിന് പറയപ്പെടണം' എന്ന ആക്ഷേപ ത്തിൽനിന്ന് മുക്തനാക്കുന്നതിനുമായി അപേക്ഷ കൊടുക്കാൻ വിശുദ്ധഖുർആന്റെ അവതരണകാലത്ത് ഞാനുണ്ടായിരു ന്നുവോ? ഇന്നേക്ക് 20, 22 വർഷങ്ങൾക്കു മുമ്പേ, എന്നല്ല, അതി നേക്കാൾ മുമ്പേ ഞാൻ സ്വയം ഇൽഹാം കെട്ടിച്ചമച്ചുണ്ടാക്കി എന്റെ പേർ മർയം എന്ന് വെക്കുകയും തദനന്തരം ഒരു കുറ്റു കെട്ടെന്നോണം ആദ്യകാലത്തെ മർയമിനെപോലെ എന്നിൽ ഈസായുടെ ആത്മാവ് ഊതപ്പെട്ടുവെന്നും പിന്നീട് ബറാഹീനെ അഹ്മദിയ്യായുടെ 556-ാം പേജിൽ മർയമിൽനിന്ന് ഞാനിപ്പോൾ ഈസായെ സ്വയം എഴുതിയുണ്ടാക്കിയെന്നുമാണോ പറയു ന്നത്?

പ്രിയമുള്ളവരേ, ചിന്തിക്കുക. അല്ലാഹുവിനെ ഭയപ്പെടുക. ഇതൊരിക്കലും മനുഷ്യന്റെ പ്രവർത്തിയല്ല. വളരെ നേർത്തതും അതിസൂക്ഷ്മവുമായ ഈ യുക്തിജ്ഞാനങ്ങൾ മനുഷ്യന്റെ ബുദ്ധിസാമർത്ഥ്യത്തിനും സങ്കല്പങ്ങൾക്കുമതീതമാണ്. ഒരു

കാലം പിന്നിട്ട ബറാഹീനെ അഹ്മദിയ്യായുടെ രചനാസമയത്ത് ഈ ഗൂഢപദ്ധതിയെക്കുറിച്ച് എനിക്ക് ചിന്തയുണ്ടായിരുന്നുവെങ്കിൽ ഞാൻ അതേ ബറാഹീനെ അഹ്മദിയ്യായിൽ മസീഹ് ഈസബ്നു മർയം ആകാശത്തുനിന്ന് വീണ്ടും ഇറങ്ങുന്നതാണെന്ന് എന്തിന് എഴുതണം? ഈ സൂക്ഷ്മമായ കാര്യത്തെക്കുറിച്ച് അറിവുണ്ടായിരുന്നുവെങ്കിൽ ഈ തെളിവ് ബലഹീനമാകുമെന്ന് അല്ലാഹുവിന്നറിയാമായിരുന്നു. അതുകൊണ്ട് അവൻ ബറാഹീനെ അഹ്മദിയ്യായുടെ മൂന്നാം ഭാഗത്ത് എന്റെ നാമം മർയം എന്നു വെക്കുകയുണ്ടായി. ബറാഹീനെ അഹ്മദിയ്യായിൽനിന്ന് വ്യക്തമാകുന്നതുപോലെ രണ്ടുവർഷങ്ങൾവരെ മർയമീയ്യത്തിന്റെ വിശേഷ സ്വഭാവത്തിൽ ഞാൻ പരിപാലിക്കപ്പെടുകയും മറയ്ക്കുള്ളിൽ വളർച്ച പ്രാപിക്കുകയും ചെയ്തു.

ബറാഹീനെ അഹ്മദിയ്യാ നാലാംഭാഗം 496 ആറാംപേജിൽ രേഖപ്പെട്ടതുപോലെ രണ്ട് വർഷങ്ങൾ കഴിഞ്ഞപ്പോൾ മർയമിനെപോലെ ഈസായുടെ ആത്മാവ് എന്നിലൂതപ്പെടുകയും ആലങ്കാരികമായി എന്നെ ഗർഭം ധരിച്ചവനായി നിശ്ചയിക്കുകയും അവസാനം പത്തുമാസത്തിലധികമല്ലാത്ത ഒരു കാലയളവിനുശേഷം ബറാഹീനെ അഹ്മദിയ്യാ നാലാം ഭാഗം 556-ാം പേജിൽ രേഖപ്പെട്ടതുപോലെ ദിവ്യവെളിപാട് മുഖേന മർയമിൽ നിന്ന് എന്നെ ഈസയാക്കുകയും ചെയ്തു[28].

അങ്ങനെ ഈ രീതിയിൽ ഞാൻ ഇബ്നുമർയമായി നിശ്ചയിക്കപ്പെട്ടു. അല്ലാഹു ബറാഹീനെ അഹ്മദിയ്യായുടെ രചനാസമയത്ത് ഈ ഗുപ്ത രഹസ്യത്തെക്കുറിച്ച് എന്നെ അറിയിച്ചിരുന്നില്ല. എന്നാൽ, ഈ രഹസ്യമടങ്ങിയ എല്ലാ ഇൽഹാമുകളും എനിക്ക് ഇറങ്ങിയിട്ടുണ്ടായിരുന്നു. അവയൊക്കെ ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുകയും ചെയ്തു. എന്നാൽ, എനിക്ക് അവയുടെ അർത്ഥങ്ങളേയും ക്രമങ്ങളേയും കുറിച്ചുള്ള അറിയിപ്പ് അപ്പോൾ നല്കപ്പെട്ടിരുന്നില്ല. അതുകൊണ്ടാണ് എന്റെ നിഷ്കപടതയിലും അകൃത്രിമത്വത്തിലും അവർ സാക്ഷിയാകുന്നതിനുവേണ്ടി മുസ്ലിംകളിൽ നടപ്പിലുള്ള വിശ്വാസം ബറാ

28. കുറിപ്പ് 27 നോക്കുക

ഹീനെ അഹ്മദിയ്യായിൽ എഴുതിയത്. അപ്രകാരം ഞാൻ എഴുതിയിരുന്നത് ദിവ്യവെളിപാടിന്റെ അടിസ്ഥാനത്തിലായിരുന്നില്ല; അത് നടപ്പിലുള്ള വിശ്വാസമായിരുന്നു.

എതിരാളികളെ സംബന്ധിച്ചിടത്തോളം അത് ഒരു പ്രമാണമാകുന്നില്ല. കാരണം അല്ലാഹു എന്നെ അറിയിക്കാതിരുന്നതുവരെ എനിക്ക് പരോക്ഷമായ കാര്യത്തെക്കുറിച്ചുള്ള ഒരറിവും ഉണ്ടായിരുന്നില്ല. ഇൽഹാമിയായ ചില രഹസ്യങ്ങൾ ഞാൻ അറിയാതിരിക്കുകയെന്നത് ആ കാലത്ത് ദൈവികയുക്തി അനുസ്യൂതമായതായിരുന്നു. എന്നാൽ, സമയം വന്നപ്പോൾ ആ രഹസ്യങ്ങൾ എനിക്കറിയിച്ചുതന്നു. അപ്പോൾ ബറാഹീനെ അഹ്മദിയ്യായിൽ വ്യക്തമായി എഴുതപ്പെട്ട വാഗ്ദത്ത മസീഹാണെന്ന എന്റെ വാദത്തിൽ പുതുതായി ഒരു കാര്യവും ഇല്ലെന്ന് എനിക്ക് മനസ്സിലായി.

ഇവിടെ എനിക്കുണ്ടായ മറ്റൊരു ദിവ്യവെളിപാടുകൂടി അനുസ്മരിക്കുകയാണ്. ഞാൻ എന്റെ ഏതെങ്കിലും ഗ്രന്ഥത്തിലോ വിജ്ഞാപനത്തിലോ ആ ഇൽഹാം പ്രസിദ്ധീകരിച്ചിരുന്നുവോ, എന്നെനിക്കോർമ്മയില്ല. പക്ഷേ, നൂറുക്കണക്കിലുള്ളവർക്ക് അത് ഞാൻ കേൾപ്പിച്ചിരുന്നുവെന്നെനിക്കോർമ്മയുണ്ട്. എന്റെ സ്മൃതിപഥത്തിലുള്ള ഇൽഹാമുകളിൽ അതുണ്ട്. അല്ലാഹു ആദ്യമായിട്ടെന്നെ മർയം എന്ന് സംബോധന ചെയ്യുകയും പിന്നീട് റൂഹ് ഊതപ്പെടുകയും ചെയ്ത കാലത്തുള്ള ദിവ്യവെളിപാടായിരുന്നു അത്. അതിനുശേഷം അവന്റെ ഈ വെളിപാടുണ്ടായി.

فَأَجَاءَهَا الْمَخَاضُ إِلَىٰ جِذْعِ النَّخْلَةِ قَالَتْ يَا لَيْتَنِي مِتُّ قَبْلَ هَٰذَا وَكُنتُ نَسْيًا مَّنسِيًّا

***ഫ അജാഅഹൽ മിഖാദു ഇലാ ജസഇന്നഖ്‌ലതി ഖാലത്ത് യാലയ്ത്തനീ മിത്തു ഖബ്‌ല ഹാദാ വകുൻതു നസീയൻമ്മൻസിയാ*** പിന്നീട് മർയമിനെ (**ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഈ വിനീതനാണ്**) പ്രസവവേദന ഈത്തപ്പഴവൃക്ഷത്തിലേക്കെത്തിച്ചു. അതായത് പൊതുജനങ്ങളേയും അജ്ഞരും വിദ്യാവിഹീനരുമായ പണ്ഡിതന്മാരേയും നേരിടേണ്ടിവന്നു. അവരുടെ പക്കൽ ഈമാന്റെ മധുരഫലം ഉണ്ടായിരുന്നില്ല. അവർ

നിഷേധിക്കുകയും നിന്ദിക്കുകയും ചീത്തപറയുകയും ചെയ്തു കൊണ്ടിരുന്നു. അങ്ങനെ അവർ (എതിർപ്പിന്റെ) ഒരു കൊടുങ്കാറ്റുതന്നെ വിതച്ചു. അപ്പോൾ മർയം പറഞ്ഞു: 'ഞാൻ ഇതിനു മുമ്പേ മരണപ്പെടുകയും നാമാവശേഷമായിത്തീരുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനെ'. ഇത് ആരംഭത്തിൽ മൗലവിമാരുടെ ഭാഗത്തുനിന്നുണ്ടായിരുന്ന ഏകോപിച്ച ഒച്ചപ്പാടുകളിലേക്ക് വിരൽചൂണ്ടുന്നു. അവർക്ക് ഈ വാദം സഹിക്കുവാൻ സാധിച്ചില്ല. ഓരോ കാരണം പറഞ്ഞ് അവരെന്നെ നശിപ്പിക്കുവാനാഗ്രഹിച്ചു. തദവസരത്തിൽ അജ്ഞരായ ജനങ്ങളുടെ ഒച്ചപ്പാടുകൾ കണ്ട് എന്റെ ഹൃദയത്തിലുണ്ടായിരുന്ന ദുഃഖവും വ്യസനവും അല്ലാഹു ഇവിടെ ചിത്രീകരിച്ചുകാണിച്ചിരിക്കുന്നു.

ഇതുസംബന്ധിച്ചു വേറെയും ദിവ്യവെളിപാടുകൾ ഉണ്ടായിരുന്നു:

لَقَدْ جِئْتِ شَيْئًا فَرِيًّا مَا كَانَ اَبُوْكِ امْرَءَ سَوْءٍ وَّمَا كَانَتْ اُمُّكِ بَغِيًّا

**ലഖദ് ജിഅ്ത്തി ശയ്അൻ ഫരിയ്യാ മാകാന അബൂക്കിംറഅ സൗഇൻവ്വമാകാനത്ത് ഉമ്മുക്കി ബഗിയ്യാ** പിന്നീട് ഇതോടൊപ്പമുണ്ടായിരുന്ന ഒരു ഇൽഹാം ബറാഹീനെ അഹ്മദിയ്യാ 521 -ാം ഭാഗത്ത് രേഖപ്പെട്ടിരിക്കുന്നു:

اَلَيْسَ اللّٰهُ بِكَافٍ عَبْدَهٗ

وَلِنَجْعَلَهٗ اٰيَةً لِّلنَّاسِ وَرَحْمَةً مِّنَّا وَكَانَ اَمْرًا مَّقْضِيًّا

അതായത് ***അലയ്സ്സല്ലാഹു ബി ഖാഫിൻ അബ്ദഹു, വലി നജ്അലഹു ആയത്തല്ലിന്നാസി വറഹ്മത്തൻമ്മിന്നാ വകാന അംറൻമ്മഖ്ളിയാ ഖൗലൽ ഹഖില്ലദി ഫീഹി തംതറൂൻ***

തർജജമ- ജനങ്ങൾ പറഞ്ഞു, ഹേ മർയമേ! വെറുക്കപ്പെട്ടതും നിന്ദ്യവുമായ എന്ത് പണിയാണ് നീ ചെയ്തിരിക്കുന്നത്?

നിന്റെ പിതാവും നിന്റെ മാതാവും ഇപ്രകാരമുള്ളവരായിരുന്നില്ലല്ലോ[29]. എന്നാൽ, അല്ലാഹു ഈ ആരോപണങ്ങളിൽനിന്ന് തന്റെ ദാസനെ മോചിപ്പിക്കുന്നതാണ്. നാം അദ്ദേഹത്തെ (ഈ വിനീതനെ) ജനങ്ങൾക്കായി ഒരു ദൃഷ്ടാന്തമാക്കുന്നതാണ്. ആരംഭം തൊട്ടേ ഈ കാര്യം വിധിക്കപ്പെട്ടതാകകൊണ്ട് അപ്രകാരംതന്നെ സംഭവിക്കേണ്ടതാകുന്നു. ഇത് ഈസബ്നു മർയമാണ്. ജനങ്ങൾ ഇതിൽ സംശയിച്ചുകൊണ്ടിരിക്കുന്നു. ഇതുതന്നെയാണ് സത്യമായ വചനം." ഇതൊക്കെ ബറാഹീനെ അഹ്മദിയ്യായിലെ വചനങ്ങളാണ്. ഈ ഇൽഹാം വാസ്തവത്തിൽ ഹദ്റത്ത് ഈസാനബി(അ)യെ കുറിച്ചും അദ്ദേഹത്തിന്റെ മാതാവിനെക്കുറിച്ചുമുള്ള ഖുർആനിക വചനങ്ങളാണ്. ഈ വചനങ്ങളിൽ ഏതൊരു ഈസായെക്കുറിച്ച് ജനങ്ങൾ നിയമാനുസൃതമായ (അനുവദനീയമായ) രീതിയിലല്ലാതെ ജനിച്ച മനുഷ്യൻ എന്നാരോപിച്ചുവോ അദ്ദേഹത്തെക്കുറിച്ചാണ് അല്ലാഹു താൻ അദ്ദേഹത്തെ ഒരു ദൃഷ്ടാന്തമാക്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നത്. ഏതൊരു ഈസായെക്കുറിച്ചുള്ള പ്രതീക്ഷയാണോ ഉണ്ടായിരുന്നത് അതേ ഈസാ തന്നെയാണിത്. ഇൽഹാമിയായ വചനങ്ങളിലുള്ള മർയം, ഈസാ എന്നതുകൊണ്ട് ഞാൻ തന്നെയാണുദ്ദേശ്യം. നാം അദ്ദേഹത്തെ ഒരടയാളമാക്കുമെന്ന് അരുൾ ചെയ്തതും എന്നെക്കുറിച്ചുതന്നെയാണ്. ജനങ്ങൾ സംശയിക്കുന്നതും വരാനിരിക്കുന്നതുമായ അതേ ഈസബ്നു മർയം തന്നെയാണ് പറയപ്പെട്ടിരിക്കുന്നത്. ഇതുതന്നെയാണു സത്യം. വരാനിരിക്കുന്നയാൾ ഇതുതന്നെയാണ്. ഇതിലുള്ള സംശയം

29. ഈ ഇൽഹാമിനെ സംബന്ധിച്ച് എനിക്കൊരു കാര്യം ഓർമ്മവന്നു. ബട്ടാലയിൽ ഫദ്ൽശാഹ് എന്നോ മെഹർശാഹ് എന്നോ പേരുള്ള ഒരു സയ്യിദുണ്ടായിരുന്നു. അദ്ദേഹത്തിന് എന്റെ പിതാവിനോട് വളരെയധികം സ്നേഹവും ബഹുമാനവുമായിരുന്നു. എന്റെ വാഗ്ദത്ത മസീഹ് വാദത്തെക്കുറിച്ച് ആരോ അദ്ദേഹത്തോട് പറഞ്ഞപ്പോൾ അദ്ദേഹം വളരെ വിലപിച്ചുകൊണ്ട് പറഞ്ഞു, ഇദ്ദേഹത്തിന്റെ പിതാവ് വളരെ നല്ല ആളായിരുന്നു. അതായത് ഈ മനുഷ്യൻ ആരിൽനിന്നാണുണ്ടായത്? അദ്ദേഹം സൽസ്വഭാവിയും കറ്റുകെട്ടുകളായ കാര്യങ്ങളിൽനിന്ന് വളരെ ദൂരസ്ഥനും സദ്വൃത്തനുമായ മുസൽമാനായിരുന്നു. കൂടാതെ പലരും എന്നോട് നിങ്ങൾ നിങ്ങളുടെ കുടുംബത്തിന് കളങ്കം വരുത്തിയിരിക്കുന്നുവെന്ന് പറഞ്ഞിരുന്നു.

അജ്ഞതകൊണ്ടു മാത്രമാണ്. ദൈവികരഹസ്യങ്ങളെക്കുറിച്ചറിയാത്തവരും യാഥാർത്ഥ്യത്തിലേക്ക് ദൃഷ്ടിപായിക്കാതെ ബാഹ്യാർത്ഥത്തിൽ മാത്രം ദൃഷ്ടി പായിക്കുന്നവരുമാണവർ.

ഫാത്തിഹ അധ്യായത്തിന്റെ മഹത്തായ ഉദ്ദേശ്യങ്ങളിൽ ഒന്ന്

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ

**ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം** എന്ന പ്രാർത്ഥനയാണെന്നും ഓർക്കുക. അതായത് എപ്രകാരം ഇഞ്ചീലിലെ പ്രാർത്ഥനയിൽ അപ്പത്തിനായി അപേക്ഷിക്കപ്പെട്ടുവോ, അതേപ്രകാരം ഈ പ്രാർത്ഥനയിൽ അല്ലാഹുവിനോടു പൂർവ്വികപ്രവാചകന്മാർക്ക് നല്കപ്പെട്ടിരുന്ന എല്ലാ അനുഗ്രഹങ്ങൾക്കുമായി അർത്ഥിക്കപ്പെടുകയാണ്. ഈ താരതമ്യവും ദർശനയോഗ്യമാണ്. മസീഹിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ട് **ക്രിസ്ത്യാനികൾക്ക് അപ്പത്തിന്റെ സാധനസാമഗ്രികൾ വളരെയധികം** കിട്ടിയതുപോലെ ഈ ഖുർആനിക പ്രാർത്ഥന ഹദ്റത്ത് നബിതിരുമേനി(സ) മുഖേന സ്വീകരിക്കപ്പെട്ട് സാത്ത്വികരും സജ്ജനങ്ങളുമായ മുസ്‌ലിംകൾ പ്രത്യേകിച്ചും അവരിൽത്തന്നെയുള്ള സമ്പൂർണ്ണവ്യക്തി ബനീ ഇസ്റായിലിലെ പ്രവാചകന്മാർക്ക് പിന്തുടർച്ചാവകാശിയായി നിശ്ചയിക്കപ്പെട്ടു.

വാസ്തവത്തിൽ ഈ ഉമ്മത്തിൽനിന്നുള്ള വാഗ്ദത്ത മസീഹിന്റെ ജനനവും ഇതേ **പ്രാർത്ഥനാസ്വീകാര്യതയുടെ ഫലമാണ്.** കാരണം ധാരാളം സാത്ത്വികരായ ആളുകൾ ബനീ ഇസ്റായീൽ പ്രവാചകന്മാരുമായി പരോക്ഷമായ സാദൃശ്യത്തിൽ പങ്കുകാരായിരുന്നു. എന്നാൽ, ഈ ഉമ്മത്തിലെ വാഗ്ദത്ത മസീഹ് വളരെ പ്രത്യക്ഷമായ നിലയിൽ ദൈവകല്പനയും നിർദ്ദേശവുമനുസരിച്ച് യിസ്റായേലി മസീഹിന് സദൃശ്യനായി എഴുന്നേല്പിക്കപ്പെട്ടിരിക്കുന്നു. മുഹമ്മദീ പരമ്പരയുടെ സാദൃശ്യം ഗ്രഹിക്കാനായിട്ടാണിത്. ഇതേ ഉദ്ദേശ്യത്തോടുകൂടിയാണ് ഈ **മസീഹ്**, മർയമിന്റെ പുത്രനുമായി എല്ലാ വശത്തൂടേയും

സാദൃശ്യമാക്കപ്പെട്ടിരിക്കുന്നത്. ഏതുവരെയെന്നാൽ ഈ ഇബ്നുമർയമിന്റെമേൽ പരീക്ഷണവും യിസ്രായേൽക്കാരനായ ഇബ്നുമർയമിനുണ്ടായതുപോലെ വരണം. ഒന്നാമതായി മർയമിന്റെ മകൻ ഈസാ ദൈവത്തിന്റെ ഊത്തുകൊണ്ടാണ് സൃഷ്ടിക്കപ്പെട്ടത്. അതേപോലെ ഈ മസീഹും വിശുദ്ധഖുർആനിലെ തഹ്രീം എന്ന അധ്യായത്തിലെ വാഗ്ദാനമനുസരിച്ച് ദൈവത്തിന്റെ ഊത്തുകൊണ്ടുമാത്രം മർയമിന്റെ ഉള്ളിൽനിന്ന് സൃഷ്ടിക്കപ്പെട്ടു. ഈസബ്നുമർയം ജനിച്ചപ്പോൾ വളരെയധികം ഒച്ചപ്പാടുകളുയർന്നു. ആത്മീയാന്ധത ബാധിച്ച ശത്രുക്കൾ മർയമിനോടു പറഞ്ഞു, لَقَدْ جِئْتِ شَيْئًا فَرِيًّا ***ലഖദ് ജിഅ്ത്തി ശയ്യൻഫരിയ്യാ*** നീ മോശമായ കാര്യമാണ് ചെയ്തിരിക്കുന്നത് (മർയം 28). ഇതേപ്രകാരം ഇവിടേയും പറയപ്പെടുകയും വൻബഹളമുണ്ടാക്കുകയും ചെയ്തു. യിസ്റായേലി മർയമിന്റെ ഗർഭധാരണാവസരത്തിൽ ശത്രുക്കൾക്ക് അല്ലാഹു:

وَلِنَجْعَلَهُ آيَةً لِلنَّاسِ وَرَحْمَةً مِنَّا ۚ وَكَانَ أَمْرًا مَقْضِيًّا

**വലിനജ്അലഹു ആയത്തല്ലിന്നാസി വറഹ്മത്തൻമ്മിന്നാ വകാന അംറൻമ്മഖ്ളിയാ** എന്ന മറുപടി നല്കി. ഇതേ മറുപടി അല്ലാഹു എന്നെക്കുറിച്ച് ബറാഹീനെ അഹ്മദിയ്യായിൽ ആലങ്കാരികനിലയിൽ ആത്മീയമായ ഗർഭധാരണ സമയത്ത് ശത്രുക്കൾക്ക് നല്കി. പറഞ്ഞു: നിങ്ങളുടെ വഞ്ചനാത്മകമായ പ്രവർത്തനങ്ങൾകൊണ്ട് അദ്ദേഹത്തെ നശിപ്പിക്കുവാൻ സാധിക്കുന്നതല്ല. ഞാൻ അദ്ദേഹത്തെ ജനങ്ങൾക്ക് **കാരുണ്യത്തിന്റെ ദൃഷ്ടാന്തമാക്കുന്നതാണ്**. അപ്രകാരംതന്നെ ആവണമെന്നത് ആരംഭംതൊട്ടുതന്നെ വിധിക്കപ്പെട്ടതാണ്. കൂടാതെ യഹൂദിപണ്ഡിതന്മാർ ഹദ്റത്ത് ഈസാനബിക്കെതിരെ കുഫ്ർ ഫത്വ പുറപ്പെടുവിക്കുകയും, ദുഷ്ടനായ ഒരു യഹൂദി പണ്ഡിതൻ ഫത്വ തയ്യാർ ചെയ്യുകയും ഇതര പണ്ഡിതന്മാർ അതനുസരിച്ച് ഫത്വ നല്കുകയും ബയ്ത്തുൽ മുഖദ്ദസിലെ നൂറുക്കണക്കായ പണ്ഡിതന്മാർ-ഇവരിൽ അധികപേരും അഹ്ലെ ഹദീഥുകാരായിരുന്നു- ഹദ്റത്ത് ഈസാനബിക്കെതിരെ കുഫ്റു ഫത്വയിൽ മുദ്ര

വെക്കുകയും ചെയ്തതുപോലെ എന്നോടും പെരുമാറി[30].

ഹദ്റത്ത് ഈസായ്ക്കെതിരെ കുഫ്ർ ഫത്വ നല്കിയ ശേഷം അദ്ദേഹത്തെ വളരെ പീഡിപ്പിച്ചു. വായിൽകൊള്ളാത്ത ചീത്തകൾ പറഞ്ഞു. പരിഹസിച്ചും നിന്ദിച്ചും ഗ്രന്ഥങ്ങൾ എഴുതപ്പെട്ടു. അതേ അവസ്ഥതന്നെയാണ് ഇവിടെയും നേരിടേണ്ടിവന്നത്. 1800 വർഷങ്ങൾക്കുശേഷം അതേ ഈസ വീണ്ടും ജനിച്ചതുപോലെതന്നെ! അതേ യഹൂദികൾ വീണ്ടും ജനിച്ചതുപോലെ! ആഹ്! ഇതേ അർത്ഥമാണ് **ഗയ്രിൽ മഗ്ളൂബി അലയ്ഹിം** എന്ന പ്രവചനത്തിന്റേത്. അത് അല്ലാഹു ആദ്യമേ

---

30. ഹദ്റത്ത് ഈസാനബി(അ)യുടെ കാലത്ത് യഹൂദികൾ പല കക്ഷികളായിട്ടുണ്ടായിരുന്നുവെങ്കിലും അവരിൽ രണ്ടുകൂട്ടരാണ് സത്യമാർഗ്ഗത്തിൽ നിലനിന്നിരുന്നവരെന്ന് കരുതപ്പെട്ടിരുന്നു. (1) ഒരുകൂട്ടർ തൗറാത്തിൽ നിഷ്ഠയുള്ളവരായിരുന്നു. അതിൽനിന്ന് ഗവേഷണം വഴി പ്രശ്നപരിഹാരം നടത്തിക്കൊണ്ടിരുന്നു. (2) രണ്ടാമത്തെ കക്ഷി അഹ്ലെ ഹദീഥായിരുന്നു. ഇവർ തൗറാത്തിന്മേൽ ഹദീഥുകളെ ജഡ്ജിയായി കണ്ടിരുന്നു. ഈ അഹ്ലെ ഹദീഥുകാർ യിസ്റായേൽ നാടുകളിൽ അധികമായി വ്യാപിച്ചിരുന്നു. ഇവർ അധികവും തൗറാത്തിനു വിരുദ്ധമായ രീതിയിലുള്ള ഹദീഥുകളനുസരിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇവരുടെ ന്യായവും വാദവും ന്യായപ്രമാണപരമായ ചില പ്രശ്നങ്ങൾ, ഉദാഹരണമായി ദൈവാരാധനകൾ, ക്രയവിക്രയങ്ങൾ മുതലായവയെക്കുറിച്ചുള്ള അധ്യാപനങ്ങൾ തൗറാത്തിൽ നിന്നല്ല ഹദീഥുകളിൽ നിന്നാണ് ലഭ്യമാകുന്നതെന്നാണ്. ഈ ഹദീഥു ഗ്രന്ഥത്തിന്റെ പേര് ത്വാൽമൂദ് എന്നായിരുന്നു. ഇതിൽ ഓരോ നബിയുടെ കാലത്തുമുള്ള ഹദീഥുകൾ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു. ഈ ഹദീഥുകൾ ഒരു കാലഘട്ടംവരെ വാചികമായതായിരുന്നുവെങ്കിലും പിന്നീട് അവ രേഖപ്പെടുത്തപ്പെടുകയുണ്ടായി. അതുകൊണ്ട് അവയിൽ ചിലത് കല്പിതങ്ങളുടെ ഭാഗവുമായി കൂടിച്ചേർന്നു. അതിനുശേഷം യഹൂദികൾ 73 കക്ഷികളായിപ്പിരിയുകയും ഓരോ കക്ഷിയും അവരുടേതായ ഹദീഥുകൾ വെവ്വേറെയായിട്ടെടുക്കുകയും ഹദീഥു പണ്ഡിതന്മാർ തൗറാത്തിലേക്കുള്ള ശ്രദ്ധ ഉപേക്ഷിക്കുകയും ചെയ്ത കാരണത്താൽ, മിക്കതും ഹദീഥുകളനുസരിച്ചുള്ള പ്രവർത്തനമായിരുന്നു. അങ്ങനെ തൗറാത്ത് ഉപേക്ഷിക്കപ്പെട്ടതും പിൻപുറം തള്ളിയ അവസ്ഥയിലുമായി. ഹദീഥനുസരിച്ചുള്ളതാണെങ്കിൽ സ്വീകരിക്കുകയും അല്ലാത്തതിനെ ഉപേക്ഷിക്കുകയും ചെയ്തു. അക്കാലത്താണ് ഹദ്റത്ത് ഈസാനബി(അ) ഭൂജാതനായത്. അദ്ദേഹത്തിന്റെ സംബോധകർ പ്രത്യേകിച്ച് അഹ്ലെ ഹദീഥുകാരായിരുന്നു; അവർ തൗറാത്തിനേക്കാളേറെ ഹദീഥുകളെ ബഹുമാനിച്ചിരുന്നു. യഹൂദികൾ പല കക്ഷികളായിപ്പിരിയുകയും വേദഗ്രന്ഥത്തെ ഉപേക്ഷിച്ചുകൊണ്ട് അതിന് വിരുദ്ധമായി ഹദീഥുകളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അവർക്ക് ഒരു നീതിമാനായ വിധികർത്താവിനെ നല്കപ്പെടുമെന്ന് നബിമാരുടെ എഴുത്തുകളിൽ ആദ്യമേതന്നെ അറിയിക്കപ്പെട്ടിരുന്നു. അദ്ദേഹം മസീഹ് എന്നു പറയപ്പെടും. അദ്ദേഹത്തെ അവർ സ്വീകരിക്കുകയില്ല. അവസാനം അവരുടെമേൽ കഠിനമായ ശിക്ഷ ഇറങ്ങും. അത് പ്ലേഗിന്റെ ശിക്ഷ ആയിരുന്നു.

തന്നെ മനസ്സിലാക്കിത്തന്നു. എന്നാൽ, യഹൂദികളെപ്പോലെ കോപത്തിന് പാത്രമായവരാകാത്തതുവരെ ഇക്കൂട്ടർ ക്ഷമിച്ചില്ല. ഈ സാദൃശ്യത്തിന്റെ ഒരു കല്ല് അല്ലാഹു സ്വന്തം കൈകൊണ്ട് വച്ചു. അതായത്, മസീഹുബ്നുമർയം പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ വന്നതുപോലെ എന്നെ കൃത്യം പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ഇസ്ലാമിന്റെ മസീഹായി അയക്കുകയും എനിക്കായി തന്റെ പ്രബലമായ അടയാളങ്ങൾ കാണിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ വ്യക്തിയെ നേരിടാൻ ആകാശത്തിൻകീഴിൽ മുസ്ലിമോ യഹൂദിയോ ക്രിസ്ത്യാനിയോ ആയ ഒരെതിരാളിക്കും ശക്തിയില്ല. ബലഹീനനും നിസ്സാരനുമായ മനുഷ്യന് അല്ലാഹുവിനെ എങ്ങനെയാണ് നേരിടുവാൻ സാധിക്കുക? ഇത് അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള അടിസ്ഥാനശിലയാകുന്നു. ഈ കല്ലുടയ്ക്കാൻ ആഗ്രഹിക്കുന്ന ആർക്കും അതിനെ ഉടയ്ക്കുവാൻ സാധിക്കുകയില്ല. എന്നാൽ, ഈ കല്ല് അവരുടെമേൽ പതിക്കുമ്പോൾ അതവരെ തുണ്ടംതുണ്ടമാക്കിക്കളയുന്നതാണ്. കാരണം കല്ല് അല്ലാഹുവിന്റേതാണ്. കൈയും അല്ലാഹുവിന്റേതാണ്. എന്റെ എതിരാളികൾ തയ്യാറാക്കി അതിന്നെതിരിൽ വെച്ചതാണ് രണ്ടാമത്തെ കല്ല്. അതായത്, ആ കാലത്തുള്ള യഹൂദികൾ ചെയ്ത അതേ പ്രവർത്തി തന്നെ ഇവർ എനിക്കെതിരെ ആവർത്തിച്ചു. എന്നെ നശിപ്പിക്കുവാനായി കൊലക്കുറ്റം ചുമത്തി എനിക്കെതിരെ കേസ്സ് കൊടുത്തു. ഇതിനെക്കുറിച്ച് എന്റെ അല്ലാഹു മുൻകൂട്ടി എന്നെ അറിയിച്ചിരുന്നു. എനിക്കെതിരെ കൊടുക്കപ്പെട്ട കേസ്, ഹദ്റത്ത് ഈസാനബിക്കെതിരെ കൊടുത്ത കേസ്സിനേക്കാൾ കഠിനതരമായിരുന്നു. കാരണം ഹദ്റത്ത് ഈസാനബിക്കെതിരെ കൊടുക്കപ്പെട്ട കേസിന് അടിസ്ഥാനം വെറും മതപരമായ ഒരഭിപ്രായ ഭിന്നതയാണ്. ജഡ്ജിയുടെ നോട്ടത്തിൽ അത്ര ഗൗരവാവഹമായ കാര്യമായിരുന്നില്ല. എന്നല്ല അപ്രസക്തമായിരുന്നു. എന്നാൽ, എനിക്കെതിരെ കൊടുക്കപ്പെട്ട കേസ് വധോദ്യമവുമായി ബന്ധപ്പെട്ടതായിരുന്നു. മസീഹിന്റെ കേസിൽ യഹൂദിമൗലവിമാർ പോയി സാക്ഷി പറഞ്ഞു. നിർബന്ധമായും എന്റെ കേസിലും മൗലവിമാരിൽനിന്ന് ആരെങ്കിലും സാക്ഷി നല്കേ

ണ്ടതുണ്ടായിരുന്നു. അതുകൊണ്ട് മസീഹിനെ കുരുശിലേറ്റുന്നതിന് സാക്ഷിപറയാൻ കോടതിയിൽ വന്ന മഹാപുരോഹിതനെപോലെ അതിന്നായി അല്ലാഹു മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ തിരഞ്ഞെടുക്കുകയും അയാളും നീളമുള്ളൊരു ജുബ്ബ ധരിച്ചുകൊണ്ട് സാക്ഷി പറയാൻ വരികയും ചെയ്തു. ഇവിടെയുണ്ടായ വ്യത്യാസം മഹാപുരോഹിതന് പിലാത്തോസിന്റെ കോടതിയിൽ കസേര ലഭിച്ചിരുന്നുവെന്നതാണ്. കാരണം യഹൂദികളുടെ ആദരണീയരായ മഹൽവ്യക്തികൾക്ക് റോമാഭാരണകൂടത്തിൽ കസേര ലഭിച്ചിരുന്നു. അവരിൽ ചിലർ ഓണററി മജിസ്ട്രേട്ടുമാരായിരുന്നു. അതുകൊണ്ട് ഈ മഹാപുരോഹിതന് കോടതി നിയമമനുസരിച്ച് കസേര ലഭിച്ചു. മസീഹുബ്നുമർയം ഒരു കുറ്റവാളിയെപ്പോലെ കോടതി മുമ്പാകെ നില്ക്കുകയായിരുന്നു. പക്ഷേ, എന്റെ കേസ്സിൽ ഇതിനുനേരെ വിപരീതമാണുണ്ടായത്. അതായത് ശത്രുക്കളുടെ പ്രതീക്ഷകൾക്ക് വിരുദ്ധമായി പിലാത്തോസിന്റെ സ്ഥാനത്ത് കോടതിയിൽ ഉപവിഷ്ഠനായിരുന്ന ക്യാപ്റ്റൻ ഡഗ്ലസ് എനിക്ക് ഇരിക്കുവാൻ കസേര തന്നു. ഈ പിലാത്തോസ് മസീഹുബ്നു മർയമിന്റെ കാലത്തെ പിലാത്തോസിനേക്കാൾ സദ്ഗുണനാണെന്ന് സ്ഥാപിതമായി. കാരണം കോടതി സംബന്ധമായ കാര്യത്തിൽ അദ്ദേഹം ധൈര്യവും സ്ഥിരചിത്തതയും കാണിച്ചുകൊണ്ട് കോടതി നിയമങ്ങൾക്കു വിധേയനായിത്തീരുകയും മേൽത്തട്ടിൽനിന്നുള്ള ശിപാർശകൾക്ക് ഒരു വിലയും കല്പിക്കാതിരിക്കുകയും ചെയ്തു. സാമുദായികവും മതപരവുമായ ചിന്തയും അദ്ദേഹത്തിൽ ഒരു മാറ്റവും ഉണ്ടാക്കിയില്ല. അദ്ദേഹം കോടതി കാര്യത്തിൽ പരിപൂർണ്ണമായ കീഴ്വഴക്കം സൃഷ്ടിച്ചുകൊണ്ട് മഹത്തായ മാതൃക കാണിച്ചു. എത്രത്തോളമെന്നാൽ അദ്ദേഹത്തെ സമുദായത്തിന്റെ അഭിമാനവും ഭരണകർത്താക്കൾക്ക് മാതൃകയും ആയി വിശേഷിപ്പിക്കുകയാണെങ്കിൽ അത് തെറ്റായിരിക്കുകയില്ല. കോടതി ഒരു ദുഷ്കരമായ കാര്യമാണ്. സകല ബന്ധങ്ങളിൽനിന്ന് വേറിട്ടു, കോടതിക്കസേരയിൽ ഇരിക്കാത്തിടത്തോളം ഈ നിർബന്ധകടമ നല്ല നിലയിൽ നിർവഹിക്കുവാൻ സാധിക്കുന്നതല്ല. ഈ പിലാത്തോസ് തന്റെ കടമ

പൂർണ്ണമായും നിർവ്വഹിച്ചുവെന്ന് നാം സത്യമായും സാക്ഷ്യം നല്കുകയാണ്. പ്രഥമ പിലാത്തോസ് ഒരു റോമക്കാരനായിരുന്നിട്ടും ഈ കർത്തവ്യം നല്ലനിലയിൽ നിർവഹിക്കാൻ കഴിഞ്ഞില്ല. അയാളുടെ ഭീരുത്വം മസീഹിനെ വലിയ വലിയ വിഷമങ്ങൾക്കു കുറിമാനമാക്കി. ഈ വ്യത്യാസം ഈ ലോകം നിലനില്ക്കുന്നിടത്തോളം നമ്മുടെ ജമാഅത്തിൽ സംസാരവിഷയമായിരിക്കും. നമ്മുടെ ജമാഅത്ത് ലക്ഷങ്ങളായും കോടികളായും അംഗസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് ഈ ശുദ്ധഹൃദയനായ ന്യായപാലകനെ സ്തുതിച്ചുകൊണ്ടുള്ള ചർച്ച ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഈ കാര്യത്തിന്നായി അല്ലാഹു അദ്ദേഹത്തെ തിരഞ്ഞെടുത്തത് അദ്ദേഹത്തിന് ലഭിച്ച സൗഭാഗ്യമാണ്. ഒരു ന്യായാധിപനെ സംബന്ധിച്ചിടത്തോളം ഈ കാര്യം എത്രമാത്രം പരീക്ഷണഘട്ടമാണ്. രണ്ടു കക്ഷികൾ അദ്ദേഹത്തിന്റെ അടുക്കൽവരുന്നു. അവരിലൊരാൾ അദ്ദേഹത്തിന്റെ മതത്തിന്റെ മിഷണറിയാണ്. മറ്റേയാൾ അദ്ദേഹത്തിന്റെ മതത്തിന്റെ എതിരാളിയാണ്. അദ്ദേഹം വിശ്വസിക്കുന്ന മതത്തിന്റെ കഠിനവിരോധിയാണ് അയാളെന്ന്, അദ്ദേഹത്തിന്റെ മുമ്പാകെ ബോധിപ്പിക്കുകയും ചെയ്തു. പക്ഷേ, ധൈര്യശാലിയായ ഈ പിലാത്തോസ് ഈ പരീക്ഷണത്തെ വലിയ സ്ഥൈര്യത്തോടെ നേരിട്ടു. തങ്ങളുടെ അല്പജ്ഞാനം കൊണ്ട്, ക്രിസ്തുമതത്തെക്കുറിച്ച് കഠിനമായ വാക്കുകൾ ഈ കക്ഷി ഉപയോഗിക്കുന്നതായി എഴുതിയിരുന്ന ഗ്രന്ഥങ്ങളുടെ ചില ഭാഗങ്ങൾ കാണിച്ചുകൊടുക്കുകയും ഒരു എതിർപ്രസ്ഥാനം ഉണ്ടാക്കിയെന്നു വാദിക്കുകയും ചെയ്തിട്ടും അദ്ദേഹത്തിന്റെ മുഖത്ത് ഒരു മാറ്റവും ഉണ്ടായിരുന്നില്ല. കാരണം അദ്ദേഹം തന്റെ തെളിമയാർന്ന മനഃസാക്ഷി നിമിത്തം യാഥാർത്ഥ്യമെന്തെന്ന് മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. അദ്ദേഹം കേസിന്റെ നിജസ്ഥിതി സത്യഹൃദയത്തോടെ അന്വേഷിച്ചറിഞ്ഞിരുന്നു. അതുകൊണ്ട് അല്ലാഹു അദ്ദേഹത്തെ സഹായിക്കുകയും അദ്ദേഹത്തിന്റെ ഹൃദയത്തിൽ സത്യത്തിന്റെ വെളിപാടുണ്ടാക്കുകയും അങ്ങനെ അദ്ദേഹത്തിൽ യാഥാർത്ഥ്യം തുറക്കപ്പെടുകയും ചെയ്തു. നീതിന്യായത്തിന്റെ വഴി അദ്ദേഹത്തിന് കാണുവാൻ സാധിച്ചതിൽ അദ്ദേഹം വളരെ സന്തോഷിച്ചു.

നീതിയുടെ അടിസ്ഥാനത്തിലാണ് അന്യായക്കാരന്നെതിരിൽ അദ്ദേഹം എനിക്ക് കസേര തന്നത്. എന്നാൽ, യേശുവിന്നെതിരെ സാക്ഷി പറയുവാൻവന്ന മഹാപുരോഹിതനെപോലെ എനിക്കെതിരെ സാക്ഷി പറയുവാൻ വന്ന മൗലവി മുഹമ്മദ് ഹുസൈൻ, ഞാൻ കസേരയിൽ ഇരിക്കുന്നതുകണ്ടപ്പോൾ, എന്നെ ഏതൊരു നിന്ദാദൃഷ്ടിയോടെ കാണാനാണോ അയാളുടെ കണ്ണുകൾ കൊതിച്ചിരുന്നത്, അത് കാണാൻ കഴിയാതെ വന്നപ്പോൾ സമഭാവന 'ധന്യ'മായിക്കരുതി അയാളും ആ പിലാത്തോസിനോട് കസേര വേണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ, ഈ പിലാത്തോസ് അയാളെ ശാസിച്ചു. ഉറക്കെ പറഞ്ഞു: "താങ്കൾക്കും താങ്കളുടെ പിതാവിനും ഒരിക്കലും കസേര ലഭിച്ചിട്ടില്ല. താങ്കൾക്ക് കസേര നല്കണമെന്ന ഒരു നിർദ്ദേശവും ഞങ്ങളുടെ ഓഫീസിൽ കിട്ടിയിട്ടുമില്ല." ഈ വ്യത്യാസം ഇവിടെ ശ്രദ്ധേയമാണ്. അതായത് യേശുവിന്റെ കാലത്തെ പിലാത്തോസ് യഹൂദികളെ ഭയന്ന് അവരുടെ ചില മാന്യന്മാരായ വ്യക്തികൾക്കു കസേര കൊടുക്കുകയും കുറ്റവാളിയെന്ന നിലയിൽ ഹാജരാക്കപ്പെട്ട ഹദ്റത്ത് മസീഹിനെ നിറുത്തുകയും ചെയ്തു. വാസ്തവത്തിൽ, അദ്ദേഹം സത്യഹൃദയത്തോടുകൂടി മസീഹിന്റെ അഭ്യുദയകാംക്ഷിയായിരുന്നു. മാത്രമല്ല അദ്ദേഹം ശിഷ്യന്മാരെപ്പോലെയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ മസീഹിന്റെ പ്രത്യേക ശിഷ്യയായിരുന്നു. അവർ വലിയുല്ലാഹ് എന്നു പറയപ്പെട്ടിരുന്നു. എന്നാൽ, ഭയം, പാപരഹിതനായ മസീഹിനെ അന്യായമായി യഹൂദികൾക്ക് വിട്ടുകൊടുക്കത്തക്കവണ്ണം അദ്ദേഹത്തെക്കൊണ്ട് പ്രവർത്തിപ്പിച്ചു. എനിക്കെതിരെ ഉന്നയിക്കപ്പെട്ടതുപോലെ അദ്ദേഹത്തിന്റെമേൽ കൊലക്കുറ്റാരോപണമുണ്ടായിരുന്നില്ല. സാധാരണരീതിയിലുള്ള മതപരമായ ഭിന്നതയായിരുന്നു. പക്ഷേ, റോമക്കാരനായ പിലാത്തോസ് ദുർബ്ബലഹൃദയനായിരുന്നു. അദ്ദേഹത്തിന്നെതിരിൽ കൈസറിനു പരാതി കൊടുക്കുമെന്ന് കേട്ടപ്പോൾ ഭയന്നുപോയി. പിന്നെ രണ്ട് പിലാത്തോസ്മാർക്കുമിടയിലുള്ള മറ്റൊരു വ്യത്യാസം

ഓർമ്മിക്കാനുള്ളത് മസീഹുബ്നുമർയം കോടതിയിൽ ഹാജരാക്കപ്പെട്ടപ്പോൾ പിലാത്തോസ്, യഹൂദികളോടു താൻ ഇദ്ദേഹത്തിൽ ഒരു പാപവും കാണുന്നില്ല എന്നു പറഞ്ഞിരുന്നു. അതേ പ്രകാരം രണ്ടാമത്തെ മസീഹ് ഈ രണ്ടാമത്തെ പിലാത്തോസിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടപ്പോൾ തന്റെമേൽ കൊലക്കുറ്റമാണ് ചുമത്തപ്പെട്ടിരിക്കുന്നതെന്നും അതിനാൽ മറുപടിക്കായി കുറച്ചുദിവസം അവധി തരണമെന്നും ബോധിപ്പിച്ചു. അപ്പോൾ ഈ രണ്ടാമത്തെ പിലാത്തോസ് പറഞ്ഞത്, 'ഞാൻ താങ്കളുടെ മേൽ ഒരു കുറ്റാരോപണവും നടത്തുന്നില്ല' എന്നാണ്. ഈ രണ്ടു പിലാത്തോസുമാരുടെ, പ്രസ്തുത രണ്ടു വാക്കുകളും പരസ്പരം സാദൃശ്യമുള്ളവയാണ്. എന്നാൽ, ഈ രണ്ട് പേർക്കുമിടയിലുള്ള വ്യത്യാസം ആദ്യത്തെ പിലാത്തോസ് തന്റെ വാക്കിൽ ഉറച്ചുനിന്നില്ല എന്നതാണ്. തനിക്കെതിരെ കൈസറിന് പരാതി കൊടുക്കുമെന്ന് കേട്ടപ്പോൾ ആദ്യത്തെ പിലാത്തോസ് ഭയക്കുകയും ഹദ്റത്ത് മസീഹിനെ അന്യായമായി രക്തദാഹികളായ യഹൂദികൾക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. ഇങ്ങനെ ഏല്പിച്ചുകൊടുത്തതിൽ അദ്ദേഹം ദുഃഖിതനായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയും ദുഃഖിതയായിരുന്നു. കാരണം അവർ രണ്ടു പേരും യേശുവിനെ അങ്ങേയറ്റം വിശ്വസിച്ചിരുന്നവരാണ്. പക്ഷേ, യഹൂദികളുടെ കഠിനമായ ഒച്ചപ്പാടുകൾ കണ്ട് ഭീരുത്വം അദ്ദേഹത്തെ ജയിച്ചടക്കി. എന്നാൽ, മസീഹിന്റെ ജീവനെ കുരിശിൽനിന്ന് രക്ഷപ്പെടുത്തുന്നതിനായി അദ്ദേഹം രഹസ്യമായ രീതിയിൽ ഒരുപാട് പരിശ്രമിച്ചു. ഈ പരിശ്രമത്തിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. എന്നിരുന്നാലും മസീഹ് കുരിശിൽ കയറ്റപ്പെട്ടതിനുശേഷം കഠിനമായ വേദനകൊണ്ട് മരിച്ചതുപോലെതന്നെ അബോധാവസ്ഥയിലായി.

എന്തായാലും റോമക്കാരനായ പിലാത്തോസിന്റെ ശ്രമം കൊണ്ട് മർയമിന്റെ പുത്രൻ മസീഹിന്റെ ജീവൻ രക്ഷപ്പെട്ടു. ജീവൻ രക്ഷിക്കണമെന്ന മുമ്പേയുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. നോക്കുക എബ്രാ

യേർ 5:7[31].

ഇതിനുശേഷം മസീഹ് ആ സ്ഥലത്തുനിന്ന് രഹസ്യമായ നിലയിൽ കശ്മീരിൽ വരികയും അവിടെ മരിക്കുകയും ചെയ്തു. ശ്രീനഗറിൽ ഖാൻയാർ മഹല്ലയിൽ അദ്ദേഹത്തിന്റെ ഖബ്റുണ്ടെന്ന് നിങ്ങൾ കേട്ടുകഴിഞ്ഞിരിക്കുന്നു. ഇതൊക്കെ പിലാത്തോസിന്റെ പരിശ്രമഫലമായുണ്ടായതായിരുന്നു. പക്ഷേ, ആ പിലാത്തോസിന്റെ നടപടി ഭീരുത്വത്തിന്റെ കലർപ്പില്ലാത്തതായിരുന്നില്ല. 'ഈ മനുഷ്യനിൽ ഒരു പാപവും കാണുന്നില്ല' എന്ന തന്റെ വാക്കിൽ അദ്ദേഹം ഉറച്ചുനിന്നുകൊണ്ട് മസീഹിന് മോചനം നല്കിയിരുന്നുവെങ്കിൽ അത് പ്രയാസമുള്ള കാര്യമായിരുന്നില്ല. വിട്ടയക്കുവാൻ അയാൾക്ക് കഴിവുമുണ്ടായിരുന്നു. എന്നാൽ, കൈസറിന് അന്യായം കൊടുക്കുമെന്ന് കേട്ടപ്പോൾ അദ്ദേഹം പേടിച്ചുപോയി. പക്ഷേ, ഈ രണ്ടാമത്തെ പിലാത്തോസ് പാതിരിമാരുടെ കൂട്ടത്തെക്കണ്ട് ഭയന്നില്ല. വാസ്തവത്തിൽ ഇവിടേയും കൈസറിന്റെ (ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ) ഭരണമായിരുന്നു. എന്നാൽ, ഇവിടുത്തെ ചക്രവർത്തിനി ആ ചക്രവർത്തിയേക്കാൾ എന്തുകൊണ്ടും ശ്രേഷ്ഠയായിരുന്നു. അതുകൊണ്ട് ഭരണാധികാരിയുടെമേൽ സമ്മർദ്ദം ചെലുത്തുവാനും നീതി കൈവിട്ട് ചക്രവർത്തിയുടെ പേരുപറഞ്ഞ് ഭീഷണിപ്പെടുത്താനും ആർക്കും സാധിക്കുമായിരുന്നില്ല.

ആദ്യത്തെ മസീഹിനെ അപേക്ഷിച്ചു രണ്ടാമത്തെ മസീഹിന്നെതിരെ വളരെയധികം ഒച്ചപ്പാടുകളുണ്ടാവുകയും പല

---

31. യൂനുസിന്റെ ദൃഷ്ടാന്തമല്ലാതെ മറ്റൊരു ദൃഷ്ടാന്തവും കാണിക്കപ്പെടുന്നതല്ലെന്ന് മസീഹ് ഒരു പ്രവചനമെന്നോണം സ്വയം പറഞ്ഞിരുന്നു. മസീഹ് തന്റെ ഈ വാക്കിൽ, യൂനുസ് ജീവനോടെ മത്സ്യത്തിന്റെ വയറ്റിൽ പ്രവേശിക്കുകയും ജീവനോടെതന്നെ പുറത്തുവരികയും ചെയ്തതുപോലെ താനും ജീവനോടുകൂടിത്തന്നെ ഖബ്റിൽ പ്രവേശിക്കുകയും ജീവനോടെതന്നെ പുറത്തുവരികയും ചെയ്യുന്നതാണെന്ന സൂചനയാണ് നല്കിയിരുന്നത്. അപ്രകാരംതന്നെ മസീഹ് ജീവനോടെ കുരിശിൽ നിന്നിറക്കപ്പെടുകയും ജീവനോടെ ശവകുടീരത്തിൽ പ്രവേശിക്കുകയും ജീവനോടെതന്നെ പുറത്ത് വരികയും ചെയ്തപ്പോൾ ഈ പ്രവചനം പൂർത്തിയായി. ഇതല്ലാതെ മറ്റൊരടയാളവും കാണിക്കപ്പെടുന്നതല്ല എന്ന വചനം മസീഹ് ആകാശത്ത് കയറിപ്പോയി ഈ അടയാളം കാണിക്കുകയുണ്ടായി എന്നു പറയുന്നവരുടെ വാദത്തെ ഖണ്ഡിക്കുകയാണ്.

ഗൂഢപദ്ധതികളും ആസൂത്രണം ചെയ്യുകയും ചെയ്തിരുന്നു. എല്ലാ സമുദായങ്ങളിലേയും നേതാക്കന്മാരായ എന്റെ വിരോധികൾ ഒന്നടങ്കം സംഘടിച്ചിരുന്നു. എന്നാൽ, രണ്ടാമത്തെ ഈ പിലാത്തോസ് സത്യത്തെ സ്നേഹിക്കുകയും 'ഞാൻ താങ്കളുടെമേൽ ഒരു കുറ്റാരോപണവും നടത്തുന്നില്ല' എന്നു എന്നെ സംബോധന ചെയ്തുപറഞ്ഞ തന്റെ വാക്കുകൾ പുലർത്തിക്കാണിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം എനിക്ക് വളരെ സത്യസന്ധതയോടും പൗരുഷത്തോടുംകൂടി മോചനം നല്കി. ആദ്യത്തെ പിലാത്തോസാണെങ്കിൽ മസീഹിനെ രക്ഷപ്പെടുത്തുന്നതിന് തന്ത്രങ്ങളോടെ പ്രവർത്തിച്ചു. എന്നാൽ, ഈ പിലാത്തോസ് കോടതിയുടെ തേട്ടമെന്തായിരുന്നുവോ അതെല്ലാം പൂർത്തിയാക്കി. അതിൽ ഭീരുത്വത്തിന്റെ നിറം ഉണ്ടായിരുന്നില്ല. ഞാൻ മോചിതനായ ദിവസം ഇതേ കോടതിയിൽ സാൽവേഷൻ ആർമിയുടെ ഒരു കള്ളനും ഹാജരാക്കപ്പെട്ടു. ഈ സംഭവം ഉണ്ടാകാൻ കാരണം ആദ്യത്തെ മസീഹിനോടൊപ്പവും ഒരു കള്ളനുണ്ടായിരുന്നു എന്നതാണ്. എന്നാൽ, ഈ മസീഹിനോടൊപ്പം പിടിക്കപ്പെട്ട കള്ളനെ ആദ്യത്തെ മസീഹിന്റെ കാലത്ത് ഹാജരാക്കപ്പെട്ട കള്ളനെപ്പോലെ കുരിശിൽ കയറ്റുകയോ കാലുകൾ തല്ലിയൊടിക്കുകയോ ചെയ്തിരുന്നില്ല. മൂന്നുമാസത്തെ തടവുശിക്ഷ മാത്രമായിരുന്നു അനുഭവിക്കേണ്ടിവന്നത്.

ഇനി വീണ്ടും നാം നമ്മുടെ പ്രകൃതവിഷയത്തിലേക്കു മടങ്ങുന്നു:

ഫാത്തിഹ അധ്യായത്തിൽ അടങ്ങിയിരിക്കുന്ന യാഥാർത്ഥ്യങ്ങളും അതിസൂക്ഷ്മകാര്യങ്ങളും ദിവ്യജ്ഞാനങ്ങളും എഴുതുകയാണെങ്കിൽ ഒരു ഗ്രന്ഥപ്പുരയിൽ അവ ഒതുങ്ങുകയില്ല. ഈ അധ്യായത്തിൽ പഠിപ്പിക്കപ്പെട്ട യുക്തിജ്ഞാനപരമായ ഈ പ്രാർത്ഥന നോക്കുക. **ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം** മതപരവും ഭൗതികവുമായ എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളുടേയും താക്കോലായ ഈ പ്രാർത്ഥന സമഗ്രമായ അർത്ഥം ഉൾക്കൊള്ളുന്ന ഒന്നാണ്.

ഒരു നേരായ പാത കിട്ടാതെ ഏതെങ്കിലും ഒരു കാര്യത്തിന്റെ

യാഥാർത്ഥ്യത്തെക്കുറിച്ചറിയാനോ അതിന്റെ നന്മകൾ പ്രയോജനപ്പെടുത്താനോ നമുക്ക് സാധ്യമല്ല. പ്രയാസകരവും കലങ്ങിമറിഞ്ഞതുമായ എത്ര കാര്യങ്ങൾ ലോകത്തുണ്ട്. ഉദാഹരണത്തിന് ഭരണം, സൈനിക കാര്യങ്ങൾ, യുദ്ധം, ശാസ്ത്രം, വാനശാസ്ത്രം, വ്യവസായം, വൈദ്യം, ചികിത്സ, വ്യാപാരം, കൃഷി എന്നുതുടങ്ങി ഏത് കാര്യമെടുത്താലും- ആ പ്രവർത്തി ഏതു നിലയിൽ ആരംഭിക്കണമെന്ന ഒരു നേരായ വഴി കിട്ടാത്തിടത്തോളം അക്കാര്യങ്ങൾ വിജയിക്കുക എന്നത് ദുഷ്കരവും അസംഭാവ്യവുമാണ്.

ധിഷണാശാലിയും ബുദ്ധിമാനുമായ ഓരോ മനുഷ്യനും പ്രയാസങ്ങൾ വരുമ്പോൾ അവയിൽനിന്ന് രക്ഷപ്രാപിക്കുന്നതിനായി രാപ്പകൽ അവഗാഢം ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഓരോ ജോലിയും ഓരോ നിർമ്മാണവും കെട്ടുപിണഞ്ഞതും കുരുങ്ങിയതുമായ ഓരോ പ്രവർത്തിയും നടത്തിക്കൊണ്ടുപോകുന്നതിന് മാർഗ്ഗങ്ങൾ ആവശ്യമുണ്ട്.

അതിനാൽ ഭൗതികവും ആത്മീയവുമായ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായിട്ടുള്ള പ്രാർത്ഥന, വഴിതെളിച്ചു കാണിക്കുന്നതിനുള്ള പ്രാർത്ഥനയാണ്. ഏതെങ്കിലും ഒരു കാര്യത്തിൽ നേരായപാത കരഗതമാകുമ്പോൾ തീർച്ചയായും ആ കാര്യവും ദൈവാനുഗ്രഹത്താൽ ലഭിക്കുന്നതാണ്. ദൈവികശക്തിയും യുക്തിയും ഓരോ കാര്യത്തിന്റേയും ഉദ്ദേശ്യസാഫല്യത്തിനായി വഴി നിശ്ചയിച്ചിട്ടുണ്ട്. ഉദാഹരണമായി ഒരു രോഗിയുടെ രോഗം ഏതാണെന്നു മനസ്സിലാക്കുകയും മരുന്നെന്താണെന്നറിയുകയും ആ വഴിയിൽ വിജയം ഉണ്ടാകുന്നതാണെന്നു ഹൃദയം വിധി പറയുകയും ചെയ്യാത്തിടത്തോളം അതിൽ വിജയം ലഭ്യമാവുകയില്ല.

എന്നല്ല, ലോകത്ത് ഏത് കാര്യത്തിനും നേരായവഴി സംജാതമാകാത്തിടത്തോളം വിജയം കരസ്ഥമാകുകയില്ല. അതിനാൽ ഒരു ലക്ഷ്യം പ്രാപിക്കുവാൻ അതിനുള്ള നേർവഴിക്കായി പ്രാർത്ഥിക്കേണ്ടത് ഒരാളുടെ കടമയായിത്തീരുന്നു. ലോകത്തിന്റെ വിജയത്തിന്, ശരിയായ പ്രവർത്തനക്രമം കൈയിലെടുക്കുന്നതിന് ആദ്യം ചുവടുവയ്ക്കാൻ ഒരു മാർഗ്ഗം ആവശ്യമുണ്ടെന്ന

തുപോലെ ദൈവത്തിന്റെ സ്നേഹിതനാകുന്നതിനും സ്നേഹ ത്തിന് പാത്രമാകുന്നതിനും അനുഗ്രഹത്തിന് അർഹനാകുന്ന തിനും പുരാതനകാലം മുതലേ ഒരു വഴിയുടെ ആവശ്യം ഉള്ള തായി കാണാം. അതുകൊണ്ടുതന്നെയാണ് ഈ അധ്യായ ത്തിന്റെ തൊട്ടടുത്ത അധ്യായമായ ബഖറയുടെ ആരംഭത്തിൽ هُدًى لِّلْمُتَّقِيْنَ **ഹുദൻല്ലിൽമുത്തഖീൻ-** അതായത് സമ്മാനം കരസ്ഥമാക്കുന്നത് ഈ വഴിയാണെന്നും അതാണ് നാം വിവരി ക്കുന്നതെന്നും പറയപ്പട്ടിട്ടുള്ളത്.

**ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം** എന്ന പ്രാർത്ഥന സമ ഗ്രമായ ഒരു പ്രാർത്ഥനയാകുന്നു. മനുഷ്യന് മതപരവും ലൗകി കവുമായ പ്രയാസങ്ങൾ വരുമ്പോൾ ആദ്യമായി അവൻ നേരാ യപാതയെക്കുറിച്ച് അന്വേഷിക്കട്ടെ. അതായത് തന്റെ ഉദ്ദേശ്യ സാഫല്യത്തിനായി ഹൃദയം ഉറച്ചവിശ്വാസംകൊണ്ട് നിർഭരമാ യിത്തീരുകയും സംശയങ്ങളിൽനിന്നെല്ലാം മുക്തമായതും നേരാ യതും വ്യക്തവുമായ വഴി അന്വേഷിക്കുകയും ചെയ്യട്ടെ.

എന്നാൽ, ഇഞ്ചീലിന്റെ അധ്യാപനമനുസരിച്ച് **ആഹാരം ആവശ്യപ്പെടുന്ന ആൾ** ദൈവത്തെ പ്രാപിക്കാനുള്ള വഴി സ്വായ ത്തമാക്കുകയില്ല- അവന്റെ ഉദ്ദേശ്യം ആഹാരമാണ്. ആഹാരം ലഭിച്ചാൽപിന്നെ അവനു ദൈവത്തിന്റെ ആവശ്യമെന്ത്? ഇതു കൊണ്ടാണ് ക്രിസ്ത്യാനികൾ നേരായപാതയിൽനിന്ന് വ്യതി ചലിച്ചുപോയത്.

അതോടെ മനുഷ്യനെ ദൈവമാക്കുക എന്ന അങ്ങേയറ്റം നാണംകെട്ട വിശ്വാസം അവരുടെ കഴുത്തിൽ വീഴുകയും ചെയ്തു. ഇതരരെ അപേക്ഷിച്ച് ദൈവത്വം കല്പിക്കുവാൻ ഈസബ്നു മർയമിനു എന്തു ശ്രേഷ്ഠതയാണുള്ളതെന്നു നമുക്ക് മനസ്സിലാകുന്നില്ല. അത്ഭുതകാര്യങ്ങൾ ചെയ്തു കാട്ടു ന്നതിൽ അദ്ദേഹത്തിന്നു മുമ്പേവന്ന ഹദ്റത്ത് മൂസാ(അ) ഹദ്റത്ത് അൽയസഅ്(അ) ഹദ്റത്ത് ഏലിയ മുതലായ മിക്ക പ്രവാചകന്മാരും അദ്ദേഹത്തേക്കാൾ മുന്നിൽ നില്ക്കുന്നു. അദ്ദേഹം എന്റെ കാലത്താണുണ്ടായിരുന്നതെങ്കിൽ എനിക്ക്

കാണിക്കുവാൻ സാധിക്കുന്ന കാര്യങ്ങളൊരിക്കലും അദ്ദേഹത്തിനു ചെയ്തു കാണിക്കുവാൻ സാധിക്കുന്നതല്ലെന്നും എന്നിൽനിന്ന് പ്രകടമാകുന്ന ദൃഷ്ടാന്തങ്ങൾ ഒരിക്കലും അദ്ദേഹത്തിന്നു കാണിക്കുവാൻ കഴിയുന്നതല്ലെന്നും ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവന്റെ പേരിൽ ആണയിട്ടു ഞാൻ പറയുന്നു[32]. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അദ്ദേഹത്തേക്കാളധികം എനിക്കാണുണ്ടായിട്ടുള്ളതെന്ന് കാണാം. എന്റെ സ്ഥിതി ഇതാണെങ്കിൽ ഏതൊരാളുടെ ദാസത്വം ഞാനുമായി ബന്ധപ്പെട്ടു കിടക്കുന്നുവോ ആ പരിശുദ്ധ പ്രവാചകന്റെ (സ) സ്ഥാനം എത്രമാത്രം ഉന്നതമായിരിക്കുമെന്നു ചിന്തിച്ചുനോക്കുക. ذَٰلِكَ فَضْلُ اللَّهِ يُؤْتِيهِ مَن يَشَاءُ **ദാലിക്ക ഫള്ലുല്ലാഹി യുഅ്തീഹി മൻയ്യശാഅ്** (5:55).

ഇവിടെ ഒരുവിധത്തിലുള്ള അസൂയയും സംശയവും വിലപ്പോവുകയില്ല. അല്ലാഹു ഇച്ഛിക്കുന്നത് അവൻ ചെയ്യുന്നു. അവന്റെ അഭീഷ്ടത്തിന്നെതിരെ പ്രവർത്തിക്കുന്നവൻ തന്റെ ഉദ്ദേശ്യത്തിൽ പരാജയപ്പെടുമെന്നു മാത്രമല്ല മരണമടഞ്ഞാൽ നരകത്തിന്റെ വഴി കൈയിലെടുക്കുകയാണ് ചെയ്യുന്നത്. നിസ്സാരമായ സൃഷ്ടികളെ ദൈവമാക്കുന്നവർ നാശമടഞ്ഞു! പരിശുദ്ധനായ ദൈവദൂതനെ സ്വീകരിക്കാത്തവർ നാശമടഞ്ഞു! എന്നെ തിരിച്ചറിയുന്നവർ ഭാഗ്യവാന്മാർ. ഞാൻ ദൈവത്തിന്റെ എല്ലാ വഴികളിലുംവച്ച് അവസാനത്തെ വഴിയാകുന്നു. ഞാൻ അവന്റെ

---

32. ഇതിന്റെ സാക്ഷാൽക്കാരത്തിനായി അടുത്തുതന്നെ പ്രസിദ്ധീകരിക്കുന്ന 'നുസൂലുൽ മസീഹ്' എന്ന എന്റെ ഗ്രന്ഥം കാണുക. പത്ത് ഭാഗങ്ങൾവരെ അത് അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഈ പുസ്തകം പീർ മെഹർ അലി ഗോൾഡവിയുടെ 'തമ്പുരെ ചിശ്ത്തി'യായി എന്ന ഗ്രന്ഥത്തിനു മറുപടിയായി എഴുതിയതാണ്. പീർസാഹിബ്, മുഹമ്മദു ഹസൻ മുർദ്ദയുടെ ലേഖനം ചോരണം നടത്തിയാണ് ലജ്ജാകരമായ തെറ്റുകൾക്കിരയായിരിക്കുന്നതെന്നു അതിൽ സ്ഥാപിച്ചിരിക്കുന്നു. ഇതറിയുമ്പോൾ അദ്ദേഹത്തിന് ജീവിതം കയ്പുള്ളതായിത്തീരും. 'ഇഅ്ജാസുൽ മസീഹ്' എന്ന ഗ്രന്ഥത്തിലെഴുതിയ നമ്മുടെ പ്രവചനമനുസരിച്ച് ആ ഭാഗ്യദോഷി മരണപ്പെട്ടു. അയാൾ അന്യായമായി പുസ്തകം എഴുതി إِنِّي مُهِينٌ مَنْ أَرَادَ إِهَانَتَكَ **ഇന്നീമുഹീനുൻമ്മൻഅറാദ ഇഹാനത്തക്ക** അതായത് 'നിന്നെ അപമാനിക്കാൻ ഉദ്ദേശിക്കുന്നവനെ ഞാൻ അപമാനിക്കുന്നവനാണ്' എന്ന പ്രവചനത്തിന് കുറിമാനമായി ത്തീർന്നു.

എല്ലാ പ്രകാശങ്ങളിലുംവച്ച് അവസാനത്തെ പ്രകാശമാകുന്നു. എന്നെ ഉപേക്ഷിക്കുന്നവൻ ഭാഗ്യദോഷിയാണ്. കാരണം എന്നെ കൂടാതെയുള്ളതെല്ലാം അന്ധകാരമാണ്.

മുസ്‌ലിംകൾക്ക് നല്കപ്പെട്ടിട്ടുള്ള സന്മാർഗ്ഗത്തിന്റെ രണ്ടാമത്തെ മാർഗ്ഗം സുന്നത്താകുന്നു. അതായത് നബി(സ) തിരുമേനി വിശുദ്ധഖുർആന്റെ കല്പനകളുടെ വിശദീകരണത്തിനായി ചെയ്തുകാണിച്ച പ്രവർത്തനപരമായ കാര്യങ്ങൾ. ഉദാഹരണമായി അഞ്ചുനേര നമസ്കാരങ്ങളുടെ റക്അത്തുകൾ എത്രയാണെന്ന് വിശുദ്ധഖുർആനിൽനിന്ന് പ്രത്യക്ഷത്തിൽ മനസ്സിലാകുന്നില്ല. സുബ്ഹി എത്രയാണെന്നും, മറ്റ് സമയങ്ങളിൽ എത്രയെത്ര റക്അത്തുകളാണെന്നും മനസ്സിലാകുന്നില്ല. എന്നാൽ, സുന്നത്ത് അഥവാ നബിചര്യ എല്ലാം വ്യക്തമാക്കിത്തന്നിരിക്കുന്നു. **സുന്നത്തും ഹദീഥും ഒരുകാര്യം തന്നെയാണെന്നു കരുതി വഞ്ചിതനായിപ്പോകരുത്.** എന്തുകൊണ്ടെന്നാൽ ഹദീഥ് നൂറു നൂറ്റമ്പത് വർഷങ്ങൾക്കുശേഷം ശേഖരിക്കപ്പെട്ടതാണ്. എന്നാൽ, വിശുദ്ധഖുർആനോടൊപ്പംതന്നെ സുന്നത്തും നിലവിലുണ്ട്. വിശുദ്ധഖുർആനുശേഷം മുസ്‌ലിംകളുടെമേലുള്ള വലിയ ഔദാര്യം സുന്നത്തിന്റേതാണ്. അല്ലാഹുവിന്റേയും റസൂലിന്റേയും കർത്തവ്യം രണ്ട് കാര്യങ്ങളായിരുന്നു. അല്ലാഹു വിശുദ്ധഖുർആൻ ഇറക്കുകയും താനെന്താണുദ്ദേശിക്കുന്നതെന്ന് തന്റെ തിരുവചനംകൊണ്ട് സൃഷ്ടികൾക്ക് അറിയിച്ചുകൊടുക്കുകയും ചെയ്യുക എന്നതാണത്. ഇത് ദൈവനിയമത്തിന്റെ കർത്തവ്യമാകുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തെ പ്രാവർത്തികമാക്കിക്കാണിച്ച് ജനങ്ങൾക്ക് നല്ലവണ്ണം മനസ്സിലാക്കിക്കൊടുക്കേണ്ടത് നബി തിരുമേനി(സ)യുടെ കടമയായിരുന്നു. അതുകൊണ്ട് ആ പറഞ്ഞകാര്യങ്ങൾ നബിതിരുമേനി (സ) ചെയ്തുകാണിക്കുകയും തന്റെ സുന്നത്ത് അതായത് പ്രവർത്തനപരമായ കൃത്യങ്ങളിലൂടെ ദുഷ്ക്കരവും പ്രയാസകരവുമായ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തു. ഇങ്ങനെ പരിഹരിച്ചത് ഹദീഥിലൂടെയാണെന്നു പറയുന്നത് ശരിയല്ല. കാരണം ഹദീഥ് നിലവിൽ വരുന്നതിന്നുമുമ്പേ ഇസ്‌ലാം ഭൂമി

യിൽ സ്ഥാപിതമായിക്കഴിഞ്ഞിരുന്നു[33]. ഹദീഥുകൾ ശേഖരിക്കപ്പെടുന്നതിന്നു മുമ്പേ ജനങ്ങൾ നമസ്കരിച്ചിരുന്നില്ലേ? സക്കാത്ത് കൊടുത്തിരുന്നില്ലേ? ഹജ്ജ് ചെയ്തിരുന്നില്ലേ? അനുവദനീയവും നിഷിദ്ധവുമായ കാര്യങ്ങൾ അറിഞ്ഞിരുന്നില്ലേ?

അതെ, സന്മാർഗ്ഗത്തിന്റെ മൂന്നാമത്തെ മാർഗ്ഗം ഹദീഥാകുന്നു. കാരണം ഇസ്‌ലാമിന്റെ ചരിത്രപരവും ധാർമ്മികപരവും കർമ്മശാസ്ത്രപരവുമായ കാര്യങ്ങളെ ഹദീഥുകൾ തുറന്നനിലയിൽ വിശദീകരിച്ചിരിക്കുന്നു. അതുകൊണ്ടുള്ള വലിയ പ്രയോജനം, അത് ഖുർആന്റേയും സുന്നത്തിന്റേയും സേവകനാണെന്നുള്ളതാണ്. ഖുർആന്റെ വിജ്ഞാനം നല്കപ്പെട്ടിട്ടില്ലാത്തവൻ ഇക്കാലഘട്ടത്തിൽ ഹദീഥ് ഖുർആന്റെ വിധികർത്താവാണെന്നു പറയുന്നു; യഹൂദികൾ തങ്ങളുടെ ഹദീഥുകളെക്കുറിച്ച് പറഞ്ഞതുപോലെ. എന്നാൽ, നാം ഹദീഥിനെ ഖുർആന്റേയും സുന്നത്തിന്റേയും സേവകനാണെന്നാണ് പറയുന്നത്. യജമാനന്റെ പകിട്ട് സേവകരുള്ളതുകൊണ്ട് വർദ്ധിക്കുമെന്നത് വ്യക്തമാണ്. ഖുർആൻ അല്ലാഹുവിന്റെ വാക്കും സുന്നത്ത് നബിതിരുമേനി(സ)യുടെ പ്രവർത്തിയുമാണ്. ഹദീഥ് സുന്നത്തിനെ ബലപ്പെടുത്തുന്ന ഒരു സാക്ഷിയുമാണ്. **നഊദുബില്ലാഹ്,** ഹദീഥ് ഖുർആനുമേൽ വിധികർത്താവാണെന്നു പറയുന്നത് തെറ്റാണ്. ഖുർആനുമേൽ ഏതെങ്കിലുമൊരു വിധികർത്താവുണ്ടെങ്കിൽ അത് ഖുർആൻ തന്നെയാണ്. വിതർക്കനിലയിലുള്ള ഹദീഥ് ഒരിക്കലും ഖുർആന്റെമേൽ വിധികർത്താവാകുകയില്ല. സഹായത്തിന്നുള്ള തെളിവ് എന്ന നിലക്കു മാത്രമാണത്. ഖുർആനും സുന്നത്തും യഥാർത്ഥ പ്രവർത്തികളെല്ലാം ചെയ്തുകാണിച്ചു. ഹദീഥ് അതിനെ സഹായിക്കുന്ന സാക്ഷി മാത്രമാണ്. ഹദീഥിനെങ്ങനെയാണ് ഖുർആന്റെമേൽ വിധികർത്താവാകാൻ സാധിക്കുക? മനുഷ്യനിർമ്മിതമായ ഈ കർത്താവിന്റെ പേരും അട

33. അഹ്‌ലെ ഹദീഥുകാർ റസൂലിന്റെ കർമ്മത്തിനും റസൂലിന്റെ വാക്കിനും ഹദീഥ് എന്നാണ് പറയുന്നത്. അവരുടെ സാങ്കേതികത്വമല്ല നമ്മുടെ ഉദ്ദേശ്യം. യഥാർത്ഥത്തിൽ സുന്നത്ത് വേറെയാണ്. ഇതിന്റെ പ്രചാരണത്തിന്റെ സംവിധാനം നബിതന്നെയാണ് ചെയ്തിട്ടുള്ളത്. ഹദീഥ് വേറെതന്നെയാണ്. അതു പിന്നീട് സ്വരുക്കൂട്ടിയതാണ്.

യാളവും ഇല്ലാതിരുന്ന കാലത്തും ഖുർആനും സുന്നത്തും നേർമാർഗ്ഗം കാണിച്ചുതന്നുകൊണ്ടിരുന്നു. അതുകൊണ്ട് ഹദീഥ് ഖുർആന്റെമേൽ വിധികർത്താവാണെന്ന് പറയരുത്. മറിച്ച്, ഖുർആനും സുന്നത്തിനും സഹായിയാണ് ഹദീഥ് എന്നു പറയുക. എന്നാൽ, സുന്നത്ത്, ഖുർആന്റെ താൽപര്യം പ്രകടിപ്പിക്കുന്ന ഒരു സംഗതിയാണ്. നബി(സ) തിരുമേനി കർമ്മപരമായനിലയിൽ സ്വഹാബത്തിനെ നടത്തിയിരുന്ന ആ വഴിയാണ് സുന്നത്ത് കൊണ്ടുദ്ദേശിക്കുന്നത്. സുന്നത്ത് എന്നു പറയുന്നത് 100, 150 വർഷങ്ങൾക്കുശേഷം ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ട കാര്യങ്ങളുടെ പേരല്ല, അക്കാര്യങ്ങളുടെ പേര് ഹദീഥ് എന്നാണ്. സാത്ത്വികരായ മുസ്‌ലിംകൾ കർമ്മപരമായനിലയിൽ ആരംഭംതൊട്ടേ നടന്നുവന്ന ആ കർമ്മപരമായ മാതൃകയുടെ പേരാണ് സുന്നത്ത്. ഇതിന് ആയിരക്കണക്കിനു മുസ്‌ലിംകളെ ഏർപ്പെടുത്തിയിരുന്നു. അതെ! ഹദീഥിന്റെ അധികഭാഗവും വിതർക്കത്തിന്റെ നിലയിലുള്ളതാണെങ്കിലും, ഖുർആനും ഹദീഥുമായി ഇടയാതിരുന്നാൽ പ്രമാണാർഹവും ഖുർആന്റേയും സുന്നത്തിന്റേയും സഹായിയുമാണ്. ഇസ്‌ലാമികമായ പ്രശ്നങ്ങളുടെ ധാരാളം ഖജനാവുകൾ അതിലടങ്ങിയിട്ടുണ്ട്. അതുകൊണ്ട് ഹദീഥിനെ അവഗണിക്കുകയെന്നത് ഇസ്‌ലാമിന്റെ ഒരവയവം മുറിച്ചു കളയുന്നതുപോലെയാണ്. ഖുർആനും സുന്നത്തിനും വിരുദ്ധമായിട്ടുള്ള ഹദീഥുകളും ഖുർആന്റെ അധ്യാപനങ്ങൾക്കനുസൃതമായ ഹദീഥിനെതിരായുള്ള ഹദീഥും- ഉദാഹരണത്തിന് സഹീഹ് ബുഖാരിക്കെതിരായുള്ള ഹദീഥ്- സ്വീകാരാർഹമായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ അതിനെ സ്വീകരിക്കുന്നതുകൊണ്ട് ഖുർആനേയും ഖുർആൻ അനുസരിച്ചുള്ള എല്ലാ ഹദീഥുകളേയും നിഷേധിക്കേണ്ടതായി വരുന്നു. ഖുർആനും സുന്നത്തിനും വിരുദ്ധമായിട്ടുള്ളതും ഖുർആനികാധ്യാപനങ്ങൾക്കനുസൃതമായ ഹദീഥുകൾക്കെതിരായിട്ടുള്ളതുമായ ഹദീഥുകളെ വിശ്വസിക്കുവാൻ മതാചാരങ്ങളിൽ ഉറച്ചുനില്ക്കുന്ന ഒരാളും തന്റേടം കാണിക്കുകയില്ലെന്നെനിക്കറിയാം. എന്തായാലും ഹദീഥുകളെ ആദരിക്കുകയും നബിതിരുമേനി(സ)യുമായി ബന്ധപ്പെടുത്തിയിരിക്കുന്ന ഹദീഥുകളെ

പ്രയോജനപ്പെടുത്തുകയും ചെയ്യുക. ഖുർആനും സുന്നത്തും അവയെ നിഷേധിക്കാത്തിടത്തോളം നിങ്ങളും അവയെ നിഷേധിക്കാതിരിക്കുക. എന്നല്ല, നബിതിരുമേനിയുടെ ഹദീഥനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരേണ്ടതാണ്. എത്രമാത്രമെന്നാൽ അതിന്നെതിരിൽ ഒന്നും ചെയ്യാതിരിക്കുകയും ഒന്നും അനങ്ങാതിരിക്കുകയും ഒന്നും പ്രവർത്തിക്കാതിരിക്കുകയും അതിന്നനുസരിച്ചുള്ള പ്രവർത്തി ഉപേക്ഷിക്കാതിരിക്കുകയും വേണ്ടതാണ്; അത് ശരിയല്ലെന്നു തെളിയിക്കുവാൻ നിങ്ങളുടെ പക്കൽ എന്തെങ്കിലും ഹദീഥുണ്ടായാലൊഴികെ.

എന്നാൽ; (1) വിശുദ്ധഖുർആൻ പറഞ്ഞിട്ടുള്ള വൃത്താന്തങ്ങൾക്ക് ഘടകവിരുദ്ധമായ ഏതെങ്കിലും ഹദീഥാണെങ്കിൽ അതിനെ ഖുർആനുമായി താരതമ്യപ്പെടുത്തുവാൻ ശ്രമിക്കുക. ഒരുപക്ഷേ, ആ വൈരുദ്ധ്യം നിങ്ങളുടെതന്നെ തെറ്റുകൊണ്ടാകും. ഒരുവിധത്തിലും ആ വൈരുദ്ധ്യം നീങ്ങുന്നില്ലെങ്കിൽ അത് നബി(സ) പറഞ്ഞതല്ലെന്നു കരുതി തള്ളിക്കളയുക. (2) ഏതെങ്കിലും ഹദീഥ് ദുർബ്ബലവും എന്നാൽ, ഖുർആനുമായി യോജിക്കുന്നതുമാണെങ്കിൽ അതിനെ സ്വീകരിക്കുക. കാരണം ഖുർആൻ അതിനെ സാക്ഷ്യപ്പെടുത്തുന്നു. (3) പ്രവചനങ്ങളിലധിഷ്ഠിതമായ ഏതെങ്കിലും ഹദീഥ്, ഹദീഥ് പണ്ഡിതന്മാരുടെ പക്കൽ ദുർബ്ബലമായിരിക്കുകയും എന്നാൽ, നിങ്ങളുടെ കാലത്തോ അതിന്നുമുമ്പേയോ ഹദീഥിലെ പ്രവചനം സത്യമായിപ്പുലരുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ ഹദീഥ് സത്യമാണെന്ന് മനസ്സിലാക്കിക്കൊള്ളുക. ആ ഹദീഥ് ബലഹീനവും കൃത്രിമവും ആണെന്നു പറഞ്ഞ ഹദീഥ് പണ്ഡിതന്മാരും നിവേദകന്മാരും അബദ്ധം പിണഞ്ഞവരാണെന്നും കള്ളം പറയുന്നവരാണെന്നും കരുതുക. പ്രവചനങ്ങളടങ്ങിയിട്ടുള്ള നൂറുകണക്കിന് അത്തരം ഹദീഥുകളുണ്ട്. അവയിൽ അധികവും ഹദീഥുപണ്ഡിതന്മാരുടെ ദൃഷ്ടിയിൽ വിചരിന്നവും കല്പിതവും ദുർബ്ബലവുമാണ്. അവയിൽ ഏതെങ്കിലും ഒരു ഹദീഥ് പുലരുകയും എന്നാൽ, ദുർബ്ബലമായ ഹദീഥായതുകൊണ്ടും അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും നിവേദകൻ സത്യസന്ധനല്ലെന്നു പറഞ്ഞതുകൊണ്ടും അതിനെ അംഗീകരിക്കാതെ തള്ളിക്കള

യുകയും അല്ലാഹു സത്യമായി പുലർത്തിക്കാണിച്ച ഹദീഥിനെ വിസമ്മതിക്കുകയും ചെയ്താൽ അത് നിങ്ങളുടെ വിശ്വാസപാതകമായിരിക്കും. ഹദീഥുപണ്ഡിതന്മാരുടെ ദൃഷ്ടിയിൽ ദുർബ്ബലമായ അത്തരം ആയിരം ഹദീഥുണ്ടാവുകയും എന്നാൽ, ആ ആയിരം പ്രവചനം സത്യമായിപ്പുലരുകയും ചെയ്താൽ, നിങ്ങൾ ആ ഹദീഥുകളെ ദുർബ്ബലം എന്നു പറഞ്ഞുകൊണ്ട് ഇസ്ലാമിന്റെ ആയിരം തെളിവുകളെ നഷ്ടപ്പെടുത്തിക്കളയുകയല്ലേ ചെയ്യുന്നത്? അത്തരം പരിതസ്ഥിതിയിൽ നിങ്ങൾ ഇസ്ലാമിന്റെ ശത്രുക്കളായിത്തീരുന്നതാണ്. അല്ലാഹു പറയുന്നു.

فَلَا يُظْهِرُ عَلَىٰ غَيْبِهِ أَحَدًا ۝ إِلَّا مَنِ ارْتَضَىٰ مِن رَّسُولٍ

**ഫലാ യുള്ഹിറു അലാ ഗയ്ബിഹീ അഹദൻ ഇല്ലാമനിർത്തളാ മിൻർറസൂലിൻ.** അതുകൊണ്ട് സത്യമായ പ്രവചനം സത്യവാനായ റസൂലുമായിട്ടല്ലാതെ മറ്റാരുമായിട്ടാണ് ബന്ധിപ്പിക്കുവാൻ സാധിക്കുക. അത്തരം ഘട്ടത്തിൽ സ്വഹീഹായ ഹദീഥിനെ ദുർബ്ബലമെന്ന് പറയുന്നതിൽ ഏതോ ഹദീഥ് പണ്ഡിതന് തെറ്റുസംഭവിച്ചുവെന്നു പറയുന്നതല്ലേ സത്യസന്ധത? അല്ലെങ്കിൽ 'വ്യാജമായ' ഹദീഥിനെ സത്യപ്പെടുത്തിക്കാണിച്ച അല്ലാഹുവിന് തെറ്റുപറ്റി പോയെന്നു പറയുന്നതോ? (4) ഏതെങ്കിലും ഒരു ഹദീഥ് ദുർബ്ബലമായ പദവിയിലുള്ളതാണെങ്കിലും ഖുർആനും സുന്നത്തിനും ഖുർആന് അനുസൃതമായ ഹദീഥുകൾക്കും വിരുദ്ധമല്ലായെങ്കിൽ ആ ഹദീഥനുസരിച്ച് പ്രവർത്തിക്കുക.

എന്നാൽ, വളരെ സൂക്ഷ്മതയോടെ ഹദീഥുകളനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. കാരണം ഇസ്ലാമിൽ കുഴപ്പങ്ങൾ സൃഷ്ടിച്ച കല്പിതങ്ങളായ ഒരുപാട് ഹദീഥുകളുമുണ്ട്. ഓരോ കക്ഷിയും തങ്ങളുടെ വിശ്വാസമനുസരിച്ച് ഹദീഥ് കൈയിൽ വെക്കുന്നവരാണ്. എത്രത്തോളമെന്നാൽ നമസ്കാരം പോലുള്ള ദൃഢപരവും ഇടമുറിയാതെ നടന്നുവന്നതുമായ നിർബ്ബന്ധകാര്യങ്ങളെപ്പോലും ഹദീഥുകളുടെ ഭിന്നതകൾ വിവിധ രൂപത്തിലാക്കിത്തീർത്തിരിക്കുന്നു. ചിലർ ആമീൻ ഉറക്കെപ്പറയുന്നു; ചിലർ പതുക്കെ. ചിലർ ഇമാമിനു വിധേയനായി ഫാത്തിഹ ഓതുന്നു. അങ്ങനെ ഓതുന്നതുകൊണ്ട് നമസ്കാരം മുറിഞ്ഞു

പോകുമെന്ന് ചിലർ പറയുന്നു. ചിലർ നെഞ്ചത്ത് കൈകെട്ടു ന്നു; ചിലർ നാഭിയിൽ. ഈ ഭിന്നതകളുടെ യഥാർത്ഥ കാരണം ഹദീഥുകൾ തന്നെയാണ്. كُلُّ حِزْبٍ بِمَا لَدَيْهِمْ فَرِحُونَ (എല്ലാ ഓരോ കക്ഷിയും താന്താങ്ങളുടെ പക്കലുള്ളതിൽ സന്തുഷ്ടരാണ്-23:54). എന്നാൽ, സുന്നത്ത് ഒരേയൊരു രീതിയേ പറഞ്ഞിരുന്നുള്ളൂ. പിന്നീട് നിവേദനങ്ങളുടെ കടന്നുകയറ്റം ഈ രീതിക്ക് ഇളക്കമുണ്ടാക്കി. ഇതേ പ്രകാരം ഹദീഥുകളെപ്പറ്റിയുള്ള തെറ്റായ ധാരണ ധാരാളമാളുകളെ നശിപ്പിച്ചുകളഞ്ഞു. ശിയാക്കളും ഇതു മുഖേനയാണ് നാശമടഞ്ഞത്. ഇവർ പരിശുദ്ധഖുർആനെ തങ്ങളുടെ വിധികർത്താവായി ഗണിച്ചിരുന്നുവെങ്കിൽ 'നൂർ' എന്ന അധ്യായം മാത്രം ഇവർക്ക് പ്രകാശം നല്കുമായിരുന്നു. എന്നാൽ, ഹദീഥുകൾ അവരെ നശിപ്പിച്ചു. ഇതുപോലെ ഹദ്റത്ത് മസീഹിന്റെ കാലത്ത് ഹദീഥിന്റെ ആളുകളെന്ന് പറയപ്പെട്ടിരുന്ന യഹൂദികളും നാശമടഞ്ഞു[34].

കുറച്ചുകാലമായി അക്കൂട്ടർ തൗറാത്തിനെ ഉപേക്ഷിച്ചുകളഞ്ഞിരുന്നു. ഇന്നുവരെ അവരുടെ വിശ്വാസം ഹദീഥ് തൗറാത്തിന്മേൽ വിധികർത്താവാണെന്നാണ്. ഏലിയാ വീണ്ടും ആകാശത്തുനിന്ന് സ്ഥൂലശരീരത്തോടെ ഇറങ്ങിവരാത്തിടത്തോളം അവരുടെ വാഗ്ദത്ത മസീഹ് വരുന്നതല്ലയെന്നു പ്രതിപാദിക്കുന്ന ധാരാളം ഹദീഥുകൾ അവരിൽ നിലവിലുണ്ട്. ഈ ഹദീഥുകൾ അവരെ കൊടുംചതിയിലിട്ടു. ഈ ഹദീഥുകളിൽ അക്ഷരാർത്ഥത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഏലിയാവ് (ഇൽയാസ് നബി) എന്നതുകൊണ്ട് അദ്ദേഹത്തിന്റെ പ്രകൃതിയിലും സ്വഭാവത്തിലും പ്രതിഛായയിലും വന്ന യോഹന്നാൻ അഥവാ യഹ്യാ ആണെന്ന ഹദ്റത്ത് മസീഹിന്റെ വ്യാഖ്യാനം അവർ സ്വീകരിച്ചില്ല. അവർക്ക് നേരിട്ട ഈ അബദ്ധത്തിനുള്ള കാര

34. ത്വാൽമൂദിലെ ഹദീഥുകളിലും നിവേദനങ്ങളിലും പ്രകടിപ്പിക്കപ്പെട്ട ചിന്താഗതികളെ ഇഞ്ചീലിൽ അങ്ങേയറ്റം രൂക്ഷമായിട്ടെതിർത്തിരിക്കുന്നു. ഈ ഹദീഥുകൾ പരമ്പരയായി ഹദ്റത്ത് മൂസാ നബി(അ)വരെ എത്തിയിട്ടും ഇവയൊക്കെ ഹദ്റത്ത് മൂസാ നബിയുടെ ദിവ്യവെളിപാടുകളെന്നാണ് പറയപ്പെട്ടിരുന്നത്. അവസാനം എന്തായെന്നുവെച്ചാൽ, ഇവർ തൗറാത്തിനെ ഉപേക്ഷിച്ചുകൊണ്ട് സമയം മുഴുവൻ ഹദീഥുകൾ പാരായണം ചെയ്യുന്നതിൽ ചെലവഴിക്കാൻ തുടങ്ങി. ചില കാര്യങ്ങളിൽ ത്വാൽമൂദ്, തൗറാത്തിന്നെതിരാണ്. എന്നിട്ടും യഹൂദികൾ ത്വാൽമൂദ് പറയുന്നതനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്നു. (ത്വാൽമൂദ്, ഗ്രന്ഥകർത്താവ് യൂസുഫ് ബാർക്കലി, 1878 ലണ്ടൻ പ്രസിദ്ധീകരണം.)

ണം, ഈ ഹദീഥുകളായിരുന്നു. അവസാനം അവർ മതചിന്തയില്ലാത്തവരാകാൻ അത് കാരണമായിത്തീർന്നു. ഒരുപക്ഷേ, അവർക്ക് ഈ ഹദീഥുകളുടെ അർത്ഥം മനസ്സിലാക്കുന്നതിൽ അബദ്ധം പിണഞ്ഞിട്ടുണ്ടാകും. അല്ലെങ്കിൽ ഹദീഥുകളിൽ മനുഷ്യരുടെ കൈകടത്തലുകൾ വന്നിരിക്കാം.

യഹൂദികളിൽ ഹദ്റത്ത് മസീഹിനെ നിഷേധിച്ചവർ അഹ്‌ലെ ഹദീഥുകാരായിരുന്നുവെന്ന യാഥാർത്ഥ്യം ഒരുപക്ഷേ, മുസ്‌ലിംകൾക്ക് അറിവില്ലായിരിക്കും. അവർ അദ്ദേഹത്തിന്നെതിരെ ഒച്ചപ്പാടുകളുണ്ടാക്കി. കുഫ്ർ ഫത്‌വ എഴുതി അദ്ദേഹം കാഫിറാണെന്ന് നിശ്ചയിച്ചുറപ്പിക്കുകയും ചെയ്തു. അപ്പോൾ അവർ പറഞ്ഞു: 'ഈ മനുഷ്യൻ ദൈവഗ്രന്ഥങ്ങളെ വിശ്വസിക്കുന്നില്ല, ഏലിയാവ് വീണ്ടും വരുമെന്ന് ദൈവം പറഞ്ഞിട്ടുള്ളതാണ്. ഇയാൾ ആ പ്രവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നു. ഒരുവിധത്തിലുള്ള ചേർച്ചയുമില്ലാതെ ആ പ്രവചനങ്ങൾ തന്നിൽ പൂർത്തിയായെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നുവെന്നൊക്കെ പറഞ്ഞാണ് ബഹളംവെച്ചത്[35].

ഹദ്റത്ത് മസീഹിന്റെ പേര് കാഫിർ (സത്യനിഷേധി) എന്ന് മാത്രമല്ല മുൽഹിദ് (നിരീശ്വരവാദി) എന്നുംവച്ചു. ഈ മനുഷ്യൻ

---

35. ഹദ്റത്ത് ഈസാനബി(അ)ക്കെതിരായ കുഫ്ർ ഫത്‌വ എഴുതപ്പെട്ടപ്പോൾ, പിന്നീട് തന്നെപ്പറ്റി മസീഹിന്റെ ദൂതനെന്ന് സ്വയം പ്രചരിപ്പിച്ച പൗലോസും (സെന്റ് പോൾ) മസീഹിനെ കാഫിറാക്കുന്നവരിലുണ്ടായിരുന്നു. പൗലോസ് ഹദ്റത്ത് മസീഹിന്റെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ കഠിനശത്രുവായിരുന്നു. ഹദ്റത്ത് മസീഹിന്റെ പേരിൽ എഴുതപ്പെട്ട സുവിശേഷങ്ങളിൽ (ഇഞ്ചീലിൽ) ഒന്നിലുംതന്നെ തനിക്കുശേഷം പൗലോസ് പശ്ചാത്തപിച്ചു മടങ്ങി തന്റെ ദൂതനായിത്തീരുമെന്ന് യേശുപറഞ്ഞ ഒരു പ്രവചനവുമില്ല. ഈ മനുഷ്യന്റെ പൂർവ്വകാല നടപടികളെപ്പറ്റിയും സ്വഭാവത്തെപ്പറ്റിയും ഒന്നും എഴുതേണ്ട ആവശ്യം നമുക്കില്ല. ക്രിസ്ത്യാനികൾ നല്ലവണ്ണമറിയുന്നവരാണ്. പരിതാപകരമെന്നു പറയട്ടെ ഹദ്റത്ത് മസീഹ് ആ നാട്ടിലുണ്ടായിരുന്നപ്പോൾ ഈ മനുഷ്യൻ അദ്ദേഹത്തെ വളരെയേറെ പീഡിപ്പിച്ചിരുന്നു. അദ്ദേഹം കുരിശിൽനിന്ന് രക്ഷപ്പെട്ടു കശ്മീരിലേക്ക് ചെന്നപ്പോൾ ഇയാൾ ഒരു വ്യാജസ്വപ്നം മുഖേന, തന്നത്താൻ ഹവാരീംകളിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്. അങ്ങനെ ത്രിയേകത്വ സിദ്ധാന്തം മിനഞ്ഞെടുത്തു. തൗറാത്തിന്റെ നിയമമനുസരിച്ച് എന്നേക്കും നിഷിദ്ധമാക്കപ്പെട്ട പന്നിമാംസം അനുവദനീയമാക്കി. മദ്യപാനത്തിനു പ്രാബല്യം നല്കി. സുവിശേഷ വിശ്വാസങ്ങളിൽ ത്രിയേകത്വം ഉൾപ്പെടുത്തി. യൂനാനി ബിംബാരാധകരെ സന്തോഷിപ്പിക്കുവാനാണ് അയാൾ ഇതൊക്കെ ചെയ്തത്.

സത്യവാനാണെങ്കിൽ പിന്നെ മൂസായുടെ മതം വ്യാജമാണ്. അതവർക്ക് ഫയിജെ അഅ്വജ്- വക്രതയുടെ ഇരുണ്ടകാലഘട്ടം ആയിരുന്നു. വ്യാജമായ ഹദീഥുകൾ അവരെ വഞ്ചിച്ചു.

ഹദീഥുകൾ പാരായണം ചെയ്യുമ്പോൾ ഒരു കാര്യം ചിന്തിക്കേണ്ടതുണ്ട്, ഇതിനു മുമ്പേ ഒരു സമുദായം ഹദീഥിനെ തൗറാത്തിന്റെമേൽ വിധികർത്താവാക്കിയത് നിമിത്തം ഒരു സത്യപ്രവാചകനെ കാഫിറെന്നും ദജ്ജാലെന്നും പറഞ്ഞു നിഷേധിച്ചിരുന്ന അവസ്ഥ നേരിടേണ്ടിവന്നിട്ടുണ്ട്. എന്നിരുന്നാലും മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം സ്വഹീഹ് ബുഖാരി വളരെ അനുഗൃഹീതവും പ്രയോജനകരവുമായ ഗ്രന്ഥമാണ്. ഹദ്റത്ത് ഈസാനബി(അ) വഫാത്തായിപ്പോയെന്ന് വളരെ വ്യക്തമായിട്ടെഴുതിയിട്ടുള്ള ഗ്രന്ഥമാണിത്. അതേപ്രകാരം സ്വഹീഹ് മുസ്‌ലിമും ഇതര ഹദീഥ് ഗ്രന്ഥങ്ങളും ധാരാളം ദിവ്യജ്ഞാനങ്ങളുടേയും കർമ്മപദ്ധതികളുടേയും ഭണ്ഡാരമാണ്. വളരെ സൂക്ഷ്മതയോടുകൂടി അവയ്ക്കനുസരിച്ച് പ്രവർത്തിക്കൽ നിർബന്ധമാണ്. അതായത് ഖുർആനും സുന്നത്തിനും ഖുർആന്റെ അധ്യാപനങ്ങൾക്കനുയോജ്യമായ ഹദീഥുകൾക്കും വിരുദ്ധമായി ഒരു വിഷയവും ഉണ്ടാകരുത്.

അല്ലയോ ദൈവാന്വേഷികളേ! ചെവി തുറക്കുകയും കേൾക്കുകയും ചെയ്യുക. യഖീൻ അഥവാ ദൃഢവിശ്വാസംപോലെ മറ്റൊന്നുമില്ല. ദൃഢവിശ്വാസം ഒന്നുമാത്രമാണ് പാപത്തിൽനിന്ന് മുക്തി നല്കുന്നത്. സൽക്കർമ്മങ്ങൾ ചെയ്യുന്നതിനുള്ള ശക്തി പകരുന്നതും ദൃഢവിശ്വാസം തന്നെയാണ്. ദൈവത്തിന്റെ സത്യസന്ധനായ പ്രേമിയാക്കിത്തീർക്കുന്നതും ദൃഢവിശ്വാസംതന്നെ. ദൃഢവിശ്വാസം കൂടാതെ നിങ്ങൾക്ക് പാപത്തെ ഉപേക്ഷിക്കാൻ പറ്റുമോ? സംശയരഹിതമായ വെളിച്ചമില്ലാതെ ഇന്ദ്രിയാശകളിൽനിന്ന് നിങ്ങൾക്ക് വിട്ടുനില്ക്കുവാൻ സാധിക്കുമോ? ദൃഢവിശ്വാസമില്ലാതെ നിങ്ങൾക്കു മാനസികമായ ശാന്തിയും യഥാർത്ഥത്തിലുള്ള പരിവർത്തനവും കൈവരുത്തുവാൻ സാധിക്കുമോ? ദൃഢവിശ്വാസമില്ലാതെ ആർക്കെങ്കിലും യഥാർത്ഥ സുഖജീവിതം നയിക്കുവാൻ സാധിക്കുമോ? നിങ്ങളിൽനിന്ന്

പാപം അകറ്റുവാനുതകുന്ന എന്തെങ്കിലും പാപപരിഹാര സിദ്ധാന്തമോ മോചനദ്രവ്യമോ ആകാശത്തിൻ കീഴിലുണ്ടോ? മർയമിന്റെ പുത്രൻ ഈസായുടെ കൃത്രിമ രക്തത്തിനു നിങ്ങളെ പാപത്തിൽനിന്ന് മോചിപ്പിക്കാനുള്ള ശക്തിയുണ്ടോ? ക്രിസ്ത്യാനികളേ! ഭൂമി പൊട്ടിപ്പിളരുന്ന അത്തരം കളവുകൾ നിങ്ങൾ പറയരുത്. യേശു താൻതന്നെ സ്വന്തം പാപമുക്തിക്കു വേണ്ടി ദൃഢവിശ്വാസത്തിന്നാശ്രിതനായിരുന്നു. അദ്ദേഹം ദൃഢമായി വിശ്വസിക്കുകയും മോക്ഷം പ്രാപിക്കുകയും ചെയ്തു. മിശിഹായുടെ രക്തംകൊണ്ട് പാപത്തിൽനിന്ന് മോക്ഷം നേടി എന്നു പറഞ്ഞു ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന ക്രിസ്ത്യാനികളുടെമേൽ അഹോ കഷ്ടം! വാസ്തവത്തിൽ അവർ പാദാദികേശം പാപത്തിൽ മുങ്ങിയിരിക്കുകയാണ്. അവരുടെ ദൈവം ആരാണെന്നവർക്കറിയില്ല- എന്നല്ല, അവരുടെ ജീവിതംതന്നെ അശ്രദ്ധ നിറഞ്ഞതാണ്. മദ്യത്തിന്റെ ലഹരി അവരുടെ തലച്ചോറിലുണ്ട്. എന്നാൽ, ആകാശത്തുനിന്നിറങ്ങുന്ന ആ പരിശുദ്ധ ലഹരിയെക്കുറിച്ച് അവർ അജ്ഞരാണ്. ദൈവത്തോടൊപ്പമുള്ളതും പരിശുദ്ധജീവിതത്തിന്റെ ഫലമുളവാക്കുന്നതുമായ ജീവിതത്തിൽനിന്ന് അവർ ഏറെ അകലെയാണ്. ദൃഢവിശ്വാസമില്ലാതെകണ്ട് ജീവിതാന്ധകാരത്തിൽനിന്ന് പുറത്തുകടക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ലെന്നും റൂഹുൽ ഖുദ്സ്- പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് കിട്ടുകയില്ലെന്നും നിങ്ങൾ ഓർമ്മിച്ചുകൊള്ളുവിൻ. ദൃഢവിശ്വാസമുള്ളവർ അനുഗൃഹീതരാണ്. കാരണം അവർക്ക് ദൈവത്തെ കാണുവാൻ സാധിക്കുന്നതാണ്. സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും മോചനം പ്രാപിച്ചവർ ഭാഗ്യവാന്മാരാണ്. കാരണം അവർ തന്നെയായിരിക്കും പാപത്തിൽനിന്ന് മോക്ഷം പ്രാപിക്കുക. ദൃഢവിശ്വാസത്തിന്റെ സമ്പത്ത് നല്കപ്പെടുന്ന നിങ്ങൾ ഭാഗ്യവാന്മാരാണ്. അതിനുശേഷം നിങ്ങളുടെ പാപത്തിന് അവസാനമുണ്ടാകും. പാപവും ദൃഢവിശ്വാസവും, രണ്ടും ഒരിടത്ത് ഒന്നിക്കുകയില്ല. മാളത്തിൽ ഉഗ്രവിഷമുള്ള സർപ്പത്തെക്കണ്ടുകൊണ്ടിരിക്കെ നിങ്ങൾക്കതിൽ കൈയിടുവാൻ സാധിക്കുമോ? അഗ്നിപർവ്വതത്തിന്റെ കല്ലുകൾ വർഷിക്കുകയോ ഇടിമിന്നൽ പതിക്കുകയോ

രക്തദാഹിയായ ഒരു സിംഹത്തിന്റെ ആക്രമണം ഉണ്ടാവുകയോ നാശകാരിയായ പ്ലേഗ് മനുഷ്യവംശത്തെത്തന്നെ ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുകയോ ചെയ്യുന്ന സ്ഥലത്ത് നിങ്ങൾക്ക് നില്ക്കുവാൻ കഴിയുമോ? പാമ്പിന്റേമേലും ഇടിമിന്നലിന്റെ മേലും സിംഹത്തിന്റേയും പ്ലേഗിന്റേയും മേലുമുള്ള ദൃഢവിശ്വാസംപോലെ നിങ്ങൾക്ക് അല്ലാഹുവിന്റേമേൽ ദൃഢവിശ്വാസമുണ്ടെങ്കിൽ, അവനെതിരിൽ ധിക്കാരം കാണിച്ചുകൊണ്ട് ശിക്ഷയുടെ വഴി സ്വീകരിക്കുവാനോ സത്യസന്ധവും ആത്മാർത്ഥവുമായ ബന്ധം വിച്ഛേദിക്കുവാനോ സാധ്യമല്ല.

നന്മക്കും സത്യസന്ധതയ്ക്കും വേണ്ടി വിളിക്കപ്പെട്ടവരേ! നിങ്ങൾ തീർച്ചയായും മനസ്സിലാക്കുക, നിങ്ങളുടെ ഹൃദയം ദൃഢവിശ്വാസത്താൽ നിർഭരമാകുമ്പോഴാണ് അല്ലാഹുവിന്റെ ആകർഷണം നിങ്ങളിലുണ്ടാകുന്നതും നിങ്ങൾ പാപത്തിന്റെ വെറുക്കപ്പെട്ട കളങ്കങ്ങളിൽനിന്ന് പരിശുദ്ധരാക്കപ്പെടുന്നതും. ദൃഢവിശ്വാസം ലഭിച്ചിട്ടുണ്ടെന്ന് നിങ്ങൾ പറഞ്ഞേക്കാം. ഇത് നിങ്ങൾക്ക് തെറ്റുപറ്റിയതാണെന്ന് ഓർത്തുകൊള്ളുവിൻ. നിങ്ങൾക്കൊരിക്കലും യഖീൻ- ദൃഢവിശ്വാസം കൈ വന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ അതുമായി ബന്ധപ്പെട്ട നിർബന്ധ കാര്യങ്ങൾ നിങ്ങൾക്കു ലഭിച്ചിട്ടില്ല- കാരണം നിങ്ങൾ പാപത്തിൽനിന്ന് പിന്മാറുന്നില്ല. വെക്കേണ്ടുന്നതായ ചുവട് നിങ്ങൾ മുന്നോട്ടുവെക്കുന്നില്ല. ഭയപ്പെടേണ്ടതായ നിലയിൽ നിങ്ങൾ ഭയപ്പെടുന്നില്ല. സ്വയം ചിന്തിച്ചുനോക്കുക.

പാമ്പ് ഇന്ന മാളത്തിലുണ്ടെന്ന് ദൃഢവിശ്വാസമുള്ളവൻ എപ്പോഴെങ്കിലും അതിൽ കൈയിടുമോ? തനിക്കു കിട്ടിയ ഭക്ഷണത്തിൽ വിഷമുണ്ടെന്ന് ദൃഢവിശ്വാസമുള്ള ഒരാൾ എപ്പോഴെങ്കിലും അത് തിന്നുമോ? ഇന്ന വനത്തിൽ രക്തം കുടിക്കുന്ന ഒരായിരം സിംഹങ്ങളുണ്ടെന്ന് ദൃഢതരമായ നിലയിൽ കണ്ടുകൊണ്ടിരിക്കുന്ന ഒരാളുടെ പാദങ്ങൾ അലസതയോടും അശ്രദ്ധയോടും ആ വനത്തിൽ പതിയുമോ? അതുകൊണ്ട് നിങ്ങൾക്ക് അല്ലാഹുവിലും രക്ഷാശിക്ഷയിലും ദൃഢവിശ്വാസമുണ്ടെങ്കിൽ നിങ്ങളുടെ കൈകളും നിങ്ങളുടെ കാലുകളും നിങ്ങളുടെ ചെവികളും നിങ്ങളുടെ കണ്ണുകളും പാപം ചെയ്യുവാൻ എങ്ങനെ

ധൈര്യപ്പെടും? പാപത്തിന് ദൃഢവിശ്വാസത്തിന്മേൽ വിജയം വരിക്കുവാൻ സാധ്യമല്ല. ഭസ്മമാക്കുന്നതും ദഹിപ്പിക്കുന്നതുമായ അഗ്നിനാളം കണ്ടുകൊണ്ടിരിക്കെ നിങ്ങൾക്കെങ്ങനെ അതിലേക്ക് നിങ്ങളെ വീഴ്ത്തുവാൻ കഴിയും? ദൃഢവിശ്വാസത്തിന്റെ ഭിത്തികൾ ആകാശംമുട്ടെയുണ്ട്. ശയ്ത്താന് അതിൽ കയറാൻ സാധ്യമല്ല. പരിശുദ്ധരായിത്തീർന്ന ഓരോരുത്തരും ദൃഢവിശ്വാസം കൊണ്ടാണ് പരിശുദ്ധരായിട്ടുള്ളത്. ദൃഢവിശ്വാസം വിഷമം സഹിക്കുവാനുള്ള ശക്തി നല്കുന്നു. എത്രത്തോളമെന്നാൽ രാജാവിനെ സിംഹാസനത്തിൽനിന്ന് താഴെയിറക്കുകയും ദാരിദ്ര്യത്തിന്റെ വസ്ത്രം ഉടുപ്പിക്കുകയും ചെയ്യുന്നു. ദൃഢവിശ്വാസം എല്ലാ ഓരോ ദുഃഖത്തേയും ശമിപ്പിക്കുന്നു. ദൃഢവിശ്വാസം അല്ലാഹുവിനെ കാണിച്ചുതരുന്നു. എല്ലാ ഓരോ പാപപരിഹാരസിദ്ധാന്തവും വ്യാജമാണ്. എല്ലാ ഓരോ മോചനദ്രവ്യവും നിരർത്ഥകമാണ്. എല്ലാ ഓരോ പരിശുദ്ധിയും ദൃഢവിശ്വാസത്തിന്റെ വഴിയിലൂടെ വരുന്നു. പാപത്തിൽനിന്ന് മോചനം നല്കുന്നതും ദൈവംവരെ കൊണ്ടുചെന്നെത്തിക്കുന്നതും സത്യസന്ധതയിലും സ്ഥൈര്യതയിലും മലക്കുകളേക്കാൾ ഉന്നതരാക്കുന്നതും ആ ദൃഢവിശ്വാസമാണ്. ദൃഢവിശ്വാസത്തിന്റെ സാധനസാമഗ്രികൾ സമർപ്പിക്കാത്ത മതം വ്യാജമാണ്. ദൃഢമായ മാർഗ്ഗങ്ങളിലൂടെ ദൈവത്തെ കാണിക്കുവാൻ സാധിക്കാത്ത എല്ലാ ഓരോ മതവും വ്യാജമാണ്. പഴങ്കഥകളല്ലാതെ മറ്റൊന്നും സമർപ്പിക്കാനില്ലാത്ത എല്ലാ ഓരോ മതവും വ്യാജമാണ്. ദൈവം പണ്ടുണ്ടായിരുന്നതുപോലെ ഇപ്പോഴുമുണ്ട്. അവന്റെ ശക്തിപ്രഭാവങ്ങൾ പണ്ടുണ്ടായിരുന്നതുപോലെ ഇപ്പോഴുമുണ്ട്. പിന്നെന്തിനാണ് നിങ്ങൾ കഥകളിൽ മാത്രം തൃപ്തിയടയുന്നത്? ദിവ്യദൃഷ്ടാന്തങ്ങൾ വെറും കഥകൾ മാത്രമായിട്ടുള്ള മതം നാശമടഞ്ഞതാണ്. അതിന്റെ പ്രവചനങ്ങൾ കഥകൾ മാത്രമാണ്. ദൈവം ഇറങ്ങിയിട്ടില്ലാത്ത ജമാഅത്തും നാശമടഞ്ഞതാണ്. അത് ദൃഢവിശ്വാസത്തിലൂടെ ദൈവത്തിന്റെ കരങ്ങളാൽ പരിശുദ്ധമായതല്ല. ശരീരേച്ഛകളുടെ ആനന്ദത്തിനുള്ള സാധനസാമഗ്രികൾ കണ്ട് അവയിലേക്ക് മനുഷ്യൻ ആകർഷിക്കപ്പെടുന്നതുപോലെ ദൃഢവിശ്വാസത്തിലൂടെ ആത്മീ

യമായ ആനന്ദം കൈവരിക്കുമ്പോൾ അവൻ ദൈവത്തിലേക്ക് ആകർഷിക്കപ്പെടുന്നു. അതിന്റെ സൗന്ദര്യം മറ്റുള്ള കാര്യങ്ങളെല്ലാം ഒന്നിനും കൊള്ളാത്തവയായി അവനു കാണപ്പെടും വിധം അവനെ ലഹരി പിടിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തെക്കുറിച്ചും അവന്റെ പ്രതാപത്തെക്കുറിച്ചും രക്ഷാശിക്ഷയെക്കുറിച്ചും ദൃഢമായ അറിവ് ലഭിക്കുമ്പോൾ മനുഷ്യൻ പാപങ്ങളിൽനിന്ന് മുക്തിനേടുന്നു. എല്ലാ ഓരോ ഭയമില്ലായ്മയുടേയും വേര് അറിവില്ലായ്മയാണ്. ദൈവത്തിന്റെ സംശയരഹിതമായ ജ്ഞാനത്തിൽനിന്ന് പങ്ക് പറ്റുന്നവൻ നിർഭയനായിരിക്കുകയില്ല. വീട്ടുടമസ്ഥൻ ശക്തമായൊരു ജലപ്രളയം തന്റെ വീട്ടിനു നേരെ തിരിഞ്ഞിട്ടുണ്ടെന്നോ അല്ലെങ്കിൽ അല്പം സ്ഥലമൊഴിച്ച് തന്റെ വീടിനു ചുറ്റും അഗ്നി ആളിപ്പടർന്നിട്ടുണ്ടെന്നോ അറിഞ്ഞാൽ, അവന് ആ വീട്ടിൽ നില്ക്കുവാൻ പറ്റുകയില്ല. ഇങ്ങനെ വരുമ്പോൾ, ദൈവത്തിന്റെ രക്ഷാശിക്ഷയിൽ ദൃഢമായി വിശ്വസിക്കുന്നുവെന്ന് വാദിച്ചുകൊണ്ട് എങ്ങനെയാണ് നിങ്ങൾക്ക് ഭയാനകമായ അവസ്ഥകളിൽ അടിയുറച്ചു നില്ക്കുവാൻ സാധിക്കുന്നത്. നിങ്ങൾ കണ്ണു തുറക്കുകയും ലോകത്ത് മുഴുവനും കണ്ടുവരുന്ന ദൈവത്തിന്റെ നിയമങ്ങളെ നോക്കിക്കാണുകയും ചെയ്യുക. മാളത്തിൽ മറയുന്ന എലിയാകാതെ ആകാശാന്തരീക്ഷം ഇഷ്ടപ്പെടുന്ന പ്രാവുകളായിത്തീരുക. നിങ്ങൾ പശ്ചാത്താപത്തിന്റെ ബയ്അത്ത്-അനുസരണപ്രതിജ്ഞ- ചെയ്തിട്ട് വീണ്ടും പാപത്തിൽ അടിയുറച്ചുനില്ക്കരുത്. ഉപ്പിളി ഊരിയതിനുശേഷം പാമ്പ്, പാമ്പായിത്തന്നെ ഇരിക്കുന്നതുപോലെ നിങ്ങളാകരുത്. നിങ്ങളുടെ അടുത്ത് വന്നും പോയുമിരിക്കുന്ന മരണത്തെ ഓർമ്മിക്കുക. നിങ്ങൾ അതിൽ അശ്രദ്ധരാണ്. പരിശുദ്ധരാകുവാൻ ശ്രമിക്കുക. സ്വയം പരിശുദ്ധനായാൽ മാത്രമേ പരിശുദ്ധനായ ദൈവത്തെ സ്വായത്തമാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ, നിങ്ങൾക്കെങ്ങനെയാണ് ഈ അനുഗ്രഹത്തെ പ്രാപിക്കുവാൻ സാധിക്കുക? ഇതിനുള്ള മറുപടി അല്ലാഹു തന്നിരിക്കുന്നു. وَاسْتَعِيْنُوْا بِالصَّبْرِ وَالصَّلٰوةِ ***വസ്തഈനു ബിസ്സ്വബ്‌രീ വസ്സ്വലാത്തി*** (2:147). നമസ്കാരവും സഹനവുംകൊണ്ട് അല്ലാഹുവിനോടു സഹായം തേടുക. നമസ്കാരം

എന്നാലെന്താണ്? സ്തോത്രം (തസ്ബീഹ്) ചെയ്തും, വീണ്ടും വീണ്ടും സ്തുതിച്ചും (തഹ്മീദ്) പവിത്രത (തഖ്ദീസ്) കാത്തു സൂക്ഷിച്ചും പൊറുക്കലിനെ (ഇസ്തിഗ്ഫാർ) തേടിയും നബി (സ) തിരുമേനിയുടെമേൽ ആശംസകൾ (ദുറൂദ്) നേർന്നുകൊണ്ടും താണുകേണു ഇരക്കുന്ന പ്രാർത്ഥനയാണത്. അതുകൊണ്ട് നിങ്ങൾ നമസ്കരിക്കുമ്പോൾ അജ്ഞരായ ആളുകളെപ്പോലെ നിങ്ങളുടെ പ്രാർത്ഥനകളിൽ അറബിപദങ്ങൾ മാത്രം ചൊല്ലു ന്നവരാകരുത്. കാരണം അവരുടെ നമസ്കാരവും അവരുടെ പൊറുക്കലിനെ തേടലുമെല്ലാം വെറും ആചാരങ്ങളാണ്. അതി നോടൊപ്പം പരമാർത്ഥമായതൊന്നുംതന്നെയില്ല. എന്നാൽ, നിങ്ങൾ നമസ്കരിക്കുമ്പോൾ വിശുദ്ധഖുർആനിലും ഹദീഥു കളിലുമുള്ള നമസ്കാരത്തിൽ ഓതപ്പെടേണ്ട ദുആകളെ കൂടാതെ സ്വന്തം ഭാഷകളിലും ഉള്ളുരുക്കത്തോടെ ദുആ ചെയ്യേണ്ടതാ ണ്. എന്നാലേ നിങ്ങളുടെ ഹൃദയങ്ങളിലും ആ വിനയത്തിന്റേയും കീഴ്വണക്കത്തിന്റേയും പ്രതിഫലനം ഉണ്ടാവുകയുള്ളൂ.

അഞ്ചുനേര നമസ്കാരങ്ങൾ എന്താണ്? അത് നിങ്ങളുടെ വിവിധ അവസ്ഥകളുടെ ചിത്രമാണ്. വിപത്തിന്റെ നേരത്ത് നിങ്ങ ളിലുണ്ടാകുന്ന, നിങ്ങളുടെ ജീവിതത്തിന്റെ അഞ്ചു അവസ്ഥാ ന്തരങ്ങളാണത്. അത് നിങ്ങൾക്കുണ്ടാകേണ്ടത് നിർബന്ധമാണ്.

1. ഒന്നാമതായി, നിങ്ങൾക്ക് ഒരാപത്ത് വരാൻ പോകുന്നു വെന്ന അറിയിപ്പ് കിട്ടുക. ഉദാഹരണമായി നിങ്ങളുടെ പേരിൽ കോടതിയിൽനിന്ന് ഒരു വാറണ്ട് പുറപ്പെടുവിക്കുന്നു. നിങ്ങളുടെ സമാധാനത്തിലും സന്തോഷത്തിലും ഭംഗമുണ്ടാക്കുന്ന ആദ്യത്തെ അവസ്ഥയാണിത്. ഈ അവസ്ഥ അസ്തമയ സമ യത്തോട് സാദൃശ്യമുള്ളതാകുന്നു. കാരണം ഇതുമൂലം നിങ്ങ ളുടെ സന്തോഷാവസ്ഥയിൽ മങ്ങലുണ്ടാകാൻ തുടങ്ങി. ഇതി നു സമാനമായി ളുഹ്ർ നമസ്കാരം നിശ്ചയിക്കപ്പെട്ടു. ഇത് സൂര്യാസ്തമയത്തിനുള്ള തുടക്കമാകുന്നു.

2. നിങ്ങളിൽ രണ്ടാമത്തെ മാറ്റം വരുന്നത് ആപത്തിന്റെ സ്ഥലവുമായി വളരെ അടുത്താക്കപ്പെടുന്ന നേരത്താണ്. ഉദാ ഹരണമായി നിങ്ങൾ വാറണ്ടനുസരിച്ച് അറസ്റ്റ് ചെയ്യപ്പെടുകയും

ന്യായാധിപന്റെ മുമ്പിൽ ഹാജരാക്കപ്പെടുകയും ചെയ്യുന്നു. ഇത് ഭയംകൊണ്ട് രക്തം വരണ്ടുപോകുകയും സന്തോഷത്തിന്റെ വെളിച്ചം അകലുകയും ചെയ്യുന്ന നേരമാകുന്നു. സൂര്യനിൽ നിന്ന് പ്രകാശം കുറഞ്ഞുപോകുകയും ദൃഷ്ടിക്ക് അതിൽ പതിയാൻ സാധിക്കുകയും ചെയ്യുന്ന നേരത്തോട് സാദൃശ്യമാണിത്. അതിന്റെ പതനം അടുത്തിരിക്കുന്നുവെന്ന് വ്യക്തമായും കാണുവാൻ കഴിയുന്നു. ഈ ആത്മീയാവസ്ഥയ്ക്ക് സമാനമായി അസ്ർ നമസ്കാരം നിശ്ചയിക്കപ്പെട്ടു.

3. നിങ്ങളിൽ മൂന്നാമത്തെ മാറ്റം വരുന്നത് ഈ ആപത്തിൽനിന്ന് മോചനം ലഭിക്കുമെന്ന പ്രതീക്ഷ തികച്ചും അറ്റുപോകുമ്പോഴാണ്. ഉദാഹരണമായി നിങ്ങളുടെ പേരിൽ കുറ്റപത്രം എഴുതപ്പെടുകയും നിങ്ങൾക്കെതിരെ നിങ്ങളുടെ നാശത്തിനായി സാക്ഷികൾ സജ്ജരാക്കപ്പെടുകയും ചെയ്യുന്നു. ഈ അവസരത്തിൽ നിങ്ങളുടെ ബോധം നഷ്ടപ്പെടുകയും നിങ്ങൾ സ്വയം ഒരു തടവുകാരനായികരുതുകയും ചെയ്യുന്ന നേരമാണിത്. ഈ അവസ്ഥ സൂര്യൻ അസ്തമിക്കുന്ന നേരവുമായി സാദൃശ്യമുള്ളതാണ്. പകൽ വെളിച്ചത്തിന്റെ എല്ലാ പ്രതീക്ഷകളും അവസാനിച്ചുപോകുന്നു. ഈ ആത്മീയാവസ്ഥയ്ക്ക് സമാനമായി മഗ്രിബ് നമസ്കാരം നിശ്ചയിക്കപ്പെട്ടു.

4. നിങ്ങളിൽ വരുന്ന നാലാമത്തെ മാറ്റം ആപത്ത് നിങ്ങളിൽ ഉണ്ടാകുമ്പോഴാണ്. അതിന്റെ കൂരിരുൾ നിങ്ങളെ വലയം ചെയ്യുന്നു. ഉദാഹരണമായി കുറ്റമാരോപിക്കപ്പെട്ട് സാക്ഷികൾ വിസ്തരിക്കപ്പെട്ടതിനുശേഷം ശിക്ഷ നിങ്ങളെ കേൾപ്പിക്കുന്നു. നിങ്ങളെ തടവിലാക്കുവാൻ ഒരു പോലീസുകാരനെ ചുമതലപ്പെടുത്തുന്നു. കഠിനമായ ഇരുട്ടുണ്ടാകുന്ന സമയവുമായി സാദൃശ്യമുള്ള നേരമാണിത്. ഈ ആത്മീയാവസ്ഥയ്ക്ക് സമാനമായി ഇശാനമസ്കാരം നിശ്ചയിക്കപ്പെട്ടു.

5. പിന്നീട് നിങ്ങൾ ദീർഘകാലം ഈ ആപത്തിന്റെ അന്ധകാരത്തിൽ കഴിച്ചുകൂട്ടുന്നു. അതിനുശേഷം അല്ലാഹുവിന്റെ കാരുണ്യം തിളച്ചുമറിയുകയും നിങ്ങൾക്ക് ഈ ഇരുട്ടിൽനിന്ന് മോചനം നല്കുകയും ചെയ്യുന്നു.

ഉദാഹരണമായി കൂരിരുട്ടിനുശേഷം പ്രഭാതം പൊട്ടിവിടരുന്നു. പിന്നീട് പകലിന്റെ പ്രകാശം അതിന്റെ തിളക്കത്തോടുകൂടി പ്രത്യക്ഷമാകുന്നു. ഈ ആത്മീയാവസ്ഥയ്ക്ക് സമാനമായി സുബ്ഹി നമസ്കാരം നിശ്ചയിക്കപ്പെട്ടു. അങ്ങനെ അല്ലാഹു നിങ്ങളുടെ പ്രകൃതിപരമായ മാറ്റങ്ങളിൽ അഞ്ച് അവസ്ഥകൾ കണ്ടുകൊണ്ട് അഞ്ചു നമസ്കാരങ്ങൾ നിങ്ങൾക്കായി നിശ്ചയിച്ചു. ഇതിൽനിന്ന് ഈ നമസ്കാരങ്ങൾ നിങ്ങളുടെ ആത്മാവിന്റെ ഗുണത്തിനുള്ളതാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്.

ഈ ആപത്തുകളിൽനിന്ന് രക്ഷപ്പെടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അഞ്ചുനേര നമസ്കാരങ്ങൾ ഉപേക്ഷിക്കാതിരിക്കുക. ഇത് നിങ്ങളുടെ ആന്തരികവും ആത്മീയവുമായ മാറ്റങ്ങളുടെ പ്രതിച്ഛായയാകുന്നു. വരാൻ പോകുന്ന വിപത്തുകൾക്കുള്ള ചികിത്സ നമസ്കാരത്തിലുണ്ട്. ഉദിച്ചുയരാൻ പോകുന്ന പുതുദിനം എന്താണ് വിധിച്ചിരിക്കുന്നതെന്ന് നിങ്ങൾക്കറിയില്ല. അതുകൊണ്ട് ആ ദിനം ഉദിച്ചുയരുന്നതിനു മുമ്പേ നിങ്ങളുടെ യജമാനന്റെ തിരുസന്നിധിയിൽ ഉള്ളുരുക്കത്തോടുകൂടി പ്രാർത്ഥിക്കുക; നന്മയുടേയും അനുഗ്രഹത്തിന്റേയും ദിവസം നിങ്ങൾക്കായി ഉദിച്ചുയരാൻ.

അല്ലയോ നേതാക്കളേ! നാടുവാഴികളേ! മുതലാളിമാരേ! നിങ്ങളിൽ അല്ലാഹുവിനെ ഭയപ്പെടുന്നവരും അവന്റെ എല്ലാ വഴികളിലും ശരിയായി നടക്കുന്നവരും നന്നേ കുറവാണ്. ഭൗതികമായ സ്വത്തുക്കളെ സ്നേഹിക്കുകയും അതിൽതന്നെ ആയുസ്സ് കഴിക്കുകയും മരണത്തെ മറന്നുപോവുകയും ചെയ്യുന്നവരാണധികവും. നമസ്കരിക്കാതിരിക്കുകയും അല്ലാഹുവിനെക്കുറിച്ച് അശ്രദ്ധരായിരിക്കുകയും ചെയ്യുന്ന എല്ലാ ഓരോ മുതലാളിയുടേയും കഴുത്തിൽ അയാളുടെ എല്ലാ തൊഴിലാളികളുടേയും ജോലിക്കാരുടേയും പാപമുണ്ട്. മദ്യപിക്കുന്ന ഓരോ മുതലാളിയുടേയും കഴുത്തിൽ അയാൾക്ക് വിധേയനായിക്കൊണ്ട് മദ്യപാനത്തിൽ പങ്കാളിയാകുന്ന ഓരോരുത്തരുടേയും പാപമുണ്ട്. അല്ലയോ ബുദ്ധിമാന്മാരേ, ഈ ലോകം ശാശ്വതമായ സ്ഥലമല്ല. നിങ്ങൾ രക്ഷപ്പെട്ടുകൊള്ളുവിൻ.

നിങ്ങൾ ഓരോ അന്യായങ്ങളേയും വർജ്ജിക്കുവിൻ. എല്ലാ ഓരോ ലഹരിപദാർത്ഥവും ഉപേക്ഷിക്കുവിൻ. മനുഷ്യനെ നശിപ്പിക്കുന്നത് മദ്യം മാത്രമല്ല. പ്രത്യുത കറുപ്പ്, കഞ്ചാവ്, ചരസ്, ഭൻഗ്, ചാരായം തുടങ്ങിയവയും നിത്യശീലമാക്കിത്തീർക്കുന്ന ഓരോ ലഹരിപദാർത്ഥവും മസ്തിഷ്ക്കത്തെ കേടുവരുത്തുകയും അവസാനം നശിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അതിൽനിന്ന് രക്ഷപ്പെടുക. നിങ്ങളെന്തിനാണ് ഇതുപയോഗിക്കുന്നതെന്ന് നമുക്ക് മനസ്സിലാകുന്നില്ല. ഇതിന്റെ ദുർഗ്ഗതിയാൽ ഓരോ വർഷവും നിങ്ങളെപ്പോലെ മദ്യശീലക്കാരായ ആയിരക്കണക്കിനാളുകൾ ഈ ലോകത്തുനിന്ന് വിടപറഞ്ഞുപോകുന്നു[36]. പരലോകത്ത് കിട്ടുന്ന ശിക്ഷ ഇതിന് പുറമെയാണ്. നിങ്ങളുടെ ആയുസ്സ് വർദ്ധിക്കുന്നതിനും അല്ലാഹുവിൽനിന്നു അനുഗ്രഹം പ്രാപിക്കുന്നതിനുംവേണ്ടി കുറ്റങ്ങളിൽ നിന്നകന്നു നില്ക്കുന്നവരായിത്തീരുക. സുഖഭോഗങ്ങളിൽ അതിരുവിടുകയെന്നത് ശപിക്കപ്പെട്ട ജീവിതമാണ്. അതിരുകടന്നുള്ള ദുഃസ്വഭാവവും നിർഭയത്വവും ശപിക്കപ്പെട്ട ജീവിതമാണ്. ദൈവത്തിനോട് അല്ലെങ്കിൽ അവന്റെ ദാസരോടു സഹതാപം കാണിക്കുന്നതിൽ അതിരുവിട്ടുള്ള അശ്രദ്ധയും ശപിക്കപ്പെട്ട ജീവിതമാണ്.

ദൈവത്തോടുള്ള കടമകളെപ്പറ്റിയും മനുഷ്യരോടുള്ള ബാധ്യതകളെപ്പറ്റിയും ഒരു ദരിദ്രനോടു ചോദിക്കുന്നതുപോലെ ഓരോ ധനികനോടും ചോദിക്കപ്പെടുന്നതായിരിക്കും. എന്നല്ല, അതിനേക്കാൾ കൂടുതൽ! ഈ ഹ്രസ്വമായ ജീവിതത്തിൽ വിശ്വാസമർപ്പിച്ചു പൂർണ്ണമായും ദൈവത്തിൽനിന്ന് മുഖം തിരിക്കുന്നവൻ എത്രമാത്രം ദൗർഭാഗ്യനാണ്. ദൈവം നിഷിദ്ധമാക്കിയ

36. യൂറോപ്പിലെ ജനങ്ങൾക്ക് മദ്യം ഇത്രത്തോളം നഷ്ടമുണ്ടാക്കാൻ കാരണം ഈസാ(അ) മദ്യം കുടിക്കാറുണ്ടായിരുന്നുവെന്നതാണ്. വല്ല രോഗം നിമിത്തമോ പഴയ ശീലം കാരണമോ ആയിരിക്കാമത്. എന്നാൽ, മുസ്ലിംകളേ! നിങ്ങളുടെ നബി(സ.അ) ലഹരിയിൽനിന്നെല്ലാം പരിശുദ്ധനും നഷ്കളങ്കനുമായിരുന്നു. വാസ്തവത്തിൽ അദ്ദേഹം നിഷ്കളങ്കൻ തന്നെയാണ്. അതിനാൽ നിങ്ങൾ മുസൽമാൻ എന്നു പറഞ്ഞുകൊണ്ട് ആരെയാണ് പിൻപറ്റുന്നത്? വിശുദ്ധഖുർആൻ ഇഞ്ചീലിനെപ്പോലെ മദ്യം അനുവദനീയമാക്കുന്നില്ല. പിന്നെ നിങ്ങൾ എന്ത് പ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ് മദ്യം അനുവദനീയമാക്കുന്നത്? എന്ത്? മരിക്കണ്ടേ?

തിനെ ഒരു ഭയവും കൂടാതെ അനുവദനീയമെന്നപോലെ ഉപയോഗിക്കുന്നു. കോപാവസ്ഥയിൽ ഭ്രാന്തന്മാരെപ്പോലെ ചിലരെ ചീത്തവിളിക്കാനും ചിലരെ പരിക്കേല്പിക്കാനും ചിലരെ കൊല്ലാനും മുതിരുന്നു. ഇന്ദ്രിയാശകളുടെ ആവേശത്തള്ളിച്ചയാൽ നാണംകെട്ട മാർഗ്ഗങ്ങളെല്ലാം പാരമ്യത്തിലെത്തിക്കുന്നു. അവർ മരിക്കുന്നതുവരെ യഥാർത്ഥ ആനന്ദാവസ്ഥ പ്രാപിക്കുന്നതല്ല.

അല്ലയോ പ്രിയമുള്ളവരേ! നിങ്ങൾ അല്പകാലത്തേക്കാണ് ലോകത്ത് വന്നിട്ടുള്ളത്. അതും ഒരുപാടുകഴിഞ്ഞുപോയി. അത്കൊണ്ട് നിങ്ങളുടെ യജമാനനായ ദൈവത്തെ വെറുപ്പിക്കാതിരിക്കുക. നിങ്ങളേക്കാൾ ശക്തമായിരിക്കുന്ന മനുഷ്യനിർമ്മിതമായ ഒരു ഭരണകൂടത്തിന് നിങ്ങളോട് വെറുപ്പുണ്ടെങ്കിൽ അവർക്ക് നിങ്ങളെ നശിപ്പിക്കാൻ കഴിയും. അതിനാൽ, നിങ്ങൾ ചിന്തിക്കുക. അല്ലാഹുവിന്റെ വെറുപ്പിൽനിന്ന് നിങ്ങൾക്കെങ്ങനെയാണ് രക്ഷപ്പെടാൻ സാധിക്കുക. അല്ലാഹുവിന്റെ കണ്മുമ്പിൽ നിങ്ങൾ യഥാർത്ഥ ഭക്തരാണെങ്കിൽ ആർക്കും നിങ്ങളെ നശിപ്പിക്കാൻ കഴിയില്ല. അവൻ സ്വയം നിങ്ങളെ സംരക്ഷിക്കും. നിങ്ങളുടെ ജീവന്റെ പിന്നാലെ കൂടിയിരിക്കുന്ന ശത്രുവിന് നിങ്ങളെ അധീനപ്പെടുത്താൻ കഴിയില്ല. അങ്ങനെയല്ലെങ്കിൽ നിങ്ങളുടെ ജീവന് ഒരു സംരക്ഷകനുമില്ല. നിങ്ങൾ ശത്രുക്കളെ ഭയന്നോ അല്ലെങ്കിൽ വിപത്തുകളിൽ അകപ്പെട്ടോ ഗതിയില്ലാതെ ജീവിക്കുകയും നിങ്ങളുടെ ആയുസ്സിന്റെ അവസാനത്തെ നാളുകൾ വലിയ ദുഃഖത്തോടും ദ്വേഷത്തോടുംകൂടി കഴിഞ്ഞുപോവുകയും ചെയ്യും. തന്നോടൊപ്പം ചേരുന്നവർക്ക് അല്ലാഹു അഭയമായിത്തീരുന്നു. അതുകൊണ്ട് അല്ലാഹുവിങ്കലേക്കു വരിക. അവനോടുള്ള എല്ലാ എതിർപ്പും ഉപേക്ഷിക്കുക. അവൻ നിർബ്ബന്ധമാക്കിയിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിൽ മടി കാണിക്കരുത്. അവന്റെ അടിയാന്മാരോടു നാവുകൊണ്ടോ കൈകൊണ്ടോ അക്രമം ചെയ്യാതിരിക്കുകയും[37] ദൈവത്തിൽനിന്നുള്ള

37. മനുഷ്യകുലത്തിനുമേൽ ശക്തമായി കോപം ചൊരിയുന്നവൻ, കോപം കൊണ്ടുതന്നെ നശിപ്പിക്കപ്പെടുന്നു. അല്ലാഹു അതുകൊണ്ടാണ് ഫാത്തിഹ അധ്യായത്തിൽ യഹൂദികളുടെ പേര് 'കോപത്തിനു പാത്രമായവർ' എന്നു വെച്ചി

വിപത്തിനേയും കോപത്തേയും ഭയന്നുകൊണ്ടിരിക്കുകയും ചെയ്യുക . ഇതുതന്നെയാണ് മോക്ഷത്തിന്റെ വഴി.

അല്ലയോ മുസ്‌ലിം പണ്ഡിതന്മാരേ, എന്നെ നിഷേധിക്കുന്നതിൽ ധിറുതി കാണിക്കാതിരിക്കുവിൻ. മനുഷ്യനു പെട്ടെന്നു മനസ്സിലാക്കാൻ പറ്റാത്ത നിരവധി രഹസ്യങ്ങളുണ്ട്. കാര്യം കേട്ടയുടനെ നിഷേധിക്കുവാൻ ഒരുങ്ങുന്നത് തഖ്‌വയുടെ-ഭയഭക്തിയുടെ മാർഗ്ഗമല്ല. നിങ്ങളിൽ ചില തെറ്റുകൾ ഇല്ലാതിരിക്കുകയും നിങ്ങൾ ചില ഹദീഥുകൾക്കു വിപരീതാർത്ഥം മനസ്സിലാക്കാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ 'വിധികർത്താവായ' വാഗ്ദത്ത മസീഹിന്റെ വരവുതന്നെ വ്യർത്ഥമാകുമായിരുന്നു. നിങ്ങൾക്ക് പാഠം പഠിക്കാൻ പറ്റിയ സന്ദർഭം മുമ്പേ നിലവിലുണ്ട്. ഏതൊന്നിലാണോ നിങ്ങൾ ഉറച്ചിരിക്കുന്നത്, ഏതൊരു സ്ഥലത്താണോ നിങ്ങൾ കാലെടുത്തുവെച്ചിരിക്കുന്നത് അതേ സ്ഥലത്തുതന്നെയായിരുന്നു യഹൂദികളും കാലെടുത്തുവെച്ചിരുന്നത്- ഈസാനബി വീണ്ടും വരുന്നതാണെന്ന് നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നതുപോലെ അവരും ഹദ്റത്ത് ഇൽയാസ് നബി വീണ്ടും വരുമെന്ന പ്രതീക്ഷയിലായിരുന്നു. ആദ്യം ഇൽയാസ് (ഏലിയാ പ്രവാചകൻ) ആകാശത്തുനിന്ന് ഭൂമിയിൽ ഇറങ്ങിവരുമെന്നും അതിനു ശേഷമേ മസീഹ് വരികയുള്ളൂവെന്നും ഇൽയാസ് നബി വരുന്നതിനു മുമ്പേ ആരെ

---

ട്ടുള്ളത്. ഇത് സൂചന നല്കുന്നത് പുനരുത്ഥാന നാളിൽ എല്ലാ കുറ്റവാളികളും കോപത്തിന്റെ രസം രുചിക്കുമെന്നാണ്. എന്നാൽ, ലോകത്ത് അന്യായമായി കോപിക്കുന്നവൻ, ലോകത്തുതന്നെ ദൈവകോപത്തിന്റെ രസം രുചിക്കും. യഹൂദികളെ അപേക്ഷിച്ച് ക്രിസ്ത്യാനികളിൽനിന്ന് ലോകത്ത് കോപം വെളിപ്പെടുകയുണ്ടായില്ല. അതുകൊണ്ട് ഫാത്തിഹ അധ്യായത്തിൽ അവരുടെ പേര് 'വഴിപിഴച്ചവർ' എന്നു വയ്ക്കപ്പെട്ടു. 'ള്ളാല്ലീൻ' എന്ന പദത്തിന് രണ്ടർത്ഥമുണ്ട്. ഒന്ന് വഴിപിഴച്ചവൻ. ഇതിന്റെ രണ്ടാമത്തെ അർത്ഥം 'ലയിച്ചുപോകും' എന്നാണ്. എന്റെ നോട്ടത്തിൽ ഇതവർക്കുള്ള സുവാർത്തയാണ്. അതായത് ഏതെങ്കിലും കാലത്ത് വ്യാജമതത്തിൽനിന്ന് മോചനം നേടി ഇസ്‌ലാമിൽ ലയിച്ചുപോകും. പതുക്കെപതുക്കെ അന്യാരാധനാപരമായ വിശ്വാസങ്ങളും ന്യൂനവും ലജ്ജാകരവുമായ അനാചാരങ്ങളും ഉപേക്ഷിച്ച് ഉപേക്ഷിച്ച് ഏകദൈവ വിശ്വാസികളായ മുസ്‌ലിംകളായിത്തീരും. ഫാത്തിഹ അധ്യായത്തിന്റെ അവസാനം പറഞ്ഞ 'അള്ളാല്ലീൻ' എന്ന പദത്തിൽ ളലാലത്തിന്റെ രണ്ടാമത്തെ അർത്ഥത്തിന്റെ അടിസ്ഥാനത്തത്തിൽ ഒരു വസ്തു മറ്റൊരു വസ്തുവിൽ ലയിക്കുക എന്നാണ്. ക്രിസ്ത്യാനികളുടെ ഭാവിയിലെ മതപരമായ അവസ്ഥയെക്കുറിച്ചുള്ള ഒരു പ്രവചനമാണിത്.

ങ്കിലും താൻ മസീഹാണെന്ന് വാദിച്ചാൽ അയാൾ വ്യാജനായിരിക്കുമെന്നും അവർ പറഞ്ഞിരുന്നു. ഇപ്രകാരം അവർ വിശ്വസിച്ചിരുന്നത് ഹദീഥുകളനുസരിച്ച് മാത്രമല്ല, മലാക്കിനബിയുടെ വേദഗ്രന്ഥത്തിൽനിന്ന് തങ്ങളുടെ വിശ്വാസത്തിന്നുള്ള തെളിവ് സമർപ്പിച്ചുകൊണ്ടായിരുന്നു. എന്നാൽ, ഹദ്റത്ത് ഈസാനബി (അ) താൻ യഹൂദികൾക്കായുള്ള വാഗ്ദത്ത മസീഹാണെന്നു വാദിക്കുകയും ഈ വാദത്തിന്റെ നിബന്ധനയായ ഇൽയാസ് ആകാശത്തുനിന്ന് ഇറങ്ങാതിരിക്കുകയും ചെയ്തപ്പോൾ യഹൂദികളുടെ എല്ലാ വാദങ്ങളും അടിസ്ഥാനരഹിതമാണെന്നു സ്ഥാപിതമായി. ഇൽയാസ് നബി സ്ഥൂലശരീരത്തോടെ ആകാശത്തുനിന്നിറങ്ങുന്നതാണെന്ന യഹൂദികളുടെ വിശ്വാസത്തിന്റെ യാഥാർത്ഥ്യം ഇൽയാസിന്റെ പ്രകൃതിയിലും സ്വഭാവത്തിലുമുള്ള മറ്റൊരാൾ പ്രത്യക്ഷനാകും എന്നാണെന്ന് അവസാനം വ്യക്തമായി. ഈ അർത്ഥം ഹദ്റത്ത് ഈസാനബി(അ) തന്നെയാണ് വിവരിച്ചത്. എന്നാൽ, അദ്ദേഹത്തെത്തന്നെ നിങ്ങൾ വീണ്ടും ആകാശത്തുനിന്ന് ഇറക്കുകയാണല്ലോ ചെയ്യുന്നത്. അതുകൊണ്ട് നിങ്ങൾക്ക് മുമ്പേ യഹൂദികൾ വഞ്ചിതരായ അതേസ്ഥലത്തുതന്നെ എന്തിനാണ് നിങ്ങൾ വഞ്ചിതരാകുന്നത്? നിങ്ങളുടെ രാജ്യത്ത് ആയിരക്കണക്കിലുള്ള യഹൂദികളോടു, ഇതുതന്നെയല്ലേ നിങ്ങളുടെ വിശ്വാസം എന്നു ചോദിച്ചുനോക്കുക.

ഈസാ(അ)യ്ക്കുവേണ്ടി ഏലിയാ പ്രവാചകനെ ആകാശത്തുനിന്നു ദൈവം ഇറക്കിയില്ല. എന്നല്ല യഹൂദികളുടെ മുമ്പാകെ വ്യാഖ്യാനങ്ങൾകൊണ്ട് പ്രവർത്തിക്കേണ്ടതായും വന്നു. അങ്ങനെയിരിക്കെ അവൻ നിങ്ങൾക്കുവേണ്ടി ഈസായെ എങ്ങനെയിറക്കും? അദ്ദേഹത്തെ നിങ്ങളാണ് വീണ്ടും ഇറക്കുന്നത്! അല്ലാഹുവിന്റെ തീരുമാനത്തെ നിഷേധിക്കുന്നവരാണു നിങ്ങൾ. നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ലക്ഷക്കണക്കിന് ക്രിസ്ത്യാനികൾ ഈ രാജ്യത്തുണ്ട്. അവരുടെ ഇഞ്ചീലുമുണ്ട്. അവരോട് ചോദിക്കുക ഇത് സത്യമല്ലേ എന്ന്. അതായത് വരാനിരിക്കുന്ന ഏലിയാ, യോഹന്നാൻ അഥവാ യഹ്‌യാ ആയിരുന്നുവെന്ന് ഹദ്റത്ത് ഈസാ (അ) പറഞ്ഞിരുന്നില്ലേ? ഇത്രയും കാര്യം

പറഞ്ഞിട്ട് അദ്ദേഹം യഹൂദികളുടെ പഴയ പ്രതീക്ഷകളെ മണ്ണിൽ പുഴ്ത്തിക്കളഞ്ഞു. എന്നാൽ, ഹദ്റത്ത് ഈസാനബിതന്നെ ആകാശത്തുനിന്നു വരണമെന്നത് ഇപ്പോൾ നിർബന്ധമാണെങ്കിൽ അപ്പോൾ അദ്ദേഹം ഒരു സത്യപ്രവാചകനായിത്തീരുന്നതല്ല. കാരണം ആകാശത്തുനിന്നു തിരിച്ചുവരികയെന്നത് ദൈവിക നടപടിയിൽ പെട്ടതാണെങ്കിൽ, ഇൽയാസ് നബി എന്തുകൊണ്ട് തിരിച്ചുവന്നില്ല? എന്തിനാണ് അദ്ദേഹത്തിന്റെ സ്ഥാനത്ത് യഹ്യായെ, ഏലിയാവാണെന്ന് പറഞ്ഞുകൊണ്ട് വ്യാഖ്യാനിച്ചത്? ബുദ്ധിമാന്മാർ ചിന്തിക്കേണ്ട സന്ദർഭമാണിത്. നിങ്ങളുടെ വിശ്വാസമനുസരിച്ച് മസീഹുബ്നുമർയം ആകാശത്തുനിന്ന് വരുന്നതുതന്നെ ഈ പ്രവർത്തിക്കായിട്ടാണ്. അതായത് മഹ്ദിയുമായി ചേർന്നുകൊണ്ട് ജനങ്ങളെ ബലാൽക്കാരമായിട്ടു മുസ്ലിമാക്കുവാൻ യുദ്ധം ചെയ്യുക. ഇത് ഇസ്ലാമിനു ദുഷ്പ്പേരുണ്ടാക്കുന്ന ഒരു വിശ്വാസമാണ്. മതത്തിൽ ബലാൽക്കാരം പാടുണ്ടെന്ന് വിശുദ്ധഖുർആനിൽ എവിടെയാണ് എഴുതിയിട്ടുള്ളത്? എന്നാൽ, അല്ലാഹു ഖുർആനിൽ പറയുന്നു لَآ اِكْرَاهَ فِى الدِّيْنِ ***ലാ ഇക്റാഹ ഫിദ്ദീൻ*** അതായത് മതത്തിൽ ഒരു ബലാൽക്കാരവും ഇല്ല (2:287). പിന്നെങ്ങനെയാണ് മസീഹുബ്നു മർയമിന് ബലാൽക്കാരം ചെയ്യാൻ അധികാരം കൊടുക്കപ്പെടുന്നത്?[38]

മതത്തിൽ നിർബന്ധമാകാം എന്ന അധ്യാപനം വിശുദ്ധ

---

38. അറബികളെ സംബന്ധിച്ചിടത്തോളം അവരെ ബലാൽക്കാരമായി മുസൽമാൻ ആക്കണമെന്ന കല്പനയാണുണ്ടായിരുന്നതെന്ന് പറയുകയാണെങ്കിൽ ഈ വിചാരം വിശുദ്ധഖുർആനിൽനിന്ന് ഒരിക്കലും സ്ഥാപിതമല്ല. അറബ് ലോകം മുഴുവൻ നബിതിരുമേനിക്കു(സ) കഠിനമായ ബുദ്ധിമുട്ടുണ്ടാക്കുകയും ധാരാളം സ്ത്രീകളും പുരുഷന്മാരുമായ സ്വഹാബാക്കളെ വധിക്കുകയും വാളിൽനിന്ന് രക്ഷപ്പെട്ട് അവശേഷിച്ചവരെ നാട്ടിൽനിന്ന് പുറത്താക്കുകയും ചെയ്തു. ഈ കാരണത്താൽ അവർ കൊലക്കുറ്റവാളികളായതുകൊണ്ട് അവരൊക്കെ ദൈവദൃഷ്ടിയിൽ വധാർഹരാണെന്നും അവരോട് പ്രതികാരം വീട്ടാനുള്ള കല്പനയുണ്ടെന്നുമാണെങ്കിൽ അവർക്ക് കരുണാവാരിധിയായ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് നല്കപ്പെട്ട ഇളവനുസരിച്ച് അവരിൽ മുസൽമാൻ ആകുന്നവർ വധശിക്ഷയിൽ നിന്ന് മോചിതരാക്കപ്പെടുന്നതാണ്. ഈ രീതിയിലുള്ള കാരുണ്യാവസ്ഥ എവിടെ നില്ക്കുന്നു? ബലാൽക്കാരം എവിടെ നില്ക്കുന്നു?

ഖുർആനിൽ ഏതുസ്ഥലത്ത് എത്രാമത്തെ അധ്യായത്തിലും വചനത്തിലുമാണുള്ളത്? മതത്തിൽ നിർബ്ബന്ധം പാടില്ലെന്ന് മുഴുവൻ ഖുർആനും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. നബിതിരുമേനി(സ)യുടെ കാലത്ത് ഏതൊരു കൂട്ടരുമായിട്ടാണോ യുദ്ധം ചെയ്തിരുന്നത് ആ യുദ്ധങ്ങൾ മതത്തെ ബലാൽക്കാരപൂർവ്വം പ്രചരിപ്പിക്കാനായിരുന്നില്ലെന്ന് വ്യക്തമായ നിലയിൽ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. പ്രത്യുത യുദ്ധം ചെയ്തത് (1) ഒന്നുകിൽ ശിക്ഷ എന്ന നിലയിലായിരുന്നു. അതായത് വലിയൊരു വിഭാഗം മുസ്ലിംകളെ അറുകൊല ചെയ്യുകയോ ചിലരെ നാട്ടിൽനിന്നു പുറത്താക്കുകയോ അങ്ങേയറ്റം അക്രമം പ്രവർത്തിക്കുകയോ ചെയ്തവർക്ക് ശിക്ഷ നല്കുകയായിരുന്നു അതിന്റെ ലക്ഷ്യം. എപ്രകാരമെന്നാൽ അല്ലാഹു പറയുന്നു.

أُذِنَ لِلَّذِينَ يُقَاتَلُونَ بِأَنَّهُمْ ظُلِمُوا وَإِنَّ اللَّهَ عَلَىٰ نَصْرِهِمْ لَقَدِيرٌ

***ഉദിന ലില്ലദീന യുഖാത്തലൂന ബി അന്നഹും ളുലിമൂ വ ഇന്നല്ലാഹ അലാനസ്ിരിഹിം ല ഖദീർ*** (അൽഹജ്ജ്, 40) കുഫ്ഫാർ യുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന മുസ്ലിംകൾക്ക്, അവർ മർദ്ദിതരായ കാരണത്താൽ പോരാടാനുള്ള അനുവാദം നല്കപ്പെട്ടിരിക്കുന്നു. തീർച്ചയായും അവരെ സഹായിക്കുവാൻ അല്ലാഹു ശക്തനാണ്. (2) അല്ലെങ്കിൽ പ്രതിരോധം എന്ന നിലക്കായിരുന്നു ആ യുദ്ധം നടന്നിരുന്നത്. അതായത് ഇസ്ലാമിനെ ഉന്മൂലനം ചെയ്യുന്നതിനായി മുന്നിട്ടിറങ്ങുകയോ അല്ലെങ്കിൽ തങ്ങളുടെ നാട്ടിൽ ഇസ്ലാമിന്റെ പ്രചാരണം കരബലംകൊണ്ട് തടയുകയോ ചെയ്യുന്നവർക്കെതിരിൽ- അവരിൽനിന്ന് സംരക്ഷണം എന്ന നിലയിൽ യുദ്ധം ചെയ്തിരുന്നു. (3) അതുമല്ലെങ്കിൽ രാജ്യത്ത് സ്വാതന്ത്ര്യം സ്ഥാപിക്കുന്നതിനായി യുദ്ധം ചെയ്തിരുന്നു. ഈ മൂന്നു വിധത്തിലല്ലാതെ നബിതിരുമേനി(സ)യോ തിരുനബിയുടെ പരിശുദ്ധ ഖലീഫമാരോ യുദ്ധം ചെയ്തിരുന്നില്ല. എന്നല്ല, ഇസ്ലാം അന്യമതസ്ഥരുടെ അക്രമങ്ങൾ എത്രമാത്രമാണ് സഹിച്ചിരുന്നതെന്നാൽ, അതിന്നുള്ള ഉദാഹരണം

മറ്റൊരു ജനതയിലും ലഭിക്കുകയില്ല. അപ്പോൾ ഗ്രന്ഥാനുസാരികളിൽ ആരിൽനിന്നും ജിസ്‌യാ (കപ്പം)പോലും സ്വീകരിക്കാതെ വന്നുടനെ ജനങ്ങളെ കൊല്ലാൻ തുടങ്ങുന്ന ഈ ഈസാമസീഹും മഹ്ദി സാഹിബും എങ്ങനെയുള്ളവരായിരിക്കും!

حَتّٰى يُعْطُوا الْجِزْيَةَ عَنْ يَّدٍ وَّهُمْ صٰغِرُوْنَ

***ഹത്താ യുഅ്ത്വുൽ ജിസ്‌യത്താ അൻയ്യദിൻവ്വഹും സാഗിറൂൻ***. അവർ കീഴടങ്ങി സ്വകരങ്ങളാൽ ജിസ്‌യ (കപ്പം) നല്കുന്നതുവരെ (9:29) എന്ന വചനംകൂടി ഇവർ കാലഹരണപ്പെടുത്തും. വന്നുടനെ ഖുർആനിക വചനങ്ങളെ കാലഹരണപ്പെടുത്തുന്ന ഇവർ ദീനുൽ ഇസ്‌ലാമിനെ സഹായിക്കുന്നവരെങ്ങനെയാകും? അതാണെങ്കിൽ നബിയുടെ കാലത്തുപോലും കാലഹരണപ്പെടാത്തതാണ്. ഇത്രമാത്രം വിപ്ലവങ്ങൾ ഉണ്ടായാലും ഖതമുന്നുബുവ്വത്തിൽ ഒരു പ്രശ്നവും ഉണ്ടാവുകയില്ലത്രെ! നുബുവ്വത്തിന്റെ കാലഘട്ടം കഴിഞ്ഞ് 13 നൂറ്റാണ്ടുകൾ പിന്നിട്ട ഇക്കാലത്ത് ഇസ്‌ലാംതന്നെയും ഉള്ളാലെ 73 കക്ഷികളായി പിരിഞ്ഞു. യഥാർത്ഥ മസീഹിന്റെ കർത്തവ്യം പ്രമാണങ്ങളോടുകൂടി ഹൃദയങ്ങളിൽ വിജയംവരിക്കുക എന്നതാണ്. അല്ലാതെ വാൾ കൊണ്ടല്ല. ക്രൈസ്തവ വിശ്വാസത്തെ യഥാർത്ഥവും സത്യവുമായ പ്രമാണങ്ങളോടെ ഖണ്ഡിക്കുകയാണു വേണ്ടത്. അല്ലാതെ സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ ചെമ്പുകൊണ്ടോ മരം കൊണ്ടോ നിർമ്മിക്കപ്പെട്ട കുരിശുകളെ മുറിച്ചു നിങ്ങൾ അതിക്രമം കാണിക്കുകയാണെങ്കിൽ നിങ്ങളുടെ പക്കൽ സ്വന്തം സത്യതയ്ക്ക് ഒരു തെളിവുമില്ല എന്നതിന്, അത് മതിയായ പ്രമാണമായിരിക്കും[39]. ഓരോ അല്പജ്ഞാനിയും അക്രമപ്രകൃതനും തെളിവില്ലാതെ പരാജയപ്പെടുമ്പോൾ വാളിലേക്കും തോക്കിലേക്കും കൈ നീട്ടുന്നു. എന്നാൽ, വാളിന്റേയോ അതുപോലുള്ള മറ്റു വഴികളുടേയോ സഹായത്തോടെ വ്യാപി

39. ഈ മനുഷ്യൻ ഇംഗ്ലീഷുകാരുടെ രാജ്യത്ത് താമസിക്കുന്നത് കൊണ്ടാണ് ജിഹാദ് വിലക്കുന്നതെന്ന് അൽമനാർ പത്രാധിപരെപ്പോലെ ചില അജ്ഞാനികൾ എന്നെ ആക്ഷേപിക്കുന്നു. ഞാൻ വ്യാജം പറഞ്ഞുകൊണ്ട് ഈ ഗവർമ്മെന്റിനെ സന്തോഷിപ്പിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ ഈസബ്നുമർയം കുരിശിൽനിന്നു രക്ഷ

ക്കാനിടയുള്ള മതം ഒരിക്കലുമൊരിക്കലും അല്ലാഹുവിൽനിന്നുള്ളതായിരിക്കുന്നതല്ല. നിങ്ങൾ ഈ രീതിയിലുള്ള ജിഹാദിൽനിന്ന് വിരമിക്കുന്നില്ലെങ്കിൽ, കോപാവേശംകൊണ്ട് സാത്വികരായ ജനങ്ങളെ ദജ്ജാലെന്നും മുൽഹിദെന്നും (നിർമ്മതവാദിയെന്നും) വിളിക്കുകയാണെങ്കിൽ നാം ഈ രണ്ട് വചനങ്ങൾ ഓതി ഈ ഭാഷണം ഇവിടെ അവസാനിപ്പിക്കുകയാണ്. **ഖുൽ യാ അയ്യുഹൽ കാഫിറൂൻ ലാ അഅ്ബുദു മാ തഅ്ബുദൂൻ** (109: 2,3) ആഭ്യന്തര ഭിന്നതയുടേയും വിസ്ഫോടനത്തിന്റേയും കാലത്ത് നിങ്ങളുടെ സാങ്കല്പിക മസീഹും സാങ്കല്പിക മഹ്ദിയും വന്ന് ആരുടെമേലാണു വാളോങ്ങുക. സുന്നികളുടെ

---

പ്പെട്ട് സ്വാഭാവിക മരണം വരിച്ച് കശ്മീരിലുള്ള ശ്രീനഗറിൽ ഖബ്റടക്കം ചെയ്യപ്പെട്ടതായി എന്തിന് ആവർത്തിച്ചു പറയണം? അദ്ദേഹം ദൈവവുമല്ല ദൈവപുത്രനുമല്ല. മതപരമായി രോഷമുള്ള ഇംഗ്ലീഷുകാർ എന്റെ ഈ വാക്ക് കാരണം എനിക്കെതിരിൽ ഉണരുകയില്ലേ? അതുകൊണ്ട് അല്ലയോ അല്പജ്ഞാനികളേ! കേട്ടുകൊള്ളുക. ഞാനീ ഗവർമ്മെന്റിനെ ഒരിക്കലും പ്രീണിപ്പിക്കുന്നില്ല. പ്രത്യുത യഥാർത്ഥമെന്തെന്നാൽ, ഇസ്‌ലാംമതത്തിലും അതിന്റെ ആചാരാനുഷ്ഠാനങ്ങളിലും കൈകടത്താതിരിക്കുകയും തങ്ങളുടെ മതത്തെ പ്രചരിപ്പിച്ചു അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ നമ്മുടെമേൽ വാളെടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു ഗവർമ്മെന്റിനോടു മതയുദ്ധം ചെയ്യുന്നത് വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് നിഷിദ്ധമാണ്. കാരണം അവരും ഒരുവിധത്തിലുള്ള മതയുദ്ധവും നടത്തുന്നില്ല. നാം അവരോട് കൃതജ്ഞത കാണിക്കുവാൻ ബാധ്യസ്ഥരാണ്. കാരണം നമുക്ക് നമ്മുടെ പ്രവർത്തനം മക്കയിലും മദീനയിലുംകൂടി ഇത്ര സ്വാതന്ത്ര്യത്തോടെ നടത്താൻ സാധ്യമല്ല. എന്നാൽ, ഇവരുടെ നാട്ടിൽ എന്നെ ജനിപ്പിച്ചത് അല്ലാഹുവിൽനിന്നുള്ള ഒരു ഹിക്മത്തായിരുന്നു. ഈ ദൈവികയുക്തിയുടെ മഹിമാവിലാസത്തിന് ഞാൻ കുറവു വരുത്തണമെന്നാണോ? വിശുദ്ധഖുർആൻ പറയുന്നു. وَّ اٰوَیۡنٰہُمَاۤ اِلٰی رَبۡوَۃٍ ذَاتِ قَرَارٍ وَّ مَعِیۡنٍ ***വ ആവയ്നാഹുമാ ഇലാ റബ്‌വത്തിൻ ദാത്തി കരാരിൻവ്വമയീൻ*** (അൽമുഅ്മിനൂൻ വചനം 51) ഈ വചനത്തിൽ അല്ലാഹു നമുക്ക് മനസ്സിലാക്കിത്തരുന്നത് കുരിശുസംഭവത്തിനുശേഷം അവൻ ഈസാമസീഹിനെ കുരിശുവിപത്തിൽനിന്ന് മോചിപ്പിക്കുകയും അദ്ദേഹത്തേയും അദ്ദേഹത്തിന്റെ മാതാവിനേയും വാസയോഗ്യവും ജലാശയങ്ങളുള്ളതുമായ ഒരു കുന്നിൻപ്രദേശത്ത് അതായത് കശ്മീരിലെ ശ്രീനഗറിൽ അഭയം നല്കുകയും ചെയ്തുവെന്നാണ്. ഇതേപ്രകാരം അല്ലാഹു ഈ ഗവർമ്മെന്റിന്റെ ഉയർന്ന കുന്നിനുമേൽ- അവിടംവരെ കുഴപ്പക്കാരുടെ കൈകൾ എത്തുകയില്ല- എനിക്കിടം നല്കി. ഈ സ്ഥലം ഒരു വിശ്രമ സങ്കേതമാണ്. സത്യസന്ധമായ ജ്ഞാനങ്ങളുടെ അരുവി ഒഴുകുകയും കുഴപ്പക്കാരുടെ ആക്രമണങ്ങളിൽനിന്ന് സമാധാനം നല്കുകയും ചെയ്യുന്ന നാട്ടിലാണെനിക്ക് സ്ഥാനം നല്കിയിരിക്കുന്നത്. അപ്പോൾ നാം ഈ ഭരണകൂടത്തിന്റെ ഔദാര്യങ്ങൾക്ക് കൃതജ്ഞത കാണിക്കേണ്ടത് നമ്മുടെ കടമയല്ലേ?

പക്കൽ ശിയാക്കൾ വാളിന്നർഹരല്ലേ? അതേപ്രകാരം ശിയാക്കളുടെ പക്കൽ സുന്നികളെല്ലാവരും വാളിന്നിരയായി നശിക്കാൻ അർഹരല്ലേ? ഇങ്ങനെ നിങ്ങളുടെ അവാന്തരവിഭാഗങ്ങൾതന്നെ നിങ്ങളുടെ വിശ്വാസമനുസരിച്ച് ശിക്ഷയ്ക്കർഹരാണെന്നു വരുമ്പോൾ നിങ്ങളാരോടെല്ലാമാണ് ജിഹാദ് ചെയ്യുക?

എന്നാൽ, ഓർത്തുകൊള്ളുവിൻ. അല്ലാഹു വാളിന്റെ ആശ്രിതനല്ല. അവൻ തന്റെ മതത്തെ ദിവ്യദൃഷ്ടാന്തങ്ങളോടുകൂടി ഭൂമിയിൽ പ്രചരിപ്പിക്കുന്നതാണ്. അതിനെ തടയാൻ ആർക്കും സാധ്യമല്ല. ഓർത്തുകൊള്ളുവിൻ. 'ഇനി ഈസാ ഒരിക്കലും ഇറങ്ങുകയില്ല. കാരണം فَلَمَّا تَوَفَّيْتَنِي ***ഫലമ്മാതവഫ്ഫയ്ത്തനീ*** എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ പുനരുത്ഥാനനാളിൽ അദ്ദേഹം നടത്തുന്ന പ്രതിജ്ഞയിൽ താൻ വീണ്ടും ഭൂമിയിൽ വരുന്നതല്ലെന്ന വ്യക്തമായ തീരുമാനമാണുള്ളത്. പുനരുത്ഥാന നാളിൽ അദ്ദേഹത്തിന്റെ നിഷേധംതന്നെ ക്രിസ്ത്യാനികൾ വഴിപിഴച്ചതായിട്ടു തനിക്കറിയില്ലെന്നതാണ്. അതിനാൽ ഈ വചനത്തിൽ, താൻ വീണ്ടും ലോകത്ത് വരികയില്ലെന്ന വ്യക്തമായ തീരുമാനമാണുള്ളത്. അദ്ദേഹം പുനരുത്ഥാനത്തിന് മുമ്പേ ലോകത്ത് വരികയും നാല്പത് വർഷം താമസിക്കുകയും ചെയ്യുകയാണെങ്കിൽ, 'തനിക്ക് ക്രിസ്ത്യാനികളുടെ അവസ്ഥകളെപ്പറ്റി ഒന്നും അറിയുകയില്ല' എന്ന് അല്ലാഹുവിന് മുമ്പിൽ കളവ് പറഞ്ഞതായി കണക്കാക്കണം. തന്റെ പുനരാഗമനകാലത്ത് ലോകത്ത് നാല്പതുകോടിയോടടുത്ത് ക്രൈസ്തവരെ കണ്ടുവെന്നും അവരെല്ലാം വഴിപിഴച്ചതിനെ സംബന്ധിച്ച് തനിക്കു നന്നായി അറിയാമെന്നും താൻ, എല്ലാ ക്രൈസ്തവരേയും മുസ്ലിംകളാക്കുകയും കുരിശുകൾ ഉടയ്ക്കുകയും ചെയ്തുവെന്നും അതിനാൽ അനുഗ്രഹങ്ങൾക്ക് അർഹനാണെന്നുമല്ലേ പറയേണ്ടിയിരുന്നത്? എന്നാൽ, തനിക്കൊന്നുമറിയില്ല എന്ന് ഈസാ പറയുന്നത് എത്രമാത്രം കളവാണ്?

പ്രസ്തുത തിരുവചനത്തിൽ താൻ ലോകത്ത് വീണ്ടും വരുന്നതല്ലെന്ന സ്പഷ്ടമായ തീരുമാനമാണുള്ളത്. മസീഹ് മരിച്ചു

പോയി. അദ്ദേഹത്തിന്റെ ഖബ്ർ ശ്രീനഗറിലെ ഖാൻയാർ മുഹല്ലയിൽ ഉണ്ടെന്നതാണ് സത്യം[40] ഇനി അല്ലാഹു സ്വയം ഇറങ്ങുകയും സത്യത്തോടു പോരാടുന്നവർക്കെതിരെ അവൻതന്നെ പോരാടുകയും ചെയ്യുന്നതാണ്. അല്ലാഹു പോരാടുകയെന്നത് ആക്ഷേപാർഹമായ കാര്യമല്ല. കാരണം അത് അടയാളങ്ങളുടേയും ദൃഷ്ടാന്തങ്ങളുടേയും നിറമുൾക്കൊണ്ടതായിരിക്കും. എന്നാൽ, മനുഷ്യന്റെ പോരാട്ടം അതിക്രമത്തിന്റെ നിറമുൾക്കൊണ്ടതായതിനാൽ ആക്ഷേപാർഹമാണ്.

---

40. ശ്രീനഗറിലുള്ള ശവകുടീരം യഹൂദികളുടെ പ്രവാചകന്മാരുടെ ശവകുടീരങ്ങളെപ്പോലെ നിർമ്മിതമാണെന്ന് ഒരു യഹൂദിയും സാക്ഷ്യം വഹിക്കുന്നു. അടിക്കുറിപ്പിന് അനുബന്ധം നോക്കുക.

## അടിക്കുറിപ്പിന് അനുബന്ധം

ദക്ഷിണഇറ്റലിയിലെ പ്രസിദ്ധ പത്രമായ 'കേരിയർ ഡലാസേര' താഴെപ്പറയുന്ന അത്ഭുതകരമായ വാർത്ത പ്രസിദ്ധീകരിച്ചിരിക്കുന്നു:-

യരുശലേമിൽ കോർമറാ എന്നുപേരായ ഒരു വൃദ്ധപുരോഹിതൻ ജീവിച്ചിരുന്നു. വലിയ്യ്- ദൈവത്തിന്റെ ഇഷ്ടദാസൻ- എന്ന നിലയിൽ അദ്ദേഹം പ്രസിദ്ധനായിരുന്നു. അദ്ദേഹം മരണസമയത്ത് വിട്ടുപോയ കുറച്ചു വസ്തുവകകളുണ്ടായിരുന്നു. ഗവർണ്ണർ അദ്ദേഹത്തിന്റെ ബന്ധുക്കളെ കണ്ടെത്തി 1879 ജൂലായ് 13-ാം തിയ്യതി 2 ലക്ഷം ഫ്രാങ്ക് (118750 രൂപ) അവരെ ഏല്പിച്ചു. വിവിധ രാജ്യങ്ങളിലെ ആ നാണയങ്ങൾ അദ്ദേഹം ദീർഘകാലം വസിച്ചിരുന്ന ഗുഹയിൽനിന്ന് കിട്ടിയതായിരുന്നു. രൂപയോടൊപ്പം ചില പ്രമാണങ്ങളും ആ ബന്ധുക്കൾക്ക് കിട്ടി. അവ വായിക്കുവാൻ അവർക്ക് സാധിക്കുമായിരുന്നില്ല. ഇബ്റാനീ ഭാഷയിൽ പാണ്ഡിത്യമുള്ള ചിലർക്ക് ആ പ്രമാണങ്ങൾ നോക്കുവാനുള്ള സന്ദർഭം ലഭിച്ചു. അവ ഇബ്റാനീ ഭാഷയിലാണെന്നറിഞ്ഞപ്പോൾ അവർക്ക് അത്ഭുതം തോന്നി. അവ വായിക്കപ്പെട്ടപ്പോൾ ഈ വചനം കണ്ടു:

"മർയമിന്റെ പുത്രൻ യേശു മിശിഹായുടെ സേവകൻ, മുക്കുവനായ പത്രോസ് ഈ രീതിയിൽ ജനങ്ങളോടു ദൈവനാമത്തിലും അവന്റെ ഇഷ്ടാനുസരണവും സംബോധന ചെയ്യുന്നു." ഈ ലേഖനം അവസാനിക്കുന്നതിപ്രകാരമാണ്:

"ഞാൻ മുക്കുവനായ പത്രോസ് യേശുവിന്റെ നാമത്തിലും എന്റെ തൊണ്ണൂറാം വയസ്സിലും ഈ സ്നേഹത്തിന്റെ വാക്കുകൾ എന്റെ യജമാനനും സ്നേഹിതനുമായ മർയമിന്റെ പുത്രൻ **യേശുവിന്റെ മരണത്തിന് മൂന്നു വർഷങ്ങൾക്കുശേഷം,** ദൈവത്തിന്റെ പരിശുദ്ധഭവനത്തിന്റെ അടുത്ത് ബോലീറിന്റെ വീട്ടിൽവച്ച് എഴുതാൻ തീരുമാനിച്ചിരിക്കുന്നു."

പ്രസ്തുത പണ്ഡിതന്മാർ ഈ കുറിപ്പ് പത്രോസിന്റെ കാലം മുതലുള്ളതാണെന്ന തീരുമാനം പുറപ്പെടുവിച്ചു. ലണ്ടൻ

ബൈബിൾ സൊസൈറ്റിയുടേയും അഭിപ്രായം ഇതുതന്നെയാണ്. ഇതിനെക്കുറിച്ച് സമഗ്രമായ ഗവേഷണം നടത്തിയതിനു ശേഷം ബൈബിൾ സൊസൈറ്റി ഇപ്പോൾ ഈ പ്രമാണങ്ങൾക്ക് പകരം 4 ലക്ഷം ലീറാ (2,37,500 രൂപ) ഉടമസ്ഥന്മാർക്ക് നല്കി വാങ്ങാൻ ആഗ്രഹിക്കുന്നു.

മർയമിന്റെ പുത്രൻ യേശുവിന്റെ പ്രാർത്ഥന,
ഇവർ രണ്ടു പേരിലും സമാധാനം ഉണ്ടാകട്ടെ.

**അദ്ദേഹം പറഞ്ഞു:** "അല്ലയോ എന്റെ ദൈവമേ, ഞാൻ മോശമാണെന്നു കരുതുന്ന വസ്തുവിന്റെമേൽ വിജയം വരിക്കാൻ എനിക്ക് കഴിവില്ല. എനിക്കാഗ്രഹമുള്ള നന്മ ഞാൻ കരസ്ഥമാക്കിയിട്ടുമില്ല. എന്നാൽ, മറ്റുള്ളവർ തങ്ങളുടെ പ്രതിഫലം സ്വന്തം കൈകളിൽ വെക്കുന്നു. ഞാൻ വെക്കുന്നില്ല. പക്ഷേ, എന്റെ വലുപ്പം എന്റെ പ്രവർത്തിയിലുണ്ട്. എന്നേക്കാൾ മോശപ്പെട്ട അവസ്ഥയിൽ മറ്റൊരു വ്യക്തിയുമില്ല. അത്യുന്നതനായ ദൈവമേ, എന്റെ പാപങ്ങൾ പൊറുത്തുതന്നാലും. ഞാൻ എന്റെ ശത്രുക്കൾക്ക് ആക്ഷേപത്തിന് കാരണക്കാരനാകാനാകാതിരിക്കേണമേ. കുറ്റാരോപണങ്ങൾക്ക് എന്നെ നിമിത്തമാക്കരുതേ. എന്റെ സുഹൃത്തുക്കളുടെ ദൃഷ്ടിയിൽ എന്നെ നിന്ദ്യനാക്കരുതേ. എന്റെ ദൈവഭക്തി എന്നെ വിപത്തുകളിൽ അകപ്പെടുത്താനും ഇഹലോകം എന്റെ വലിയ സന്തോഷത്തിനുള്ള ഇടമോ, എന്റെ വലിയ ഉദ്ദേശ്യമോ ആകാനും ഇടവരുത്തരുതേ. എന്നോടു കരുണ കാണിക്കാത്ത വ്യക്തിയെ എന്റെമേൽ അധികാരിയാക്കരുതേ. പരമകാരുണികനായ ദൈവമേ! എന്റെ കാരുണ്യത്തിനുവേണ്ടി അങ്ങനെതന്നെ ചെയ്താലും. നിന്റെ കാരുണ്യത്തിന്റെ ആശ്രിതരായവരുടെ മേലെല്ലാം നീ കരുണ കാണിക്കുന്നു.

٧٨

حاشیہ متعلق صـ ۴۹

# شہید شاہد من بنی اسرائیل

ایک اسرائیلی عالم توریت کی شہادت در بارۂ قبر مسیح

[illegible]

میں شہادت دیتا ہوں کہ میں نے دیکھا ایک نقشہ پاس مرزا غلام احمد

[illegible]

صاحب قادیانی کے۔ اللہ تحقیق وہ صحیح ہے قبر بنی اسرائیل کی قبروں میں سے

[illegible]

اور وہ ہے بنی اسرائیل کے اکابر کی قبروں میں سے

[illegible]

میں نے دیکھا یہ نقشہ آج کے دن جب لکھی

[illegible]

میں نے یہ شہادت ماہ انگریزی جون ۱۲ سنہ ۱۸۹۹ء

[illegible]

سلمان یوسف اسحاق تاجر

[illegible]

سلمان یہودی نے میرے روبرو

[illegible]

یہ شہادت لکھی مفتی محمد صادق بھیروی

[illegible]

کلرک دفتر اکونٹنٹ جنرل لاہور

اشہد باللہ ان ہذا الکتاب کتبہ سلمان بن یوسف واللہ رجل من اکابر بنی اسرائیل۔ دستخط سید عبد اللہ بغدادی

٨٠

*മുൻപേജിൽ ചേർത്തിട്ടുള്ള ഇബ്റാനി വചനങ്ങളുടെ തർജ്ജമ ഉർദുവിൽനിന്ന്:-*

## ബനൂയിസ്റായേലിൽനിന്നുള്ള സാക്ഷിയുടെ മൊഴി

ഒരു യിസ്റായേലി തൗറാത്ത് പണ്ഡിതന്റെ, മസീഹിന്റെ ഖബ്റിനെ സംബന്ധിച്ചുള്ള സാക്ഷ്യം.

ഞാൻ സാക്ഷ്യം പറഞ്ഞുകൊള്ളുന്നു: മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനിയുടെ അടുക്കൽ ഞാനൊരു രേഖാചിത്രം കണ്ടു. ബനൂയിസ്റായേലിന്റെ ഖബ്റുകളിൽനിന്നുള്ള ഒരു ഖബ്റാണെന്ന ആ അന്വേഷണം ശരിയായിട്ടുള്ളതാണ്. ബനൂയിസ്റായേലിലെ ഏറ്റവും പ്രമുഖരായവരുടെ ഖബ്റുകളിൽപെട്ടതാണത്. ഇംഗ്ലീഷുമാസം ജൂൺ 12, 1899-ന് ഈ സാക്ഷ്യം ഞാനെഴുതിയപ്പോൾ ഈ രേഖാചിത്രം ഞാൻ കാണുകയുണ്ടായി,

**സൽമാൻ യൂസുഫ് യസ്ഹാഖ് വ്യാപാരി**

സൽമാൻ യഹൂദി എന്റെ സാന്നിധ്യത്തിലാണ് ഈ സാക്ഷ്യം എഴുതിയത്,

**മുഫ്തി മുഹമ്മദ് സാദിഖ് ഭേരവി**

ലാഹോർ അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ ക്ലർക്ക്

ബനൂയിസ്രായേലിലെ ആദരണീയരിലൊരാളായ സൽമാൻ ബിൻ യൂസുഫ് എഴുതിയ എഴുത്താണിതെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു,

ഒപ്പ്:

**സയ്യിദ് അബ്ദുല്ലാഹ് ബാഗ്ദാദി**

*

ഈ മൗലവിമാരുടെമേൽ അഹോ കഷ്ടം! ഇവരിൽ വിശ്വസ്തതയുണ്ടായിരുന്നെങ്കിൽ ഇവർക്ക് ഭയഭക്തിയുടെ മാർഗ്ഗത്തിൽ എല്ലാവിധത്തിലും സംതൃപ്തിയടയാമായിരുന്നു. അല്ലാഹു സത്യാത്മാക്കൾക്കു സംതൃപ്തി നല്കിയിരിക്കുന്നു. എന്നാൽ, അബൂജഹ്ലിനെ ഉണ്ടാക്കിയ മണ്ണുകൊണ്ടുണ്ടാക്കപ്പെട്ടവർ അബൂജഹൽ സ്വീകരിച്ച മാർഗ്ഗമാണ് സ്വീകരിക്കുന്നത്. **മീററ്റിൽ**നിന്ന് ഒരു മൗലവി സാഹിബ് അമൃതസറിൽ **നദ്വത്തുൽ ഉലമാ**യുടെ യോഗമുണ്ടെന്നും അവിടെ വന്നു വിവാദം നടത്തണമെന്നും രജിസ്റ്റർകത്തുമുഖേന അറിയിച്ചിരിക്കുന്നു. എന്നാൽ, ഈ എതിരാളികൾക്ക് വിജയപരാജയങ്ങളുടെ ചിന്തയില്ലാതെ സദുദ്ദേശ്യമാണുണ്ടായിരുന്നതെങ്കിൽ തങ്ങളുടെ സംതൃപ്തിക്ക് നദ്വയുടെയും മറ്റും ആവശ്യമെന്താണ്? നാം നദ്വയിലെ ഉലമാക്കളെ അമൃതസറിലെ ഉലമാക്കളിൽനിന്ന് വേറിട്ടു കാണുന്നില്ല. ഒരേയൊരു വിശ്വാസം,ഒരേയൊരു വർഗ്ഗം, ഒരേയൊരു മൂലധാതു. **ഖാദിയാനിൽ** വരാൻ ഏവർക്കും അവകാശമുണ്ട്. എന്നാൽ, വിവാദത്തിന്നായിട്ടല്ല. പ്രത്യുത സത്യാന്വേഷണത്തിനായി നമ്മുടെ പ്രസംഗം കേൾക്കുക. വല്ല സംശയവുമുണ്ടെങ്കിൽ ദരിദ്രഭാവത്തോടും മര്യാദയോടുംകൂടി ദൂരീകരിക്കണം. ഇവർ ഖാദിയാനിൽ താമസിക്കുവോളം അതിഥികളായി കരുതുന്നതാണ്. നമുക്ക് നദ്വയുടെയും മറ്റും ആവശ്യമില്ല. ഇവരിൽനിന്ന് ഒന്നും ആഗ്രഹിക്കുന്നുമില്ല. ഇവരൊക്കെ ധാർമ്മികതയുടെ വൈരികളാണ്. എന്നാൽ, ധാർമ്മികത ലോകത്ത് വ്യാപിച്ചുകൊണ്ടുപോകുന്നു. 'ജനങ്ങൾ നിന്നെ പരാജയപ്പെടുത്തുന്നതിനായി വലിയ ശ്രമം നടത്തുമെന്നും നഖശിഖാന്തം എതിർക്കുമെന്നും എന്നാൽ, അവസാനം ഞാൻ നിന്നെ ഒരു വലിയ ജമാഅത്താക്കുമെന്നും' അല്ലാഹു തന്റെ ഇൽഹാം മുഖേന 20 വർഷം മുമ്പേ ബറാഹീനെ അഹ്മദിയ്യായിൽ എന്നെക്കുറിച്ച് വെളിപ്പെടുത്തിയിരുന്നില്ലേ? ഒരാൾപോലും എന്നോടൊപ്പമില്ലാതിരുന്ന കാലത്തുണ്ടായ ദിവ്യവെളിപാടാണിത്. അതിനുശേഷം എന്റെ വാദം പ്രസിദ്ധീകരിച്ചതോടുകൂടി എതിരാളികൾ നഖശിഖാന്തം എതിർത്തു. അവസാനം ഉപര്യുക്ത പ്രവചനമനുസരിച്ച് ഈ പ്രസ്ഥാനം വ്യാപിച്ചു. ഇപ്പോൾ ഇന്നത്തെ

തിയതിവരെ ബ്രിട്ടീഷ് ഇന്ത്യയിൽ ഈ ജമാഅത്ത് ഒരു ലക്ഷത്തിലധികമായിട്ടുണ്ട്. എന്ത്? ഇത് അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തമല്ലേ? നദ്‌വത്തുൽ ഉലമാക്ക് മരണഭയം ഓർമ്മയുണ്ടെങ്കിൽ, ബറാഹീനെ അഹ്മദിയ്യായും സർക്കാറിന്റെ റിക്കാർഡുകളും നോക്കി, ഇത് മുഅ്ജിസത്താണോ? അല്ലേ എന്നു പറയുക. ഖുർആനും മുഅ്ജിസത്തും രണ്ടും സമർപ്പിച്ചിരിക്കുന്നു. ഇനി വിവാദം എന്തിനാണ്?

അതേപ്രകാരംതന്നെ ഈ രാജ്യത്തെ സിംഹാസനാരൂഢരും മതാചാര്യന്മാരുടെ സന്താനങ്ങളും മതത്തിൽനിന്നു ബന്ധം വിച്ഛേദിച്ചു തങ്ങളുടേതായ ആചാരസമ്പ്രദായങ്ങളിൽ രാപ്പകൽ മുഴുകിയിരിക്കുകയാണ്. അവർക്ക് ഇസ്‌ലാമിനു നേരിട്ടിരിക്കുന്ന പ്രയാസങ്ങളേയും വിപത്തുകളേയും കുറിച്ച് ഒരറിവുമില്ല. അവരുടെ മജ്‌ലിസുകളിൽ ചെന്നാൽ വിശുദ്ധഖുർആനും ഹദീഥുകൾക്കും പകരം, പലതരത്തിലുള്ള തംബുരുകളും കമ്പിവാദ്യങ്ങളും ചെറിയ മദ്ദളങ്ങളും ഖവ്വാലികളും തുടങ്ങി അനാചാരങ്ങളുടെ മാർഗ്ഗങ്ങളെല്ലാം കാണാവുന്നതാണ്. ഇങ്ങനെയൊക്കെയായിട്ടും മുസ്‌ലിംകളുടെ നേതാക്കളാണെന്ന വാദവും നബി (സ)യെ പിൻപറ്റുന്നവരാണെന്ന പൊങ്ങച്ചം പറച്ചിലും! ഇവരിൽ ചിലർ സ്ത്രീകളുടെ വസ്ത്രം ധരിക്കുകയും കൈകളിൽ മൈലാഞ്ചിയിടുകയും വളകൾ അണിയുകയും ചെയ്യുന്നു. വിശുദ്ധഖുർആനെ അപേക്ഷിച്ച് അവരുടെ മജ്‌ലിസുകളിൽ കവിതകളാണ് ചൊല്ലുന്നത്. ഇവർ ക്ലാവ് പിടിച്ചവരാണ്. അതകലുമെന്ന് ചിന്തിക്കാനേ സാധ്യമല്ല. എന്നാൽ, അല്ലാഹു തന്റെ ശക്തികൾ പ്രകടിപ്പിക്കുന്നതും ഇസ്‌ലാമിനെ സംരക്ഷിക്കുന്നതുമാണ്.

### സ്ത്രീകളോടു ചില ഉപദേശങ്ങൾ

നമ്മുടെ ഇക്കാലഘട്ടത്തിൽ ചില പ്രത്യേക അനാചാരങ്ങളിൽ സ്ത്രീകളും അകപ്പെട്ടിരിക്കുന്നു. അവർ **ബഹുഭാര്യത്വ** സമ്പ്രദായത്തെ അങ്ങേയറ്റം മോശദൃഷ്ടിയോടെയാണ് നോക്കുന്നത്; അതിൽ അവർ വിശ്വാസം കൊള്ളാത്തതുപോലെ. അല്ലാഹുവിന്റെ ശരീഅത്ത് എല്ലാവിധത്തിലുള്ള പ്രതിവിധികളും

ഉൾക്കൊള്ളുന്നതാണെന്ന് അവർ അറിയുന്നില്ല.

ഇസ്ലാമിൽ ബഹുഭാര്യത്വ സമ്പ്രദായം ഇല്ലായിരുന്നുവെങ്കിൽ പുരുഷന്മാർക്ക് രണ്ടാം വിവാഹം ചെയ്യേണ്ടുന്ന സന്ദർഭങ്ങളുണ്ടാകുമ്പോൾ ഈ ശരീഅത്തിൽ അതിന് ഒരു പ്രതിവിധിയും ഇല്ലെന്നു പറയേണ്ടിവരും. ഉദാഹരണത്തിന് ഭാര്യ ഭ്രാന്തിയോ, കുഷ്ഠരോഗിയോ അല്ലെങ്കിൽ നിത്യരോഗിയോ ആയി കരുണയർഹിക്കുന്നവളാവുകയും ഭർത്താവും ആ ഏകാന്തജീവിതം സഹിക്കവയ്യാതെ കരുണാർഹനാവുകയും ചെയ്യുന്ന അവസരത്തിൽ ഭർത്താവിന് രണ്ടാം വിവാഹം ചെയ്യാൻ അനുവാദം നല്കാതിരിക്കുക എന്നത് അവന്റെ പുരുഷത്വത്തോട് ചെയ്യുന്ന അക്രമമാണ്.

വാസ്തവത്തിൽ അല്ലാഹുവിന്റെ ന്യായപ്രമാണം (ശരീഅത്ത്) ഈ കാര്യങ്ങൾ കണ്ടുകൊണ്ടാണ് പുരുഷന്മാർക്ക് ഈ മാർഗ്ഗം തുറന്നുവച്ചിരിക്കുന്നത്. നിർബ്ബന്ധിതാവസ്ഥയിൽ സ്ത്രീകൾക്കായും മാർഗ്ഗം തുറന്നിട്ടുണ്ട്: പുരുഷൻ ഷണ്ഡനാണെങ്കിൽ ന്യായാധിപൻ മുഖേന ത്വലാഖിന് പകരമായി വെച്ചിട്ടുള്ള ഖുൽഅ് ചെയ്യിക്കാവുന്നതാണ്. അല്ലാഹുവിന്റെ ശരീഅത്ത് മരുന്നുകച്ചവടക്കാരന്റെ കട പോലെയാണ്. എല്ലാ രോഗത്തിനും മരുന്ന് കിട്ടാത്ത കടയാണെങ്കിൽ ആ കട മുമ്പോട്ടു പോവുകയില്ല. അതുകൊണ്ട് ചിന്തിക്കുക. രണ്ടാം വിവാഹത്തിന് പുരുഷനെ നിർബ്ബന്ധിതനാക്കുന്ന ചില പ്രയാസങ്ങൾ അവനെ നേരിടുന്നുവെന്ന കാര്യം സത്യമല്ലേ? എല്ലാ പ്രയാസങ്ങൾക്കും പ്രതിവിധിയില്ലാത്ത ശരീഅത്ത് എന്തിന് കൊള്ളാം? നോക്കുക ഇഞ്ചീലിൽ **വിവാഹമോചനത്തിനു** വ്യഭിചാരം മാത്രമാണ് നിബന്ധന. എന്നാൽ, പുരുഷനും സ്ത്രീക്കുമിടയിൽ ആജന്മ ശത്രുതയുണ്ടാക്കുന്ന നൂറുക്കണക്കായ കാര്യങ്ങളെക്കുറിച്ച് ഒന്നും പറയുന്നില്ല. അതുകൊണ്ട് ക്രൈസ്തവ സമുദായത്തിന് ഈ ന്യൂനത സഹിക്കാൻ കഴിയാതെ പൊറുതിമുട്ടി. അവസാനം അമേരിക്കയിൽ ഒരു വിവാഹമോചന നിയമം പാസ്സാക്കേണ്ടി വന്നു. ഈ നിയമംകൊണ്ട് ഇഞ്ചീൽ എവിടെപ്പോയെന്ന് ചിന്തിക്കുക.

അല്ലയോ സ്ത്രീകളേ! വ്യാകുലപ്പെടാതിരിക്കുക. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന വേദഗ്രന്ഥം, ഇഞ്ചീലിനെപ്പോലെ മനുഷ്യന്റെ കൈകടത്തലുകൾക്ക് ആശ്രയമുള്ള ഒന്നല്ല. ഈ ഗ്രന്ഥത്തിൽ പുരുഷന്മാരുടെ അവകാശങ്ങൾ സുരക്ഷിതമാക്കപ്പെട്ടതുപോലെ സ്ത്രീകളുടെ അവകാശങ്ങളും സുരക്ഷിതമാണ്. ഭാര്യ, ഭർത്താവിന്റെ ബഹുഭാര്യത്വത്തിൽ വെറുപ്പുള്ളവളാണെങ്കിൽ ന്യായാധിപൻ മുഖേന വിവാഹമോചനം (ഖുൽഅ്) ചെയ്യിക്കാവുന്നതാണ്. മുസ്‌ലിംകൾ അഭിമുഖീകരിക്കുന്ന വിവിധ കാര്യങ്ങളെക്കുറിച്ച് തന്റെ ശരീഅത്തിൽ പ്രതിപാദിക്കുക അല്ലാഹുവിന്റെ കടമയായിരുന്നു; ശരീഅത്ത് അപൂർണ്ണമാകാതിരിക്കാൻ. അതുകൊണ്ട് അല്ലയോ സ്ത്രീജനങ്ങളേ! നിങ്ങളുടെ ഭർത്താക്കന്മാർ രണ്ടാം വിവാഹം ചെയ്യുവാൻ ആഗ്രഹിക്കുന്ന നേരത്ത് അല്ലാഹുവിനെക്കുറിച്ച് പരാതി പെടാതിരിക്കുക. പ്രത്യുത നിങ്ങളെ എല്ലാ ആപത്തുകളിൽനിന്നും പരീക്ഷണങ്ങളിൽനിന്നും സംരക്ഷിക്കുന്നതിന് നിങ്ങൾ പ്രാർത്ഥിക്കുക. രണ്ട് ഭാര്യമാരെവെച്ച് അവർക്കിടയിൽ നീതി പുലർത്താത്ത ഭർത്താവ് കഠിനദ്രോഹിയും ശിക്ഷാർഹനുമാണെന്നതിൽ സംശയമൊന്നുമില്ല. എന്നാൽ, നിങ്ങൾ സ്വയം അല്ലാഹുവിനോട് അനുസരണക്കേടു കാണിച്ച് ദൈവകോപത്തിനു പാത്രീഭൂതരാകരുത്. ഓരോരുത്തരും അവരവരുടെ പ്രവർത്തിയെക്കുറിച്ച് ചോദിക്കപ്പെടുന്നതാണ്. നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നല്ലവരാവുകയാണെങ്കിൽ നിങ്ങളുടെ ഭർത്താക്കന്മാരും നല്ലവരാക്കപ്പെടുന്നതാണ്. ശരീഅത്ത് വിവിധ കാരണങ്ങളാൽ ബഹുഭാര്യത്വം അനുവദനീയമാക്കിയിരിക്കുകയാണെങ്കിലും ദൈവിക നിർണ്ണയനിയമം (ഖളാ വ ഖദ്ർ) നിങ്ങൾക്കായി തുറന്നു കിടക്കുന്നു. ശരീഅത്ത് നിയമം നിങ്ങൾക്ക് അസഹനീയമാണെങ്കിൽ പ്രാർത്ഥന മുഖേന ദൈവികനിർണ്ണയ നിയമത്തെ പ്രയോജനപ്പെടുത്തുക. കാരണം ദൈവികനിർണ്ണയനിയമം ശരീഅത്ത് നിയമങ്ങൾക്കുമതീതമായി വരുന്നു. ദൈവഭക്തി കൈക്കൊള്ളുക. ദുൻയാവിനേയും അതിന്റെ സൗന്ദര്യത്തേയും അധികമായി സ്നേഹിക്കാതിരിക്കുക. വംശീയമായ അഹങ്കാരം വെച്ചുപുലർത്തരുത്. ഒരു സ്ത്രീയേയും പരിഹസിക്കരുത്. ഭർത്താക്കന്മാ

രുടെ കഴിവിന്നതീതമായ ആവശ്യങ്ങൾ അവരോട് ചോദിക്കരു ത്. നിഷ്ക്കളങ്കരും പരിശുദ്ധരും ആയരീതിയിൽ ഖബ്റുകളിൽ പ്രവേശിക്കുന്നതിനായി പരിശ്രമിക്കുക. നമസ്കാരം, സക്കാത്ത് മുതലായ ദൈവികമായ കടമകളിൽ അനാസ്ഥ കാണിക്കരുത്. നിങ്ങളുടെ ഭർത്താക്കന്മാരെ ഹൃദയാത്മനാ അനുസരിക്കുന്നവ രായിരിക്കുക. അവരുടെ അന്തസ്സിന്റെ വലിയൊരു ഭാഗം നിങ്ങ ളുടെ കൈയിലാണിരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ നിങ്ങ ളുടെ ഈ ഉത്തരവാദിത്വങ്ങളെ അല്ലാഹുവിന്റെ പക്കൽ ഖാനി ത്താത്ത് (അനുസരണശാലികൾ) സ്വാലിഹാത്ത് (സാത്ത്വികർ) എന്നിവരിൽ ഗണിക്കപ്പെടുംവിധം മനോഹരമായി നിറവേറ്റു ക. അമിതവ്യയം ചെയ്യരുത്. **ഭർത്താക്കന്മാരുടെ പണം അനാ വശ്യമായി ചെലവ് ചെയ്യാതിരിക്കുക.** വിശ്വാസവഞ്ചന ചെയ്യാ തിരിക്കുക. മോഷ്ടിക്കരുത്. ആവലാതിപെടരുത്. ഒരു സ്ത്രീ മറ്റൊരു സ്ത്രീയുടെമേൽ അല്ലെങ്കിൽ പുരുഷന്റെ മേൽ ദോഷാ രോപണം ചെയ്യരുത്.

## സമാപനം

നമ്മുടെ ജമാഅത്ത് ദൈവഭക്തിയിൽ അഭിവൃദ്ധി പ്പെടുന്നതിനും ഭൂമിയിൽ കത്തിക്കാളിക്കൊണ്ടിരിക്കുന്ന ദൈവ ക്രോധം അവരെ സമീപിക്കാതിരിക്കുന്നതിനും ഈ പ്ലേഗിന്റെ നാളുകളിൽ പ്രത്യേകമായ രീതിയിൽ അവർ സംരക്ഷിക്കപ്പെ ടുന്നതിനും വേണ്ടിയാണ് നാം ഈ ഉപദേശങ്ങൾ എഴുതിയിരി ക്കുന്നത്. യഥാർത്ഥ തഖ്‌വ അഥവാ ദൈവഭക്തി (അഹോ കഷ്ടം! യഥാർത്ഥ തഖ്‌വ വളരെ കുറഞ്ഞുപോയിരിക്കുന്നു) അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നു. അല്ലാഹു നിസ്സാരമായനിലയിലല്ല, പ്രത്യുത ദൃഷ്ടാന്തമെന്നനിലയിൽ പരിപൂർണ്ണ ഭക്തനെ വിപ ത്തുകളിൽനിന്ന് രക്ഷിക്കുന്നു. ഭക്തനാണെന്ന് ഓരോ തന്ത്ര ശാലിയും അല്പജ്ഞാനിയും വാദിക്കുന്നുണ്ട്. എന്നാൽ, അല്ലാ ഹുവിന്റെ ദൃഷ്ടാന്തംകൊണ്ട് ഭക്തനാണെന്ന് സ്ഥാപിച്ചുകാണി ക്കുന്നവനാണ് യഥാർത്ഥ ഭക്തൻ. ദൈവത്തെ സ്നേഹി ക്കുന്നുവെന്ന് ഓരോരുത്തർക്കും പറയാം. എന്നാൽ, ഏതൊരു വന്റെ സ്നേഹം ദൈവസാക്ഷ്യത്താൽ സ്ഥാപിതമാകുന്നുവോ

അവനാണ് ദൈവത്തെ സ്നേഹിക്കുന്നവൻ. തന്റെ മതം സത്യമതമാണെന്ന് ഓരോരുത്തരും പറയുന്നു. എന്നാൽ, ഏതൊരാൾക്കാണോ ഈ ലോകത്ത് പ്രകാശം ലഭിക്കുന്നത് അയാളുടെ മതമാണ് സത്യമതം. തനിക്കു മോക്ഷം ലഭിക്കുന്നതാണെന്നു ഓരോരുത്തരും പറയുന്നു. എന്നാൽ, ഏതൊരാൾക്കാണോ ഈ ലോകത്തുതന്നെ മോക്ഷത്തിന്റെ വെളിച്ചം ലഭ്യമാകുന്നത് അയാൾ പറയുന്നതാണ് സത്യം. അതിനാൽ അല്ലാഹുവിന് പ്രിയങ്കരരായിത്തീരാൻ നിങ്ങൾ പരിശ്രമിക്കുക; നിങ്ങൾ ഓരോ ആപത്തിൽനിന്ന് രക്ഷപ്പെടാൻ. പരിപൂർണ്ണഭക്തൻ പ്ലേഗിൽനിന്ന് രക്ഷിക്കപ്പെടും. കാരണം അവൻ അല്ലാഹുവിന്റെ അഭയത്തിലാണുള്ളത്. അതുകൊണ്ട് നിങ്ങൾ പരിപൂർണ്ണ ഭക്തരാവുക. പ്ലേഗിനെക്കുറിച്ച് അല്ലാഹു പറഞ്ഞതെല്ലാം നിങ്ങൾ കേട്ടുകഴിഞ്ഞു. അത് കോപാഗ്നിയാണ്. അതുകൊണ്ട് നിങ്ങൾ സ്വയം ഈ കോപാഗ്നിയിൽനിന്ന് രക്ഷപ്പെടുക. സത്യമായ രീതിയിൽ എന്നെ അനുഗമിക്കുന്നവൻ, ഒരുവിധ വിശ്വാസവഞ്ചനയോ അനാസ്ഥയോ അശ്രദ്ധയോ അവനിൽ ഇല്ലാതിരിക്കുകയും നന്മയും തിന്മയും കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുകയാണെങ്കിൽ രക്ഷിക്കപ്പെടും. എന്നാൽ, ഈ മാർഗ്ഗത്തിൽ അനാസ്ഥയോടെ ചുവടുവയ്ക്കുന്നവനും, തഖ്വയുടെ വഴികളിൽ പൂർണ്ണമായ രീതിയിൽ പദമൂന്നാത്തവനും ദുൻയാവിൽത്തന്നെ മുഴുകിയിരിക്കുന്നവനും തന്നത്താൻ പരീക്ഷണത്തിൽ അകപ്പെടുത്തുന്നു. ഓരോ ഭാഗത്തുനിന്നും അല്ലാഹുവിനെ അനുസരിക്കുക. ബയ്അത്ത് ചെയ്തവരിൽ പ്രവേശിച്ചിരിക്കുന്നുവെന്ന് കരുതുന്ന ഓരോരുത്തർക്കും തന്റെ സ്വത്തിൽനിന്ന് ഈ പ്രസ്ഥാനത്തിനുവേണ്ടി സേവനം ചെയ്യുവാനുള്ള സമയമാണിപ്പോൾ. ഒരു പൈസ കൊടുക്കുവാൻ കഴിവുള്ളയാൾ പ്രസ്ഥാനചെലവുകൾക്കായി മാസന്തോറും ഒരു പൈസ നല്കുക. ഒരു രൂപ കൊടുക്കുവാൻ കഴിവുള്ളവർ ഒരു രൂപ കൊടുക്കുക. കാരണം ലങ്കർഖാന (ഊട്ടുപുര)യുടെ ചെലവുകൾ കൂടാതെ മതപരമായ കാര്യങ്ങൾക്കും വളരെയധികം ചെലവുകളുണ്ടാകുന്നു. നൂറുക്കണക്കിന് അതിഥികൾ വരുന്നു. എന്നാൽ, സാമ്പത്തികബുദ്ധിമുട്ട് കാരണത്താൽ അതിഥികൾക്ക്

താമസസൗകര്യാർത്ഥം ഇതുവരെ വസതി തയ്യാറായിട്ടില്ല. ആവശ്യത്തിനു കട്ടിലുകളില്ല. മസ്ജിദിന്റെ വിപുലീകരണവും നടക്കേണ്ടതുണ്ട്. എതിരാളികളുടേതപേക്ഷിച്ച് പ്രസിദ്ധീകരണത്തിനുള്ള ഏർപ്പാടുകളും വളരെ ദുർബ്ബലമാണ്. ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് 50,000 ലഘുലേഖകളും മതപരമായ പത്രങ്ങളും പ്രസിദ്ധീകരിക്കപ്പെടുമ്പോൾ നമ്മുടെ ഭാഗത്തുനിന്ന് കൃത്യമായി മാസന്തോറും ആയിരംപോലും പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നില്ല. ഇത്തരം കാര്യങ്ങൾ മുൻനിറുത്തി ബയ്അത്ത് ചെയ്തവർ തങ്ങളുടെ കഴിവിനനുസരിച്ച് സഹായിക്കേണ്ടതാണ്– അല്ലാഹുവും അവരെ സഹായിക്കാൻ. മാസന്തോറും കൃത്യമായി അവരുടെ സഹായം ലഭിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അത് കുറവാണെങ്കിലും വേണ്ടില്ല, ഒരു ദീർഘകാലം കൊടുക്കാതെ എപ്പോഴെങ്കിലും വല്ലതും അയക്കുന്നതിനേക്കാൾ നല്ലതായിരിക്കും. ഓരോ ആളുടേയും സത്യസന്ധത അയാളുടെ സേവനത്തിൽനിന്ന് തിരിച്ചറിയപ്പെടുന്നു.

പ്രിയമുള്ളവരേ, ഇത് ദീനിനുവേണ്ടിയും ദീനിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വേണ്ടിയും സേവനത്തിനുള്ള സമയമാണ്. **ഈ അവസരം വിലപിടിച്ചതായി കരുതുക.** പിന്നീടൊരിക്കലും ഇത് കൈവരികയില്ല. സക്കാത്ത് കൊടുക്കാൻ ബാധ്യസ്ഥരായവർ ഇവിടേക്ക് തങ്ങളുടെ സക്കാത്ത് അയക്കുക. ഓരോരുത്തരും അനാവശ്യ ചെലവുകളിൽനിന്ന് തങ്ങളെ രക്ഷിക്കുക. ആ തുക ഈ വഴിയിൽ ചെലവഴിക്കുക. ദൈവാനുഗ്രഹവും പരിശുദ്ധാത്മാവിൽനിന്ന് പാരിതോഷികവും ലഭിക്കുന്നതിന് സത്യസന്ധത കാണിക്കുക. കാരണം, ഈ പ്രസ്ഥാനത്തിൽ പ്രവേശിച്ചവർക്കുവേണ്ടി തയ്യാറാക്കപ്പെട്ടതാണ് ഈ പാരിതോഷികം. **നമ്മുടെ നബി തിരുമേനി(സ)**യുടെ മേലുണ്ടായ പരിശുദ്ധാത്മാവിന്റെ ജ്യോതിസ്സ് മറ്റെല്ലാ ജ്യോതിസ്സിനേക്കാൾ ഉന്നതമാണ്. പരിശുദ്ധാത്മാവ് ഒരു പ്രവാചകന്റേമേൽ ചിലപ്പോൾ പ്രാവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. മറ്റൊരു പ്രവാചകന്റേയോ അവതാരപുരുഷന്റേയോമേൽ പശുവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ഒരു പ്രവാചകന്റെമേൽ ആമയുടേയോ മുതലയുടേയോ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. എന്നാൽ, **പരിപൂർണ്ണ**

**മനുഷ്യനായ നമ്മുടെ നബി(സ) പ്രത്യക്ഷനാകുന്നതുവരെ** പരിശുദ്ധാത്മാവ് മനുഷ്യരൂപത്തിൽ പ്രത്യക്ഷനാകുന്ന സമയം വന്നില്ല. ഹദ്റത്ത് നബികരീം(സ) നിയുക്തനായപ്പോൾ ആ പുണ്യാത്മാവ് പരിപൂർണ്ണ മനുഷ്യനായതുകൊണ്ട് പരിശുദ്ധാത്മാവും മനുഷ്യന്റെ രൂപത്തിൽത്തന്നെ പ്രത്യക്ഷപ്പെട്ടു. പരിശുദ്ധാത്മാവിന്റെ ശക്തമായ ജ്യോതിസ്സായിരുന്നു ഭൂമിതൊട്ടു ആകാശത്തിന്റെ ദിഗന്തംവരെ നിറഞ്ഞുനിന്നത്. അത് നിമിത്തം ഖുർആന്റെ അധ്യാപനം ബഹുദൈവവിശ്വാസങ്ങളിൽനിന്ന് സുരക്ഷിതമായി. എന്നാൽ, ക്രിസ്തുമതത്തിന്റെ ആചാര്യന്റെ മേൽ പരിശുദ്ധാത്മാവ് ഏറ്റവും ദുർബ്ബലരൂപത്തിൽ അതായത്, പ്രാവിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെട്ടത്. അതിനാൽ അവിശുദ്ധാത്മാവ് അതായത് ശയ്ത്താൻ ആ മതത്തിന്മേൽ വിജയം വരിച്ചു. തന്റെ വലുപ്പവും ശക്തിയും എത്രമാത്രം കാണിച്ചുവെന്നാൽ, അവൻ അത്യുഗ്രനായ പെരുമ്പാമ്പിനെപോലെ ആക്രമണം നടത്തി. അതുകൊണ്ടാണ് വിശുദ്ധഖുർആൻ ക്രിസ്ത്യാനികളുടെ വഴികേടിനെ ലോകത്ത് എല്ലാ വഴികേടുകളേക്കാളും ഒന്നാം സ്ഥാനത്ത് ഗണിച്ചിട്ടുള്ളത്. പറഞ്ഞു: "അടുത്തുതന്നെ ആകാശവും ഭൂമിയും പൊട്ടിപ്പിളരും; കാരണം ഭൂമിയിൽ ഒരു വലിയ പാപം ചെയ്യപ്പെട്ടു. അതായത് മനുഷ്യനെ ദൈവവും ദൈവപുത്രനുമാക്കി. വിശുദ്ധഖുർആന്റെ ആരംഭത്തിലും ക്രിസ്ത്യാനികൾക്കുള്ള ഖണ്ഡനവും അവരെക്കുറിച്ചുള്ള പ്രതിപാദ്യവുമുണ്ട്. പറയുന്നു: ***ഇയ്യാക്ക നഅ്ബുദു*** എന്ന വചനത്തിൽനിന്നും ***വലള്ളാല്ലീൻ*** എന്ന വചനത്തിൽനിന്നും ഇതു മനസ്സിലാക്കാവുന്നതാണ്. വിശുദ്ധഖുർആന്റെ അവസാനത്തിലും ക്രിസ്ത്യാനികൾക്കുള്ള ഖണ്ഡനമാണ്. എപ്രകാരമെന്നാൽ قُلْ هُوَ اللّٰهُ اَحَدٌ ۝ اَللّٰهُ الصَّمَدُ ۝ لَمْ يَلِدْ ۙ وَلَمْ يُوْلَدْ ۝ ***ഖുൽ ഹുവല്ലാഹു അഹദ് അല്ലാഹുസ്സ്വമദ് ലം യലിദ് വലം യൂലദ്*** എന്ന വചനങ്ങളിൽനിന്ന് അത് ഗ്രഹിക്കാവുന്നതാണ്. വിശുദ്ധഖുർആന്റെ മദ്ധ്യഭാഗത്തും ക്രിസ്തുമതത്തിന്റെ ഫിത്നയെക്കുറിച്ചുള്ള പ്രതിപാദനമുണ്ട്. പറയുന്നു: تَكَادُ السَّمٰوٰتُ يَتَفَطَّرْنَ ***തകാദുസ്സമാവാത്തു യതഫത്ത്വർന*** (മർയം 91 ) എന്ന വചന

ത്തിൽനിന്ന് ഇത് മനസ്സിലാക്കാവുന്നതാണ്.

വിശുദ്ധഖുർആനിൽനിന്ന് വ്യക്തമാകുന്നത് ഈ ലോകം ഉണ്ടായത് മുതൽ സൃഷ്ടിപൂജയുടേയും കളവിന്റേയും വഴികളിലുള്ള സമ്മർദ്ദം ഇത്രമാത്രമൊരിക്കലും ഉണ്ടായിട്ടില്ലെന്നാണ്. ഇക്കാരണത്താലാണ് മുബാഹലക്കും- പ്രാർത്ഥനാസമരത്തിനും ക്രിസ്ത്യാനികൾത്തന്നെ വിളിക്കപ്പെട്ടത്. മറ്റൊരു ബഹുദൈവവിശ്വാസിയേയും വിളിച്ചില്ല. ഇതിനു മുമ്പേ പക്ഷികളുടേയും ജന്തുക്കളുടേയും രൂപത്തിൽ പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെട്ടിരുന്നതിന്റെ യുക്തി എന്തായിരുന്നു. ഗ്രഹിക്കുവാൻ സാധിക്കുന്നവർ സ്വയം ഗ്രഹിക്കട്ടെ. നാം ഇത്രമാത്രം പറഞ്ഞുതരാം: അതായത് നമ്മുടെ നബി(സ)യുടെ മനുഷ്യത്വം പരശുദ്ധാത്മാവിനെക്കൂടി മനുഷ്യത്വത്തിലേക്ക് ആകർഷിക്കത്തക്കവണ്ണം സുശക്തമായതായിരുന്നുവെന്ന സൂചനയാണിതിൽ അടങ്ങിയിരിക്കുന്നത്. **നിങ്ങൾ അത്തരം വൃദ്ധദാസന്റെ അനുയായിയായിട്ട് എന്തിനാണ് ധൈര്യം കൈവെടിയുന്നത്.** ഉപരിലോകത്ത് മലക്കുകൾകൂടി അത്ഭുതപ്പെടുകയും നിങ്ങളുടെ മേൽ അനുഗ്രഹം ചൊരിയുകയും ചെയ്യുമാറ് നിങ്ങൾ നിങ്ങളുടെ സത്യസന്ധതയുടേയും പരിശുദ്ധിയുടേയും മാതൃക കാണിക്കുക.

നിങ്ങൾക്ക് ജീവിതം കിട്ടാൻ നിങ്ങൾ ഒരു മരണം സ്വീകരിക്കുക. ഇന്ദ്രിയാശകളുടെ ആവേശത്തള്ളിച്ചയിൽനിന്ന് നിങ്ങളുടെ അന്തരംഗം ശുദ്ധമാക്കുക- അല്ലാഹു അതിൽ ഇറങ്ങാൻ. ഒരുഭാഗത്തുനിന്ന് പൂർണ്ണമായും ബന്ധം വിച്ഛേദിക്കുക. ഒരുഭാഗത്തുനിന്ന് തികവുറ്റ ബന്ധം സ്ഥാപിക്കുക. അല്ലാഹു നിങ്ങളെ സഹായിക്കട്ടെ.

ഇനി ഞാൻ അവസാനിപ്പിക്കുകയാണ്. എന്റെ ഈ അധ്യാപനം നിങ്ങൾക്ക് ഫലപ്രദമാകാനും നിങ്ങൾ ഭൂമിയിൽ താരകങ്ങളായിത്തീരുംവിധം നിങ്ങളിൽ പരിവർത്തനമുണ്ടാകാനും നിങ്ങളുടെ രക്ഷിതാവിൽനിന്ന് നിങ്ങൾക്ക് ലഭിച്ച പ്രകാശത്താൽ ഭൂമി പ്രകാശമയമായിത്തീരാനും ഞാൻ പ്രാർത്ഥിക്കുന്നു. ആമീൻ ഥുമ്മആമീൻ.

يا عباد الله أذكّركم أيّام الله وأذكّركم تقوى القلوب۔ إنّه من يأت
ربّه مجرمًا فانّ له جهنّم لا يموت فيها ولا يحيى۔ فلا تخلدوا الى زينة الدنيا و
زورها واتّقوا الله واستعينوا بالصبر والصلوة۔ إنّ الله وملئكته يصلّون
على النبي يا أيّها الذين امنوا صلّوا عليه وسلّموا تسليمًا۔ اللّهمّ صلّ على محمّد وعلى
ال محمّد وبارك وسلّم۔

അല്ലയോ അല്ലാഹുവിന്റെ ദാസരേ, അല്ലാഹുവിന്റെ ശിക്ഷയുടെ നാളുകൾ നിങ്ങളോർക്കുക. ഹൃദയഭക്തിയോടുകൂടി നിങ്ങളവനെ സ്മരിക്കുക. യാഥാർത്ഥ്യമിതാണ്, ഏതൊരാൾ തന്റെ നാഥന്റെയടുക്കൽ കുറ്റവാളിയായുംകൊണ്ട് ഹാജരാകുന്നുവോ തീർച്ചയായും അവന് നരകമാണ് ലഭിക്കുക. അവനതിൽ മരിക്കുകയില്ല, ജീവിക്കുകയുമില്ല (2:75).

ദുൻയാവിന്റെ സൗന്ദര്യത്തിലേക്കും അതിന്റെ നൃത്തശാലയിലേക്കും നിങ്ങൾ ഓടിപ്പോകരുത്. അല്ലാഹുവിനോട് ഭയഭക്തിയുള്ളവരായിരിക്കുവിൻ. സ്ഥൈര്യവും പ്രാർത്ഥനയും മുഖേന നിങ്ങൾ സഹായാർത്ഥന നടത്തുകയും ചെയ്യുവിൻ (2:46). അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങളാശംസിക്കുന്നു. വിശ്വാസികളേ, അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻവേണ്ടി നിങ്ങളും പ്രാർത്ഥിക്കുക (33:57).

അല്ലാഹുവേ, നബിയുടേയും ആ മഹാത്മാവിന്റെ കുടുംബാദികളുടേയുംമേൽ അനുഗ്രഹവും സമാധാനവും വർഷിക്കേണമേ.

### പ്ലേഗിനെ സംബന്ധിച്ച പ്രവചന പദ്യം

نشاں اگرچہ نہ در اختیار کس بودست　　مگر نشاں بدہم از نشان ز دادارم
کہ آں سعید ز طاعوں نجات خواہد یافت　　کہ جست و بجست پناہے بچار دیوارم
مرا قسم بخداوند خویش و عظمت او　　کہ ہست ایں ہمہ از وحی پاک گفتارم
چہ حاجت است بہ بحث دگر ہمیں کافیست　　برائے آنکہ سیہ شد دلش ز انکارم
اگر دروغ بر آید ہر آنچہ وعدہ من　　رواست گر ہمہ خیزند بہر پیکارم

ദൃഷ്ടാന്തം കാണിക്കുക എന്നത് മനുഷ്യന്റെ കഴിവിൽപെട്ട തല്ല. എങ്കിലും ഞാൻ എന്റെ രക്ഷിതാവിൽനിന്ന് ദൃഷ്ടാന്തം കാണിക്കുകയാണ്. പെട്ടെന്നുചാടി എന്റെ നാലുകെട്ടിനുള്ളിൽ അഭയം തേടുന്ന ഓരോ ഭാഗ്യവാനും പ്ലേഗിൽനിന്ന് തീർച്ച യായും രക്ഷപ്പെടും. ഞാനെന്റെ ദൈവത്തേയും അവന്റെ മഹത്ത്വത്തേയുംതൊട്ട് സത്യം ചെയ്തുപറയുന്നു: 'എന്റെ ഈ എല്ലാ പ്രവചനങ്ങളും ദൈവികവെളിപാടിന്റെ ഫലമായിട്ടുള്ള താണ്.' അതുകൊണ്ട് ഇപ്പോൾ മറ്റൊരു ചർച്ചയുടേയും ആവ ശ്യമില്ല. എന്നല്ല ഇതുതന്നെ മതിയായതാണ്. ഞാൻ ചെയ്ത വാഗ്ദാനം കളവായി പുലർന്നാൽ, എന്നെ നിഷേധിച്ചതുകൊണ്ട് ഹൃദയങ്ങൾ ഇരുണ്ടുപോയവർക്കും എതിരാളികൾക്കും ഞാനു മായി യുദ്ധം ചെയ്യാൻ അവകാശമുണ്ടായിരിക്കും.

## ഭവനവിപുലീകരണത്തിന് ചന്ദ നല്കുക

ഭാവിയിൽ പ്ലേഗ് നാട്ടിൽ വ്യാപിക്കുമെന്ന ആശങ്കയുള്ളതുകൊണ്ട്, നമ്മുടെ ഭവനത്തിൽ ചില ഭാഗങ്ങളിൽ പുരുഷന്മാരായ അതിഥികളും ചില ഭാഗങ്ങളിൽ സ്ത്രീകളും വളരെ ഞെങ്ങിഞെരുങ്ങി താമസിച്ചുവരികയാണ്. ഈ ഭവനത്തിന്റെ നാലുകെട്ടിനുള്ളിലുള്ളവരുടെ പ്രത്യേക സംരക്ഷണത്തിന്നുള്ള വാഗ്ദാനം അല്ലാഹു ചെയ്തിട്ടുള്ളതായി നിങ്ങൾ കേട്ടിരിക്കുന്നുവല്ലോ. പരേതനായ ഗുലാം ഹൈദരിന്റെ ഭവനത്തിൽ നമുക്കുമൊരു പങ്കുണ്ട്. നമ്മുടെ ഭാഗം ഇതിനായി നല്കുന്നതിനും ബാക്കിയുള്ള ഭാഗം വിലക്കു നല്കുന്നതിനും നമ്മുടെ പങ്കാളി തയ്യാറാണ്. എനിക്ക് തോന്നുന്നത് നമ്മുടെ ഭവനത്തിന്റെ ഒരു ഭാഗമായേക്കാവുന്ന ഈ ഭവനം 2000 രൂപകൊണ്ട് തയ്യാറാകുമെന്നാണ്. പ്ലേഗിന്റെ കാലം വളരെ അടുത്തിരിക്കുന്നു. അപകടം സമീപസ്ഥമാണ്. ദൈവികവെളിപാടിന്റെ സുവാർത്തയനുസരിച്ച് ഈ ഭവനം പ്ലേഗിന്റെ കൊടുങ്കാറ്റിൽ ഒരു പേടകം പോലെയായിരിക്കും. ആർക്കെല്ലാമാണ് ഈ സുവിശേഷ വാഗ്ദാനത്തിൽനിന്ന് പങ്കു ലഭിക്കുക എന്നറിയില്ല. അതുകൊണ്ട് ഈ പണി വേഗത്തിൽ ചെയ്തുതീർക്കേണ്ടതുണ്ട്. സൃഷ്ടികർത്താവും അന്നദാതാവും സൽക്കർമ്മങ്ങളെ വീക്ഷിക്കുന്നവനുമായ അല്ലാഹുവിൽ വിശ്വാസമർപ്പിച്ചുകൊണ്ട് പ്രയത്നിക്കേണ്ടതാണ്. നമ്മുടെ ഈ ഭവനം ഒരു പേടകം പോലെയാണെന്ന് ഞാനും കണ്ടിരിക്കുന്നു. എന്നാൽ, ഭാവിയിൽ ഈ പേടകത്തിൽ ഒരു പുരുഷനും ഒഴിവുണ്ടാവുകയില്ല; സ്ത്രീക്കും. അതുകൊണ്ട് ഇതിനെ വിപുലീകരിക്കേണ്ട ആവശ്യമുണ്ടായിരിക്കുന്നു. ***വസ്സലാമു അലാ മനിത്തബഅൽ ഹുദാ.***

പ്രസാധകൻ

മിർസാ ഗുലാം അഹ്മദ്

## കശ്തിയെ നൂഹ്

1901-ൽ പഞ്ചാബിൽ പ്ലേഗ് എന്ന മഹാമാരി പടർന്നുപിടിച്ചു. അതിനു മൂന്ന് വർഷം മുമ്പേ കൃത്യമായി പറഞ്ഞാൽ 1898 ഫെബ്രുവരി 6-ാം തിയ്യതി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പ്ലേഗ് പടർന്നുപിടിക്കാൻ പോകുന്നുവെന്നും താൻ ദൈവനിയോഗിതനാണെന്നതിന് അതൊരു ദൃഷ്ടാന്തമായിരിക്കുമെന്നും താനിതിൽ മരിക്കുകയില്ലെന്നും എന്നല്ല, തന്റെ വീട്ടിൽ ഒരെലി പോലും ചാവുകയില്ലെന്നും എന്നാൽ, തന്റെ എതിരാളികളിൽ പലരും ഇതിന്റെ ഇരയായിത്തീരുമെന്നും പ്രവചിക്കുകയുണ്ടായി. ഖാദിയാനിൽനിന്ന് അല്പമകലെ `മുദ്ദ്' എന്ന സ്ഥലത്തുള്ള 19 പേരാണ് ആദ്യമായി പ്രതിരോധ കുത്തിവയ്പ് നടത്തിയത്. അവരെല്ലാവരുംതന്നെ പ്ലേഗ് ബാധയേറ്റ് മരിച്ചു. അവർ തന്റെയടുക്കൽ വന്നിരുന്നുവെങ്കിൽ രക്ഷപ്പെടുമായിരുന്നുവെന്നും ഇതൊരു ദൈവികദൃഷ്ടാന്തമായതുകൊണ്ടാണ് മരുന്ന് ഫലിക്കാതെ പോയതെന്നും ആ മഹാത്മാവ് പറഞ്ഞു. ഇത്തരം ദുരന്തങ്ങളിൽ നിന്നും രക്ഷപ്രാപിക്കാനുള്ള ഉപദേശനിർദ്ദേശങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ പ്രമേയം.

This is the Malayalam Rendering of Kashthi-e-Nooh
by Hadhrat Mirza Gulam Ahmad (a)

ISBN 9788179122532

NAZARATH NASHRO ISHAAT
Sadar Anjuman Ahmadiyya
Qadian, 143516
Dist. Gurudaspur (Punjab), India

ISLAM INTERNATIONAL PUBLICATIONS, KERALA